www.malankaralibrary.com

മലങ്കര സഭയുടെ

# കുഴൽക്കണ്ണാടി.

ഗ്രന്ഥകർത്താക്കൾ:

ദിവ്യശ്രീ പുലിക്കോട്ടു യൌസേഫ് റമ്പാൻ,

,, ചെപ്പാട്ടു പീലിപ്പോസ് റമ്പാൻ.

പ്രസാധകൻ:

പുലിക്കോട്ടു ഇട്ടൂപ്പ് ഇട്ടൂപ്പ്.

PRINTED AT THE
A. R. P. PRESS, KUNNAMKULAM.

1930—1106

വില 10 ചക്രം.

www.malankaralibrary.com

# മുഖവുര

മലങ്കര യാക്കോബായ സഭയുടെ ആധുനിക ദയനീയാവസ്ഥയെപ്പററി ഏവൎക്കും ബോധ്യമുണ്ടാകുമാറ്, 1500 കൊല്ലം തുടങ്ങിയുള്ള അതിന്റെ ചരിത്രത്തെ എത്രയും ആസ്വാദ്യകരമായ വിധം വിശദപ്പെടുത്തുന്നതായ ഈ "കുഴൽക്കണ്ണാടി"യെ പൊതുജനോപയോഗാൎത്ഥം ഞാൻ സമൎപ്പിച്ചുകൊള്ളുന്നു. ഈ പ്രസിദ്ധീകരണംമൂലം അപൂൎവ്വം ചിലൎക്കെങ്കിലും ദൂരക്കാഴ്ച ലഭിക്കുന്ന പക്ഷം, നിശ്ചയമായും ഞാൻ കൃതാൎത്ഥൻതന്നെ.

എന്ന് പുലിക്കോട്ടു ഇട്ടൂപ്പ് ഇട്ടൂപ്പ്

കുന്നംകുളം,
8—1—'06

ഉടമസ്ഥൻ,
എ. ആർ. പി. പ്രെസ്സ്.

www.malankaralibrary.com

JOMI THOMAS
Thongalathu Toms Villa
Thamarakudy P.O
Kalayapuram -691560
BOOK No.............................

## മലങ്കരസഭയുടെ

# കുഴൽക്കണ്ണാടി

I

## നമ്മുടെ ദയനീയാവസ്ഥ

### വെമ്പനാട്ടു കായലിലെ വട്ടംകറങ്ങൽ.

വെമ്പനാട്ടുകായൽ എന്നു കേട്ടാൽ വള്ളക്കാൎക്കുപോലും പേടിയാണ്. ഒന്നാമത്, അതിന്റെ വലിപ്പം; രണ്ടാമത്, അതിലെ ഓളവും വച്ചിവും. യാത്രക്കാരിൽ പലൎക്കും അവിടെ വെച്ചു അകാലമരണംപോലും നേരിട്ടിട്ടുണ്ടെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളതു. വേനൽക്കാലത്തുപോലും നെഞ്ചിടിപ്പോടുകൂടിയല്ലാതെ ആൎക്കും അതിലൂടെ യാത്രചെയ്യാൻ പ്രയാസമത്രേ. മിഥുനം—കൎക്കടകമാസങ്ങളിലെ കാൎയ്യം, പിന്നെ, പറയേണ്ടതില്ലല്ലൊ. കണ്ണിൽ കുത്തിയാൽപോലും കാണാൻ വയ്യാത്ത കൂരിരുട്ടത്തു, തുള്ളിയ്ക്കൊരു കുടം വീതം മഴപെയ്തുകൊണ്ടിരിക്കുമ്പോൾ, കാററും കോളും തിമിൎത്തുകൊണ്ടിരിക്കവേ, ഒരു കൊച്ചുവള്ളത്തിലേറി അതിലൂടെ യാത്ര ചെയ്യാൻ ഇടയാകുന്നവൎക്കുണ്ടാകുന്ന ഉള്ളിലെ കാളലും വെമ്പലും ആൎക്കും ഊഹിച്ചറിയാവുന്നതായിരിക്കും.

മലങ്കര സുറിയാനി സഭ ഒരു കൊച്ചുവള്ളമാണെന്നു തന്നെ വായനക്കാർ സങ്കല്പിക്കുക. എങ്കിൽ, അതിപ്പോൾ കിടക്കുന്നതു വെമ്പനാട്ടുകായലിൽത്തന്നേ എന്നു

www.malankaralibrary.com



ആരും സമ്മതിക്കും. മുമ്പോട്ടും പിറകോട്ടും പോകാൻ കഴിവില്ലാതെ, ആ കൊച്ചുവള്ളം, വാസ്തവമായും കറങ്ങാൻ തുടങ്ങിയിരിക്കയാണ്. യാത്രക്കാർ കേവലം ജീവച്ഛവങ്ങളായിത്തീർന്നിരിക്കുന്നു. കരച്ചിലുമില്ല; പിഴിച്ചിലുമില്ല; രക്ഷാമാർഗ്ഗത്തെപ്പററിയുള്ള അഭിപ്രായപ്രകടനങ്ങളും കേൾക്കപ്പെടുന്നില്ല. ഓരോരുത്തരും അവരവരുടെ കാര്യം മാത്രം ആലോചിച്ചു ബദ്ധമൌനരായി കഴിഞ്ഞുകൂടുന്നു. "ഇങ്ങിനെയാണു അവസാനമെങ്കിൽ അങ്ങിനെയാവട്ടെ" എന്നു നിരാശരായി കണ്ണുമടച്ചിരിക്കുന്ന ചിലരെ അക്കൂട്ടത്തിൽ നിങ്ങൾക്കു കാണാം. ദൂരത്തേക്കു ദൃഷ്ടി പതിപ്പിച്ചിരിക്കുന്നവരും അക്കൂട്ടത്തിൽ ഇല്ലാതില്ല. സമീപത്തെങ്ങാനും വല്ല വീടുകളുമുണ്ടോ എന്നാണു അവരുടെ അന്വേഷണം. വെള്ളത്തിൽ നോക്കിയിരിക്കുന്നവർ കോളിന്റെ ശക്തിയെ ഗ്രഹിക്കുകയായിരിക്കാമെന്നു നിങ്ങൾ തെററിധരിക്കരുതു. വല്ല വാഴപ്പിണ്ടിയോ തടിക്കഷണമോ ഒഴുകിവരുന്നുണ്ടായിരിക്കുമോ എന്നത്രേ അവരുടെ നോട്ടം. അപൂർവം ചിലരുടെ പ്രതീക്ഷ വല്ല കെട്ടുവള്ളവും കാണുന്നുണ്ടോ എന്നുമാത്രമത്രേ. അധികം പേരും കൈയ്യുംകെട്ടി സ്വസ്ഥരായിരിക്കുന്നതിനെ നിങ്ങൾക്കു കാണാം. കൂട്ടത്തിൽ ചങ്കുറപ്പുള്ളവർ അവരായിരിക്കാമെന്നു നിങ്ങൾ ഊഹിക്കരുതു. വള്ളത്തിൽ വെള്ളം കയറിത്തുടങ്ങുമ്പോൾ ആലോചിക്കാം പോംവഴി, എന്നാണു അവരുടെ തീരുമാനം.

### ആരും അപരാധികളല്ല.

സുഖമായി കാലയാപനം ചെയ്യത്തക്കവണ്ണം സുരക്ഷിതവും സ്വാതന്ത്ര്യവുമായ ഒരു സ്ഥലമന്വേഷിച്ചുംകൊ



ണ്ടു 1086—ൽ യാത്ര പുറപ്പെട്ട പുതിയ മെത്രാൻകക്ഷികളാണു ആ കൊച്ചുവള്ളത്തിൽ ഇരിക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കണം. ഉയരമേറിയ പല പല കുന്നുകളും ആഴമേറിയ അനേകം പുഴകളും ഇതിനകം അവർക്കു കയറിയിറങ്ങേണ്ടതായി വന്നിട്ടുണ്ടു. അപ്പോഴൊക്കെയും ക്ഷീണമോ പരിഭ്രമമോ അവരെ ബാധിക്കുകയുണ്ടായിട്ടുണ്ടെങ്കിൽ അവയൊന്നും അവരുടെ നാഡിഞരമ്പുകളെ ഇപ്പോഴത്തെപ്പോലെ വാട്ടി വരട്ടുകയുണ്ടായിട്ടില്ല. കോട്ടയം പഴയ സിമ്മനാരിക്കടവിൽനിന്നു യാത്ര പുറപ്പെട്ട ഇവർ വല്ലാത്ത കാററും കോളും, ഇരപ്പും മറിപ്പും അറിഞ്ഞു ഞെട്ടിയുണർന്നുനോക്കുമ്പോഴാണു കഥ മനസ്സിലാക്കുന്നതു. ചോദിച്ചറിഞ്ഞപ്പോൾ, വെമ്പനാട്ടുകായലിന്റെ ഒത്ത നടുവിലാണെന്നും അവർ ഗ്രഹിച്ചു. വള്ളക്കാരെവിടെ? രണ്ടററത്തുമിരുന്നു അവരെന്തോ പിറുപിറുക്കുന്നുണ്ടു. ശക്തിയോടുകൂടി ഊന്നിയാൽ കിരുകിരുക്കുന്ന കഴുക്കോലാണു ഒരാളുടെ കയ്യിലെങ്കിൽ, പൊട്ടിപ്പൊളിഞ്ഞ അമരമാണു മറെറയാൾക്കുള്ളതു. കാററുണ്ടെന്നു മനസ്സിലായിട്ടും പായ്മരം നാട്ടാതിരുന്നതു കാരണവന്മാരുടെ പുണ്യംകൊണ്ടാണെന്നേ പറയാവതുള്ളു. അവിടവിടെ ഓട്ടപ്പെട്ട അതു നാട്ടിയിരുന്നുവെങ്കിൽ, ഇപ്പോൾ സകലമാനപേരും വെള്ളത്തിൽ മുങ്ങിപ്പോവുകതന്നെ ചെയ്യുമായിരുന്നു. സിമ്മനാരിക്കടവിൽനിന്നു യാത്ര പുറപ്പെട്ടപ്പോൾ, താമസിയാതെ വെമ്പനാട്ടുകായലിലായിരിക്കും ചെന്നുചാടുകയെന്നു ഗ്രഹിച്ചിരുന്നവർ അക്കൂട്ടത്തിൽ ഇല്ലാതില്ല. ആ കാര്യം അവർ മുൻകൂട്ടി ഇതരന്മാരെ ഗ്രഹിപ്പിച്ചിരുന്നുവെങ്കിൽ വിശേഷാൽ യാതൊരുഗു

www.malankaralibrary.com


ണവും ഉണ്ടാകുമായിരുന്നില്ലാത്തതിനാൽ, അവരെ ഇപ്പോൾ കുററം പറഞ്ഞതുകൊണ്ടു പ്രയോജനമില്ലല്ലൊ. തിരുവനന്തപുരത്തേക്കു വള്ളം വഴി പോകണമെങ്കിൽ നിശ്ചയമായും വെമ്പനാട്ടുകായൽ കടക്കാതെ നിർവാഹമില്ലെന്നുള്ളതു അവിതർക്കിതംതന്നേ. എങ്ങിനെയെങ്കിലും നിദ്ദിഷ്ടസ്ഥലത്തു കഴിയുന്നതും വേഗത്തിൽ ചെന്നുചേരണമെന്നേ ഏവൎക്കും ഉദ്ദേശമുണ്ടായിരുന്നുള്ളു. കുമരകം കഴിഞ്ഞു കായലിൽ പ്രവേശിച്ചു കഴിഞ്ഞപ്പോഴും തിരുവനന്തപുരം പട്ടണത്തിന്റെ മാഹാത്മ്യമോൎത്തു സാമാന്യം പേരും സ്വപ്നംകണ്ടുകിടക്കുകയാണ് ചെയ്യുണ്ടായതു. കണ്ണുമിഴിച്ചു ചുററും നോക്കിയതു നടുക്കായലിൽ എത്തിയപ്പോൾ മാത്രമാണത്രേ. ഇതിന്നാരാണ് ഉത്തരവാദി. ആരാണു കുററക്കാരൻ? ഒരുത്തരുമല്ല. അതുമിതും പറഞ്ഞതു അനാവശ്യമായി ബഹളമുണ്ടാക്കാമെന്നു മാത്രം.

വല്ലവിധത്തിലും ഈ വെമ്പനാട്ടുകായൽ ക്ഷേമപൂൎവ്വം കടക്കാനിടയായി എന്നുതന്നേ വിചാരിക്കുക. വഴിമദ്ധ്യേ അപകടകരമായ കായൽ വേറെയുമില്ലയോ? കായംകുളം കായലിൽ എത്തിയാൽ കോളുള്ള പക്ഷം, കഴുക്കോലും അമരവും ഇത്തരമായിരിക്കുന്ന സ്ഥിതിക്കു, വള്ളം ചെന്നടിയുന്നതു നീണ്ടകരെതന്നേയായിരിക്കും. അവിടെനിന്നും തെററിക്കഴിഞ്ഞാലോ? കടലിൽത്തന്നെ. നീണ്ടകര എന്ന സ്ഥലത്തു ഇപ്പോൾ ഉറപ്പേറിയ ഒരു പാലം തീൎത്തിട്ടുള്ളതുകൊണ്ടു പോകുന്ന പോക്കിൽ ധൈൎയ്യശാലികളായവൎക്കു പാലത്തിന്റെ തൂണിന്മേൽ പിടിച്ചു കരപററാൻ സാധിക്കാത്തതല്ലെന്നു സമ്മതിക്കാം. ഭൂരിപക്ഷംപേരുടെ അവസ്ഥയോ?

വെമ്പനാട്ടുകായലിൽക്കിടന്നു നെഞ്ചു തിരുമ്മുന്നവർ കായംകുളംകായലിനേയാവട്ടേ, നീണ്ടകരയേയാവട്ടേ, അറിയുന്നുമില്ലാ; ആലോചിക്കുന്നുമില്ല.

### വലിയ തിരുമേനി എന്തു പിഴച്ചു?

സഭയാകുന്ന തങ്ങളുടെ വീടിനെ എത്രയും നല്ലതായ ഒരു നിലയിലാക്കിത്തീൎക്കണമെന്നല്ലാതെ മറെറാരാഗ്രഹവും ആ കൊച്ചുവള്ളത്തിൽ ഇരിക്കുന്നവൎക്കുണ്ടായിട്ടില്ല. ഇപ്പോഴും അതല്ലാതെ മറെറാരുദ്ദേശവും ഇല്ലതാനും. പ്രാരംഭകാലത്തു എതിരായിനിന്നു യുദ്ധം ചെയ്തവൎക്കുപോലും ഇപ്പോൾ ഇവരുടെ ആന്തരശുദ്ധിയെപ്പററി ബോധ്യം വന്നിട്ടുണ്ടു. അതിനാൽ ആ കൊച്ചുവള്ളത്തിൽ ഇരിക്കുന്നവരെ നോക്കി ആരും ഇപ്പോൾ അപഹസിക്കുവാൻ ഒരുമ്പെടുകയില്ല.

മാതൃസഭയെ രക്ഷപ്പെടുത്താൻ ശ്രമിച്ചിട്ടു ഈയൊരു ദുൎഘടസന്ധിയിലാണല്ലോ ചെന്നുചാടിയതെന്നോൎത്തു കൊച്ചുവള്ളത്തിലിരിക്കുന്നവർ വിഷാദിക്കുന്നുണ്ടായിരിക്കാം. വലിയ തിരുമേനിയുടെ കാലം കഴിഞ്ഞാൽ ഗതിയൊന്നുമില്ലല്ലോ എന്നു അവരെല്ലാവരും പരിഭ്രമിക്കുന്നുമുണ്ടാവാം. എത്രതന്നേ ആലോചിച്ചിട്ടും പോംവഴികളൊന്നും ദൃശ്യമാകുന്നുമില്ല. തന്നിമിത്തം കഴിഞ്ഞ 20 കൊല്ലത്തെ പരിശ്രമങ്ങളെ അവരിൽ ചിലർ അതികഠിനമായി ശപിക്കാൻ തുടങ്ങിയിരിക്കയാണ്. "വെറുതെ കിടന്നു ബുദ്ധിമുട്ടി"; "അനവധി പണവും നഷ്ടപ്പെട്ടു" എന്നിങ്ങിനെ അവർ പശ്ചാത്തപിക്കുകയുംചെയ്യുന്നു. ഇച്ഛാഭംഗത്താലോ നിരാശമൂലമോ മനസ്സിന്നു

www.malankaralibrary.com



ഇങ്ങനെയൊരു ഭാവഭേദമുണ്ടാകുന്നതു അത്ഭുതമല്ലതന്നേ. പക്ഷേ അവനാണ് കാരണക്കാരൻ; ഇവനാണ് ഉത്തരവാദി എന്നിങ്ങിനെ കുററം പറഞ്ഞുകൊണ്ടിരിക്കുന്നതു മാത്രം അഭിലഷണീയമല്ല. ആൎക്കും ദുരുദ്ദേശമുണ്ടായിരുന്നില്ലെന്നു പരസ്യമായി അറിയപ്പെട്ടിട്ടുള്ള സ്ഥിതിക്കു, ഇങ്ങിനെ അതുമിതും പുലമ്പുന്നതു അഭിമാനകരമായിട്ടുള്ളതുമല്ല. വലിയ തിരുമേനി തൻകാൎയ്യം മാത്രമേ നോക്കിയുള്ളുപോൽ! ഇങ്ങിനേയും ചില കൃതഘ്നന്മാർ ഛൎദ്ദിച്ചു തുടങ്ങീട്ടില്ലായ്കയില്ല. കഷ്ടമേ കഷ്ടം! തൻകാൎയ്യമാണൊ അദ്ദേഹം നോക്കിയതെന്നോ? സ്വാൎത്ഥബുദ്ധിയാണ് അദ്ദേഹമെന്നോ? വളരെ വളരെ നന്നു തന്നെ! അതും കൂടിയേ നമുക്കിനി കേൾക്കേണ്ടതുള്ളു. എന്തൊരു വല്ലാത്ത പരിഷയാണിതെന്നു ആലോചിച്ചു നോക്കുക. വല്ലതും അറിഞ്ഞുവോ? വല്ലതും ആലോചിച്ചുവോ? നാക്കിനു പാട്ടം കൊടുക്കേണ്ടല്ലോ എന്നു കരുതി വായിൽ തോന്നിയതൊക്കെ തട്ടിവിടാമെന്നുമാത്രം. എന്തെല്ലാമായാലും, അന്തവും കുന്തവും തിരിയാത്ത ശുദ്ധ മാപ്പിളമാരായിത്തീരരുതു നാം. അക്കാൎയ്യത്തിലെങ്കിലും നമുക്കു വകതിരിവുണ്ടാകേണ്ടതാണ്. "മക്കളേ! നമുക്കു മതിയായി!" എന്നല്ലാതെ ആ വന്ദ്യവയോധികൻ ഈവകയ്ക്കൊന്നും സമാധാനം കല്പിക്കാൻ ഒരുമ്പെടുകയില്ല. എങ്ങിനെയെങ്കിലും മുടക്കു തീൎത്തുകിട്ടണമെന്നു മാത്രമായിരുന്നുവോ അദ്ദേഹത്തിന്റെ ഉദ്ദേശം? വലിയ തിരുമേനി സ്വാൎത്ഥബുദ്ധിയാണെന്നു ചിലർ ആക്ഷേപിക്കുന്നതു ഈ കുന്തക്കാലിന്മേൽ കയറിനിന്നുകൊണ്ടുതന്നെ. മുടക്കു ന്യായരഹിതമാണെന്നു വാദിച്ചുകൊണ്ടു മാത്രമോ, അദ്ദേ



ഹം ഇക്കഴിഞ്ഞ ഇരുപതു സംവത്സരവും കഴിച്ചുകൂട്ടിയത്? അനേകശതം രൂപ വാരിവലിച്ചെറിഞ്ഞതും അതിന്നായിട്ടു മാത്രമായിരുന്നുവോ? അവസാനമായി ലഭിച്ച ഫലം അതാണെന്നു ഞങ്ങളും സമ്മതിക്കുന്നു. പക്ഷേ കാതലായ ഉദ്ദേശമോ? കാൎയ്യമായിട്ടുണ്ടായിരുന്ന ലാക്കോ? മലങ്കര സഭയുടെ ശാശ്വതമായ ക്ഷേമവും ഐശ്വൎയ്യവും തന്നെ. മേലിൽ ശീമഭരണത്തിന്റെ ദുഷ്ഫലം നാം അനുഭവിക്കാതിരിക്കണമെന്നു അദ്ദേഹം നന്നായി കരുതി. എന്നു മാത്രമോ, മലങ്കരസഭ എന്നെന്നും സ്വതന്ത്രയായിരിപ്പാൻ ഇടയാവട്ടെ എന്നു അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. ഇവ സാധിക്കേണ്ടതിന്നായി ഒന്നാമതു വേണ്ടതെന്താണ്? എ. അക്കം കാനോൻ സത്യമായ കാനോനാണെന്നു സ്ഥാപിച്ചുകിട്ടുക. രണ്ടാമതായിട്ടോ? കാതോലിക്കാ സിംഹാസനം സാധുവായിട്ടുള്ളതാണെന്നു സമ്മതിച്ചു തരികയും. ഇവ രണ്ടും കൈയിലായാൽ കാലക്ഷേപത്തിന്നു മുട്ടില്ലെന്നു അദ്ദേഹം മനസ്സിലാക്കി. മനസ്സിലാക്കിയതുപോലെത്തന്നെ അതികഠിനമായി അദ്ദേഹം അദ്ധ്വാനിക്കുകയും ചെയ്തു. എ. അക്കം കാനോൻ സത്യമായതാണെന്നു സ്ഥാപിക്കപ്പെട്ടാൽ സഭാഭരണം കാനോനികമായിരിക്കയില്ലയോ? കാതോലിക്കാ സിംഹാസനം സാധുവായിത്തീൎന്നാലോ, ശീമക്കാരുടെ കുത്തിക്കയററവും വാളെടുക്കലും അതോടുകൂടെ അവസാനിക്കുകയും ചെയ്യും. കഴിഞ്ഞ വട്ടിപ്പണക്കേസ്സിൽ ഇവയെത്തന്നെ പ്രധാനവാദമുഖങ്ങളാക്കിക്കൊണ്ടു സമരം നടത്തി. വട്ടിപ്പണത്തിന്റെ പലിശ വാങ്ങിക്കുവാൻ മുടക്കു ന്യായമല്ലെന്നുമാത്രം സ്ഥാപിക്കപ്പെട്ടുക

www.malankaralibrary.com



യേ ആവശ്യമുണ്ടായിരുന്നുള്ളൂ. പക്ഷേ, ഭാവിയെക്കൂടി കരുതണമല്ലോ എന്നുദ്ദേശിച്ചു കാനോനേയും കാതോലിക്കായേയും അതോടൊപ്പം കുത്തിച്ചെലുത്തി. അവയ്ക്കും മുടക്കിനും തമ്മിൽ കാര്യമായ ബന്ധമുണ്ടെന്നു വരുത്തിവെക്കുകയും ചെയ്തു. എത്രയോ ബുദ്ധിപൂർവ്വമായ ഒരു യത്നമായിരുന്നു അതെന്നുനോക്കുക! തടി മാത്രമേ വേണ്ടിയിരുന്നുള്ളുവെങ്കിൽ ഇവയെയെല്ലാം വലിച്ചു കൂട്ടേണ്ടിയിരുന്നുവോ?

വട്ടിപ്പണക്കേസ്സുകൾ.

മുടക്കു മുടക്കല്ലെന്നു സ്ഥാപിക്കപ്പെടുക, സത്യമായ കാനോൻ ഏ. അക്കമാണെന്നു ശരിവെച്ചു കിട്ടുക, കാതോലിക്കാസ്ഥാപനം സാധുവായിട്ടുള്ളതാണെന്നു സമ്മതിച്ചു തരിക— ഇവ മൂന്നുമാണ് വട്ടിപ്പണക്കേസ്സുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു ഇപ്പോൾ വിശദമായിക്കഴിഞ്ഞുവല്ലോ. ഒരു വെടിക്കു മൂന്നു പക്ഷികളെ കിട്ടണമെന്നു കരുതിച്ചെയ്ത പ്രവൃത്തിയുടെ ഫലം എങ്ങിനെ കലാശിച്ചുവെന്നറിയുന്നതു രസകരമായിരിക്കും. തിരുവനന്തപുരം ജില്ലാക്കോടതിയിൽവെച്ചു ഒരൊററ വെടിക്കു മൂന്നു പക്ഷികളും ഒന്നായി താഴെ വീഴുകതന്നെ ചെയ്തു. കണ്ടുനിന്നവരെല്ലാവരും വിസ്മയം തൂകി. അത്യത്ഭുതം! അത്യാനന്ദം!! പണമിറക്കിയതു നഷ്ടപ്പെട്ടില്ല. ക്ലേശിച്ചതു പാഴിലായതുമില്ല. അനന്തരം രണ്ടാമത്തെ വെടി ഹൈക്കോടതിയിൽവെച്ചു വേണമെന്നു തീർച്ചപ്പെടുത്തി. തോക്കു നിറച്ചു വീണ്ടും വെടിവെച്ചു. ഫലമോ? തോക്കിൻെറ കുഴൽ രണ്ടായി പൊളിഞ്ഞുപോയില്ലെന്നു സമാധാനിക്കാൻ ഇടയായി എന്നു മാത്രം. മൂന്നു പക്ഷികൾ



പോയിട്ട്, ഒന്നിൻെറ തൂവൽപോലും താഴെ വീഴുകയുണ്ടായില്ല. മരുന്നും നഷ്ടപ്പെട്ടു; അദ്ധ്വാനവും വിഫലമായി. വെടിവെയ്ക്കാതെ മൂന്നു പക്ഷികളേയും ഒന്നായി കൂട്ടാൻ മാർഗ്ഗമില്ലയോ. ആ വിധത്തിലായിത്തീർന്നു പിന്നത്തെ പരിശ്രമങ്ങൾ. അതിന്നായി പെട്ട പാടും, ഒഴുകിയ കണ്ണുനീരും, കണക്കാക്കാൻ പാടുള്ളതല്ലതന്നെ. കണ്ണിൽകണ്ട സ്ഥലങ്ങളിലൊക്കെ പോയി ബുദ്ധിമുട്ടി. ആയുസ്സുപോലും പണയത്തിലായി എന്നു പറഞ്ഞാൽ തീർന്നുവല്ലോ. ഒരുകണക്കിൽ മദ്രാസിൽ നിന്നു ഒരു പക്ഷിയേയും പിടിച്ചു സ്വദേശത്തെത്തിയതായിരുന്നു! ഗ്രഹപ്പിഴകൊണ്ടോ, ഗ്രഹപ്പിഴയാലോ, കൈവശമിരുന്ന പക്ഷി പെട്ടന്നങ്ങു പറന്നുപോയി. എന്തു ചെയ്യും? ആരോടു പറയും? പക്ഷി ഇണങ്ങാത്തതായിരുന്നു എന്നു ചിലർ; സൂക്ഷ്മക്കുറവുകൊണ്ടു വന്ന അബദ്ധമായിരുന്നു എന്നു മററു ചിലർ; അതു പക്ഷിയേ ആയിരുന്നില്ല, ഒരു വക നരിച്ചീറായിരുന്നു, പോയതു നന്നായി എന്നു വേറെ ചിലർ. ഇനി വെടിവെയ്ക്കാൻ അനുവദിക്കയില്ലെന്നു തിരുവിതാംകൂർ ഗവർമ്മെണ്ടു ശാഠ്യം പിടിച്ചു. ഒന്നുപിഴച്ചാൽ മൂന്നെന്നൊരു പ്രമാണമില്ലയോ എന്നിങ്ങനെയായി ഇവിടുത്തെ ആവലാതി. അലോഹ്യം തോന്നിയപ്പോൾ ഒരു പക്ഷിയെ മാത്രം വെടിവെച്ചുകൊള്ളുക എന്നു ഗവർമ്മെണ്ടു ആനുകൂല്യം നൽകി." പോരാ; അതു സങ്കടകരമാണ്; ഒരു പക്ഷിയെ മാത്രം കിട്ടിയതുകൊണ്ടു പ്രയോജനമില്ല; മൂന്നിനേയും വെടിവെയ്ക്കുവാൻ അനുവാദം തരണം; അല്ലെങ്കിൽ വെടിവെയ്ക്കാനേ സന്തോഷമില്ല"—എന്നിങ്ങിനെ ഉടൻ ന്യായംപിടിച്ചു വാദിക്കാ

www.malankaralibrary.com



ൻ തുടങ്ങി. ആണാണെങ്കിൽ ഗവൎമ്മെണ്ടു മാറുമോ? ഉപദ്രവമായിത്തീൎന്ന എന്ന ഭാവത്തിൽ ഗവൎമ്മെണ്ടു മുഖം തിരിച്ചു. "മതി; സായ്പേ, മതി. ഒന്നിനെ മാത്രമേ പാടുള്ളുവെങ്കിൽ അങ്ങിനെയാവട്ടെ" എന്നു് ഒടുവിൽ മൂളി. പഴയ തോക്കെടുത്തു്, കുരിശ്ശുവരച്ചു്, അസ്സലായി തുടച്ചുവെച്ചു. വെടിവെപ്പാൻ മേലിൽ അനുവാദം കിട്ടുകയില്ലല്ലോ. അതിനാൽ അവസാനത്തെ വെടി കറിയ്ക്കു കൊള്ളണമെന്നുദ്ദേശിച്ചു വിലപിടിച്ച ഇംഗ്ലീഷുമരുന്നു തന്നേ വരുത്തി തോക്കിൽ നിറച്ചു. വെടി കാണാൻ എത്ര ആയിരം പേരാണ് അന്നു് ഹൈക്കോടതിയിൽ കൂടിയതെന്നുള്ളതിന്നു കണക്കില്ല. ഇംഗ്ലീഷുമരുന്നിന്റെ ഗുണമറിഞ്ഞിട്ടുള്ളവരൊക്കെയും ഒരിക്കലും വെടി പിഴയ്ക്കാനിടയില്ലെന്നു തന്നേ തീൎത്തുപറഞ്ഞു. ഒടുവിൽ എല്ലാവരുടേയും ആഗ്രഹംപോലെയും അനുമാനം പോലേയും കാൎയ്യവും കലാശിച്ചു. തോക്കിൽനിന്നു വെടി പൊട്ടേണ്ടുന്ന താമസം മാത്രം. പക്ഷിയൊന്നു താഴെ; എല്ലാവരും അതെടുത്തു് "ഹുറെ!" വിളിച്ചുംകൊണ്ടോരോട്ടവും.

### നാം കൃതഘ്നരാവരുതു്!

ഈ പറഞ്ഞതിൽനിന്നു വലിയ തിരുമേനിയുടെ ആന്തരശുദ്ധിയും, സ്വാൎത്ഥം കൂടാതെ അദ്ദേഹം ചെയ്ത അത്യദ്ധ്വാനവും സ്പഷ്ടമാകുന്നില്ലയോ? വട്ടിപ്പണത്തിന്റെ പുനരപ്പീൽക്കേസ്സിൽ മുടക്കിന്റെ സ്വാഭാവികവശം മാത്രം പരിശോധിക്കാമെന്നേ ന്യായാധിപന്മാർ ആനുകൂല്യം നൽകിയതുള്ളു. കാനോൻനിയമപ്രകാരവും അതു് എങ്ങിനെയാണിരിക്കുന്നതെന്നു പറയണമെന്നും, മുട



ക്കിനോടു സംബന്ധപ്പെട്ടതാണ് കാതോലിക്കാസ്ഥാപനവും എന്നും മററും ശക്തിയോടുകൂടി വാദിച്ചതിനെ ന്യായാധിപന്മാർ ചെവിക്കൊണ്ടതേയില്ല. അങ്ങിനെയെങ്കിൽ, ഒരാളുടെ കാൎയ്യം മാത്രം ബന്ധിക്കുന്നതും, ഭാവിയിൽ പ്രയോജനകരമല്ലാത്തതുമായ പ്രസ്ഥാനത്തിൽനിന്നു് ഉടൻ പിന്മാറാമായിരുന്നില്ലയോ എന്ന ഒരു ചോദ്യത്തിന്നു് ഇവിടെ അവകാശമുള്ളതാണ്. മുടക്ക മുടക്കല്ലെന്നു വെറും സ്വാഭാവികന്യായമനുസരിച്ചു സ്ഥാപിക്കപ്പെടുന്നതുകൊണ്ടു, തിരുമേനിയ്ക്കല്ലാതെ, നമ്മുടെ ഉറപ്പിനും ഭാവിയ്ക്കും എന്താണൊരു ഗുണമുള്ളതെന്നു ചോദിക്കുന്നതിൽ കാൎയ്യമുണ്ടെന്നു ഞങ്ങൾ സമ്മതിക്കയും ചെയ്യുന്നു. ആ ഒരു നിസ്സാരമായ കാൎയ്യത്തിനുവേണ്ടി പിന്നേയും കുന്തുരുക്കപ്പുകതട്ടിയ അനവധിപണം ചെലവാക്കേണ്ടിയിരുന്നുവോ എന്നു് ആൎക്കും ശുണ്ഠി തോന്നാവുന്നതുമാണ്. ഇങ്ങിനെ ചോദിക്കുന്നവർ കാൎയ്യങ്ങളുടെ ഉള്ളിൽ കയറിനോക്കുന്നുണ്ടോ എന്നത്രേ ഞങ്ങളുടെ സംശയം. മുടക്കെങ്കിലും തീൎത്തു കിട്ടിയിരുന്നില്ലെങ്കിൽ വലിയ തിരുമേനിയുടെ പക്ഷത്തു നില്ക്കുന്നവൎക്കെല്ലാവൎക്കും ഉടൻ പഴയപള്ളികളിൽനിന്നെല്ലാം ഇറങ്ങിപ്പോകേണ്ടിവരുമായിരുന്നില്ലയോ? ശരി; കുറെ കാലംകൂടി പഴയ കഴക്കോലുകളിന്മേൽ തൂങ്ങിക്കിടന്നതുകൊണ്ടു ലഭിച്ച സുകൃതം എന്തെന്നായിരിക്കാം അടുത്ത ചോദ്യമെന്നു ഞങ്ങൾ ഊഹിക്കുന്നു. സുകൃതമൊന്നും ഇതുവരെ ഉണ്ടായില്ലെങ്കിലും, ഉണ്ടാകത്തക്ക സാഹചൎയ്യം ലഭിച്ചുവല്ലോ എന്നാണ് ഞങ്ങൾക്കിതിന്നു സമാധാനം പറയുവാനുള്ളതു്. ഗൃഹനില അവിചാരിതമായി ഭേദപ്പെട്ടതിന്നു മനുഷ്യരാ

www.malankaralibrary.com



രുമല്ല ഉത്തരവാദികൾ എന്നത്രേ ഞങ്ങളുടെ ബോധ്യവും.

20 കൊല്ലത്തെ ഭഗീരഥപ്രയത്നത്തിലേക്കു സൂക്ഷിച്ചുനോക്കുന്നപക്ഷം ഭരണം നടത്താനും ചെങ്കോൽ പിടിക്കാനും ആഗ്രഹിക്കുന്നില്ലെന്നു പലപ്പോഴും കല്പിച്ചിട്ടുള്ള വലിയതിരുമേനി, തൻകാര്യം മാത്രം നോക്കി യാതൊന്നും ചെയ്തിട്ടില്ലെന്നു പട്ടാപ്പകലെന്നവണ്ണം തെളിയുന്നതാണ്. അദ്ധ്വാനിച്ചതിൻെറ ഫലം ആഗ്രഹിച്ചതുപോലെ പൂർണ്ണമായില്ലെന്നു കാണുമ്പോഴയ്ക്കും, ഇന്നലെവരെയും സംപൂജ്യനായി ഗണിക്കപ്പെട്ടുവന്ന ആ നിഷ്കാമവന്ദ്യവയോധികൻെറ പേരിൽ കുററം ചുമത്താൻ ഒരുമ്പെടുന്നതു കഷ്ടാൽ കഷ്ടതരമല്ലയോ? ഈ വിധം നിന്ദ്യമായ തരത്തിൽ ദൈവം തന്ന നാക്കിനെ ദുരുപയോഗപ്പെടുത്തുന്നതായി കാണുന്നതു യഥാർത്ഥസമുദായസ്നേഹികൾക്കു വേദനകരവുമായിരിക്കയില്ലയോ? 20 കൊല്ലത്തെ പ്രയത്നംകൊണ്ടു ഒരു കാര്യം മാത്രം നേടുവാനേ സംഗതിവന്നുള്ളുവെന്നു ഞങ്ങളും സമ്മതിക്കുന്നു. ആ നേട്ടം വലിയ തിരുമേനി ജീവിച്ചിരിക്കുന്നേടത്തോളം കാലം മാത്രമേ അനുഭവിപ്പാൻ നിർവാഹമുള്ളുവെന്നു ഞങ്ങൾ ഏററുപറകയും ചെയ്യുന്നു. സമുദായോന്നമനാർത്ഥം—നമുക്കുവേണ്ടിയും നമ്മുടെ സന്താനപരമ്പരകളെക്കരുതിയും—അനന്യസാധാരണവും അമാനുഷികവുമായ വിധത്തിൽ കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും തീവ്രമായി യത്നിച്ച വലിയ തിരുമേനിക്കും അദ്ദേഹത്തിൻെറ വാത്സല്യഭാജനങ്ങളായ നമുക്കും, അദ്ദേഹം എത്രയോ കാലം ജീവിച്ചിരിക്കുമോ അത്രയും കാലം, സുഖമായും സ്വൈരമാ



യും ജീവിപ്പാൻ ഇടയായതു തന്നേ വാസ്തവം പറഞ്ഞാൽ മഹാഭാഗ്യമാണെന്നു വകവെക്കേണ്ടുന്നതല്ലയോ? അതിന്നും ഇടവന്നിരുന്നില്ലെങ്കിൽ നമ്മുടെ നില ഇപ്പോൾ എന്തൊരു ദയനീയാവസ്ഥയെ പ്രാപിക്കുമായിരുന്നുവെന്നുള്ളതു ചിന്തനീയമത്രേ.

### കേസ്സുകളുടെ യഥാർത്ഥഫലം.

സ്വാഭാവികനീതിപ്രകാരം, എന്നു പറഞ്ഞാൽ കേവലം ലൌകികമര്യാദയനുസരിച്ചു, മുടക്കു മുടക്കല്ലെന്നു സ്ഥാപിക്കപ്പെടുകയാണല്ലോ ഇപ്പോൾ ഉണ്ടായിട്ടുള്ളതു. എ—അക്കം കാനോൻപുസ്തകത്തെ അടിസ്ഥാനമാക്കിയും കൂടിയാണു അങ്ങിനെ തീരുമാനിച്ചിരുന്നതെങ്കിൽ, ആ വിധി ശീമക്കാരുടെ സ്വേച്ഛാധിപത്യത്തിന്നു എന്നന്നേക്കുമായി മുദ്രവെച്ചു എന്നു നമുക്കു സന്തോഷിക്കാമായിരുന്നു. ഭാവികാലത്തേക്കു അതു നമുക്കു വലിയൊരു അനുഗ്രഹവുമായിത്തീരുമായിരുന്നു. പക്ഷേ അങ്ങിനെയൊന്നും ചെയ്വാൻ പുനരപ്പീൽക്കോടതിക്കു നമ്മുടെ പേരിൽ അനുകമ്പ തോന്നിയില്ലല്ലോ. നമ്മുടെ കഷ്ടകാലവൈഭവം എന്നല്ലാതെ മറെറാന്നും ഞങ്ങളിതിന്നു സമാധാനം പറയുവാൻ കാണുന്നില്ല. പുനരപ്പീൽക്കോടതിയിലെ ന്യായാധിപന്മാർ മെത്രാകക്ഷിഭാഗത്തുനിന്നും ബാവാകക്ഷിഭാഗത്തുനിന്നും മുമ്പു ഹാജരാക്കപ്പെട്ടിരുന്ന കാനോൻപുസ്തകങ്ങളെ വീണ്ടും ഏടുമറിച്ചു നോക്കിക്കൊണ്ടു അതിൽ സത്യമായതു "എ" അക്കമിട്ടതാണെന്നു പറയാഞ്ഞതിനാൽ പാപത്തിൻെറ കൂലി മരണംതന്നെയാണെന്നു നമുക്കിപ്പോൾ അനുഭവപ്പെട്ടിരിക്കയാണു. കാനോൻപുസ്തകങ്ങൾ രണ്ടും എടുത്തു് കഴിഞ്ഞ ഹൈ

www.malankaralibrary.com



ക്കോടതി എന്തു തീരുമാനിച്ചുവോ, ആ തീരുമാനം, തീരുമാനമായിതന്നേ ഇരിക്കുകയുമത്രേ. മുടക്കിന്റെ സ്വാഭാവികവശം മാത്രം എടുത്തു പരിശോധിക്കയായിരുന്നു പുനരപ്പീൽക്കോടതി ചെയ്തയുണ്ടായതു. അതിനാൽ മററു വിഷയങ്ങളെപ്പററിയുള്ള കഴിഞ്ഞ ഹൈക്കോടതിയുടെ തീരുമാനങ്ങൾക്കു യാതൊരു ഇളക്കവും തട്ടാൻ ഇടവരികയുണ്ടായിട്ടില്ല. അതിനാൽ, കഴിഞ്ഞ ഹൈക്കോടതിവിധിയനുസരിച്ചു ഭാവാകക്ഷിഭാഗത്തുനിന്നു ഹാജരാക്കപ്പെട്ടതും ഫവ്വ എന്നു അക്കമിട്ടതുമായ കാനോൻ, സത്യമായ കാനോനാണെന്നു ഉറപ്പിക്കപ്പെട്ടിരിക്കയത്രേ. ഈ കാനോൻപുസ്തകം ഏതാണ്? മുൻകാലത്തു പത്രോസുപാത്രിക്കീസുബാവാ തിരുമനസ്സുകൊണ്ടു പാലക്കുന്നത്തു മത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കിയതു സംബന്ധിച്ചു നടന്ന വ്യവഹാരത്തിൽ വിജയം കിട്ടേണ്ടതിന്നായി നാം ചില തിരുത്തലുകൾ ചെയ്തു അക്കാലത്തു കോടതിയിൽ ഹാജരാക്കപ്പെട്ടിരുന്നതത്രേ. പാത്രിയക്കീസിന്നു ഇഷ്ടംപോലെ ഒരാളെ മുടക്കാമെന്നു അർത്ഥം വരത്തക്ക ചില പ്രയോഗങ്ങളത്രേ അതിൽ ചെയ്തിട്ടുള്ളതു. സ്വയരക്ഷക്കുവേണ്ടി അന്നു ചെയ്തതിന്റെ ദുഷ്ഫലം ഒന്നുമറിയാത്ത നമ്മുടെ തലയിലിതാ നിർഭാഗ്യവശാൽ ഇപ്പോൾ ചാടിക്കയറിയിരിക്കുന്നു. ഫവ്വ അക്കം എന്നു പേരായ ഈ കാനോൻപ്രകാരം എന്തുചെയ്യാനും പാത്രിയക്കീസന്മാൎക്കു അധികാരമുണ്ടെന്നാണു ഇതുകൊണ്ടു വന്നിട്ടുള്ള അത്യാപത്തെന്നു ഇനിയും വിശദപ്പെടുത്തേണ്ടതായാവശ്യമില്ലല്ലോ. പക്ഷേ, പാത്രിയക്കീസന്മാർ ഈ വിഷയത്തിൽ എന്തുചെയ്താലും, അതു സ്വാഭാവിക



നീതിയനുസരിച്ചായിരിക്കേണ്ടതാണു എന്നു മാത്രം പുനരപ്പീൽക്കോടതി ഇപ്പോൾ നമുക്കൊരു ഗുണം ചെയ്തുതന്നിരിക്കുന്നു. കുററക്കാരനാണെന്നു പറയപ്പെടുന്ന വലിയ തിരുമേനിയോടു യാതൊരു സമാധാനവും ചോദിക്കാതെ അബ്ദുള്ളാപാത്രിയക്കീസ് ബാവാ തിരുമനസ്സുകൊണ്ടു ചെയ്തതു തെററിപ്പോയി എന്നും, അതിനാൽ മുടക്കു ന്യായമായിട്ടുള്ളതാണെന്നു പറവാൻ പാടില്ലെന്നുമാണ് പുനരപ്പീൽക്കോടതിയുടെ അഭിപ്രായത്തിന്റെ രത്നച്ചുരുക്കം. മേലിൽ മലങ്കരയിലുള്ള വല്ല മെത്രാന്മാരേയും മുടക്കണമെങ്കിൽ സമാധാനം ബോധിപ്പിച്ചേക്കണമെന്നുള്ള അർത്ഥത്തിൽ മൂന്നരച്ചക്രം ചെലവിട്ടുകൊണ്ടു മുൻകൂട്ടി ഒരു റജിസ്റ്റർകത്തു അയയ്ക്കേണ്ടതാണെന്നു പാത്രിയക്കീസന്മാരോടു ഉപദേശിക്കുക മാത്രമാണ് പുനരപ്പീൽക്കോടതി ഇതിനാൽ ചെയ്തിട്ടുള്ളതെന്നും കാണാം. സ്വാഭാവികനീതിയനുസരിച്ചു നോക്കുന്നതായാലും, മുടക്കിന്നു യാതൊരു ദൂഷ്യവും കാണാതിരിക്കണമെങ്കിൽ, ആ ഒരു അടവുകൂടി പ്രയോഗിക്കേണ്ടതാണെന്നുതന്നെയാണു ഇതിന്റെ താല്പൎയ്യമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

കാനോൻ പുസ്തകത്തെ എന്ന പോലെ, കാതോലിക്കാസ്ഥാപനത്തേയും പുനരപ്പീൽക്കോടതി പരിശോധിക്കുകയുണ്ടായില്ല. അതിനാൽ, അവ രണ്ടിനേക്കുറിച്ചും കഴിഞ്ഞ ഹൈക്കോടതിയുടെ തീരുമാനം പ്രബലപ്പെട്ടിരിക്കുകയത്രേ. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ ശരിയായ കാനോൻ ഫവ്വ അക്കമാണെന്നും, കാതോലിക്കാസ്ഥാപനം ശരിയായിട്ടുള്ളതല്ലെന്നുമാണല്ലോ.

www.malankaralibrary.com



ഇതുവരെ പറഞ്ഞ സർവ്വകാരണങ്ങളാലും വലിയ തിരുമേനിയുടെ കാലം കഴിഞ്ഞാൽ പിന്നെ എങ്ങിനെയാണു കഴിഞ്ഞു കൂടേണ്ടതു എന്നതിനെപ്പററി പരിഭ്രമവും വിഷാദവും ഏവൎക്കും ഉണ്ടാകാവുന്നതാണ്. അതാണല്ലോ, നാമേവരേയും ഇപ്പോൾ വെമ്പനാട്ടു കായലിന്റെ ഒത്ത നടുവിലാക്കിട്ടുള്ളതും!

### മലങ്കര മെത്രാപ്പോലീത്തന്മാൎക്കുണ്ടായ ഓരോരോ അനുഭവങ്ങൾ

ആരെങ്കിലും എഴുതിയ മലങ്കര യാക്കോബായ സുറിയാനി സഭയുടെ ചരിത്രപ്പുസ്തകം നിങ്ങൾ വായിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, മുൻകാലങ്ങളിൽ വാണിട്ടുള്ള മലങ്കര മെത്രാപ്പോലീത്തന്മാർ ഓരോരുത്തരും അതാതു കാലത്തെ മഹാത്മാക്കളായിരുന്നുവെന്നു കാണാം. പട്ടക്കാരിലും അയ്മേനികളിലും അവരെക്കവിഞ്ഞു ബുദ്ധിമാന്മാരും നിരീക്ഷണചതുരന്മാരും ആ കാലങ്ങളിൽ ഉണ്ടായിരുന്നില്ലെന്നു നിങ്ങൾക്കു ബോദ്ധ്യവുമാകുന്നതാണ്. പുത്തൻകാവു പള്ളി പണിയിച്ചു അവിടെ കബറടങ്ങിയ ഒന്നാമത്തെ മലങ്കര മെത്രാപ്പോലീത്തായായിത്തീൎന്ന പകലോമററം തറവാട്ടിലെ വലിയ മാർ ദീവന്നാസ്യോസ് തിരുമേനിയെത്തന്നെ നമുക്കു നോക്കാം. അക്കാലത്തു കേരളത്തിൽ വന്ന ഡാക്ടർ ബുക്കാനൻ എന്നു പേരായ ആംഗ്ലേയ മിഷ്യനറി ഈ മെത്രാപ്പോലീത്തായുടെ പ്രശംസിക്കത്തക്കതായ ഒരു ചിത്രം തന്നേ സഭാ ചരിത്രത്തിൽ വരച്ചു വെച്ചിരിക്കുന്നു! മലങ്കര സുറിയാനി സഭയുടെ ഉത്തരവാദിത്വബോധമുള്ള ഭരണാധികാരിയുടെ നിലയിൽ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു സർവ്വ മനുഷ്യരുടേയും ഭയഭക്തിബഹുമാനങ്ങളെ അർഹിച്ചു ജീവിച്ച



ഒരു പുണ്യാത്മാവു തന്നേയായിരുന്നു ഇദ്ദേഹം. രണ്ടാമത്തെ മലങ്കര മെത്രാപ്പോലീത്തായായി ആ സിംഹാസനത്തിന്മേൽ നാം കാണുന്നതു (ഉട്ടൂപ്പ് റമ്പാൻ എന്നു സുപ്രസിദ്ധനായ) പുലിക്കോട്ടു യൌസേഫ് മാർ ദീവന്നാസ്യോസ തിരുമേനിയെയത്രേ. സഭയുടെ അഭിവൃദ്ധി, പട്ടക്കാരുടെ വിദ്യാഭ്യാസത്തേയും അവരുടെ ദൈവാശ്രയത്തേയുമാണ് മുഖ്യമായി ആശ്രയിച്ചിരിക്കുന്നതെന്നു ബോദ്ധ്യപ്പെട്ടുകൊണ്ടു കോട്ടയം പഴയസിമ്മനാരി പണിയിച്ചു, വൈദിക വിദ്യാൎത്ഥികളുടെ ഉപജീവനത്തിനും മററുമായി വേണ്ടുന്നത്ര മൂലധനവും സമ്പാദിച്ചുവെക്കുക മാത്രമല്ല, ചരിത്രപ്രസിദ്ധമായ ആത്താററു പള്ളി, കുന്നംകുളം പഴയപള്ളി, തിരുവല്ലാ പാലിയേക്കരപ്പള്ളി, മുതലായ പല ബ്രഹ്മാണ്ഡദേവാലയങ്ങൾ പണിയിക്കുകയും ചെയ്ത സുപ്രസിദ്ധ ദൈവഭക്തനായിരുന്നു അദ്ദേഹമെന്നു നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. തികച്ചും ഒരു നസ്രാണി രാജാവിന്റെ നിലയിൽ ജീവിക്കുകയും ഭരിക്കുകയും ചെയ്ത കോട്ടയം പുന്നത്ര മാർ ദീവന്നാസ്യോസു തിരുമേനിയായിരുന്നു മൂന്നാമത്തെ മലങ്കര മെത്രാപ്പോലീത്തായായി വാഴുകയുണ്ടായതു. നാലാമത്തെ മലങ്കരമെത്രാപ്പോലീത്തായായിത്തീൎന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ വിശ്വാസസ്ഥിരതയും ദൈവാശ്രയവും സുപ്രസിദ്ധമായിട്ടുള്ളതത്രേ. അഞ്ചാമത്തെ മലങ്കര മെത്രാപ്പോലീത്തായായിത്തീൎന്ന പാലക്കുന്നത്തു മത്ത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെപ്പററി വിശേഷവിധിയായി ഇവിടെ ഒന്നും തന്നേ പറഞ്ഞറിയിക്കേണ്ടതായിട്ടില്ലല്ലോ. ആറാമ

ത്തെ മലങ്കര മെത്രാപ്പോലീത്തായായിത്തീൎന്ന അടുത്ത കാലത്തു കാലംചെയ്ത പുലിക്കോട്ടു യൌസേഫ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനി ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ പലക്കും സുപരിചിതന്മായിരിക്കുന്നു. ഇപ്പറയപ്പെട്ട തിരുമേനിമാരുടെയെല്ലാം അനന്തരാവകാശിയായിരിക്കത്തക്കവണ്ണം സർവ്വവിധ യോഗ്യതകളും തികഞ്ഞ സഭാഭാസുരൻ തന്നേയാണ് ഇപ്പോഴത്തെ നമ്മുടെ വലിയ തിരുമേനിയെന്നുള്ളതിൽ പക്ഷാന്തരത്തിന്നവകാശമില്ലതന്നേ. മുൻകാലങ്ങളിൽ വാണിട്ടുള്ള ഓരോ മലങ്കര മെത്രാപ്പോലീത്തന്മാൎക്കും അനുഭവിക്കാൻ ഇടയായതുപോലെയുള്ള ദുഃഖവും മനോദണ്ഡവും ഇപ്പോഴത്തെ നമ്മുടെ വലിയ തിരുമേനിക്കും അനന്തരാവകാശമെന്നവണ്ണം അനുഭവവേദ്യമായിരിക്കയുമത്രേ. "പുത്തൻ കൂറുകാർ" "പഴയ കൂറുകാർ" എന്ന ഒരു വേർപിരിവുണ്ടായതു ഒരു മലങ്കര മെത്രാപ്പോലീത്തായുടെ കാലത്തായിരുന്നുവെങ്കിൽ, പിന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്തു അഞ്ചൂർക്കാർ സ്വതന്ത്രരായി പിരിഞ്ഞുപോയി. അനന്തരം സി. എം. എസ്. സഭയിൽ പോയി കുറെപേർ അഭയംപ്രാപിച്ചതു വേറൊരു മലങ്കര മെത്രാപ്പോലീത്തായുടെ കാലത്തായിരുന്നുവെങ്കിൽ, മറൊരു മലങ്കര മെത്രാപ്പോലീത്തായുടെ കാലത്ത് പുതുതായി ഒരു മാർത്തോമാ സഭയും ഉണ്ടായിത്തീൎന്നു. അവ്വണ്ണം, ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്തു "ബാവാകക്ഷി", "മെത്രാൻകക്ഷി" എന്നീ പേരുകളിൽ മലങ്കര സുറിയാനിസഭ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയും ചെയ്യുന്നു. ഓരോരോ



മലങ്കര മെത്രാപ്പോലീത്തന്മാൎക്കും അവരവരുടെ കാലങ്ങളിൽ വമ്പിച്ച വ്യവഹാരങ്ങൾ നടത്തിക്കൊണ്ടു കോടതികളുടെ മുമ്പിൽ കുനിഞ്ഞുനിന്നു തങ്ങളുടെ മേല്പട്ടസ്ഥാനം സാധൂകരിപ്പിക്കേണ്ടതായി വന്നിട്ടുള്ള പതിവിനെ, ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തായും യഥാവിധി നിറവേററുകയും ചെയ്തിരിക്കുന്നുവല്ലോ. സഭാചരിത്രം ശ്രദ്ധയോടുകൂടി വായിക്കുന്ന പക്ഷം ഏതൊരു മലങ്കര മെത്രാപ്പോലീത്തായും വേർപിരിവിനാലുള്ള ദുഃഖവും വ്യവഹാരത്താലുള്ള ക്ലേശവും അനുഭവിക്കാതെ വാഴുകയുണ്ടായിട്ടില്ലെന്നു കാണാവുന്നതാണ്. തന്നിമിത്തമുണ്ടായിത്തീൎന്ന നിരാശയാലും മനോദണ്ഡം നിമിത്തവും എങ്ങിനെയെങ്കിലും തങ്ങളുടെ കാലമങ്ങു കഴിഞ്ഞുപോയെച്ചാൽ മതി എന്നു അവർ ഓരോരുത്തരും നെടുവീൎപ്പിട്ടിരുന്നതായും നമുക്കു കാണാം.

കസേരയുടെ ദൃഷ്യം തന്നെ.

കാലവ്യത്യാസം കൊണ്ടായിരിക്കുമോ എന്തോ! മുൻകാലത്തു വാണിട്ടുള്ള മലങ്കര മെത്രാപ്പോലീത്തന്മാരേക്കാൾ കൂടുതലായ അസ്വാസ്ഥ്യം അനുഭവിക്കേണ്ടിവന്നിട്ടുള്ളതു നമ്മുടെ ഇപ്പോഴത്തെ വലിയ തിരുമേനിയ്ക്കല്ലയോ എന്നു തോന്നാവുന്നതാണ. മേല്പട്ടസ്ഥാനം കൈയ്യേററതുമുതൽ സ്വൈരമില്ലായ്മയിൽ മാത്രം കാലം കഴിപ്പാൻ മുൻകാലത്തുണ്ടായിരുന്നവരിലാൎക്കുംതന്നേ ഇടയായിട്ടില്ലെന്നു പറയാവുന്നതായിരിക്കും. വളരെയധികം കൊമ്പുകളുള്ള വൃക്ഷം മറിഞ്ഞുവീഴാതിരിക്കുന്നതിന്നു അതിന്നു കൂടുതൽ വേരുകളുണ്ടായിരിക്കുമെന്നതുപോലെ എല്ലാം സഹിപ്പാനുള്ള മനോധൈൎയ്യം വലിയ തിരുമേ

www.malankaralibrary.com

www.malankaralibrary.com



നിയെ വളരെ സഹായിച്ചിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. വിശ്രമം കൂടാതെ ചെയ്ത അദ്ധ്വാനത്തിന്റെ ഫലം വായിലേക്കു വെപ്പാൻ ഭാവിച്ചിട്ടുള്ളപ്പോഴൊക്കെയും, വലിയ തിരുമേനിയുടെ കാര്യത്തിൽ, ആരെങ്കിലുമൊരാൾ അതിനെ തട്ടിക്കളയുകയാണുണ്ടായിട്ടുള്ളതെന്നു നമുക്കു കാണുവാൻ കഴിയും. മലങ്കര മെത്രാപ്പോലീത്തായായി സിംഹാസനത്തിന്മേൽ ഇരുന്നു ചെങ്കോലാകുന്ന അംശവടി പിടിച്ചപ്പോഴയ്ക്കും അബ്ദുള്ളാപാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു ഇവിടെ എത്തി അതിനെ പിടിച്ചു വലിച്ചെടുക്കുകയുണ്ടായ കഥ നമുക്കറിവുള്ളതാണല്ലോ. അനന്തരം വട്ടിപ്പണക്കേസ്സുമുഖേന അദ്ദേഹം തിരുവനന്തപുരം ജില്ലാക്കോടതിയിൽ ചെന്നു അതിനെ സമ്പാദിച്ചുവെച്ചു. അപ്പോൾ തിരുവനന്തപുരം ഹൈക്കോടതി രണ്ടാമതായി അതിനെ കണ്ടു കെട്ടിയെടുക്കുകയുണ്ടായി. നിരാശനാകാതെ തിരുമനസ്സുകൊണ്ടു മർദ്ദീനിൽ പോയി അതിനെ തിരിയെ കൊണ്ടുപോന്നു. വഴിമദ്ധ്യേവെച്ചു മാർയൂലിയോസ് മെത്രാൻ അതിനെ തട്ടിയെടുത്തുംകൊണ്ടു ഓടിപ്പോയി. അനന്തരം വട്ടിപ്പണക്കേസ്സിന്റെ പുനരപ്പീൽവിധിമൂലം വലിയ തിരുമേനി പിന്നേയും അതിനെത്തന്നെ നേടി. തൽക്ഷണം മാർയൂലിയോസ് മെത്രാൻ ഒരു സസ്പെണ്ടുകല്പനമൂലം ചെങ്കോൽ ഉയർത്തരുതെന്നു ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു. വട്ടിപ്പണത്തിന്റെ പലിശ വാങ്ങിക്കുവാൻ ഇടയാവുക എന്നതാണു ഒരാളെ മലങ്കര മെത്രാപ്പോലീത്തായാണെന്നു വിളംബരപ്പെടുത്തുകയെങ്കിൽ, ഇപ്പോൾ നടക്കുന്ന രണ്ടാമത്തെ വട്ടിപ്പണക്കേസ്സിൽ വിജയം നേ



ടുമ്പോഴല്ലാതെ നമ്മുടെ വലിയ തിരുമേനിക്കു ചെങ്കോലാകുന്ന അംശവടി നിർബാധം ഉയർത്തുവാൻ കഴിവുള്ളതല്ലല്ലോ.

ഗ്രഹപ്പിഴകൊണ്ടാണോ— നിർഭാഗ്യം നിമിത്തമാണോ—എന്തുകൊണ്ടാണെന്നു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല: ഭൂരിപക്ഷം പള്ളികളും പട്ടക്കാരും ജനങ്ങളും വലിയ തിരുമേനിയുടെ പക്ഷമായിരുന്നിട്ടും, ഉണ്ടായ കേസ്സുകളുടെയെല്ലാം അനുകൂലവിധികൾ ചെട്ടിനിറയേ സമ്പാദിച്ചുവെച്ചിട്ടും, കേസ്സുകളുടേ വിജയത്തിൽ മുൻഗാമികളെ അപേക്ഷിച്ചു ഭാഗ്യശാലിയായിതീർന്നിട്ടും, സാമുദായികസ്ഥാപനങ്ങളെല്ലാം സ്വാധീനത്തിലായിക്കഴിഞ്ഞിട്ടും, ഏതെങ്കിലുമൊരു പള്ളിയ്ക്കായി തിരുമനസ്സുകൊണ്ടു ഒരു കല്പന അയച്ചാൽ ഇയ്യിടെയായി മിക്കവാറും അതു പരസ്യമായി വായിക്കപോലും ചെയ്യുവാറില്ലാത്തതും കസേരയുടെ ദൂഷ്യമാണെന്നു അനുമാനിക്കാവുന്നതല്ലയോ? ഒന്നുകിൽ പട്ടക്കാർ, അല്ലെങ്കിൽ കൈക്കാരന്മാർ, അല്ലെങ്കിൽ ഇടവകാംഗങ്ങളായ കുറെപ്പേർ, കല്പന വായിക്കുന്ന കാര്യത്തിലും പ്രതികൂലികളായി കാണപ്പെടുന്നു. എന്തിന്റെ കുറവാണ് ഇതെന്നോ, എന്താണ് ഇതിന്നു കാരണമെന്നോ അധികം പേരും കാര്യമായി ആലോചിച്ചിട്ടുണ്ടായിരിക്കുകയില്ല. ആളിന്റെ കുറവോ, ആഢ്യത്വത്തിന്റെ അയോഗ്യതയോ ഇതിന്നു കാരണമായിരിക്കുന്നില്ല. ഞങ്ങളുടെ അഭിപ്രായം, ഇതെല്ലാം കസേരയുടെ ദൂഷ്യംകൊണ്ടുണ്ടാകുന്നതാണ് എന്നത്രേ. മലങ്കരസിംഹാസനമാകുന്ന കസേരമേൽ ഇരുന്നിട്ടുള്ളവർക്കൊക്കെയും ഇതേ ഫലംതന്നെയാണ് ഏകദേശം ഉണ്ടാ

www.malankaralibrary.com



യിട്ടുള്ളതെന്നു സഭാചരിത്രം ചൂണ്ടിക്കാണിക്കുന്നു. ഇപ്പോഴത്തെപ്പോലെയൊന്നും മുൻകാലങ്ങളിൽ നടന്നിട്ടില്ലെങ്കിൽ—സ്വന്തം പക്ഷത്തുള്ളവരെങ്കിലും അനുസരണമുള്ളവരും സ്നേഹമുള്ളവരുമായിട്ടേ കണ്ടിട്ടുള്ളുവെങ്കിൽ—അതിനുള്ള കാരണം, പ്രസ്തുത കസേര പണ്ടത്തേക്കാൾ ജീർണ്ണിച്ചുപോയതിനാലാണെന്നേ പറയാവൂ. ആട്ടം പിടിച്ച ആ കസേരയുടെ കാലുകൾ പൂളുകൾ വെച്ചെങ്കിലും ഉറപ്പിക്കാതിരുന്നാൽ അതിന്മേലിരിക്കുന്ന ആൾ ആരായിരുന്നാലും ചായാതെയും ചരിയാതെയുമിരിക്കാൻ ഇടയുള്ളതല്ലല്ലോ. ഉറപ്പില്ലാത്ത ഒരു "പഴഞ്ചൻ" കസേരയാണു അതെന്നോർത്തു സൂക്ഷ്മമായി അതിന്മേൽ ഇരിക്കാഞ്ഞാലും ഇങ്ങിനെ വരാവുന്നതാണെന്നു ഞങ്ങൾ സമ്മതിക്കുന്നുണ്ടു. ഘടനയാകുന്ന ഉറപ്പുള്ള കാലുകൾ ഇല്ലാത്ത ഏതൊരു കസേരയും പ്രയോജനകരമല്ലതന്നേ.

### ഇങ്ങിനെയുണ്ടോ ഒരു സമുദായം!

കാരണം ഒന്നോരണ്ടോ മാത്രമല്ലായിരിക്കാം—മലങ്കരയാക്കോബായ സുറിയാനി സമുദായത്തിന്റെ ഇപ്പോഴത്തെ അലങ്കോലാവസ്ഥ പുറത്തുപറയാൻ കൊള്ളരുതാത്തവണ്ണമായിത്തീർന്നിരിക്കയത്രേ. ചുററുംകിടക്കുന്ന ഏതൊരു സമുദായത്തിലും ഏതാനും ചില നിയമങ്ങളും നിബന്ധനകളുമുള്ളതായിക്കാണാം. നേരേ മറിച്ചു് നമ്മുടെ സമുദായത്തിലോ? ഇന്നലെയെന്നവണ്ണമുണ്ടായ പുലയ സമുദായത്തിൽപ്പോലുമുള്ള ചട്ടമാവട്ടേ ചിട്ടയാവട്ടേ 2000 ത്തോളം കൊല്ലം പഴക്കമുള്ള നമ്മുടെ സമുദായത്തിൽ കാണപ്പെടുന്നില്ല. മേല്പട്ടസ്ഥാനവും, ആ സ്ഥാനത്തിന്റെ



നിർവ്വഹണത്തിന്നാവശ്യമായ അധികാരപത്രവും എഴുതിക്കൊടുക്കേണ്ടതു് കോടതികളിലെ ഉരുക്കുപേനകളായിത്തീർന്നിരിക്കുന്നുവെന്നു പറഞ്ഞാൽ, നമ്മുടെ സമുദായത്തിന്റെ അധോഗതി എത്രമാത്രമാണെന്നു ബോദ്ധ്യപ്പെടുന്നതായിരിക്കും. ഒരു പുതിയ കത്തനാർക്കു സ്വന്തം ഇടവകപ്പള്ളിയിൽ പ്രവേശനം ലഭിക്കുന്നതിനു മേല്പട്ടക്കാരുടെ "സാധനം" ലഭിച്ചാൽ യാതൊരു പ്രയോജനവുമില്ലെന്നായിക്കഴിഞ്ഞിരിക്കയാണ്. "സാധന"ത്തേക്കാൾ പോലീസുകാരുടെ അകമ്പടിയത്രേ പ്രാധാന്യമുള്ളതായി കണ്ടുവരുന്നതു്. കുററക്കാരനായ ഒരു പട്ടക്കാരനോട് എന്തെങ്കിലുമൊന്നു ചെയ്യാൻ യാതൊരു മേല്പട്ടക്കാരനും കഴിവുമില്ല; ധൈര്യവുമില്ല. പള്ളിമുതലും അതിന്റെ ആദായവും, അവയെ കൈയ്യടക്കിവെച്ചിട്ടുള്ളവർക്കു യഥേഷ്ടം വാരിവലിച്ചെറിയുകയോ, തന്നുവകയാക്കി കൈയ്യും വീശി നടക്കുകയോ ചെയ്യാം. ഭർത്താവുണ്ടായാലും ഭാര്യയുണ്ടായാലും, മൂന്നോ നാലോ കെട്ടുന്നതിനു യാതൊരു വിഷമവും കാണപ്പെടുന്നില്ല. കഴുത്തിൽ കയറിട്ടു വലിച്ചാലും "കുപ്പായത്തിൽ കയറുന്നതിനു്" മനുഷ്യരെ കിട്ടാൻ പ്രയാസവുമായിത്തീർന്നു. അദ്ധ്യേനി മെത്രാപ്പോലീത്തന്മാരുടെ സൌന്ദര്യപ്പിണക്കം ഇല്ലെങ്കിൽ ഒരു പള്ളിയിലും മേല്പട്ടക്കാരുടെ എഴുന്നള്ളത്തുണ്ടാവുകയില്ല. ഏതൊരു പള്ളിപ്രമാണിയോടെങ്കിലും കണ്ടതിന്റെ നേരുപറഞ്ഞാൽ "മേശ"യും "കസേര"യും അതോടുകൂടെ "പമ്പകടക്കുക"യുമായി!

ഒന്നും തന്നേ ഞങ്ങൾക്കറിയാൻപാടില്ല: പൂച്ചികസഭയുടെ ലക്ഷണം, ഒരു പക്ഷേ, ഇതായിരിക്കാം! മാർ

www.malankaralibrary.com



തോമാശ്ലീഹായുടെ മക്കളാണെങ്കിൽ അവരൊക്കയും ഈയൊരു പ്രകൃതക്കാരുമായിരിക്കാം!! ഏതായാലും, ഒരു കാൎയ്യം നിശ്ചയം തന്നെ: ഭൂലോകത്തിൽ മറെറവിടെയും ഇങ്ങനെ ഒരു ജാതിയേയും ജാത്യത്തേയും കാണാനൊക്കുകയില്ല. പള്ളിയും പട്ടക്കാരും മാൎത്തോമാശ്ലീഹായുടെ പൊന്നോമനക്കുഞ്ഞുങ്ങൾക്കാവശ്യമില്ലല്ലോ. വി. കുൎബാനയും നോമ്പും അവൎക്കാൎക്കും കൂടിയേ കഴിയു എന്നുമില്ലല്ലോ. ആയുഷ്കാലത്തിൽ ബോധിക്കുമ്പോൾ മാത്രം അവർ പള്ളിയിൽ പോയാൽമതി! മാൎത്തോമാശ്ലീഹായുടെ പ്രതിപുരുഷന്മാരായ മേല്പട്ടക്കാരെ വീട്ടിൽ വെച്ചെന്നല്ല, പള്ളിയിൽ വെച്ചെന്നല്ല, ത്രോണോസിന്മേൽ കയറിനിന്നുപോലും ബോധിച്ചതെല്ലാം പറയാൻ സ്വച്ഛസ്വാതന്ത്ര്യം!! ഈ സഭ— എത്രയോ പൂൎവ്വികമായ ഈ സഭ— പരിശുദ്ധമായ ഈ സഭ—കടുവായോ സിംഹമോ, എലിയോ പൂച്ചയോ തട്ടിക്കൊണ്ടുപോകാൻ ഇടയാകാതെ ഇപ്പൊഴും നിലനില്ക്കുന്നുണ്ടല്ലോ എന്നു ദൈവകരുണയെ സ്തുതിക്കുന്നവരും, ഒരു കാലത്തു് ഇതു് ഇൻഡ്യാസാമ്രാജ്യത്തിന്റെയെന്നല്ല ഭൂലോകത്തിന്റെയാകവേ വിളക്കായിരിക്കുമെന്നാശിക്കുന്നവരും ചുരുക്കം ചിലരുണ്ടെന്നു ഞങ്ങൾക്കറിയാം. നിഷ്കന്മഷഹൃദയരായ അവരോട് ഒരു കാൎയ്യമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. അവരെല്ലാവരും പഴയ ഏദൻതോട്ടത്തിലേയ്ക്കൊന്നു എത്തിനോക്കണമെന്നുമാത്രം. പല പല ജന്തുക്കളേയും യഹോവായായ ദൈവം അവിടെ സൃഷ്ടിച്ചു നിറുത്തിയിരിക്കുന്നു. അക്കൂട്ടത്തിൽ പട്ടികളേയും നിങ്ങൾക്കു കാണാവുന്നതാണ്. അവരിൽ രണ്ടുപേർ എവിടെ വെച്ചെങ്കിലും തമ്മിൽക്കണ്ടാൽ



കടിപിടികൂടുകയെന്നതു പതിവായിരുന്നിട്ടും, എത്രയോ ആയിരം വൎഷത്തെ പഴക്കമേറിയ ആ സമുദായം ഇന്നും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നതല്ലാതെ, നശിച്ചുപോവുകയുണ്ടായിട്ടില്ലല്ലോ.

പരിശുദ്ധപിതാക്കന്മാർ സുന്നഹദോസുകൾ കൂടി എഴുതി വെച്ചിട്ടുള്ള കാനോനാകൾ ഇന്നുവരെയും നടപ്പിൽ വരുത്താൻ സാധ്യമാവാതെയിരിക്കുന്ന ഏതെങ്കിലുമൊരു അപ്പോസ്തോലികവും കാതോലികവുമായ സഭയുണ്ടെങ്കിൽ— വെട്ടിച്ചുരുക്കിയും കൂട്ടിച്ചേൎത്തും പരിഷ്കരിച്ചുണ്ടാക്കിയ വ്യാജമായ ഒരു കാനോൻ പുസ്തകത്തെ (ഫവ്വ-അക്കം) തലയിൽ ചുമന്നു നടക്കുവാൻ നിൎഭാഗ്യവശാൽ ഇടയായിത്തീൎന്നിട്ടുള്ള ഏതെങ്കിലുമൊരു പൂൎവ്വികസഭ ഭൂലോകത്തിൽ ഉണ്ടെങ്കിൽ—അതു മലങ്കര യാക്കോബായ സുറിയാനിസഭ ഒന്നുമാത്രമാണെന്നു ആരേയും പറഞ്ഞു മനസ്സിലാക്കേണ്ടതായിട്ടില്ല. വലിയ തിരുമേനിയുടെ മുടക്കു ന്യായമായിട്ടുള്ളതാണെന്നു സ്ഥാപിച്ചു കിട്ടേണ്ടതിന്നുവേണ്ടി ആ ഒരു വ്യാജച്ചരക്കിനെ കോടതിയിൽ കയററിയവൎക്കുപോലും, ഇപ്പോൾ പശ്ചാത്താപം വന്നിരിക്കാമെന്നു ഞങ്ങൾ ഊഹിക്കുന്നു. മലങ്കര സുറിയാനി സഭയുടെ നല്ല നടത്തയ്ക്കും അഭിവൃദ്ധിക്കും സത്യമായ കാനോൻ സ്ഥാപിച്ചു കിട്ടേണ്ടതു എത്രമാത്രം ആവശ്യമായിരിക്കുന്നുവോ, അത്രമേൽ ഒഴിച്ചുകൂടാത്തതായ ഒന്നാണു കാതോലിക്കാ സ്ഥാപനവും എന്നു പറയാം. നിരന്തരമായി ൨൦ കൊല്ലം യത്നിച്ചിട്ടും നമുക്കിതു രണ്ടും കൈയിൽ കിട്ടുകയുണ്ടായില്ല. ഒന്നുകിൽ ഇവയ്ക്കായി വീണ്ടും യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു; അല്ലെങ്കിൽ അ

ന്ത്യോഖ്യാ സിംഹാസനത്തിൽനിന്നു ഇവ സമ്മതിച്ചു തരേണ്ടിയിരിക്കുന്നു. വ്യവഹാരമെന്നു കേൾക്കുമ്പോഴെല്ലാം ഓക്കാനം വന്നു തുടങ്ങിയവർ യുദ്ധം ചെയ്യാൻ ഒരുമ്പെട്ടുമോ എന്നതു കണ്ടറിയേണ്ടതത്രേ. കേവലം ലൌകികദൃഷ്ടിയിൽ നോക്കിയാൽ പോലും, വ്യവഹാരത്തിൽ കാൽവെച്ചുവോ, എന്നാൽ പാപ്പരായിത്തീർന്നുവെന്നു നമുക്കറിയാം. അന്യോന്യമുള്ള ശത്രുത്വം വ്യവഹാരം ചെയ്താൽ ശമിക്കുന്നതുമല്ല. ശരിയായ കാനോൻ ഇന്നതാണെന്നു ശീമക്കാർ പറയും എന്നായിരിക്കുമോ നമ്മുടെ പ്രതീക്ഷ? എത്രയോ കഥയില്ലാത്ത ആഗ്രഹമാണതെന്നു സ്വല്പം ആലോചിച്ചാൽ നമുക്കു ബോദ്ധ്യമാകുന്നതത്രേ. ഹൂദ്യ അക്കം കാനോൻ ശീമക്കാർ ഉണ്ടാക്കി ഒപ്പും മുദ്രയും വെച്ചു നമുക്കു തന്നിട്ടുള്ളതല്ല. ഇവിടെയുള്ളവർ—മലങ്കര സഭയുടെ "വായും തുണ്"മായിട്ടുള്ളവർ—ശീമക്കാരുടെ അപേക്ഷയോ അറിവോ കൂടാതെ ഉണ്ടാക്കിവെച്ചിട്ടുള്ള സാമാനമത്രേ അതു. ശീമക്കാൎക്കു പണ്ടത്തേക്കാൾ കൂടുതൽ അധികാരം കൊടുത്തുകൊണ്ടു അതിനെ ഇവിടെ അവർ നാട്ടിനിറുത്തി. നമ്മളും മാത്തോമക്കാരും തമ്മിൽ പത്തൻപതു കൊല്ലം മുമ്പു നടന്ന വട്ടിപ്പണക്കേസിലും, ഇക്കഴിഞ്ഞ വട്ടിപ്പണക്കേസിലും മലങ്കരയുടെ കാനോനാണെന്നു കോടതികളാൽ സ്ഥിരപ്പെട്ടു കഴിഞ്ഞിട്ടുള്ള ആ സാമാനത്തെ, ശീമക്കാർ വലിച്ചെടുത്തു തോട്ടിലെറിയുമെന്നു പ്രതീക്ഷിക്കാവുന്നതാണോ? ആ "പുത്തി"യങ്ങു കളഞ്ഞേക്കുകതന്നെയാണു ബുദ്ധിപൂൎവ്വമായിട്ടുള്ളതു. ശീമക്കാർ കാതോലിക്കാസ്ഥാപനത്തെ അംഗീകരിച്ചിരിക്കുന്നതായി കല്പിക്കുമോ? അതും തൈഹ



വ! കാതോലിക്കായുടെ അതിൎത്തിയിൽ പാത്രിയൎക്കീസിനു അധികാരവും അവകാശവും ഇല്ലെന്നുള്ള വാസ്തവം ഹൂദ്യ അക്കം കാനോനിലും കാണുന്ന സ്ഥിതിക്കു, അവർ അതിനെ വകവെച്ചു തരുന്നതായാൽ പിന്നെയെന്താണു തങ്ങൾക്കൊരു സമ്പാദ്യമുള്ളതെന്നു അവർ കാൎയ്യമായി തന്നെ ആലോചിക്കയില്ലയോ? പ്രധാനപ്പെട്ട ഈ രണ്ടു വിഷയങ്ങളിൽ നമ്മളും ശീമക്കാരും അടുപ്പിച്ചാൽ അടുക്കാത്ത രണ്ടു തട്ടുകളിലായി നില്ക്കുന്നതുകൊണ്ടാണു രാജിയുണ്ടാവാൻ പ്രയാസമായിരിക്കുന്നതെന്നു് വായനക്കാൎക്കിപ്പോൾ നന്നായി മനസ്സിലായിരിക്കാം. മേൽ സൂചിപ്പിച്ച രണ്ടു കാൎയ്യങ്ങളിലും നമുക്കു സ്വല്പമായിട്ടെങ്കിലും ഒന്നു ചരിയാനോ തിരിയാനോ പാടുള്ളതുമല്ലല്ലോ.

### അന്ത്യോഖ്യാബന്ധം

മലങ്കര സുറിയാനിസഭയും അന്ത്യോഖ്യായും തമ്മിൽ അന്യോന്യം ഇടപാട് തുടങ്ങീട്ടു പത്തിരുനൂറു സംവത്സരങ്ങളോളമായിട്ടുണ്ടെങ്കിലും പത്തൻപതു കൊല്ലത്തിന്നിപ്പുറമായിട്ടേ അന്ത്യോഖ്യാക്കാൎക്കു ഇവിടെ ഒരു പിടിപാടുണ്ടായിട്ടുള്ളു എന്നു പറയാം. പത്തൻപതു കൊല്ലങ്ങൾക്കു മുമ്പു അന്ത്യോഖ്യക്കാർ ഇവിടെ പലപ്പോഴും വന്നു നമ്മുടെ അപേക്ഷയും ആവശ്യവുമനുസരിച്ചു ചില ഉപകാരങ്ങളെല്ലാം ചെയ്തുതന്നിട്ടുണ്ടെന്നല്ലാതെ, അവൎക്കിവിടെ ഏതെങ്കിലും തരത്തിൽ കൎത്തൃത്വമോ അധികാരമോ ഉണ്ടായിരുന്നതായി സത്യമായ വിധത്തിൽ തെളിയിപ്പാൻ സാദ്ധ്യമായിട്ടുള്ളതല്ല. വാസ്തവം ഈ പറഞ്ഞവണ്ണമായിരിക്കേ, ശീമക്കാർ രക്തമൊഴുക്കി ഉണ്ടാക്കിയ സഭയാണിതെന്നും മററും അന്ത്യോഖ്യാക്കാരെ ഉദ്ദേ

www.malankaralibrary.com



ശീച്ച ഒരുവിധം കൊള്ളാവുന്നവർപോലും പറഞ്ഞുകേൾക്കുകയാൽ, ഇത്തരം അറിവില്ലായ്മ നീങ്ങുവാൻ എന്താണു ചെയ്യേണ്ടതെന്നതിനേക്കുറിച്ചു ഞങ്ങൾ പലപ്പോഴും ആലോചിച്ചിട്ടുള്ളതാണു. പരമാൎത്ഥം എന്താണെന്നാണ് അറിയേണ്ടതെങ്കിൽ, രക്തമൊഴുക്കുകയോ കണ്ണുനീരൊഴുക്കുകയോ മററൊ ചെയ്തിട്ടുള്ളവർ അന്ത്യോഖ്യാക്കാരല്ലെന്നും, പട്ടംകൊട ശുശ്രൂഷയിലും മററും നാം അതികഠിനമായി ആരെ ശപിക്കുകയും മഹറോൻ ചൊല്ലുകയും ചെയ്യുന്നുവോ, ആ നെസ്തോറുകാരാണെന്നും നാം ഗ്രഹിച്ചിരിക്കേണ്ടതത്രേ. സഭാചരിത്രം പരിശോധിക്കുന്നപക്ഷം പുറത്തുനിന്നു വന്നിട്ടുള്ള പലരും മലങ്കരസഭയെ അവരവരുടേതാക്കിതീൎക്കുവാൻ കഴിയുന്ന പ്രയോഗങ്ങളൊക്കയും ചെയ്തു നോക്കീട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നതായിരിക്കും. ആ വക ഭണ്ഡായുദ്ധങ്ങളിൽ അവരിൽ പലൎക്കും ചതവുകളും കുത്തുകളും വെട്ടുകളും ഏല്ക്കുകയുമുണ്ടായിട്ടുണ്ടു. ആ വക യുദ്ധങ്ങളുടെ ഉദ്ദേശമെന്തെന്നറിയാൻ പാടില്ലാതിരുന്ന നമ്മുടെ പൂൎവ്വീകരിൽ പലരും, അവരിൽ ചില കൂട്ടൎക്കുവേണ്ടി പന്തവും വെട്ടുകത്തിയും പിടിച്ചു ഓടി നടന്നിട്ടുള്ളതായും നമുക്കു കാണാവുന്നതാണു. നെസ്തോർ ഏതെന്നോ, യാക്കോബായ എന്തെന്നോ, റോമാക്കാർ ആരെന്നോ സൂക്ഷ്മമായി യാതൊന്നും നമ്മുടെ പൂൎവ്വന്മാൎക്കറിവുണ്ടായിരുന്നില്ല. എല്ലാവരോടും സ്നേഹപൂൎവ്വമായും ഭയഭക്ത്യാദരങ്ങളോടുകൂടിയും പെരുമാറിപ്പോന്നു. മേൽക്കോയ്മസ്ഥാനം ആൎക്കുംതന്നെ അവർ കൊടുത്തതുമില്ല. ആദ്യകാലങ്ങളിൽ നെസ്തോറുകാരായിരുന്നു ഇവിടെ ക്രമമായി വന്നുകൊണ്ടിരുന്നതെന്നു കാണാം. അ



വരാൽ അക്കാലത്തു നിൎമ്മിക്കപ്പെട്ട പള്ളികളിലെ ലക്ഷ്യങ്ങൾതന്നേ ഇതിനെ തെളിയിക്കുന്നു. കൂടാതെ ചരിത്രം അതിനെ സ്പഷ്ടമാക്കുകയും ചെയ്യുന്നു. അനന്തരമാണു് അന്ത്യോഖ്യാക്കാരായ മേല്പട്ടക്കാർ ഇവിടെ അല്പാല്പമായി കടന്നുകൂടുവാൻ തക്കം നോക്കിയതു. മലങ്കരസഭയിൽ കടക്കുവാനും നടക്കുവാനും ഇരിക്കുവാനുമുള്ള അവകാശം തനിയ്ക്കാണെന്നു നെസ്തോർ പറയുമ്പോൾ, "താൻ കടന്നുപോകു; തന്നേപ്പോലെ എനിയ്ക്കും ഇവിടെ കഴിഞ്ഞുകൂടാം" എന്നു അന്ത്യോഖ്യാക്കാരൻ പറയും. ഇങ്ങിനെയുള്ള വാഗ്വാദം മാറീട്ടു് ഒടുവിൽ, "എന്നാൽ ഒന്നു പിടിച്ചു നോക്കാം" എന്നു അന്യോന്യം മല്ലടിക്കുകയുമുണ്ടായിട്ടുണ്ടു. അങ്ങോട്ടു ദൂഷ്യം പറയുക; ഇങ്ങോട്ടു ചീത്തപറയുക; അങ്ങോട്ടു മുടക്കുക, ഇങ്ങോട്ടു മഹറോൻ ചൊല്ലുക ഇങ്ങിനെ തുടൎന്നുപോയ ആ ഭണ്ഡായുദ്ധത്തിൽ പല പള്ളികളിൽ വെച്ചും നേരിട്ടു അടിപിടികൾപോലും ഉണ്ടായിട്ടുള്ളതായും പ്രത്യക്ഷപ്പെടുന്നതാണു. ജനങ്ങളിൽ ഭൂരിപക്ഷം പേരുടേയും ആനുകൂല്യം നെസ്തോർ മേല്പട്ടക്കാരോടായിത്തീൎന്നതിനാൽ എത്രതന്നേ കൊമ്പിട്ടു ഉരച്ചിട്ടും അവരെ ഇവിടെനിന്നു പറിച്ചുകളയാൻ ഒക്കുന്നില്ലല്ലോ എന്നു അന്ത്യോഖ്യാക്കാർ ഒടുവിൽ ക്ഷീണിച്ചിരിപ്പായതായി നമുക്കു കാണാം. ആ ഒരു സന്ദൎഭത്തിലത്രേ റോമൻ കത്തോലിക്കരായ പോൎത്തുഗീസുകാർ കൊച്ചിയിലും മററും വരാൻ തുടങ്ങിയതും, കച്ചവടം ചെയ്തു ഇവിടങ്ങളിൽ താമസമാരംഭിച്ചതും. നെസ്തോറും അന്ത്യോഖ്യായും തമ്മിൽ കടിച്ചുകീറുന്നതിനെ കണ്ടുനിന്ന പോൎത്തുഗീസുകാർ, രണ്ടുപേരിൽ ബലവാൻ നെസ്തോറാണെന്നു

www.malankaralibrary.com



ഉടൻ മനസ്സിലാക്കി. അവരുടെ ബലവും ഇത്രത്തോളമല്ലേയുള്ളു എന്നു ഗ്രഹിക്കകയാലും, നാട്ടുരാജാക്കന്മാർ മുഖേനയുള്ള സ്വാധീനം തരത്തിനുപയോഗിക്കാമല്ലോ എന്നും ഇവർ തീർച്ചപ്പെടുത്തി. ഇതിന്റെ ഫലമായി പോർത്തുഗീസുകാരായ റോമൻ കത്തോലിക്കപ്പട്ടക്കാർ ഇവിടെ അതാ കപ്പൽവഴി പാഞ്ഞെത്തിത്തുടങ്ങുന്നു. നെസ്തോർ തൽക്ഷണം പത്തി ഒതുക്കിക്കൊണ്ടു നിലയായി. പോരാ; പുറത്തുപോകണമെന്നായി അപ്പോൾ പോർത്തുഗീസുകാരൻ. ഈ വിധത്തിൽ നെസ്തോർ കടന്നുകഴിഞ്ഞപ്പോൾ അന്ത്യോഖ്യാക്കാരൻ തലപൊക്കി നിവർന്നിരുന്നു. ഉടൻ അന്ത്യോഖ്യാക്കാരനും പോർത്തുഗീസുകാരനും തമ്മിൽ അന്യോന്യം പിടിയും വീണു. തത്സമയം ലന്തക്കാർ ഇവിടെ വന്നു പതിയിരിക്കാൻ തുടങ്ങിയിരുന്നു. രാജ്യകാര്യം സംബന്ധിച്ചു ലന്തയും പരന്ത്രീസും (പോർത്തുഗീസ്) തമ്മിൽ കടിപിടികൂടി. തന്നിമിത്തം പോർത്തുഗീസുകാരന്റെ ശക്തി ക്ഷയിക്കുകയും, ഇവിടെ യഥേഷ്ടം വരുന്നതിനു അന്ത്യോഖ്യാക്കാരനു അദ്യത്തകാലത്തുണ്ടായിരുന്ന തടസ്സം നീങ്ങിപ്പോവുകയും ചെയ്തു. ഒടുവിൽ ഇംഗ്ലീഷുകാരൻ എത്തി. അവനും അന്ത്യോഖ്യാക്കാരനും തമ്മിൽ മലങ്കര സഭാകാര്യത്തിൽ മുഷ്ടിയുദ്ധം നടത്തുകയുണ്ടായെന്നുള്ളതും ഇവിടെ പ്രസ്താവ്യം തന്നെ.

[ഇതൊരു ചരിത്രപുസ്തകമല്ലാത്തതിനാൽ മലങ്കരസഭയുടെ പഴമകളെപ്പററി ഇതിലധികം വിസ്തരിച്ചു പറയേണ്ടയാവശ്യമില്ലല്ലോ.]

പക്ഷേ, ഒരുകാലത്തു കൊച്ചി മട്ടാഞ്ചേരിയിലുള്ള ക്രൂനൻകരിശിന്മേൽ ആലാത്തുകയർ കെട്ടി നിലവിളിച്ചു



സത്യം ചെയ്തവരുടെ മക്കൾ ഗ്രഹിച്ചിരിക്കേണ്ടതായ ഒരു കാര്യമുള്ളതിനെക്കൂടി ചുരുക്കിപ്പറഞ്ഞിട്ടു നമുക്കു അന്ത്യോഖ്യാ ബന്ധത്തിലേക്കുതന്നെ കടന്നുകളയാം. നെസ്തോറും പോർത്തുഗീസും തമ്മിൽ അന്യോന്യം ഒരു ഉരസൽ നടന്നതായി മുമ്പത്തെ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അപ്പോഴാണു നമ്മുടെ പൂർവന്മാർ കുരിശിന്മേൽ കയറിട്ടതും നിലവിളിച്ചതും സത്യം ചെയ്തതുമെന്നു നാം മനസ്സിലാക്കിവെക്കേണ്ടതാണ്. ബാവായെ വെള്ളത്തിൽ മുക്കിക്കൊന്നുവെന്നുള്ളതു മാത്രമായിരുന്നില്ല ആ സത്യത്തിനു കാരണമെന്നു ഇവിടെ പറയേണ്ടതുണ്ട്. അതും, ഇതിന്നൊരു സഹായമായിത്തീർന്നു എന്നുള്ളതാണ് പരമാർത്ഥം. "അഹത്തള്ള" എന്ന പേരായ ഒരു ബാവായാണ് അക്കാലത്തു വന്നതെന്നു ചരിത്രകാരന്മാർ ഏകാഭിപ്രായത്തിൽ സമ്മതിക്കുന്നു. അദ്ദേഹം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽനിന്നു ഇറങ്ങിവന്ന ദേഹമായിരുന്നുവെന്നു നമ്മുടെ ഇടയിൽ ഒരു പഴങ്കഥ നടപ്പുണ്ടെങ്കിലും, ചരിത്രങ്ങൾ പരിശോധിക്കുമ്പോൾ അദ്ദേഹം ഒരു നെസ്തോർ മെത്രാനായിരുന്നു എന്നു സംശയംകൂടാതെ ബോദ്ധ്യപ്പെടുന്നതാണ്. അക്കാലത്തു "അഹത്തള്ള" എന്ന പേരിൽ ഒരു ബാവായോ മെത്രാനോ അന്ത്യോഖ്യായിൽ നിന്നു പോന്നതായി അന്ത്യോഖ്യാക്കാരുടെ നാളാഗമത്തിൽ കാണുന്നില്ലെന്നു തന്നെയല്ലാ, അഹത്തള്ള തങ്ങളുടെ മെത്രാനാണെന്നു നെസ്തോറുകാർ രേഖാമൂലം തെളിയിക്കുകയും ചെയ്യുന്നു. പാവപ്പെട്ട മനുഷ്യരെല്ലാം വാൽനിറുകയിൽക്കേറി ഓടത്തക്കവണ്ണം ആ ബാവായെ പോർത്തുഗീസുകാർ കഴുത്തിൽ കല്ലുകെട്ടി കൊച്ചിയഴിമുഖത്തു

www.malankaralibrary.com



താഴ്ത്തിക്കളഞ്ഞു എന്നു ചില കുബുദ്ധികൾ പറഞ്ഞു പരത്തിയെന്നുള്ളതു വാസ്തവം തന്നെയെങ്കിലും പ്രസ്തുത അഹത്തുള്ള ഗോവയിലും അനന്തരം റോമയിലും താമസിച്ചിരുന്നതായി തെളിയുന്നുണ്ടെന്നു ആംഗ്ലേയ ചരിത്രകാരന്മാർപോലും പറയുന്ന സ്ഥിതിക്കു, എന്താണീകാര്യത്തിൽ നാം ചെയ്യേണ്ടതെന്നു വായനക്കാർ തന്നെ തീരുമാനിച്ചുകൊള്ളുക. വാസ്തവം പറയുന്നതായാൽ, മാർപാപ്പാതിരുമനസ്സിലെ ആജ്ഞയെ കീഴ്‌വഴങ്ങി നിന്നുകൊള്ളാമെന്നു ഒരിക്കൽ ഉടമ്പടി കൊടുത്ത നെസ്തോർ മെത്രാനായിരുന്ന ഇദ്ദേഹത്തെ പോർത്തുഗീസുകാർ കൊച്ചിയിൽ വെച്ചു കരയ്ക്കിറക്കാതെ ഗോവാ വഴി റോമയിൽ കൊണ്ടുപോയി ഓടിട്ട പുരയിൽ താമസിപ്പിക്കുക തന്നെയാണ് ചെയ്കയുണ്ടായിട്ടുള്ളതു. അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ടതുമില്ല, അദ്ദേഹത്തെ അഴിയിൽ കെട്ടിത്താഴ്ത്തിയതുമില്ല. സുഖമായി വന്നപോലെ തിരിയെ പോയ അദ്ദേഹത്തിന്റെ പേരും പറഞ്ഞു കുറെ പേർ കയറെടുത്തു വലിച്ചു നിലവിളിക്കാൻ സംഗതിയായി എന്നു മാത്രം. അവർ നിലവിളിച്ചതും സത്യം ചെയ്തതും എന്തു പറഞ്ഞുകൊണ്ടായിരുന്നു? സന്തതിയുള്ള കാലത്തോളം ഈ പോർത്തുഗീസുകാരുമായി എടപാടില്ലെന്നുതന്നെ. അതോടുകൂടി റോമൻ കത്തോലിക്കരായ ആ പോർത്തുഗീസുകാരുടെ മലങ്കരയിലേക്കുള്ള വരവും അവസാനിച്ചു. ഇതുകൊണ്ടുണ്ടായ യഥാർത്ഥ ഫലമോ? മലങ്കരയിലുള്ള ജനങ്ങൾക്കു പോർത്തുഗീസുകാരായ മേല്പട്ടക്കാരോടുള്ള വിരോധം എന്തിനാലാണെന്നു മാർപ്പാപ്പാതിരുമനസ്സിലേക്കു അറിയുവാൻ കഴിഞ്ഞതു തന്നെ.



പത്തിരുനൂറു കൊല്ലങ്ങൾക്കിപ്പുറവും, എൺപതു കൊല്ലങ്ങൾക്കപ്പുറവും അന്ത്യോഖ്യാക്കു ഇവിടെ യാതൊരു പിടിപാടും ഉണ്ടായിരുന്നില്ലെന്നു തെളിയിക്കുന്നതിലേക്കായി പുത്തൻകാവു പള്ളിയിൽ കബറടങ്ങിയ ഒന്നാമത്തെ വലിയ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ കാലത്തു നടന്ന ഒരു സംഭവം തന്നെ ധാരാളത്തിലധികം മതിയായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അക്കാലത്തു വന്ന മൂന്നു വിദേശ മേല്പട്ടക്കാരിൽ ഒരാൾ മുളന്തുരുത്തിക്കാരനായ ഒരു കത്തനാരെപ്പിടിച്ചു മെത്രാനാക്കി. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായോടു ചോദിച്ചുമില്ല, അദ്ദേഹത്തിന്റെ അനുമതി വാങ്ങിക്കാൻ ഉദ്യമിച്ചുമില്ല. സ്വന്തം സ്ഥലത്തു കയറി ദുസ്വാതന്ത്ര്യം നടത്തുന്ന ആളിനോടാണു ഇതിനു സമാധാനം ചോദിക്കേണ്ടതെങ്കിലും, വിദേശിയനായ ഒരു മേല്പട്ടക്കാരനെ നല്ല പാഠം പഠിപ്പിക്കുന്നതിൽ വൈമനസ്യം തോന്നിയ അദ്ദേഹം, പുതുതായി സ്ഥാനമേറ്റ ആളിനെ കൊച്ചി, തിരുവിതാംകൂർ സംസ്ഥാനങ്ങളിൽനിന്നു വെളിക്കാക്കിത്തരണമെന്നു ഉടൻ അതാതു ഗവർമ്മെണ്ടുകളിൽ നിവേദനമർപ്പിച്ചു. അതിന്റെ ഫലമായി ആ പുതിയ മാർ ക്രൂറിലോസു മെത്രാനെ ഗവർമ്മെണ്ടുകൾ പുറത്താക്കുകയും, അദ്ദേഹം കുന്നംകുളത്തിനു സമീപമുള്ളതും ബ്രിട്ടീഷു രാജ്യാത്തിയിൽ പെട്ടതുമായ തൊഴിയൂർ (അഞ്ഞൂർ) ചെന്നു അധിവാസമുറപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിനുശേഷവും അന്ത്യോഖ്യാക്കാർക്കു ഇവിടെ വരുവാനും ആവശ്യപ്പെട്ട ദിഷ്ടതികൾ നടത്തുവാനും പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിലും, ഭരണമിടപെട്ട യാതൊ

ന്നിലും അവൎക്കു കൈ ചെലുത്തുവാൻ സാദ്ധ്യമായിരുന്നില്ല. ആ വിധത്തിലുള്ള ഒരു അധികാരവും അവകാശവും അവൎക്കു ലഭിച്ചതു മാരാമൺ പാലക്കുന്നത്തു മത്ത്യൂസ് മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മേല്പട്ടസ്ഥാനം വാങ്ങിക്കുവാനായി മർദ്ദീനിലേക്കു പോയപ്പോൾ മാത്രമായിരുന്നു. മലങ്കര സഭയുടെ തലയും തലവനും അന്ത്യോഖ്യാ യാക്കോബായ സിംഹാസനത്തിന്മേൽ വാഴുന്ന പാത്രിയൎക്കീസാണെന്നു അദ്ദേഹം അവിടെ വെച്ചു രേഖപ്പെടുത്തിക്കൊടുത്തു. നിഷ്പ്രയാസം ലഭിച്ച ഈ തീറാധാരത്തിന്നു മുമ്പും പിമ്പും അന്ത്യോഖ്യാസിംഹാസനത്തിന്മേൽനിന്നു ഇറങ്ങിവന്ന മേല്പട്ടക്കാർ ഇവിടെവെച്ചു കാട്ടിക്കൂട്ടിയ വേണ്ടാതനങ്ങളും തന്നിമിത്തമുണ്ടായ അടിപിടിവ്യവഹാരങ്ങളും എങ്ങിനെയെല്ലാമായിരുന്നുവെന്നും, അവകൊണ്ടു നമുക്കുണ്ടായ ആദായം എന്തായിരുന്നുവെന്നും ഈ ചെറിയ പുസ്തകത്തിൽ വിവരിച്ചു കേൾപ്പിക്കുവാൻ പ്രയാസംതന്നെ. മലങ്കര മെത്രാപ്പോലീത്തായായ ഒരാൾ ഭരണം നടത്തിക്കൊണ്ടു വാഴുമ്പോൾ അദ്ദേഹത്തിന്റെ അറിവും സമ്മതവും കൂടാതെ മറ്റൊരാളെ മലങ്കരമെത്രാപ്പോലീത്തായായി വാഴിച്ചു വിടുക; അവർ തമ്മിൽ കോഴിപ്പോരു തുടങ്ങുമ്പോൾ അവരിൽ ഒരാളുടെ കഴുത്തിൽ കത്തി വെക്കുക; ഇതിന്റെ ഫലമായി സഭ രണ്ടായി പൊട്ടിപ്പൊളിയുക; മലങ്കരയിലെ പള്ളിവക സ്വത്തുക്കൾ സ്വന്തമാണെന്നുള്ള നിലയിൽ വാരിക്കോരിക്കൊണ്ടു പോവുക; നട്ടുച്ചനേരത്തു പച്ച നേരു പറയാതിരിക്കുക— മുതലായി അവർ ചെയ്തിട്ടുള്ള പ്രവൃത്തികൾ മുഴുവനും മനഃപൂർവമായവയാ



ണെന്നു കൈപൊക്കിപ്പറയുവാൻ ഒരുമ്പെടുന്നില്ലെങ്കിലും, അവയുടെയെല്ലാം ഫലം മലങ്കരസഭയെ ചേററിൽ പൂഴ്ത്തിയതാണെന്നുള്ളതു സമ്മതിച്ചേ മതിയാകയുള്ളു. ഇപ്പോൾ നടക്കുന്ന രണ്ടാമത്തെ വട്ടിപ്പണക്കേസ്സുമാൎഗ്ഗേണ ശീമക്കാർ എത്ര ചന്തത്തിലാണു മലങ്കരസഭയെ തഴുകിക്കൊണ്ടിരിക്കുന്നതെന്നുള്ളതിന്നു കോട്ടയം വലിയപള്ളിയുടെ ഭിത്തികൾപോലും തെളിവു തരാനായി നിങ്ങളുടെ അടുക്കലെത്തുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

* * * * * * * *

ചോദ്യം:—"മാർ ഏലിയാസ് തൃതീയൻ മാർ ഗീവറുഗീസിന്റെ മുടക്കു തീർത്തു ഒരു കല്പന അവിടുത്തെ കയ്യിൽ തന്നിരുന്നുവെന്നു ആരെങ്കിലും പറഞ്ഞിരുന്നാൽ അതു നേരാണോ?"

മാർയൂലിയോസ് മെത്രാൻ:—"അല്ല."

ചോദ്യം:—"അതായതു മുടക്കു തീർത്തു ഒരു കല്പന പാത്രിയൎക്കീസ് അവിടുത്തെ കയ്യിൽ തന്നിട്ടില്ലെന്നാണോ പറയുന്നതു?"

മാർ യൂ-മെ:—"അതേ; തന്നിട്ടില്ല". (പ്രതിദിനം.)

* * * * * * * *

വായനക്കാർ സംതൃപ്തരായില്ലയോ? എല്ലാവരുടേയും വയറു നിറഞ്ഞില്ലയോ? നമുക്കിനി കാര്യത്തിലേക്കു പ്രവേശിക്കാം. ഇതൊക്കെ ഇങ്ങിനെ കിടക്കട്ടെ, തൽക്കാലം.

www.malankaralibrary.com



## II

# നാമെന്തു ചെയ്യണം?

—:*:—

### വലിയ തിരുമേനി ഇല്ലയോ?

വലിയ തിരുമേനിയുടെ കാൎയ്യത്തിൽ വളരെയധികം നമുക്കു സഹതപിക്കേണ്ടിയിരിക്കുന്നു. മലങ്കരസുറിയാനി സഭയുടെ ഭാവിയെ സംബന്ധിച്ചെടത്തോളം വിശേഷവിധിയായി യാതൊന്നും ചെയ്വാൻ അദ്ദേഹത്തിനിപ്പോൾ നിൎവ്വാഹമില്ല. കഴിഞ്ഞ ഇരുപതു സംവത്സരക്കാലം സഭയെ ഉദ്ധരിക്കുവാനായി പലപല മാൎഗ്ഗങ്ങളിലൂടെ അദ്ദേഹം യത്നിച്ചു. ഇപ്പോഴും ആ ഒരു പ്രകാരത്തിൽത്തന്നെ അദ്ദേഹം യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കഴിഞ്ഞുപോയ വട്ടിപ്പണക്കേസ്സിന്റെ വിധിനിമിത്തം അദ്ദേഹം അന്ത്യോഖ്യാ സിംഹാസനത്തിന്റെ സ്വന്തം ആളായിതീൎന്നിരിക്കയത്രേ. കോടതി ന്യായേന അദ്ദേഹം ഇപ്പോൾ പാത്രിയൎക്കീസിനാൽ വാഴിക്കപ്പെട്ട നിയമിതനായ സാക്ഷാൽ മലങ്കര മെത്രാപ്പോലീത്താതന്നേ. അന്ത്യോഖ്യാക്കാരുടെ വകയായ സിംഹാസനത്തിന്മേൽ അദ്ദേഹം ഇരുന്നരുളുകയും ചെയ്യുന്നു. അതിനാൽ അന്ത്യോഖ്യാക്കാൎക്കു വിരോധമായി അദ്ദേഹത്തിന്നു വല്ലതും ആലോചിക്കാവുന്നതാണെങ്കിലും, പ്രവൎത്തിപ്പാൻ സാധ്യമല്ല. പ്രവൎത്തിച്ചാൽ ഉടൻ ശീശ്മക്കുററം ആരോപിക്കുകയായി. അതു മുടക്കിന്നു തക്കതായ കാരണമായിരിക്കുകയും ചെയ്യും. അതിനാൽ മലങ്കര മെത്രാപ്പോലീത്താക്കസേരയിൽ ഇരുന്നുകൊണ്ടു പ്രത്യക്ഷത്തിൽ യാതൊന്നും



അന്ത്യോഖ്യാക്കാൎക്കു വിരോധമായി ചെയ്യുന്നില്ലെന്ന ഭാവത്തിൽ, പാത്രിയൎക്കീസുമായി ന്യായം പിടിച്ചു വാദിക്കുകയോ, രാജി ഉണ്ടാക്കാൻ ശ്രമിക്കുകയോ ചെയ്വാനേ അദ്ദേഹത്തിന്നു നിൎവ്വാഹമുള്ളു. ഏതെല്ലാം തരത്തിൽ ന്യായവാദം നടത്തിയാലും, എങ്ങിനെയെല്ലാം തലകാഞ്ഞിരുന്നാലോചിച്ചാലും കാനോനും കാതോലിക്കായും ഇഷ്ടാനുസരണം ലഭിച്ചുകൊണ്ടുള്ളതായ ഒരു രാജി ഉണ്ടാവുമോ എന്നു ഞങ്ങൾക്കു ബലമായ സംശയമുണ്ടു. കഴിഞ്ഞ അദ്ധ്യായം ശ്രദ്ധാപൂൎവ്വം വായിച്ചിട്ടുള്ള വായനക്കാരും ഞങ്ങളുടെ അഭിപ്രായത്തോടുകൂടി യോജിക്കുമെന്നു തന്നേയാണു ഞങ്ങളുടെ വിശ്വാസവും. വ്യാജമായ ഹവ്വ അക്കം കാനോൻ നമ്മുടെ തലയിൽ കയറിയതുകൊണ്ടു ശീമക്കാൎക്കു അതൊരു വലിയ സമ്പാദ്യമോ നിധിയോ ആയിത്തീൎന്നിരിക്കയാണു. അൻപതുകൊല്ലം മുമ്പും, ഇപ്പോഴും നടന്ന കോടതി വിധികളാൽ തുത്തുകളഞ്ഞാൽപ്പോലും നമ്മുടെ തലയിൽനിന്നു അതു പോകയില്ലെന്നു ശീമക്കാൎക്കറിയാം. കാതോലിക്കാസ്ഥാപനത്തിന്റെ കാൎയ്യത്തിൽ അവർ എന്നെന്നും മൎക്കടമുഷ്ടിപിടിക്കുകയേയുള്ളുതാനും. അന്ത്യോഖ്യാ പാത്രിയൎക്കീസ്സിന്റെ കീഴിൽ എത്രയോ ചുരുക്കം ജനങ്ങളും പള്ളികളും മാത്രമാണു ശീമയിൽ ഉള്ളതെന്നു ഏവൎക്കും അറിയാവുന്നതാണല്ലോ. വാസ്തവം പറഞ്ഞാൽ അവരുടെ മുതൽ മലങ്കരസഭയത്രേ. മലങ്കരയിൽ അനേകസഹസ്രം ജനങ്ങളും അനവധി പട്ടക്കാരും ഉണ്ടെന്നത്രേ അവർ ശീമയിൽ അഭിമാനിക്കാറുള്ളതും. ഇതരസഭക്കാരുടെ ദൃഷ്ടിയിൽ അവൎക്കു തലയുയൎത്തി നടക്കുന്നതിന്നു അങ്ങിനെ പറയേണ്ടതു ആവശ്യവുമാണു.

www.malankaralibrary.com



കാൽച്ചക്രംപോലും ആദായം കിട്ടുകയില്ലെങ്കിൽത്തന്നേയും, ഒരു ദേശീയ കാതോലിസ്സായിക്കു അവർ അതിന്നെ വിട്ടുകൊടുക്കുകയില്ല. ഈയിടെ മാർ യൂലിയോസ് മെത്രാൻ കല്പിച്ചതുപോലെ, ശീമക്കാരോടായി ഈ വക കാൎയ്യങ്ങൾ ആവശ്യപ്പെടുവാൻ തക്കവണ്ണം മലയാളത്തുള്ളവർ അത്ര വളരെ മറയന്മാരായിത്തീരരുതെന്നുതന്നേയാണു ഞങ്ങളും പറയുന്നതു.

വട്ടിപ്പണക്കേസ്സിന്റെ പുനരപ്പീൽ വിധി വലിയ തിരുമനസ്സിലേക്കു അനുകൂലമായതാണു ദുഘടമായിത്തീൎന്നതെന്നു അപൂൎവ്വം ചില ബുദ്ധിമാന്മാർ ഈയിടെ കണ്ടുപിടിച്ചുതുടങ്ങീട്ടില്ലായ്കയില്ല. ഹൈക്കോടതി വിധി ദോഷമായപ്പോൾ, "എന്റെ മക്കളേ, അടിപിടിയ്ക്കു നില്ക്കാതെ നിങ്ങൾ ഓടിക്കൊള്ളുവിൻ!" എന്നു ദൈവം കല്പിക്കയായിരുന്നു ചെയ്തതെന്നു അവർ വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ടു. പഴയ മണ്ണും ജീൎണ്ണിച്ച കഴക്കോലും അപ്പോഴെങ്കിലും വിട്ടുപോകാൻ മനസ്സില്ലാതെ, പിന്നേയും അവമേൽ തൂങ്ങിക്കിടന്നതു ഒരിക്കലും ബുദ്ധിപൂൎവ്വമല്ല എന്നു ഇപ്പോൾ മൂക്കിന്മേൽ വിരൽ വെച്ചതുകൊണ്ടു പ്രയോജനമില്ലല്ലോ. ഹൈക്കോടതി വിധി ദോഷമായി പ്രസ്താവിച്ചപ്പോൾ, എന്താണു ചെയ്യേണ്ടതു എന്നുള്ളതിനെക്കുറിച്ചു വലിയ തിരുമേനി ഗാഢമായി തന്നേ ചിന്തിച്ചിരിക്കണമെന്നു നമുക്കൂഹിക്കാം. അതിന്റെ പ്രത്യക്ഷഫലമാണു ശീമയാത്ര എന്നു നമുക്കു കാണുവാനും കഴിയും. ശീമയിൽ ചെന്നതിന്റെ ശേഷം പാത്രിയൎക്കീസ്സ്ബാവാ യാതൊരു ആനുകൂല്യവും ചെയ്തില്ലെങ്കിലോ? അങ്ങിനേയും തിരുമനസ്സുകൊണ്ടു ആലോ-



ചിച്ചിട്ടുണ്ടായിരിക്കാം. ഞങ്ങൾ വായനക്കാരോടായി ഒന്നു ചോദിക്കുന്നു: വലിയ തിരുമേനിയെ പാത്രിയൎക്കീസ്സ്ബാവാ ആട്ടിയോടിച്ചുകളഞ്ഞുവെന്നു വിചാരിക്കുക. അദ്ദേഹം ആ വിധം ഇവിടെ മടങ്ങിവന്നാൽ അദ്ദേഹം എന്തുചെയ്യും? നാം എന്തുചെയ്യും? പഴയ പള്ളികളും സമുദായസ്വത്തുക്കളും എല്ലാം വിട്ടു അദ്ദേഹത്തിന്നു പുറത്തിറങ്ങാതിരിപ്പാൻ നിൎവ്വാഹമുണ്ടോ? പുനരപ്പീലിനെപ്പററി യാതൊന്നും ആലോചിക്കാതിരുന്ന ഒരു സന്ദൎഭമായിരുന്നു അതെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കേണ്ടതാണു. പള്ളികളെല്ലാം വിട്ടു വലിയ തിരുമേനി പുറത്തിറങ്ങുമ്പോൾ നമ്മുടെ ധൎമ്മമെന്തായിരിക്കണമെന്നാണു ഞങ്ങൾ വീണ്ടും ചോദിക്കുന്നതു. പുറത്തിറങ്ങിയ അദ്ദേഹം കൈയും മലത്തി ഇറങ്ങിപ്പോകുന്നതിനെ അകലെനിന്നു കാണുകയല്ലാതെ നാം അദ്ദേഹത്തെ പിന്തുടരുമായിരുന്നുവോ? അപ്പോഴും നാം നമ്മുടെ പഴയ കഴക്കോലിന്മേലുള്ള പിടിവിടാതെ സഹതപിച്ചിരിക്കുകതന്നേ ചെയ്യുമായിരിക്കാം. ആ സഹതാപംകൊണ്ടുള്ള പ്രയോജനമോ? ശീമയ്ക്കു പോകുമ്പോൾ ഈ ഒരു ദുഘടത്തെ വലിയ തിരുമേനി നന്നായി നോക്കിക്കാണുകയുണ്ടായിട്ടുണ്ടു. ഒരിക്കലും തനിയേ ഇറങ്ങിപ്പോകാതിരിക്കുന്നതിനുള്ള മാൎഗ്ഗത്തെ അദ്ദേഹം ആരാഞ്ഞറിയുകയും ചെയ്തിട്ടുണ്ടു. അതിബുദ്ധിമാനാണു തിരുമേനി എന്നു നമുക്കു ബോദ്ധ്യമുള്ളതുകൊണ്ടു ഈ ഭവിഷത്തിനെക്കുറിച്ചു അദ്ദേഹം ആലോചിച്ചുറച്ചിട്ടുണ്ടായിരുന്നുവെന്നുതന്നേ നമുക്കു നിശ്ചയിക്കാം. ആ ആലോചന എന്തെന്നു ഊഹിക്കുവാൻ വായനക്കാർ അക്ഷമരായിരിക്കയാണു ഇപ്പോ-

www.malankaralibrary.com



ം എന്നു ഞങ്ങൾക്കു തോന്നുന്നു. വെറുംകൈയുമായി വരുന്ന വലിയ തിരുമേനി മേലിൽ ഒന്നും ചെയ്യുകയില്ലെന്നു നിശ്ചയിച്ചുംകൊണ്ടു വല്ലേടത്തും പോയി സ്വൈരമായി താമസിക്കുമോ? സഹായികളായ മെത്രാപ്പോലീത്തന്മാരെ ഗൗനിക്കേണ്ടിയിരിക്കുന്നതുകൊണ്ടു അങ്ങിനെ ചെയ്വാൻ അദ്ദേഹത്തിനു സാദ്ധ്യമോ? അതിനാൽ അദ്ദേഹം എന്തു ചെയ്യും? മാർത്തോമാക്കാരുമായി യോജിക്കുമോ? ഒരു നാളും അങ്ങിനെ അദ്ദേഹം ചെയ്യുമായിരുന്നില്ലെന്നു നമുക്കൂഹിക്കാം. പിന്നെയെന്തുചെയ്യും അദ്ദേഹം? സഹായികളായ മെത്രാപ്പോലീത്തന്മാരുമായി ഒഴിഞ്ഞ മൂലയിൽ ഒരു വീടു പണിയിച്ചു അദ്ദേഹം അവിടെ താമസിക്കുമോ? ഇല്ലില്ലാ—ഒരിക്കലും അതു സംഭവ്യമല്ല. ഇതൊന്നുമല്ലെങ്കിൽ അദ്ദേഹം കണ്ട മാർഗ്ഗമെന്തായിരുന്നു? മിണ്ടിപ്പോയാൽ തലപോകുന്ന ഒരു കാര്യമാണിതെന്നു ഞങ്ങൾക്കറിയാം. എങ്കിലും, സംഗതികളെല്ലാം ഒന്നൊഴിയാതെ തുറന്നു പറയാൻ ഒരുമ്പെട്ടിട്ടുള്ള ഞങ്ങൾ, ചിലതിന്റെയെല്ലാം വക്കും തലയും അവിടവിടെ ഇട്ടേച്ചുപോകുന്നതു ഭീരുത്വമായിരിക്കുമല്ലോ; സഹോദര സ്നേഹമില്ലായ്മയാലാണെന്നു തെററുധരിക്കുകയും ചെയ്യുമല്ലോ.

വളരെ വളരെ കാലമായി റോമൻ കത്തോലിക്കാ പുനരൈക്യത്തിൽ കഴിഞ്ഞുകൂടുന്ന ഒരു പഴയ യാക്കോബായക്കൂട്ടം ശീമയിൽ ഉള്ളതായി തിരുമനസ്സിലേയ്ക്കറിയാം. അവർക്കായി പ്രത്യേകം ഒരു പാത്രിയർക്കീസും മെത്രാപ്പോലീത്തന്മാരും മററും ഉണ്ടുതാനും. വിശ്വാസാചാരങ്ങളും ആരാധനകളുമൊക്കെ യാക്കോബായ സഭയിലും അതിലും ഒരുപോലെതന്നെ. പാത്രിയർക്കീസിന്റെ



പേർ കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത അന്ത്യോഖ്യായുടെ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്നുമാകുന്നു. പരമാധികാരി മാർപ്പാപ്പാ തിരുമേനിയാണെന്നൊരു വ്യത്യാസം മാത്രം. ഇവരുടെ നമസ്കാരപ്പുസ്തകങ്ങൾ, കുർബ്ബാനതക്സാ മുതലായവയെല്ലാം പണ്ടു പുലിക്കോട്ടു തിരുമേനി ജീവിച്ചിരുന്നപ്പോൾ വരുത്തി നോക്കിയിട്ടുള്ളതാണു. പുലിക്കോട്ടു തിരുമേനി കാലം ചെയ്യുന്നതുവരെയും ഇവരുടെ നമസ്കാര പുസ്തകമാണ് ഉപയോഗിച്ചു വരികയുണ്ടായിട്ടുള്ളതും. നമ്മുടെ ഇപ്പോഴത്തെ വലിയ തിരുമേനി മർദ്ദീനിലേക്കു പോകുംവഴി ബഗ്ദാദിൽ എത്തിയപ്പോൾ ഇക്കൂട്ടത്തിൽ പെട്ട ഒരു മെത്രാപ്പോലീത്താ അവിടെ ഉണ്ടെന്നു അന്വേഷണം മൂലം മനസ്സിലാക്കി. അദ്ദേഹത്തെ കണ്ടാൽ ആ വിവരം മർദ്ദീനിൽ അറിയുമെന്നുള്ളതു നിശ്ചയം. തല്ക്കാലം അദ്ദേഹത്തെ കണ്ടിട്ടും ആവശ്യമില്ല. മർദ്ദീനിലെ അനുഭവം കാണട്ടെ എന്നു കരുതിയായിരിക്കാം, വലിയ തിരുമേനി നേരെ മർദ്ദീനിലേക്കു പോയത്. അവിടെ ചെന്നപ്പോൾ കാതോലിക്കാ സ്ഥാപനത്തെക്കുറിച്ചും കാനോനായെപ്പററിയും സങ്കടമുണർത്തിച്ചു. എത്രതന്നേ ആവലാതിപ്പെട്ടിട്ടും ഫലമുണ്ടായില്ല. മുടക്കു തീർക്കാമെന്നുമാത്രം ഒടുവിൽ സമ്മതിച്ചു. അങ്ങിനെ ചെയ്യുന്നതിനു കാതോലിക്കായെ മേലിൽ വാഴിക്കയില്ലെന്നു ഉടമ്പടി തന്നേ മതിയാവൂ എന്നു പാത്രിയർക്കീസ ബാവാ ശാഠ്യം പിടിച്ചു. എങ്ങിനേയുമാവട്ടേ, മററു മെത്രാച്ചന്മാരെക്കൊണ്ടു അങ്ങിനെയൊന്നു എഴുതിക്കാമെന്നു വാഗ്ദാനവും ചെയ്തു. മുടക്കെങ്കിലും തീർന്നു കിട്ടിയാൽ സമാധാനമായി

www.malankaralibrary.com



ന്നുള്ള വഴി തുറന്നു കിട്ടുമല്ലോ എന്നു സന്തോഷിച്ചുംകൊണ്ടു തിരുമേനി മടങ്ങിപ്പോന്നു. കൂടെ മാർ യൂലിയോസ് മെത്രാച്ചനുമുണ്ടായിരുന്നു. എല്ലാവരും സുക്ഷേമം ബഗ്ദാദിൽ എത്തി. അപ്പോഴും മുൻപറഞ്ഞ മെത്രാപ്പോലീത്താ അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തെ കാണേണ്ടതായ യാതൊരാവശ്യവും വലിയ തിരുമേനിക്കു അപ്പോൾ ഉണ്ടായിരുന്നില്ല. എങ്കിലും പരിചയപ്പെട്ടിരിക്കാമല്ലോ എന്നു കരുതിയായിരിക്കാം, അന്യോന്യം അഭിമുഖസന്ദർശനം നടന്നു. വിശേഷ വിധിയായി ഒന്നും സംസാരിച്ചില്ല. സന്തോഷവർത്തമാനങ്ങൾ പറഞ്ഞു അന്യോന്യം പരിചയപ്പെട്ടുവെന്നു മാത്രം. വലിയ തിരുമേനിയും മാർ യൂലിയോസ മെത്രാച്ചനും കൂടി നാട്ടിലെത്തിച്ചേർന്നു. ദിവസങ്ങൾ കുറെ കഴിഞ്ഞിട്ടും മുടക്കു തീർത്തതായി എഴുതപ്പെട്ടിട്ടുള്ള പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ കല്പന പുറത്തു വരുന്നില്ല. അങ്ങിനെയൊന്നു കൊടുത്തുപോന്നിട്ടേ ഇല്ലെന്നായി സിംഹാസനപ്രതിനിധി. കാര്യം ചുററി. എല്ലാ വിവരവും കാണിച്ചു മർദ്ദീനിലേക്കു എഴുതി അയച്ചു. യാതൊരു മറുവടിയുമില്ല. വീണ്ടും എഴുതി. അനക്കമില്ല.

ഇങ്ങിനെ ത്രിശങ്കുസ്വർഗ്ഗത്തിൽ കിടന്നു നെട്ടവീർപ്പിടുമ്പോൾ അതാ വരുന്നു, ശീമയിൽനിന്നൊരു കല്പന. അതു യാക്കോബായ പാത്രിയർക്കീസിന്റേതല്ല. റോമൻ കത്തോലിക്കാ പുനരൈക്യത്തിൽ ഇരിക്കുന്ന പാത്രിയർക്കീസിന്റേതുതന്നെ. യാക്കോബായ പാത്രിയർക്കീസുമായുള്ള ബന്ധം തറക്കല്ലു പൊളിക്കുമെന്നാണ് കല്പനയുടെ ചുരുക്കം. മർദ്ദീനിൽ പോയതും, കല്പന കാണിക്കാതിരിക്കുന്ന



തുമെല്ലാം അദ്ദേഹം അറിഞ്ഞിരിക്കുന്നു. അദ്ദേഹവുമായി ചേരരുതോ എന്നാണ് സസ്നേഹമുള്ള ചോദ്യം. സർവ്വ മേല്പട്ടക്കാരേയും യഥായോഗ്യം സ്വീകരിച്ചേക്കാമെന്നു വാഗ്ദാനവും ചെയ്തിരിക്കുന്നു.

[അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് "ഞാനാണ്" "ഞാനാണ്" എന്നു പറയുന്നവരായി ഇപ്പോൾ ആകെ ആറു പാത്രിയർക്കീസന്മാർ ശീമയിൽ ഉണ്ട്. യാക്കോബായ പാത്രിയർക്കീസു അതിൽ ഒരാൾതന്നെ. ഇവരിൽ രണ്ടു കൂട്ടർമാത്രം സുറിയാനിഭാഷ വൈദികഭാഷയായി ഉപയോഗിച്ചുവരുന്നു. അവരിൽ ഒരാൾ യാക്കോബായ പാത്രിയർക്കീസും, മറേറതു ഇപ്പോൾ കല്പന അയച്ച പാത്രിയർക്കീസുംതന്നെ. ആകെ ആറു പാത്രിയർക്കീസന്മാർ ഉള്ളതിൽ അഞ്ചുപേർ ഒന്നായിച്ചേർന്നു യാക്കോബായ പാത്രിയർക്കീസിനെ ശപിക്കുകയും ചെയ്യുന്നു]

മുൻപറഞ്ഞ കല്പന കിട്ടിയപ്പോൾ വാസ്തവമായും വലിയ തിരുമേനിയുടെ ഹൃദയത്തിൽ ഒന്നന്തരം ഒരു തണുത്ത കാററു വീശിയിരിക്കാം. ശീമയാത്രയ്ക്കു ശേഷം പരുമലെവെച്ചു കോനാട്ടു മല്പാനച്ചനും മററുമായി രാജിയാലോചന നടന്നതിനു അല്പം മുമ്പു വന്ന ഈ കല്പന, വലിയ തിരുമേനി രഹസ്യമായി മല്പാനച്ചനെ കാണിക്കുകയുണ്ടായിട്ടുണ്ട്. അക്കാലത്തുതന്നെ, വലിയ തിരുമേനി തിരുവനന്തപുരത്തുള്ള ഒരു മാന്യനയച്ച കല്പനയിൽ "ഒന്നും പററിയില്ലെങ്കിൽ നമുക്കു റഹമാനി പാത്രിയർക്കീസു തുണയായിട്ടുണ്ടാവുമെന്നും, അതിനാൽ അധൈര്യപ്പെടരുതു" എന്നും അർത്ഥം വരത്തക്കവണ്ണം എഴുതിയിരുന്നതായും ഞങ്ങൾക്കറിയാം. ഇവയുടെ ശേഷമത്രെ

www.malankaralibrary.com



നിരണത്തു വെച്ചു രണ്ടാമത്തെ കാതോലിക്കായെ വാഴിക്ക
കയുണ്ടായതു. പ്രസ്തുത ശുശ്രൂഷയിൽ, ശീശ്മക്കുററം ചുമ
ത്തിയേക്കുമെന്നുള്ളതിനാൽ അതിൽ വലിയ തിരുമേനി
കൾ സംബന്ധിപ്പാൻ പാടുള്ളതല്ല. അന്ത്യോഖ്യാസിംഹാ
സനത്തെ അവലംബിക്കുന്നുവെന്നും, അതിന്മേലുള്ള ബ
ന്ധം വിട്ടിട്ടില്ലെന്നും ഭാവിക്കുന്ന ഒരാൾ ഇവയെല്ലാം പ്ര
തികൂലമെന്നു തോന്നാവുന്ന തരത്തിൽ പ്രവൃത്തിക്കുന്നതു
അന്യരുടെ ദൃഷ്ടിയിൽ കുററകരമായിരിക്കുകതന്നെ ചെ
യ്യും. കണ്ടനാട്ടിടവകയുടെ മാർ ഈവാനിയോസു മെത്രാ
പ്പോലീത്താ തിരുമനസ്സുകൊണ്ടു വാതരോഗം പിടിപെട്ടു
കിടപ്പിലുമായിരിക്കുന്നു. ബാക്കിയുള്ളവരിൽ മേല്പട്ടക്കാരാ
യിട്ടുള്ളവർ ഒന്നു നമ്മുടെ ഇപ്പോഴത്തെ കാതോലിക്കാബാ
വായും, മറേറതു സ്ഥാനാർത്ഥിയായ വാകത്താനത്തു മാർ
പീലക്സീനോസ് മെത്രാപ്പോലീത്തായും മാത്രമത്രെ. പൊ
തുജനബോദ്ധ്യത്തെ അപേക്ഷിച്ചേടത്തോളം വേറെ വ
ല്ലവരേയും കിട്ടുക ആവശ്യമല്ലയോ എന്നു തോന്നി. ബാ
വാകക്ഷി വിഭാഗത്തുള്ള മെത്രാപ്പോലീത്തന്മാർ ആരും ത
ന്നേ ഈ കാര്യത്തിൽ സഹകരിക്കയില്ല. മാർത്തോമാ മേ
ല്പട്ടക്കാരെ സംബന്ധിപ്പിക്കുന്നതു പലവിധത്തിലുള്ള തെ
ററുധാരണകൾക്കിടയാവുകയും ചെയ്യും. പിന്നെ ആരെ
കിട്ടും? ആരെ കിട്ടണം? ആലോചിച്ചാലോചിച്ചു ഒടുവി
ൽ അർമ്മേനിയാ സഭയിലുള്ള വല്ല മെത്രാപ്പോലീത്തന്മാ
രേയും കിട്ടിയാൽ അത്യുത്തമമായി എന്നു സന്തോഷിച്ചു.
ബഥനിമെത്രാപ്പോലീത്താ അന്നു കശ്ശീശയായിരുന്നിരി
ക്കാം. തൽക്ഷണം അച്ചൻ മദിരാശിയിൽ പോയി. അ
വിടെയുള്ള അർമ്മേനിയാ സഭയിലെ അച്ചനെക്കണ്ടു വി



വരം പറഞ്ഞു. പരീക്ഷിച്ചുനോക്കട്ടെ എന്നു ആനുകൂല്യം
ഭാവിച്ച ആ അച്ചൻ, ഉടൻ തത്സംബന്ധമായ വിവര
ത്തിനു ശീമയ്ക്കു എഴുതി. എന്തായിരിക്കാം ഫലം എ
ന്നു അക്ഷമന്മാരായിരുന്നവർക്കു ഏതാനും ദിവസങ്ങൾ ക
ഴിഞ്ഞപ്പോൾ മറുവടി ലഭിച്ചു. അതിന്റെ ചുരുക്കമോ?
അവർക്കാർക്കും കാതോലിക്കാ വാഴ്ചയിൽ സംബന്ധിപ്പാൻ
യാതൊരു നിർവ്വാഹവുമില്ലെന്നു തന്നേ. അതിന്റെ കാര
ണമോ? അതും ആ മറുവടിയിൽ കാണിച്ചിട്ടുണ്ട്. അ
ന്ത്യോഖ്യാ പാത്രിയർക്കീസും അർമ്മേനിയാ പാത്രിയർക്കീസും
തമ്മിൽ സഹോദരഭാവത്തിലാണു വർത്തിച്ചു വരുന്നതത്രെ.
അതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസിനോടു എതി
ർത്തുകൊണ്ടു ചെയ്യുന്ന യാതൊരു പ്രവൃത്തിയിലും അവർക്കു
സംബന്ധിപ്പാൻ കഴിയുകയില്ലപോൽ. അങ്ങിനെ ചെ
യ്താൽ അതു ആ ബന്ധത്തെ ഉടയ്ക്കുവാൻ പര്യാപ്തമായി
ത്തീരുമത്രേ. കാതോലിക്കാവാഴ്ച ഇനിയും താമസിപ്പി
ക്കുന്നതു ആപല്ക്കരമായിരിക്കാമെന്നുള്ളതിനാൽ അതങ്ങു
നടക്കട്ടെ വേഗം എന്നു എല്ലാവരുംകൂടി തീർച്ചപ്പെടുത്തി.
അവ്വണ്ണം, നിശ്ചിത ദിവസത്തിൽ നിരണത്തു പള്ളിയി
ൽവെച്ചു ആ സ്ഥാനാരോഹണം ഭംഗിയായി നടന്നു. പ
ക്ഷേ, കാതോലിക്കായായിത്തീർന്ന തിരുമേനിക്കു പല വി
ധത്തിലും മനസ്സിന്നു അസുഖം തോന്നാനാണ് ക്രമേണ
സംഗതിയായതു. കൈവെപ്പുള്ളവരെന്നു സമ്മതിക്കപ്പെടു
ന്ന കിഴക്കൻ സഭക്കാരാരും അദ്ദേഹത്തെ കാതോ
ലിക്കായായി വകവെക്കുകയില്ലെന്നു അദ്ദേഹത്തിനു ബോ
ദ്ധ്യപ്പെട്ടു. ഇതിന്നുപുറമെ, മറെറാരു അസ്വാസ്ഥ്യത്തി
ന്നും അപ്പോൾ കാരണമുണ്ടാകാതിരുന്നില്ല. ആയിടെ

www.malankaralibrary.com



ശീമയിൽനിന്നു വന്ന ഒരു കല്പന ബാവാകക്ഷിഭാഗത്തുള്ള മേല്പട്ടക്കാരെല്ലാവരും ചേൎന്നൊപ്പും മുദ്രയും വെച്ചു പള്ളികളിലൊക്കയും പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അബ്ദേദ് മ്ശിഹോ മുടക്കപ്പെട്ടയാളാണെന്നും, അദ്ദേഹത്തിൽനിന്നു സ്ഥാനമേല്ക്കുന്നവർ വെറും ചുവപ്പുവേഷധാരികളായിരിക്കുമെന്നും, അവൎക്കു പട്ടത്വം ഉണ്ടായിരിക്കുന്നതല്ലെന്നും മററും എത്രയും പരുഷമായ ഭാഷയിൽ എഴുതിയൊപ്പിച്ചിരുന്നു. അതു കണ്ടപ്പോൾ ആത്മാഭിമാനിയായ അദ്ദേഹത്തിന്നു വളരെ ഖേദം തോന്നി. ഏതായാലും അന്ത്യോഖ്യായാക്കോബായ സിംഹാസനവുമായുള്ള ബന്ധം ഒരു തരത്തിലും ക്ഷന്നസാധ്യമല്ലെന്നും, അഥവാ അതിന്നിടയാകുന്ന പക്ഷം ഗുണകരമായിരിക്കയില്ലെന്നും അദ്ദേഹത്തിന്നു തികച്ചും ബോദ്ധ്യമായി. അതിനാൽ എന്താണ് ഇനി വേണ്ടതെന്നുള്ളതിനെക്കുറിച്ചു അദ്ദേഹം രഹസ്യമായി ആലോചിപ്പാൻ തുടങ്ങി. ഈ ആലോചനയിൽ അബ്ദേദ് മ്ശിഹോപാത്രിയക്കീസിൽനിന്നു സ്ഥാനമേററവർ മാത്രമേ സംബന്ധിപ്പാൻ നിർബന്ധിതരാകയുള്ളുവല്ലൊ. ഇപ്പോഴത്തെ ബഥനി മെത്രാപ്പോലീത്താ അപ്പോൾ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടിരുന്നു. അദ്ദേഹവും, കാലംചെയ്ത രണ്ടാമത്തെ കാതോലിക്കാബാവാ തിരുമേനിയും, ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയും ഭാവിയെ സംബന്ധിച്ചേടത്തോളമുള്ള ചിന്തയിൽ നിമഗ്നന്മാരായിത്തീൎന്നു. സ്വല്പകാലംമുമ്പു വലിയ തിരുമേനിയുടെ പേൎക്കു വന്ന മോറാൻ മോർ ഇഗ്നാത്യോസ് റഹമാനി പാത്രിയക്കീസുബാവാ തിരുമനസ്സിലെ കല്പനയാണ് മൂന്നു തിരുമേനികളുടേയും ഏകാ



ഭിപ്രായത്തോടുകൂടിയ ആലോചനകൾ വിഷയീഭൂതമായിത്തീൎന്നതു. പാത്രിയക്കീസിന്റെ കീഴിൽ പ്രത്യേകം ഒരു റീത്തായി നില്ക്കാൻ സാധിക്കുന്ന പക്ഷം എന്താണു തരക്കേടുള്ളതെന്നു മൂന്നു തിരുമേനിമാൎക്കും തോന്നി. വലിയ തിരുമേനിയുടെ പേൎക്കു വന്ന കല്പനയിൽ കാതോലിക്കാസ്ഥാനത്തെപ്പററി യാതൊന്നും തന്നേ എഴുതപ്പെട്ടിരുന്നില്ല. അക്കാലത്തു കാതോലിക്കാ സിംഹാസനം ഒഴിവായി കിടക്കുകയുമായിരുന്നു. അതിനാൽ ഇപ്പോഴുള്ള കാതോലിക്കാ സിംഹാസനത്തെ യഥായോഗ്യം സ്വീകരിക്കുമോ എന്നും, മേലിൽ എന്നെന്നും അതിന്മേൽ ഒരു ദേശീയകാതോലിക്ക വാഴത്തക്കവണ്ണം അനുമതി നൽകുമോ എന്നും ആ പാത്രിയക്കീസിനോടു എഴുതിച്ചോദിക്കതന്നേ എന്നു എല്ലാവരും കൂടി തീരുമാനിച്ചു. അതിൻപ്രകാരം അദ്ദേഹത്തിന്റെ പേൎക്കു രഹസ്യമായി ഒരു കത്തയക്കുകയും ചെയ്തു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതാ വരുന്നു, ആ പാത്രിയക്കീസിന്റെ മറുപടിക്കല്പന. ആവശ്യപ്പെട്ടതുപോലെ സൎവ്വവും അനുവദിക്കാൻ ഒരുക്കമാണെന്നു തന്നേ താല്പൎയ്യം. കാൎയ്യം അനുകൂലമായി സാധിക്കുമ്പോൾ വലിയ തിരുമേനിയെ അറിയിക്കണം എന്നു മുൻകൂട്ടി ആലോചിച്ചു വെച്ചിരുന്നു. ആ ഒരു അവസരം കൈവന്നുകഴിഞ്ഞതോടുകൂടി ഉണ്ടായ വിവരങ്ങളെല്ലാം വലിയ തിരുമേനിയെ ഗ്രഹിപ്പിക്കുകയും ചെയ്തു. പാത്രിയക്കീസിന്റെ ഈയൊരു കല്പന വന്നുചേൎന്നതിന്നുമുമ്പു ആ പാത്രിയക്കീസിന്റെ അധീനത്തിൽപെട്ട പള്ളികളിൽ ഉപയോഗിച്ചുവരുന്ന സുറിയാനി ആരാധനപ്പുസ്തകങ്ങൾ ആദിയായവയെല്ലാം

www.malankaralibrary.com



മൂന്നു തിരുമേനിമാരും വരുത്തിപ്പരിശോധിച്ചു നമ്മുടേതു
മായി യോജിച്ചിരിക്കുന്നുവെന്നു അവക്കു ബോധ്യപ്പെട്ടിരു
ന്നുവെന്ന കാൎയ്യം ഇവിടെ സ്മരണീയമത്രേ. റഹമാനി
പാത്രിയക്കീസുബാവാ തിരുമനസ്സിലെ കല്പന വന്ന
വിവരവും മററും കേട്ട വലിയ തിരുമേനി അന്നേ ദിവ
സം യാതൊന്നും മറുവടി കല്പിക്കുകയുണ്ടായില്ല. പി
റേറദിവസമാവട്ടേ, അദ്ദേഹം അതിന്നനുകൂലിയല്ലെന്നു
മാത്രം തെളിവായി കല്പിച്ചു. തത്സമയം വട്ടിപ്പണം
പുനരപ്പീൽക്കേസ്സിലേക്കുള്ള വട്ടംകൂട്ടുകൾ നടന്നുകൊണ്ടി
രിക്കുകയായിരുന്നുവെന്നു വായനക്കാർ ഗ്രഹിച്ചിരിക്കേ
ണ്ടതാണു. ആ ഒരു ഭാഗ്യപരീക്ഷയുടെ ഫലവും കൂടിയ
റിഞ്ഞിട്ടു നിശ്ചയിക്കാമെന്നു അൎത്ഥത്തിലല്ലേ, വലിയ
തിരുമേനി അപ്പോൾ ആവിധം കല്പിച്ചതെന്നു നമു
ക്കിപ്പോഴും ഊഹിക്കുവാനേ നിർവാഹമുള്ളു. പുനരപ്പീൽ
ക്കേസ്സ പരിപൂൎണ്ണമായി ദോഷപ്പെട്ടിരുന്നുവെങ്കിൽ, എ
ന്തായിരിക്കാം പിന്നെ ചെയ്യാനിടയുള്ളതെന്നാലോചി
ക്കുമ്പോൾ നമ്മുടെ ഊഹം ഒരു പക്ഷെ കുറിയ്ക്കുകൊണ്ടു
എന്നും വരാവുന്നതാണ്.

കാൎയ്യങ്ങൾ എങ്ങിനേയുമിരിക്കട്ടെ. റഹമാനി പാ
ത്രിയക്കീസു ബാവാ തിരുമനസ്സിലെ കനല്പനക്കു മറുവടി
കൊടുക്കേണ്ടതു ആവശ്യവും ധൎമ്മവുമാണല്ലോ. അദ്ദേഹ
ത്തിൻെറ കീഴിലിരിപ്പാൻ സമ്മതം തന്നേ എന്നു മറുവ
ടിയെഴുതാമോ? തല്ക്കാലനിലയിൽ അതിന്നു നിർവ്വാഹ
മില്ല. അതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ചു വേ
ണ്ടപ്പെട്ടവരുമായി ആലോചിച്ചു വരുന്നുവെന്നു മാത്രം അ
റിയിക്കാമെന്നു മൂന്നു തിരുമേനിമാരും കൂടി തീൎച്ചപ്പെട്ട



ത്തി. ഇതേവരെ കത്തെടപാടുകൾ നടത്തിയ ബഥനി
ത്തിരുമേനി തന്നേ ഇതിന്നും മറുവടി എഴുതുകയെന്നുള്ള
തു അസംഗതവും അനുചിതവുമായിരിക്കും. വാസ്തവം
പറയുന്നതായാൽ കാതോലിക്കാ ബാവ തന്നെയാണു ഇ
പ്പോൾ മുന്നിൽ പ്രത്യക്ഷപ്പെടേണ്ടിയിരിക്കുന്നതു. മുൻ
സൂചിപ്പിച്ച വിധത്തിൽ കാതോലിക്കാ ബാവായും ബഥ
നിത്തിരുമേനിയും ഒരുമിച്ചിരുന്നു മറുവടിയുടെ പകൎപ്പു
ണ്ടാക്കിവെച്ചു. അസ്സലെഴുതാൻ തുടങ്ങിയപ്പോൾ, ത
ൻെറ പേരു വെച്ചുള്ള കത്തു അവസാനത്തിങ്കൽ പോ
രയോ എന്നു ബാവാ തിരുമേനി കല്പിക്കുകയുണ്ടായി. അ
ങ്ങിനെയാവുന്നതിന്നും വിരോധമില്ലെന്നു ബഥനിത്തിരു
മേനി സമ്മതിച്ചു. ഉടനെ ബാവാതിരുമേനി പ്രസ്തുത
കത്തു അസ്സലെഴുതി തപാലിൽ ഇടത്തക്കവണ്ണം ബഥ
നിത്തിരുമേനിയെ ഏല്പിക്കുകയും ചെയ്തു. ബാവായുമാ
യി പിരിഞ്ഞതിൻെറ ശേഷം തൻെറ കത്തു കാതോലി
ക്കാ ബാവായുടെ കൈപ്പടയിൽ അയയ്ക്കുന്നതു ഉചിതമാ
യിരിക്കുമോ എന്നും, ബാവായുടേതായി ഇനിയൊരു ക
ത്തയക്കുമ്പോൾ രണ്ടിൻേറയും കൈയ്യക്ഷരം ഒരാളുടേതാ
യി കാണപ്പെടുന്നതു ഭംഗികേടല്ലയോ എന്നും ബഥനി
ത്തിരുമേനി ആലോചിച്ചു. അതിൻെറ ഫലമായി പ്ര
സ്തുത കത്തു മററൊരാളെക്കൊണ്ടു എഴുതിച്ചു ബഥനിത്തി
രുമേനി അതിൽ ഒപ്പിട്ടു റഹമാനി പാത്രിയക്കീസ് ബാ
വാ തിരുമനസ്സിലെ പേൎക്കയച്ചുകൊടുത്തു. അതിനാൽ
കാതോലിക്കാ ബാവായാൽ എഴുതപ്പെട്ട അസ്സൽ പകൎപ്പു
പാത്രിയക്കീസിൻെറ പേൎക്കു അയപ്പാൻ ഇടയായില്ല.
ഈ പകൎപ്പു ഇപ്പോഴും ബഥനിത്തിരുമേനിയുടെ കൈ

www.malankaralibrary.com

JOMI THOMAS
Thongalathu Homs Villa



വശം ഇരിപ്പുണ്ടെന്നുള്ളതു ഞങ്ങൾക്കു സൂക്ഷ്മമായിട്ടറിയാവുന്നതാണ്.

ഈ രഹസ്യമായ കത്തെടപാടുകളെപ്പററി ഏതാണ്ടു ചില അമ്പും ഇമ്പും മാത്രമേ അക്കാലത്തു ഞങ്ങൾക്കു കിട്ടിയിരുന്നുള്ളുവെന്നും, അവയെ ആധാരമാക്കി നടത്തിയ അന്വേഷണത്തിൻെറ ഫലമായിട്ടത്രേ അതിനെപ്പററി സൂക്ഷ്മമായി ഇത്രത്തോളം ഗ്രഹിപ്പാൻ സംഗതി വന്നിട്ടുള്ളതെന്നുമുള്ള കാര്യം വായനക്കാരെ ഞങ്ങൾ മറച്ചുവെക്കുന്നില്ല.

പ്രസ്തുത കത്തെടപാടുകൾമൂലം മൂന്നു തിരുമേനിമാരും കൂടി വലിയ തിരുമേനിയെ ദ്രോഹിക്കയാണ് ചെയ്തതെന്നു നമുക്കു അനുമാനിക്കാവുന്നതാണോ? നേരേ മറിച്ചു, എന്താണ് ന്യായമായി നാം ഊഹിക്കേണ്ടതായിരിക്കുന്നതു? വായനക്കാർ തന്നേ തീരുമാനിച്ചുകൊള്ളുക.

വട്ടിപ്പണക്കേസിൻെറ പുനരപ്പീൽ വിധി മുഖേന വലിയ തിരുമേനിയുടെ മുടക്കു അസാധുവായിട്ടുള്ളതാണെന്നു തീരുമാനിക്കപ്പെടുകയാൽ റഹമാനി പാത്രിയർക്കീസുമായുള്ള കത്തെടപാടുകൾക്കു പ്രതിബന്ധം നേരിട്ടു. വലിയ തിരുമേനി സുരക്ഷിതമായ പീഠത്തിൽ ഉടൻ അവരോധിതനായിത്തീർന്നു. അദ്ദേഹത്തെക്കൂടാതെ മററു തിരുമേനിമാർക്കു മുമ്പോട്ടു പോകുവാൻ ഗത്യന്തരവുമില്ലാതായി. അതിനാൽ അക്കാര്യമോ കിടന്ന കിടപ്പിൽ ചുരുണ്ടു മടങ്ങുകയും ചെയ്തു.

മലങ്കര സഭയുടെ ഭാവിയെ സംബന്ധിച്ചേടത്തോളം അന്ത്യോഖ്യാ ബന്ധത്തിൽ നിന്നു പ്രതികൂലമായി നിന്നുകൊണ്ടു എന്തെങ്കിലും ചെയ്വാൻ യാതൊരു കഴിവും



വലിയ തിരുമേനിയ്ക്കില്ലെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. കേസുകളെക്കൊണ്ടു ഗുണം വരുത്താനായി ശ്രമിക്കാം; രാജിയാലോചനകൾ നടത്തുകയും ചെയ്യാം. അസോസിയേഷൻ കമ്മിററി വിളിച്ചുകൂട്ടണമെന്നും, ഭരണഘടനയുണ്ടാക്കി നടപ്പിലാക്കണമെന്നും മററും പറയുന്ന യഥാർത്ഥ സമുദായ സ്നേഹികൾക്കു ഞങ്ങളിങ്ങനെ കാര്യം മലർത്തിക്കാണിച്ചതുകൊണ്ടു മനസ്സിനു വല്ല വിഷാദമോ ദണ്ഡമോ ഉണ്ടാകുന്നുണ്ടെങ്കിൽ, അതിന്നായി ഞങ്ങൾ ഹൃദയപൂർവ്വം ക്ഷമാപണം ചെയ്തുകൊള്ളുന്നു. വലിയ തിരുമേനി ദീർഘായുഷ്മാനായി വർത്തിക്കട്ടെ! കഴക്കോലും അമരവുമില്ലാത്ത മലങ്കര സഭയാകുന്ന വള്ളത്തെ ക്ഷേമകരമായ ഒരു സ്ഥലത്തേയ്ക്കടുപ്പിക്കുവാൻ തിരുമേനി ബുദ്ധിപൂർവ്വമായിത്തന്നെ പലതും ചെയ്തുനോക്കി, ഇങ്ങിനെ സമയം കളയാൻ മാത്രമേ മുൻകാലത്തും സാധ്യമായിരുന്നുള്ളു എന്നു ഗ്രഹിച്ചിരിക്കുന്ന നാം നിമിത്തം, തിരുമനസ്സിലെ ഹൃദയാന്തരീക്ഷത്തിൽ കാർമേഘങ്ങൾ ഉയരുവാൻ ഇടയാവാതിരിക്കട്ടെ. ഒരു കാര്യം നിശ്ചയം തന്നേ: തിരുമനസ്സിലെ തിരുനാമം മലങ്കര സുറിയാനി സഭയുടെ നെററിത്തടത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുകതന്നേ ചെയ്യും.

### കാതോലിക്കാബാവാ ഇല്ലയോ?

വിശുദ്ധസഭയുടെ ഭരണാധികാരപീഠത്തിൽനിന്നു പ്രത്യേകാവസരങ്ങളിൽ പുറപ്പെടുന്ന തിരുവായ്മൊഴികൾക്കു തക്കതായ തൂക്കവും മാററും സാധാരണന്മാർപോലും നൽകുക സഹജമത്രേ. ആ തിരുവചനങ്ങൾ എന്നെന്നും അവരുടെ ഹൃദയങ്ങളിൽ മായാതെ കിടക്കുകയും ചെ

www.malankaralibrary.com



ഷ്യം. കഴിഞ്ഞ തവണ കോട്ടയത്തുവെച്ചു നടന്ന കാതോലിക്കാസ്ഥാനാഭിഷേക മഹാമഹത്തിൽ അനേകായിരം ജനങ്ങൾ പങ്കുകൊണ്ടിരുന്നു. അന്നു പുതിയ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പരസ്യമായി അരുളിയ ഒരു വാചകം ഇപ്പോഴത്തെ കുട്ടികൾപോലും മറന്നിരിക്കയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. അദ്ദേഹം, കണ്ണിൽ വെള്ളം നിറഞ്ഞവനായി, എടുത്താൽപൊങ്ങാത്ത ഒരു വാചകം കല്പിച്ചു. അതു എന്തായിരുന്നു? "നമ്മുടെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കാനിരിക്കുന്നുണ്ടു." ഈ വാചകത്തെ സഭയുടെ തല്ക്കാലനിലയോടു ഘടിപ്പിച്ചുകൊണ്ടു ഒന്നുംതന്നേ പറയുവാൻ ഞങ്ങൾ ഇപ്പോൾ ഒരുമ്പെടുന്നില്ല. ഭാവിയേ നോക്കി ഹൃദയാന്തർഭാഗത്തു നിന്നു പൊട്ടിപ്പുറപ്പെട്ട ആ വാക്കുകൾ തികച്ചും അനർത്ഥംതന്നേ.

മൂന്നാമത്തെ കാതോലിക്കാ വാഴ്ചയെപ്പററി ആലോചന ഉണ്ടായപ്പോൾ, മേലിൽ കാതോലിക്കായെ വാഴിക്കാതെ അദ്ദേഹം മുഖേന നേടേണ്ടുന്ന കാര്യങ്ങൾ, എപ്പിസ്കോപ്പാ സുന്നഹദോസിന്റെ അദ്ധ്യക്ഷനെക്കൊണ്ടു നിറവേററരുതോ എന്നു ഇദ്ദേഹം കല്പിച്ചു ചോദിച്ചതായി ഞങ്ങൾ കേട്ടിട്ടുണ്ടു. കാതോലിക്കായ്ക്കു പകരം സുന്നഹദോസിലെ അദ്ധ്യക്ഷനെക്കൊണ്ടു നിവർത്തിക്കത്തക്ക കാര്യമല്ല ഇവിടെ ഉള്ളതെന്നു വായനക്കാരെ ഗ്രഹിപ്പിക്കേണ്ടതായ ആവശ്യമില്ലല്ലോ. പാത്രിയർക്കീസിന്റെ കയ്യേററത്തെ കാനോൻപ്രകാരം ബന്ധിക്കണമെങ്കിൽ നിശ്ചയമായും ഒരു കാതോലിക്കാ ഇല്ലാതെ നിർവ്വാഹമുള്ളതല്ല. പാത്രിയർക്കീസിനെ ഭയപ്പെട്ടിരിക്കേണ്ടുന്ന വലിയ



തിരുമേനിക്കു, അങ്ങിനെയൊരാളുടെ സഹായം അത്യന്താപേക്ഷിതവുമത്രേ. ഭാവിയാകുന്ന കൂരിരുട്ടിൽ ചൂട്ടും വെളിച്ചവും ഉണ്ടാകേണ്ടതു കാതോലിക്കാ സിംഹാസനത്തിൽ നിന്നാണെന്നാണു പൊതുജനപ്രതീക്ഷ എന്നു ഞങ്ങൾക്കറിയാം. അതിനാലാണല്ലോ, ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സിലെ മനോഗതി എന്തെന്നു പലരും തിരക്കം ചെയ്തുവരുന്നതും. അതുസംബന്ധിച്ചു ആർക്കുംതന്നേ യാതൊരു തലയും വാലും കിട്ടിയതായി അറിയുവാൻ ഞങ്ങൾക്കിതുവരെ സാധിക്കുകയുണ്ടായിട്ടില്ല. അപകടകരമായ ഭാവിയിൽ വ്യവഹാരം നടത്തിക്കൊണ്ടു അധികാരാവകാശങ്ങൾ ഉറപ്പിക്കുവാനാണു കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു ഒരുപക്ഷേ നിർബന്ധിതനായിത്തീരുക എന്നു നമുക്കു കാണാം. അതല്ലെങ്കിൽ വ്യവഹാരത്തിനു പോകാതെ അന്ത്യോഖ്യാ ട്രസ്റ്റിൽപ്പെട്ട സർവ്വതും ഉപേക്ഷിച്ചു അദ്ദേഹത്തിനു വേർപിരിയേണ്ടിവരും. ഒന്നും നോക്കാതെ ഇങ്ങിനെ ചെയ്യുന്നതു ബുദ്ധിപൂർവ്വമായിരിക്കയില്ലെങ്കിൽ, അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ ഇഷ്ടാനുസരണമുള്ള വ്യവസ്ഥയനുസരിച്ചു അദ്ദേഹം കീഴ്വഴങ്ങണം. ഈ മൂന്നു മാർഗ്ഗങ്ങളാണു കാതോലിക്കാബാവാ തിരുമേനിയെ അപേക്ഷിച്ചേടത്തോളം അനുവർത്തിക്കത്തക്കതായി ഞങ്ങൾക്കു തോന്നീട്ടുള്ളതു.

കാതോലിക്കാബാവാ തിരുമേനിയെ വ്യക്തിപരമായ നിലയിൽ നോക്കാതെ, അദ്ദേഹം ഇരുന്നരുളുന്ന സിംഹാസനത്തെ സംബന്ധിച്ചു ആലോചിക്കുന്നതായാൽ, അതിന്നെന്തോ ഉറപ്പില്ലായ്മയുണ്ടെന്നു പരക്കേ ഒരു

www.malankaralibrary.com



സംസാരമുള്ളതായി ഞങ്ങളും കേട്ടിട്ടുള്ളതാണു. കാതോലിക്കാ സിംഹാസനം സ്വതന്ത്രമാണെന്നു പറയുന്നുണ്ടെങ്കിലും, വാസ്തവത്തിൽ അതു അങ്ങിനെയല്ലെന്നും, കാൎയ്യകാരണങ്ങളാൽ അതു അന്ത്യോഖ്യാ ഭസ്സിൽ ആണ്ടുകിടക്കുകയാണു ചെയ്യുന്നതെന്നും പറയുന്നതിൽ എത്രമാത്രം ന്യായവും സത്യവുമുണ്ടെന്നു ഞങ്ങൾക്കറിവാൻ പാടില്ലതന്നേ. പരേതനായ അബ്ദേദമ്ശീഹൊ ബാവാ തിരുമനസ്സുകൊണ്ടു ഇവിടെ എഴുന്നെള്ളി, നിരണത്തുവെച്ചു, ആദ്യമായി, അന്നു കണ്ടനാട്ടിടവകയുടെ മേല്പട്ടക്കാരനായിരുന്ന വയോവൃദ്ധനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ കാതോലിക്കായായി വാഴിച്ചപ്പോൾ, കാതോലിക്കാ സിംഹാസനത്തിന്റെ സ്ഥാപനാൎത്ഥം ബാവാ തിരുമനസ്സുകൊണ്ടു നൽകിയ നീട്ടിലെ ചില പ്രയോഗങ്ങൾ ആ പല്ലവങ്ങളാണെന്നു ചിലരൊക്കെ പറഞ്ഞുവരുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ടു. മലങ്കര സഭയുടെ ഭരണവിഷയത്തിൽ കാതോലിക്കാ സിംഹാസനം മലങ്കര മെത്രാപ്പോലീത്താ സിംഹാസനത്തിനു കീഴ്പെട്ടിരിക്കണമെന്നു അതിൽ എഴുതിയിട്ടുണ്ടുപോൽ! വാസ്തവം ഇപ്രകാരമാണെങ്കിൽ, ഒരു നിയമകൎത്താവിന്റെ നിലയിൽനിന്നു നോക്കുമ്പോൾ, മുൻപറഞ്ഞ പൊതുജനസംസാരം കേവലം വിലയില്ലാത്തവയാണെന്നു തള്ളിക്കളയുവാൻ മാൎഗ്ഗംകാണുന്നില്ല. ഒന്നാമത്തെ കാതോലിക്കാ ബാവായായിത്തീൎന്ന മാർ ഈവാനിയോസു മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു, അന്നുണ്ടായിരുന്ന മേല്പട്ടക്കാരിൽ വെച്ചു പ്രായമേറിയ ആളായിരുന്നു. വലിയ കാൎയ്യശേഷിയില്ലാത്ത ആളുമായിരുന്നു അദ്ദേഹം എന്നു ചിലരൊക്കെ



അഭിപ്രായമുള്ളതായും കേട്ടിട്ടുണ്ടു. അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നുള്ള അനൎത്ഥത്തിൽ നിന്നു രക്ഷകിട്ടുവാനായി കാതോലിക്കാ സിംഹാസനം ഉണ്ടാക്കാൻ തുടങ്ങുമ്പോൾ, അതിൽനിന്നും പുറപ്പെടാൻ ഇടയാകരുതല്ലോ ഗ്രഹപ്പിഴകൾ, എന്ന ഒരു കരുതൽ അപ്പോൾ ഉണ്ടാവുക സംഭവ്യമത്രെ. അതിനാൽ ഇങ്ങിനെ ഒരു പ്രയോഗം ആ നീട്ടിൽ ചെലുത്തിയിട്ടുണ്ടെങ്കിൽ അന്ത്യോഖ്യാ സിംഹാസനത്താൽ വാഴിക്കപ്പെട്ട നിയമിതനായ ഒരു മലങ്കര മെത്രാപ്പോലീത്തായുമായുള്ള ബന്ധം കാതോലിക്കാ സിംഹാസനത്തെ അന്ത്യോഖ്യാ ഭസ്സിൽ ലയിപ്പിക്കാൻ ഇടയുള്ളതാണെന്നു ഊഹിക്കാവുന്നതാണ്. ന്യായമായ മലങ്കരമെത്രാപ്പോലീത്തായാണെന്നു കോടതികളാൽ സമ്മതിക്കപ്പെട്ടിട്ടുള്ള വലിയ തിരുമേനിയുടെ ആദ്ധ്യക്ഷത്തിൽ കൂടപ്പെടുന്ന ഭരണസംബന്ധമായ ആലോചനായോഗങ്ങളിൽ പങ്കുകൊണ്ടു രേഖപ്പെടുത്തുക എന്നുള്ളതും മററും, ഒരു കാതോലിക്കാബാവാ ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നില വാസ്തവത്തിൽ എന്തായിരിക്കുമെന്നു കാണുവാൻ സാമാന്യന്മാൎക്കുപോലും കഴിവുള്ളതുമാണല്ലൊ. ഇതിനുപുറമേ, മറെറാരു ദോഷവും കൂടി ആ നീട്ടിലുണ്ടെന്നു പറയപ്പെടുന്നു. കാതോലിക്കാ കാനോനികമായി വാഴിക്കപ്പെടണമത്രേ. ഇവിടെ കാനോനികം എന്നു പറഞ്ഞതിന്റെ അൎത്ഥം പലൎക്കും ദുൎഗ്രഹമായിരിക്കുന്നു. അതാതു കാലത്തു വാഴുന്ന പാത്രിയൎക്കീസന്മാരാൽ കാതോലിക്കാ അംഗീകരിക്കപ്പെട്ടോ വാഴിക്കപ്പെട്ടോ ഇരിക്കണമെന്നാണ ഇതിന്റെ താല്പൎയ്യമെന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ടു. കാനോൻ നിയമപ്രകാരം

www.malankaralibrary.com



അന്ത്യോഖ്യാ ബന്ധനത്തിൽനിന്നു വേർപിരിയാതിരിക്കണമെങ്കിൽ (അങ്ങിനെയായിരുന്നാലേ പഴയ പള്ളികൾ നഷ്ടപ്പെടാതിരിക്കുകയുള്ളുവല്ലോ) അങ്ങിനെ ഒരു പദം ഉപയോഗിക്കാതെ നിർവാഹമില്ലെന്നാണ് ഈ വ്യാഖ്യാനക്കാർക്കുള്ളതായ യുക്തിവാദം. പ്രസ്തുത നീട്ടിനെപ്പറ്റി ചിലർക്കെല്ലാമുള്ള ഈ വിധം സന്ദേഹങ്ങളെ ക്രോഡീകരിച്ചുംകൊണ്ടു ഒരു വിമർശനമെഴുതുവാൻ തക്കവണ്ണം പണ്ഡിതന്മാരാണെന്നു ഞങ്ങൾ ഭാവിക്കുന്നില്ലാത്തതിനാലും, നേരേ മറിച്ചു അല്പജ്ഞരാണെന്നു ബോദ്ധ്യമുള്ളതുകൊണ്ടും ഞങ്ങളിതിൽനിന്നു വായനക്കാരോടു യാത്ര പറഞ്ഞുകൊണ്ടു തിരിഞ്ഞുപോകുന്നു.

ഏതോ ഒരു കേസിൽ മൊഴി കൊടുത്തപ്പോൾ കാതോലിക്കാ സിംഹാസനം അന്ത്യോഖ്യാ സിംഹാസനത്തിനു അധീനമാണെന്നു ഇപ്പോഴത്തെ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുണ്ടെന്നാണ് വേറെയൊരാക്ഷേപം. വലിയ തിരുമേനിയുടെ മൊഴി നോക്കുമ്പോൾ ചില സംഗതികളിൽ കാതോലിക്കാ സിംഹാസനം മലങ്കര മെത്രാപ്പോലീത്താ സിംഹാസനത്തിനാണു അധീനമായിരിക്കുന്നതെന്നും കാണാം. പെട്ടെന്നു നോക്കുമ്പോൾ വിരുദ്ധങ്ങളായി തോന്നാവുന്ന ഈ രണ്ടു മൊഴികളും ഒരർത്ഥത്തെത്തന്നെയല്ലയോ വിശദമാക്കുന്നതെന്നു ഞങ്ങൾക്കൊരു സന്ദേഹം ഇല്ലാതില്ല. ഏതൊരു നിലയിൽ നിന്നുകൊണ്ടാണു വലിയ തിരുമേനി ഇങ്ങിനെ കല്പിക്കുന്നതെന്നു വായനക്കാർതന്നെ ആലോചിക്കാവുന്നതാണല്ലോ.



വഴക്കിനും വ്യവഹാരത്തിനും പോകാതെ കാതോലിക്കാ സിംഹാസനം സ്വൈരമായും സ്വതന്ത്രമായും നില്ക്കണമെന്നും, നിറുത്തണമെന്നും ആഗ്രഹിക്കുന്നവരായി ചിലരെല്ലാം ഉണ്ടെന്നു ഞങ്ങൾക്കറിയാം. ആത്മാഭിമാനവും പൌരുഷവുമുള്ളവർ ഇങ്ങിനെ തന്നെയാണ് ചെയ്യേണ്ടതെങ്കിലും, അതിന്റെ പ്രായോഗികവശത്തെപ്പറ്റി കാര്യമായി ചിന്തിച്ചുകൊണ്ടാണോ അവർ ഈവിധം അഭിപ്രായപ്പെടുന്നതെന്നു ഞങ്ങൾ സംശയിക്കുന്നു. സംശയിപ്പാൻ തക്കതായ കാരണവും ഇല്ലാതില്ല. വെടി പൊട്ടിച്ചും, അവിട്ടുകൾ വിട്ടും, തോരണം തൂക്കിയും ആഘോഷങ്ങളോടുകൂടി കാതോലിക്കാ സ്ഥാനാരോഹണ മഹാമഹം കൊണ്ടാടിയ അധികംപേർക്കും കാതോലിക്കായായിത്തീർന്ന തിരുമേനിയുടെ ജീവിതചര്യയേ സംബന്ധിച്ചേടത്തോളമെങ്കിലും ഇതുവരെയായി യാതൊന്നും ചെയ്വാൻ സൌകര്യമുണ്ടായില്ലല്ലോ! പഴയ സിമ്മനാരിയും, പരുമല സിമ്മനാരിയും, നേന്ത്രവേലിയും, കോളും എല്ലാമുണ്ടായിട്ടും അദ്ദേഹം ഇപ്പോഴും പണ്ടത്തെ അദ്ദേഹം തന്നെയത്രേ! ആരാണിതു കാണുവാൻ! ആരാണിതു കേൾക്കുവാൻ! എല്ലാം കാണുന്നവനായ ഒരാൾ അദ്ദേഹത്തെ സംരക്ഷിച്ചുകൊള്ളുന്നതായിരിക്കും. പക്ഷേ, സ്നേഹവും വിശ്വാസവും ഇത്രമാത്രം കളങ്കപങ്കിലമായി കാണുന്നുവല്ലോ മലങ്കര സുറിയാനി സഭയിൽ എന്നുമാത്രമേ ഞങ്ങൾ വിഷാദിക്കുന്നുള്ളൂ. കാതോലിക്കാ സിംഹാസനം മലങ്കരസഭയുടെ രക്ഷാഗോപുരവും ദീപസ്തംഭവുമാണുപോൽ. നിഷ്കാമബുദ്ധിയും ശുദ്ധാത്മാവുമായ തിരുമനസ്സിലേക്കു എല്ലാം കാണാം; എല്ലാം അറിയാം.

www.malankaralibrary.com



### ബഥനിത്തിരുമേനി ഇല്ലയോ?

പ്രധാന മേല്പട്ടക്കാരുടെ കൂട്ടത്തിൽ ഇനി ബഥനി മെത്രാപ്പോലീത്താ തിരുമനസ്സിലെ മനോഗതി എന്തെന്നു മാത്രമേ നമുക്കറിയേണ്ടിയിരിക്കുന്നുള്ളു. അബ്ദുള്ളാ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ ആഗമനം, അബ്ദേദമ്ശീഹോ പാത്രിയർക്കീസുബാവാ തിരുമനസ്സിലെ എഴുന്നെള്ളത്തു, വലിയ തിരുമേനിയുടെ മുടക്ക്, വട്ടിപ്പണക്കേസ്, പഴയ സിമ്മനാരി സമരിക്കേസ്, കാതോലിക്കാ സിംഹാസന പ്രതിഷ്ഠ മുതലായി കഴിഞ്ഞ ഇരുപതു സംവത്സരങ്ങൾക്കുള്ളിൽ നടന്ന പലപല പ്രധാനപ്പെട്ട രംഗങ്ങളുടേയും നടുവിൽ ചാടി നീന്തിയ ഈ തിരുമേനി, പഴയവയെല്ലാം പാടേ മറന്നുപോയെന്നവിധം, ബഥനിയാശ്രമത്തേയും പിടിച്ചുകൊണ്ടു മലങ്കര സുറിയാനി സഭയെ ആററിലൊഴുകുന്ന വാഴപ്പിണ്ടിയായി ഗണിച്ച് അകലെ മാറിപ്പോകുമാറ് സഹോദര സ്നേഹമോ സമുദായ സ്നേഹമോ ഇല്ലാത്തയാളായിത്തീൎന്നു എന്നു നമുക്കു ഒരിക്കലും സംശയിക്കാവതല്ല. അബ്ദേദമ്ശീഹോ പാത്രിയർക്കീസു ബാവാ തിരുമേനിയെ ബോമ്പയിൽ ചെന്നു കപ്പൽ കയററി അയച്ചതിന്റെ ശേഷം കല്ക്കത്തായിൽ പ്രഥമസറായിത്തീൎന്ന ഇദ്ദേഹത്തെ ബഥന്യാശ്രമം സ്ഥാപിക്കുവാനായി പ്രേരിപ്പിച്ച ചേതോവികാരങ്ങൾ എന്തെങ്കിലുമായിരിക്കട്ടെ. അതിനെപ്പററിയൊന്നും നമുക്കിപ്പോൾ പരിശോധിച്ചിട്ടേ ആവശ്യമുള്ളതല്ല. ഒരു കാൎയ്യത്തിൽ വായനക്കാരേവരും ഞങ്ങളുടെ അഭിപ്രായത്തോടുകൂടി യോജിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതു, ഇരുപതു സംവത്സരക്കാലമായി മുട



ങ്ങാതെ വഴക്കും വ്യവഹാരവുമായി കഴിഞ്ഞുകൂടുന്ന ഒരു സ്ഥലത്തു സ്വല്പമായിട്ടെങ്കിലും ആത്മീയമായ ഒരു നവചൈതന്യം ഉണ്ടായിത്തീൎന്നതു ഇദ്ദേഹം മൂലമാണെന്നുള്ളതിൽത്തന്നെ. തന്നിമിത്തം മലങ്കര സഭയുടെ ഒന്നടങ്കമുള്ള ഭക്തിബഹുമാനാദരങ്ങളെ പൂൎവ്വാധികം സമ്പാദിപ്പാൻ ഇദ്ദേഹത്തിന്നു ഇടയായിട്ടുമുണ്ട്. എന്നാൽ കുറെ നാളുകൾക്കിപ്പുറമായി ഇദ്ദേഹത്തോടു ചിലൎക്കെല്ലാം ഒരുവക വല്ലാത്ത അനിഷ്ടമോ നീരസമോ ഉണ്ടായിട്ടുള്ളതായി ഞങ്ങൾക്കറിയാം. "ഇദ്ദേഹത്തെ ഞങ്ങൾ ഇങ്ങിനെയൊന്നുമല്ല പ്രത്യാശിച്ചിരുന്നതു" എന്നിങ്ങിനെ പലരും വിഷാദിക്കുന്നതായും ഞങ്ങൾ കേട്ടിട്ടുണ്ടു. തീ ഉണ്ടാവാതെ പുകയുണ്ടാവുക പതിവില്ലല്ലോ. ഇവയ്ക്കെല്ലാം അടിസ്ഥാനമായി പറയപ്പെടുന്ന കാരണങ്ങൾ ഇവയത്രേ: (1) വലിയ തിരുമേനിയെ ഇദ്ദേഹം വ്യസനിപ്പിക്കുന്നു. അദ്ദേഹവുമായി സഹകരിച്ചില്ല. (2) മലങ്കര സുറിയാനി സഭയെ ഇദ്ദേഹം മുടിയ്ക്കാൻ ശ്രമിക്കുന്നു:— ഇവ രണ്ടിനേയും പററി ഞങ്ങളുടെ അറിവും അന്വേഷണവും അനുസരിച്ചു ലഭിച്ചിട്ടുള്ളവയെ ഇവിടെ തുറന്നു കാണിക്കുന്നതു അസംഗതമാവുകയില്ലല്ലോ.

ബഥനിത്തിരുമേനിയും വലിയ തിരുമേനിയും തമ്മിൽ എന്തോ അഭിപ്രായ വ്യത്യാസമുണ്ടെന്നുള്ള കേൾവി അടിസ്ഥാനമില്ലാത്തതല്ലെന്നു ഞങ്ങൾക്കും ബോധ്യമായിട്ടുള്ളതാണ്. ഒരാൾക്കു മാത്രമല്ല, ഇരുവൎക്കും [illegible]ന്നേ, തന്നിമിത്തം മനസ്സുഖം ഇല്ലാതെയായിത്തീരുവാൻ സംഗതി വന്നിട്ടുമുണ്ടു. മെത്രാച്ചന്മാർ അന്യോന്യം ഭിന്നാഭിപ്രായക്കാരായിത്തീരുകയെന്നതു സുറിയാനി സഭ

www.malankaralibrary.com



യിൽ മുമ്പും ഉണ്ടായിട്ടുള്ളതത്രേ. എങ്കിലും, അവയെല്ലാം അധികാരാവകാശവും സമുദായ സ്വത്തുക്കളുടെ കൈവശവും സംബന്ധിച്ചത്രേ ഉണ്ടായിട്ടുള്ളതാണെന്നാണ് ഞങ്ങൾ മനസ്സിലാക്കീട്ടുള്ളത്. ഇങ്ങിനെയുള്ള അഭിപ്രായഭേദം തന്നേയാണ് മുൻകാലങ്ങളിൽ മെത്രാച്ചന്മാരെ അന്യോന്യം എതിരായി നിറുത്തി വ്യവഹാരയുദ്ധം ചെയ്യാൻ ഇടവരുത്തീട്ടുള്ളതും. എന്നാൽ വലിയ തിരുമേനിയും ബഥനിത്തിരുമേനിയും തമ്മിലുള്ള അഭിപ്രായഭേദത്തിൽ പഴയ സിമ്മനാരിയോ, പരുമല സിമ്മനാരിയോ, വട്ടിപ്പണമോ, നേത്രുവേലിയോ, യാതൊന്നും കാണുവാൻ ഞങ്ങൾക്ക ഇന്നുവരെയും കഴിഞ്ഞിട്ടില്ല. അതിനാൽ ഈ അഭിപ്രായഭേദത്തിന്നു പഴയ കാലത്തിൽ നടന്നവയെ അപേക്ഷിച്ച് ഏതാണ്ടൊരു നവീനത്വമുണ്ടെന്നുള്ളതു നിസ്തർക്കം തന്നേ. പുതിയ രൂപത്തിൽ കാണപ്പെടുന്ന ഈ അഭിപ്രായഭേദത്തിന്റെ പ്രകൃതത്തേപ്പറ്റിത്തന്നേ ഞങ്ങൾ പറഞ്ഞു തുടങ്ങാം. സംഗതികളുടെ ഇരുപുറവും കാണത്തക്കവണ്ണം ഞങ്ങൾ അതിനെ കമഴ്ത്തിയും മലർത്തിയും കാണിക്കുകയുമാവാം. വായനക്കാർ ഞങ്ങളോടൊപ്പം സ്വല്പം ദൂരത്തോളം സാവധാനത്തിൽ നടന്നു പോരണമെന്നുമാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ.

ബഥനി ആശ്രമത്തിന്റെ ഉത്ഭവം എപ്പോൾ? വായനക്കാരോടായി ഞങ്ങൾ ചോദിക്കുന്ന ഒരു ചോദ്യമാണിതു. പരേതനായ അബ്ദുള്ളാ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു വലിയ തിരുമേനിയെ മുടക്കിയതു സംബന്ധിച്ചു സുറിയാനിസഭ വ്യവഹാരമാകുന്ന ചുഴലി



യിൽ അകപ്പെട്ടിരുന്നപ്പോഴായിരുന്നുവെന്നും, ഒന്നാമത്തെ കാതോലിക്കാ കാലംചെയ്തതിന്റെ ശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി ആരേയും വാഴിക്കാതെ കിടന്നിരുന്ന ആ ദീർഘകാലത്തിലായിരുന്നുവെന്നും വായനക്കാർ ഓർമ്മിക്കുന്നുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. വ്യവഹാരത്തിന്റെ ഫലം എങ്ങിനെയായിത്തീരുമെന്നു മുൻകൂട്ടി യാതൊന്നും തന്നേ ഉറപ്പിക്കാൻ അപ്പോൾ നിർവാഹമുണ്ടായിരുന്നില്ല. ഒരു പക്ഷേ, മുടക്കു ന്യായാനുസ്യൂതമാണെന്നു സ്ഥാപിക്കപ്പെടുകയോ, കാതോലിക്കാസ്ഥാപനം അസാധുവാണെന്നു തീരുമാനിക്കപ്പെടുകയോ ചെയ്യാൻ ഇടയില്ലായ്കയില്ലല്ലോ. അഥവാ അങ്ങിനെ വല്ലതും സംഭവിച്ചാൽ അതിനാലുള്ള ദൂഷ്യമൊന്നും ആശ്രമത്തെ ബാധിക്കാൻ ഇടയാകരുതെന്നു അതിന്റെ സ്ഥാപകൻ നിശ്ചയിച്ചതു വളരെ ബുദ്ധിപൂർവമായ പ്രവൃത്തിയായിരുന്നുവെന്നു സമ്മതിച്ചേ മതിയാകയുള്ളൂ. എന്നുതന്നേയുമല്ലാ, വ്യവഹാരമാകുന്ന ഉപദ്രവത്തിൽനിന്നു ആശ്രമം എന്നെന്നും സുരക്ഷിതമായിരിക്കണമെങ്കിൽ അന്ത്യോഖ്യാ ട്രസ്റ്റിൽപെട്ട യാക്കോബായ സഭയുമായി അതിന്നു യാതൊരു തരത്തിലും ബന്ധമില്ലെന്നു വരുത്തി വെക്കേണ്ടതും ആവശ്യമത്രേ. ആശ്രമസ്ഥരുടെ സന്യാസപരമായ ജീവിതത്തിന്നു ഹാനി തട്ടാതിരിക്കണമെങ്കിൽ, ആശ്രമത്തെ സംബന്ധിച്ചേടത്തോളം ഇങ്ങിനെയുള്ള കരുതലുകൾ അത്യന്താപേക്ഷിതം തന്നേ എന്നു ആരും സമ്മതിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ബഥനിയുടെ ഏതാവൽചരിത്രമെന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെട്ട "ഗിരിദീപം" വായിച്ചാൽ ബഥനി

www.malankaralibrary.com



ത്തിരുമേനിയുടെ ഈ വിഷയത്തിലുള്ള അന്തർഗ്ഗതം കുറെക്കൂടി നമുക്കു വിശദമാകുന്നതാണ്. അതിനാൽ ആ പുസ്തകത്തിലെ രണ്ടു രണ്ടു വാചകങ്ങൾ ഞങ്ങളിവിടെ വായനക്കാരുടെ ബോധ്യത്തിനായി ഉദ്ധരിച്ചുകൊള്ളുന്നു.

൧. "നാട്ടും വീടും വിട്ടു മശിഹാ തമ്പുരാനെ അനുകരിക്കുവാനായി ശ്രമിക്കുന്ന ആശ്രമസ്ഥന്മാർക്കു മലങ്കര സുറിയാനി സമുദായത്തിന്റെ വഴക്കിലോ വിപ്ലവത്തിലൊ പ്രവേശിച്ചിട്ടു ആവശ്യമില്ലാത്തതുകൊണ്ടും, സുറിയാനി സമുദായത്തിന്റെ ഏതൽക്കാലനിലയിൽ സാരവത്തായ പലതും അവ്യക്തവും പരാധീനവുമായി കിടക്കുന്ന അവസ്ഥയിൽ ഇപ്പോഴത്തെ സമുദായസ്ഥാപനങ്ങളോടുള്ള ബന്ധത്തെ പാലിക്കുമാറു അതിന്റെ ഘടനയ്ക്കുള്ളിൽ കാൽ ഉറപ്പിച്ചുംകൊണ്ടു അതിന്നു ക്ഷേമം വരുത്തുക എളുപ്പമല്ലായ്കയാലും, അവയിൽനിന്നെല്ലാം തികച്ചും വേർപെട്ടുനിന്നുകൊണ്ടു ദൈവത്തിന്റെ മഹത്വത്തിന്നും പരോപകാരാർത്ഥങ്ങളായ സുകൃതങ്ങൾക്കും സർവ്വോപരി സുവിശേഷപ്രചരണത്തിന്നും വേണ്ടി യത്നിക്കുക അവശ്യം ആവശ്യമാകയാലും ആ വിധത്തിൽ പരിശ്രമിക്കുക തന്നെയാണു വേണ്ടതെന്നു നാം തീരുമാനിച്ചു." (പുറം ൧൦൭.)

൨. "ബഥനിയും തൽസംബന്ധമായ സർവ്വ സ്ഥാപനങ്ങളും സ്വത്തുക്കളും യാതൊരു വിധത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ അധികാരത്തിന്നു അധീനമല്ലാത്തതും, ബഥനിയുടെ ധനസംബന്ധമായ ക്രയവിക്രയാധികാരവും ധനവിയോഗകർത്തവ്യവും ബഥനി ആശ്രമം, അഥവാ, മശിഹാനുകരണസമൂഹം എന്നഭിധാനമുള്ള സന്ന്യാസിനീസന്ന്യാസിസമൂഹാംഗങ്ങളായ ആശ്രമസ്ഥരിൽ മാത്രം നിർബാധം സ്ഥിതിചെയ്യുന്നതുമാകുന്നു." (പുറം ൨൧൮.)

ഇത്തരത്തിൽ ഒരു സ്വതന്ത്രസ്ഥാപനമായി ബഥനിയെ നട്ടു പിടിപ്പിക്കുന്നതിൽ വലിയ തിരുമേനിയുടെ അന്നത്തെ നിലയാലോചിച്ചാൽ തിരുമനസ്സിലേക്കു അത്യധികമായ സന്തോഷം തോന്നുവാനേ മാർഗ്ഗമുള്ളുവല്ലോ. വട്ടിപ്പണക്കേസിന്റെ അപ്പീൽവിധി ദോഷപ്പെട്ടു പഴയ ആസ്ഥാനങ്ങൾ വിട്ടു പുറത്തിറങ്ങാൻ ഇടയായപ്പോഴും,



അനന്തരം മുടക്കുതീർത്ത കല്പന പുറത്തു വരായ്കയാൽ ശ്വാസം മുട്ടാൻ തുടങ്ങിയപ്പോഴും ബഥനിയുടെ സ്വതന്ത്രനില തിരുമനസ്സിലേക്കു എത്രമാത്രം ആശ്വാസം നൽകിയിരിക്കണമെന്നുള്ളതും ആർക്കും ഊഹിച്ചാൽ ഗ്രഹിക്കാവുന്നതാണ്. യാതൊരു ശരണവുമില്ലാതെയാകുമ്പോൾ നിർബാധമായ ബഥനിയുണ്ടല്ലോ എന്നു സമുദായനേതാക്കന്മാർപോലും പ്രതീക്ഷിച്ചിരുന്നതായും ഞങ്ങൾക്കറിയാം. അന്ത്യോഖ്യാ ട്രസ്റ്റിൽ പെട്ടതാണു ബഥനിയെന്നും പറഞ്ഞു അതിനോടാരും വ്യവഹാരത്തിന്നു ഒരുമ്പെടരുതെന്നുദ്ദേശിച്ചു സാമുദായികമായ പൊതുസ്വത്തിൽനിന്നു യാതൊന്നും വാങ്ങിക്കാതെ ജാതിമതഭേദമെന്യേ പലരിൽനിന്നും സംഭാവനകൾ വാങ്ങി അതിനെ കെട്ടിപ്പടുത്തതിൽ നിന്നുതന്നേ ഈ കരുതലിന്റെ ഗൗരവവും ഘനവും പ്രത്യക്ഷപ്പെടുന്നുമുണ്ടല്ലോ. ഈ വക മുഴുത്ത കാരണങ്ങളാൽത്തന്നേയാണു അന്ത്യോഖ്യാ ട്രസ്റ്റിൽ നിന്നുകൊണ്ടു വ്യവഹാരം നടത്തുന്ന വലിയ തിരുമേനിയുടേയോ, വ്യവഹാരഫലംമൂലം എന്തായിത്തീരുമെന്നു നിശ്ചയിക്കാൻ പാടില്ലാതിരുന്ന കാതോലിക്കായുടെയോ കീഴിൽ ബഥനിയെ ബന്ധിക്കാഞ്ഞതെന്നും, വലിയ തിരുമേനിപോലും അതൃപ്തിയോ അസന്തോഷമോ പ്രദർശിപ്പിക്കാതിരുന്നിട്ടുള്ളതു അതുകൊണ്ടുതന്നേയാണെന്നും നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇവയൊക്കെ കാണുവാനായി കണ്ണും, ഗ്രഹിക്കുവാനായി തലച്ചോറുമുള്ള വലിയ തിരുമേനി ജനങ്ങളോടായി ആ കാലത്തു ആവശ്യപ്പെട്ടിരുന്നതു എന്തായിരുന്നു? എവിടെയും ബഥനിപ്പള്ളികൾ ഉണ്ടായിരിക്കണമെന്നുതന്നേ. അങ്ങിനെ കല്പിക്കുകമാത്രമേ അ

www.malankaralibrary.com



ദ്ദേഹം ചെയ്തുള്ളുവോ? അല്ലല്ലോ; സ്വദേശമായ മല്ലപ്പിള്ളിൽ സ്വകാര്യസ്വത്തുകൊണ്ടു രണ്ടു പള്ളിയ്ക്കുള്ള സ്ഥലങ്ങൾ ബഥനിത്തിരുമേനിയുടെ പേരിൽ എഴുതിവാങ്ങിക്കുകതന്നേ ചെയ്തു. വട്ടിപ്പണക്കേസിന്റെ അപ്പീൽ വിധി ദോഷമായപ്പോൾ മാത്രമല്ല, ശീമയാത്ര വിഫലീഭവിച്ചപ്പോൾ തന്നെയല്ല, പിന്നീടും ബഥനിയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താൻ പാടില്ലെന്നു വലിയ തിരുമേനിക്കു ഉദ്ദേശമുണ്ടായിരുന്നതായി പലരും ഗ്രഹിച്ചിട്ടുള്ളതത്രേ.

തിരുമേനികൾ തമ്മിലുള്ള അഭിപ്രായഭേദത്തിന്റെ കാര്യകാരണങ്ങൾ കാണുവാനായി ഞങ്ങളെ അനുഗമിച്ചിട്ടുള്ള വായനക്കാർക്കു, ഇതുവരെ ഞങ്ങൾ പറഞ്ഞതിൽനിന്നു, യാക്കോബായ സുറിയാനിസഭയുമായി യാതൊരു ബന്ധവുമില്ലാതവണ്ണം ബഥനിയെ പ്രതിഷ്ഠിക്കുവാൻ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമെന്നും, ബഥനിയുടെ സ്വതന്ത്രനിലകൊണ്ടു മുതലെടുക്കാൻ ഉദ്ദേശിച്ചതു എന്തായിരുന്നുവെന്നും സ്പഷ്ടമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പക്ഷേ, വട്ടിപ്പണക്കേസിന്റെ പുനരപ്പീൽവിധി മുൻപറഞ്ഞവയെയൊക്കെ കീഴ്മേൽമറിക്കത്തക്കവണ്ണം പ്രേരകമായിത്തീർന്നു എന്ന കാര്യമാണു വായനക്കാർ ഇനിയും മനസ്സിലാക്കിയിരിക്കുന്നതു. പ്രസ്തുതവിധിമൂലം വലിയ തിരുമേനിയുടെ മുടക്കു നീങ്ങിപ്പോവുകയും, അദ്ദേഹം ന്യായമായ മലങ്കര മെത്രാപ്പോലീത്തായാണെന്നു സ്ഥാപിക്കപ്പെടുകയുമാണല്ലോ ഉണ്ടായതു. അതിനാൽ വലിയ തിരുമേനിയെ അപേക്ഷിച്ചെടത്തോളം ബഥ



നി അദ്ദേഹത്തിൽനിന്നു വേർപെട്ടു സ്വതന്ത്രമായിരിക്കേണ്ടുന്നതായ ആവശ്യമില്ല. പുനരപ്പീൽ വിധിയാൽ ബാവാകക്ഷികൾക്കു തോൽവി ഭവിച്ചിരിക്കകൊണ്ടു പാത്രിയർക്കീസുമായി രാജിപ്പെടുന്നതിനു തക്കതായ മുഹൂർത്തം കൈവന്നതായി തിരുമനസ്സുകൊണ്ടു നിശ്ചയിക്കയും, തത്സംബന്ധമായ ആലോചനകളിൽ അദ്ദേഹം നിമഗ്നനാവുകയും ചെയ്തു. അന്ത്യോഖ്യാ ട്രസ്റ്റിൽ അടിയുറയ്ക്കപ്പെട്ടുപോയ വലിയ തിരുമേനിക്കു സ്വപക്ഷത്തുള്ളവരെക്കരുതി അങ്ങിനെ ചെയ്യാനേ കഴിവുമുള്ളുവല്ലോ. പുനരപ്പീൽവിധി പ്രസ്താവിക്കപ്പെട്ട ഉടൻ കോട്ടയത്തുവെച്ചു മാർ തീമോത്തേയോസ് മെത്രാപ്പോലീത്തായുമായി മിസ്റ്റർ പാലമ്പടം തോമസ്സിന്റെ ആനുകൂല്യത്തോടുകൂടി ഒരു രാജിയാലോചന നടന്നതായി വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. തങ്ങൾക്കു നേരിട്ട തോൽവി വലിയ തിരുമേനിയുടെ കാലംവരെ മാത്രമേ നിലനില്ക്കാൻ ഇടയുള്ളു എന്നു ബാവാകക്ഷികൾ ഗ്രഹിച്ചിരുന്നതിനാലായിരിക്കണം, ആ രാജിയാലോചന ഫലപ്രദമായില്ല. സ്വല്പം നാൾ കഴിഞ്ഞപ്പോഴേക്കും മാർ യൂലിയോസ് മെത്രാച്ചന്റെ സസ്പെണ്ടുകല്പനയും പുറപ്പെട്ടു. അതിന്റെ ഉടനുടൻ വ്യവഹാരവുമായി. പുനരപ്പീൽ വിധിയോടുകൂടി ബഥനിയുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുവാൻ ഇടയായെന്നുവരികിൽ ഉടൻ വലിയ തിരുമേനിയുടെ അധീനതയിലായിത്തീരുന്ന അതിന്റെ ഭാവി പിന്നീടു അന്ത്യോഖ്യാ ട്രസ്റ്റിൽത്തന്നേ എന്നു പറയേണ്ടതില്ലല്ലോ.

സംക്ഷിപ്തമായി പറയുന്ന പക്ഷം ബഥനിയുടെ സ്വാതന്ത്ര്യം സംബന്ധിച്ച ഈ കാര്യത്തിൽതന്നേയാണു

www.malankaralibrary.com



വലിയ തിരുമേനിയും ബഥനിത്തിരുമേനിയും തമ്മിൽ പരമാൎത്ഥത്തിൽ അകലുവാൻ ഇടയായിട്ടുള്ളതെന്നുള്ളതു സമുദായപ്രധാനന്മാരിൽ പലരും ഗ്രഹിച്ചുവെച്ചിട്ടുള്ളതത്രേ. ഇതിനെപ്പററി തിരുമേനിമാർ തമ്മിൽ കത്തുവഴിയായും അഭിമുഖമായും സംസാരിക്കയുണ്ടായിട്ടുണ്ടു. ഒടുവിൽ പരുമലെ വെച്ചു കഴിഞ്ഞയാണ്ടിൽ ഇക്കാൎയ്യം സംബന്ധിച്ചു അന്യോന്യം നടന്ന സംഭാഷണം മൂലം വലിയ തിരുമേനിയുടെ മനസ്ഥിതിക്കു ഏതാണ്ടൊരു മയം വന്നിട്ടുണ്ടെന്നു തോന്നപ്പെട്ടിരുന്നുവെങ്കിലും തിരുവനന്തപുരത്തുനിന്നു ഉടൻ പൊങ്ങിയ പുകയുണ്ടകൾ ഒരു വലിയ തീപ്പിടുത്തത്തിന്നുള്ള ഭാവമുണ്ടെന്നു പ്രത്യക്ഷപ്പെടുത്തി. വലിയ തിരുമേനി അവിടെ എഴുന്നള്ളിയിരുന്നപ്പോൾ സമുദായപ്രധാനന്മാരിൽ ചിലരോടായി ബഥനിത്തിരുമേനി അറിയണമെന്നുള്ള ആന്തരത്തോടുകൂടി "ബഥനി മെത്രാച്ചന്റെ മേലാവാരാണെന്നു ചോദിച്ചിട്ടു അദ്ദേഹം പറയുന്നില്ല; പിണങ്ങേണ്ടിവരും; നാം പരസ്യപ്പെടുത്താൻ പോകയാണു" എന്നിങ്ങിനെ കല്പിച്ചതിൽനിന്നു തന്നേ അതു വിശദമാകുന്നുണ്ടല്ലോ. ഇവകൊണ്ടൊന്നും ബഥനിയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യത്തെ കൈവെടിയാൻ ബഥനിത്തിരുമേനി തയാറില്ലെന്നു ഏതാനും നാളുകൾക്കുള്ളിൽ വലിയ തിരുമേനിക്കു ഗ്രഹിക്കുവാൻ ഇടയായിത്തീൎന്നു. ഉടനെയാണു "റോമാ" "ബഥനി" എന്നിങ്ങനെയുള്ള ചില ശബ്ദങ്ങൾ മുഴങ്ങുവാൻ തുടങ്ങിയതെന്നു ഞങ്ങൾ ഓൎമ്മിക്കുന്നുണ്ടു.



ബഥനിക്കാർ, പ്രകൃത്യാ റോമൻ കത്തോലിക്കരോടു ചായ്‌വുള്ളവരാണെന്നു എത്രയോ കാലമായി പരക്കെ പറയപ്പെട്ടിരുന്നതാണെങ്കിലും, പെട്ടന്നു അതിൽ മണ്ണെണ്ണയൊഴിച്ചു ആളിക്കത്തിച്ചതിന്റെ ഉദ്ദേശമെന്തെന്നു കുറെ നാൾ കഴിഞ്ഞപ്പോൾ മാത്രമേ അല്പജ്ഞന്മാരായ ഞങ്ങൾക്കു മനസ്സിലാകാൻ ഇടയായുള്ളു. ബഥനിക്കാർ റോമായിൽ പോകുന്നുവെന്നു വലിയ തിരുമേനിയിൽനിന്നു പരസ്യമായതോടുകൂടി പൊതുജനഹൃദയങ്ങളിൽനിന്നു അവർ ഉടനെ നിഷ്കാസനം ചെയ്യപ്പെട്ടുപോയി. കാണിക്കശേഖരം നിന്നു; പിടിയരിപ്പിരിവും ഇല്ലാതെയായി. അപ്പോൾ മുതൽ ബഥനിക്കാരുടെ കാലക്ഷേപം വാസ്തവത്തിൽ കാലക്ഷേപമായിട്ടുതന്നേയാണു നടന്നു പോന്നിട്ടുള്ളതെന്നുള്ള വാസ്തവം പലരുടെ ചെവിയിലും അലച്ചു കഴിഞ്ഞിരിക്കാം. സന്യാസിനീസന്യാസിമാരടങ്ങിയ കുറെ ആളുകളുടെ ഭക്ഷണച്ചെലവു അരിയും ചക്രവും മുടങ്ങിപ്പോയാൽ എങ്ങിനെയായിരിക്കും നിൎവഹിക്കപ്പെടുക എന്നതു ആൎക്കും ഊഹിക്കാവുന്നതാണല്ലോ. മുമ്പും ഇപ്പോഴും ആർദ്രമാനസരായ ചുരുക്കം ചില സുഹൃത്തുക്കളുടെ കൈനീട്ടൽ നടന്നില്ലെങ്കിൽ, പട്ടിണികൊണ്ടു കഞ്ഞിവെച്ചു അവൎക്കു പലപ്പോഴും അത്താഴം കഴിക്കേണ്ടതായി വരുമായിരുന്നുവെന്നുള്ളതിന്നു ഞങ്ങൾ അനുഭവസ്ഥരത്രേ.

ഇങ്ങിനെ പല വിധത്തിൽ വിഷമം നേരിട്ടു തുടങ്ങിയ സന്ദൎഭത്തിൽ, "റോമായിൽ പോകുമോ, ഇല്ലയോ?" എന്നു വലിയ തിരുമേനി ബഥനിത്തിരുമേനിയോടായി ചോദ്യവുമിട്ടു. "പോവുക തന്നേയാണു" എ

www.malankaralibrary.com



ന്നു മറുവടി നൽകിയാൽ ബഥനിക്കാരുടെ കഷ്ടാവസ്ഥ ആക്കം ഉൽകൃഷ്ടമായിരിക്കും. “പോകുന്നില്ല” എന്നു പറഞ്ഞാൽ സ്വാതന്ത്ര്യം ഉപേക്ഷിച്ചു അന്ത്യോഖ്യാ ട്രസ്റ്റിന്നു മുമ്പിൽ തല കുനിക്കുകയും വേണ്ടിവരും. അതിന്റെ ഫലമോ, ഒന്നാമതു വ്യവഹാരം. രണ്ടാമതോ? സന്യാസിനീസന്യാസിമാരുടെ ആശ്രമം കോടതികളുടെ തിണ്ണകളായിത്തീരുക; മൂന്നാമതോ? ആശ്രമം അസ്തമിക്കുക; നാലാമതോ? വല്ലതുമൊരു ആത്മീയചൈതന്യവുമുണ്ടെങ്കിൽ അതുപോലും ഇല്ലാതെയാവുക; അഞ്ചാമതോ? മലങ്കരസഭയിൽ വെള്ളപ്പൊക്കമോ ഭൂമികുലുക്കമോ ഉണ്ടാകുമ്പോൾ രക്ഷപ്പെടാനുള്ള സങ്കേതം നഷ്ടപ്പെടുക—മുതലായി പലതുമാണെന്നു കാണാം.

മലങ്കര സുറിയാനി സഭയിലുള്ളവരുടെ—വിശേഷിച്ചും, അതിലുള്ള മെത്രാൻകക്ഷികളുടെ—രക്ഷയ്ക്കും തണലിന്നും ആവശ്യമായ ബഥനിയുടെ സ്വാതന്ത്ര്യത്തിന്നു ഇത്തരത്തിൽ ദുസ്സഹമായ ഹേമം ഉണ്ടായപ്പോഴും മലങ്കര സുറിയാനിസഭ ആശാസ്യമായ നിലയെ പ്രാപിക്കാതെ അതിനെ കൈവെടിയുന്നതല്ലെന്നും, അങ്ങിനെയൊരു ആശാസ്യമായ നില ഉണ്ടാകാൻ വല്ല മാൎഗ്ഗവും ഉണ്ടോ എന്നും, ബഥനിത്തിരുമേനി മനസ്സു ചുട്ടു ആലോചിക്കാൻ തുടങ്ങി. അതിന്റെ ഫലമായി, അദ്ദേഹം ചില പുതിയ വഴികൾ കണ്ടുപിടിക്കുകയും ചെയ്തു. വഴക്കും വ്യവഹാരവും കൂടാതെ സ്വൈരമായും ക്ഷേമമായും കഴിഞ്ഞുകൂടുന്നതിലേക്കു ആ വഴികൾ എത്രമാത്രം ഉപകരിക്കുമെന്നു വായനക്കാർതന്നേ തീരുമാനിക്കേണ്ടതാണു. ആ വഴികൾ ആവിതു:—



## 1

പാത്രിയൎക്കീസ്സുമായി യോജിക്കുന്നതിന്നു താഴെ പറയുന്നവ അപരിഹാൎയ്യങ്ങളാണ്.

1. വലിയ തിരുമേനിയുടെ മുടക്കുതീൎത്ത കല്പന വായിക്കണം.
2. പരിപൂൎണ്ണ അധികാരത്തോടുകൂടിയ ദേശീയ കാതോലിക്കായെ ശാശ്വതമായി ലഭിക്കണം.
3. പാത്രിയൎക്കീസ്സിന്റെ ഡെലിഗെററ് മലങ്കരെ ആവശ്യമില്ല.
4. എം. അക്കം കാനോൻ യഥാൎത്ഥ കാനോൻ തന്നേ എന്നു സ്ഥാപിക്കപ്പെടണം.

ഇതേവരെയുള്ള വ്യവഹാരംകൊണ്ടു മലങ്കര സഭയുടെ ഭാവിക്ഷേമത്തിന്നു അത്യന്താപേക്ഷിതങ്ങളായ മേല്പറഞ്ഞവയൊന്നും സാധിച്ചിട്ടില്ല. ഇവ മുഴുവനായി സാധിക്കുന്നതിന്നു മുമ്പു ബഥനിയുടെ സ്വതന്ത്രനില കൈവെടിയാൻ നിവ്വാഹമില്ല.

## 2

പാത്രിയൎക്കീസ്സുമായി വേർപിരിയുന്നതിന്നു താഴെപറയുന്നവ അപരിഹാൎയ്യങ്ങളാണ്. വലിയ തിരുമേനിക്കോ കാതോലിക്കാ ബാവാ തിരുമനസ്സിലേക്കോ താഴെ പറയുന്നവ ഏതെങ്കിലും തരത്തിൽ വിഷമകരമായി തോന്നിയേക്കുമോ എന്നു ഭയപ്പെടുന്നതിനാൽ ഇതു പറയാൻ മടിയുണ്ടു. എങ്കിലും സമുദായത്തിന്റെ പൊതുനന്മയെ ലാക്കാക്കുമ്പോൾ തുറന്നു പറയാതെ നിവ്വാഹമില്ലല്ലൊ.

1. സൎവ്വ വ്യവഹാരങ്ങളും അവസാനിപ്പിക്കണം.
2. യാക്കോബായ ട്രസ്റ്റിൽപ്പെട്ട സൎവ്വസ്വവും വിട്ടിറങ്ങണം.
3. യാക്കോബായ പാത്രിയൎക്കീസുമായി ഒരു നാളും ബന്ധപ്പെടുന്നതല്ലെന്നു കാതോലിക്കാബാവായും എല്ലാ മെത്രാച്ചന്മാരും ഉറപ്പു പറയണം.

ഇതെല്ലാം സാധിക്കുന്നതുവരെ ബഥനിയുടെ സ്വതന്ത്രനില കൈവെടിയാൻ നിവ്വാഹമില്ല.

## 3

സമുദായത്തിന്റെ നന്മയ്ക്കാവശ്യപ്പെട്ട ഏതെങ്കിലുമൊരു പ്രസ്ഥാനത്തെ സ്വീകരിക്കുന്നതു വലിയ തിരുമേനിയുടെ ജീവകാലത്തുതന്നേ വേണ്ടതാണ്. തിരുമനസ്സിലെ സഹകരണം അതിലേക്കു അത്യന്താപേക്ഷിതമാകുന്നു. അവ്യവസ്ഥിതമായ ഇപ്പോഴത്തെ നില ഇനിയും തുടൎന്നുകൊണ്ടു പോകുന്നതായാൽ മേല്പറഞ്ഞ പദ്ധതികൾ അസാദ്ധ്യമായിത്തീരുകയും സമുദായം നശിക്കുകയും ചെയ്യും. ഒരു വിധത്തിലും ആത്മീയാഭിവൃദ്ധിയെ പ്രതീക്ഷിക്കാവുന്നതുമല്ല.

www.malankaralibrary.com



മുകളിൽ ഉദ്ധരിച്ച ഏതെങ്കിലുമൊരു വ്യവസ്ഥയെ അംഗീകരിക്കുകയോ, അല്ലെങ്കിൽ പുതിയതായ ഒന്നു നിർമ്മിച്ചു ബോധ്യപ്പെടുത്തുകയോ ചെയ്യാത്ത കാലത്തോളം, ബഥനിയുടെ സ്വാതന്ത്ര്യത്തെ ബലി കഴിക്കുന്നതിനെപ്പററി എന്തെങ്കിലുമൊന്നു ആലോചിപ്പാൻ നിവാഹമില്ലെന്നു ബഥനിത്തിരുമേനി തിരുവനന്തപുരത്തു പോയി മിസ്റ്റർ ഇ. ജെ. ജോൺ വക്കീലിനെ ഗ്രഹിപ്പിച്ചു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ എത്രയോ അത്യുത്തമവും സ്വീകാരയോഗ്യവുമായി തോന്നിയിരിക്കാവുന്ന ആ വ്യവസ്ഥകളുടെ പകർപ്പുകൾ താമസമെന്യേ കാതോലിക്കാബാവായും വലിയ തിരുമേനിയും കണ്ടിരിക്കാവുന്നതത്രേ.

ഇതു കഴിഞ്ഞു ഒന്നു രണ്ടു ദിവസത്തിന്നുള്ളിൽ പെട്ടെന്നു കണ്ടറ സിമ്മനാരിയിൽ വെച്ചു ഒരു സുന്നഹദോസ് കൂടുകയാണുണ്ടായതു. അതിൽ സംബന്ധിപ്പാനായി കോട്ടയത്തു നിന്നു പുറപ്പെട്ട വലിയ തിരുമേനിയും മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ തിരുമേനിയും വഴിമദ്ധ്യേ തിരുവല്ലായിൽ ഇറങ്ങി ബഥനിത്തിരുമേനിയെ കണ്ടു. സ്വല്പ നേരത്തിന്നുള്ളിൽ നടന്ന സംഭാഷണത്തിൻെറ രത്നച്ചുരുക്കം റോമായിലേക്കു പോകുമോ ഇല്ലയോ എന്നതായിരുന്നു. ആത്മസ്വാതന്ത്ര്യത്തെ ഹനിക്കുന്നതായ ഈ വക ചോദ്യങ്ങൾക്കു മറുവടി പറയുവാൻ നിവൃത്തിയില്ലെന്നാണു ബഥനിത്തിരുമേനി അതിന്നു മറുവടി പറയുകയുണ്ടായതു.

“റോമായിലേക്കു പോകുമോ?” എന്ന ചോദ്യത്തിന്നു ബഥനിത്തിരുമേനി പറഞ്ഞ മറുവടി സ്വല്പം പരുഷമല്ലയോ എന്നു പ്രഥമശ്രവണത്തിൽ ചിലർക്കു തോ



ന്നാവുന്നതാണ്. പക്ഷേ, സുഖകരമായ വിധം മററൊന്നു മറുവടിയാണ് പറയുവാൻ സാധിക്കുക എന്നു ആലോചിക്കാതെ നമുക്കിതിനെപ്പററി പെട്ടെന്നൊന്നും തീരുമാനിക്കാവുന്നതല്ലല്ലോ. അന്ത്യോഖ്യാ ബന്ധംകൊണ്ടു യാതൊരു ഉപദ്രവവും മേലിൽ ഉണ്ടാവരുതെന്നു നിശ്ചയിച്ചു, അന്ത്യോഖ്യായെ പാടേ നിഷേധിക്കുന്ന വിധത്തിൽ, എല്ലാവരും നിരണം പള്ളിയിൽ കൂടി, കാതോലിക്കായെ ആദ്യമായി വാഴിക്കാൻ പുറപ്പെട്ട മുഹൂർത്തത്തിൽ വലിയ തിരുമേനി ഇനി മർദ്ദീനിലേക്കു പോകുമോ എന്നു ചോദിച്ചറിഞ്ഞിട്ടു മതി ശുശ്രൂഷയാരംഭിക്കുക എന്നു നിശ്ചയിച്ചു, ചിലരെല്ലാം വലിയ തിരുമേനിയോടായി അങ്ങിനെ അപ്പോൾ ചോദിച്ചിരുന്നുവെങ്കിൽ ഈ വിധത്തിലല്ലാതെ വലിയ തിരുമേനിയും മറുവടി പറയാൻ ഇടയില്ലാത്തതാണെന്നു നമുക്കു ഊഹിക്കാവുന്നതാണ്.

കണ്ടറവെച്ചു, നിശ്ചിതദിവസത്തിൽത്തന്നെ — ഒരു വെള്ളിയാഴ്ചനാളിൽ സുന്നഹദോസ് കൂടി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു അപ്പോൾ അവിടെ എഴുന്നെള്ളിത്താമസിക്കുന്നുണ്ടായിരുന്നു. മുഹൂർത്തമായപ്പോഴക്കും തിരുവനന്തപുരത്തുനിന്നു ശ്രീമാന്മാരായ ഇ. ജെ. ജോൺ വക്കീൽ, ഇ. ജെ. ഫീലിപ്പോസുവക്കീൽ ആദിയായ അപൂർവ്വം ചില സമുദായ പ്രധാനന്മാരും വന്നുചേർന്നു. ബഥനിത്തിരുമേനി മിസ്റ്റർ ജോൺവക്കീൽ വശം ഏല്പിച്ച വ്യവസ്ഥയെപ്പററി വല്ല ആലോചനയും തീരുമാനവും അവിടെവെച്ചു ഉണ്ടായൊ എന്നു ഞങ്ങൾക്കു ഇതുവരേയും അറിവാൻ കഴിഞ്ഞിട്ടില്ല. ബഥനിത്തിരുമേനിമാരു

www.malankaralibrary.com



ടെ പേൎക്കുള്ള ഒരു കല്പന ശരിപ്പെടുത്തുന്നതിൽ എല്ലാവരും ചേൎന്നാലോചിക്കയുണ്ടായതായി മാത്രം ഞങ്ങൾക്കറിയാം. കല്പന എഴുതിത്തീൎന്നതോടുകൂടി, സുന്നഹദോസും അവസാനിച്ചു. അതൊരു സാമാന്യകല്പനയായിരുന്നില്ലെന്നു ഇപ്പോൾ എവിടെയും പരസ്യമായിത്തീൎന്നിരിക്കയാണല്ലോ. "രഹസ്യക്കത്തു" എന്ന മേലെഴുത്തോടുകൂടി അയച്ച ആ കല്പന ബഥനിത്തിരുമേനിമാർ കൈപ്പററുന്നതിന്നു മുമ്പായി, അതിലെ വിവരം, തിരുവല്ലായിലും നിരണത്തും പരസ്യമാകപ്പെട്ടിരുന്നു. അനന്തരം അതിലെ സൂക്ഷ്മവിവരം പഴയ സിമ്മനാരിയിൽനിന്നു പുറപ്പെടുന്ന "വൈദികൻ" എന്നു പേരായ മാസികയിൽ കാണുകയും ചെയ്തു. ബഥനിപ്പള്ളികൾ നിമിത്തം ജനങ്ങളുടെ ഇടയിലും പട്ടക്കാരുടെ ഇടയിലും അസ്വാസ്ഥ്യം നേരിടുന്നതായി അറിയുന്നതുകൊണ്ടു, മേലിൽ ആലോചിച്ചു തീരുമാനിക്കുന്നതുവരെ, ബഥനിപ്പള്ളികൾ സ്ഥാപിച്ചുപോകരുതെന്ന കാൎയ്യം മാത്രമാണ് ആ കല്പനയിൽ അടങ്ങിയിരിക്കുന്നതു. എത്രയോ നന്നായി ചിന്തിച്ചിട്ടു മയം തോന്നിക്കുന്നവിധം നിൎമ്മിക്കപ്പെട്ട ഈ കല്പനയിലെ വാക്കുകളുടെ ഫലം, പ്രഥമദൃഷ്ടിയിൽ ആൎക്കും ബോദ്ധ്യമാകുകയില്ലായിരിക്കാം. ദൈവാലയം സ്ഥാപിക്കുക, പട്ടം കൊടുക്കുക—ഇവ രണ്ടുമത്രെ മേല്പട്ടക്കാൎക്കുള്ള പ്രത്യേകാധികാരങ്ങൾ. അസ്വാസ്ഥ്യം നേരിടുന്നതായി അറിയുന്നതുകൊണ്ടു ആലോചിച്ചു തീരുമാനിക്കുന്നതുവരെ വി. കുൎബാന ചൊല്ലരുതു എന്നു ഒരു പട്ടക്കാരനോടു പറയുന്നതും, പള്ളിവെക്കരുതു എന്നു ഒരു മേല്പട്ടക്കാരനോടു പറയുന്നതും കാൎയ്യത്തിൽ ഒരൎത്ഥത്തെ തന്നെയാണ് കുറിക്കുന്നതെന്നു



വായനക്കാർ സമ്മതിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. "ആലോചിച്ചു തീരുമാനിക്കുന്നതുവരെ" എന്ന പ്രയോഗത്തേക്കാൾ കൂടുതൽ മയം തോന്നിക്കുന്ന മറെറാരു പദം ഇവിടെ ചെലുത്തുവാൻ കഴിവുള്ളതല്ലതന്നെ.

എത്രയോ പ്രശാന്തപൂരിതവും സമാധാനപരവുമായ ഒരു ദിക്കിൽ അസ്വാസ്ഥ്യം ഉണ്ടാക്കുന്നവ എന്തുതന്നെയായാലും അവയെ പിഴുതുകളയുകപോലും ആവശ്യമായിരിക്കെ അതിന്നു ഒരുമ്പെടാതെ, മേലിൽ പുതുതായി വെച്ചുപിടിപ്പിക്കരുതെന്നു മാത്രം നിശ്ചയിച്ചതു എത്രയൊ സൗഹാൎദ്ദപൂൎവ്വകമായിരിക്കുന്നു എന്നു പറയേണ്ടതില്ല. പക്ഷേ, ബഥനിപ്പള്ളികൾ നിമിത്തം മലങ്കരയിൽ അസ്വാസ്ഥ്യമോ! അസ്വാസ്ഥ്യം ഉണ്ടാക്കുന്നതായി അങ്ങിനേയും ചിലതുണ്ടെന്നുള്ളതു ഞങ്ങൾക്കൊരു പുതിയ അറിവായിരിക്കയാണ്. കഴിഞ്ഞ ഏതാനും ചില മാസങ്ങൾ വരെയും ഉണ്ടാവാത്ത ഒരു പുതിയ അസ്വാസ്ഥ്യം അടുത്ത കാലംമുതൽ ഉണ്ടാവാൻ പാടില്ലാത്തതല്ലെങ്കിലും, അതിനെപ്പററി കേട്ടിട്ടില്ലായ്കയാൽ സംശയിക്കുന്നുവെന്നേയുള്ളു. ഇപ്പോഴൊരു അസ്വാസ്ഥ്യവും ഉണ്ടായിട്ടില്ലാ, ഉണ്ടായേക്കുമെന്നു കരുതി മുൻകൂട്ടി തടുത്തതാണെന്നുവരുമോ? അല്ലെങ്കിൽ എന്താണിതിന്നു കാരണം? റോമായിൽ പോകുമോ ഇല്ലയോ എന്ന ചോദ്യത്തിന്നു രണ്ടിലൊരു മറുപടി പറയാഞ്ഞതിനെ വ്യക്തപ്പെടുത്താതെ അസ്വാസ്ഥ്യത്തെ ഇവിടെ വെറുതെ ഭംഗിക്കുവേണ്ടി കുത്തിച്ചെലുത്തിയതാണെന്നു അനുമാനിക്കാമോ? ഉള്ളിൽ കിടക്കുന്ന യഥാൎത്ഥ കാരണം ഇതാണെങ്കിൽ കഴിഞ്ഞ 86-ൽ നടന്ന ഒരു സംഭവത്തെ ഈ കല്പന നമ്മെ അനു

www.malankaralibrary.com



സ്മരിപ്പിക്കുന്നു. അബ്ദുള്ളാ ബാവാ തിരുമേനി വലിയ തിരുമേനിയെ മുടക്കുകയുണ്ടായല്ലോ. മുടക്കുന്നതിന്നു മുമ്പു വലിയതിരുമേനിയോടായി നേരിട്ടു യാതൊരു സമാധാനവും പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു ചോദിക്കുകയുണ്ടായില്ല. അതിനാൽ സ്വാഭാവിക നീതിയനുസരിച്ചു ആ മുടക്കു അസാധുവാണെന്നു വിധിക്കപ്പെടുകയും ചെയ്തു. മേലിൽ പള്ളികൾ സ്ഥാപിക്കരുതെന്നു ബഥനിക്കാരെ വിലക്കുന്നതായി കല്പന അയച്ച ഈ ഘട്ടത്തിലും സ്വാഭാവിക നീതി അതിലംഘിക്കപ്പെട്ടുകാണുന്നതാണ് ആശ്ചര്യാവഹമായിരിക്കുന്നതു. ബഥനി മെത്രാച്ചന്മാരോടു വലിയ തിരുമേനിയാവട്ടെ, കാതോലിക്കാബാവാ തിരുമേനിയാവട്ടേ ഇതിനെപ്പററി മുൻകൂട്ടി യാതൊരു സമാധാനവും ചോദിച്ചിട്ടില്ലെന്നും, അഭിമുഖമായി കണ്ടിട്ടുള്ളപ്പോഴൊന്നും അസ്വാസ്ഥ്യത്തെക്കുറിച്ചു സൂചിപ്പിക്കപോലും ചെയ്കയുണ്ടായിട്ടില്ലെന്നും ഞങ്ങൾക്കു അറിവുള്ളതാണ്. അബ്ദുള്ളാ പാത്രിയർക്കീസുബാവായുടെ കല്പനയിലെന്നതുപോലെ പള്ളിവെക്കരുതെന്നുള്ള ഈ കല്പനയിലും യഥാർത്ഥ കാരണം കാണിച്ചിട്ടില്ല.

ബഥനിസ്ഥാപനം യഥാർത്ഥത്തിൽ സ്വതന്ത്രമാണെന്നു വിചാരിക്കുന്നപക്ഷം, ആ സ്ഥാപനം വകയായി പള്ളികൾ ഉണ്ടാകുന്നതിനേ ആർക്കും നിരോധിക്കാവുന്നതല്ലല്ലോ. ഉദാഹരണമായി നമുക്കു അഞ്ഞൂർ (തൊഴിയൂർ) ക്കാരെ എടുക്കാം. അവരും മാർത്തോമാ സഭയുമായി വളരെ ഐക്യതയിൽ ആണല്ലോ എന്നുകരുതി, അഞ്ഞൂർക്കാർ പള്ളി വെയ്ക്കരുതെന്ന് മാർത്തോമാക്കാർക്കു വിരോധിപ്പാൻ പാടുള്ളതാണോ? വിരോധിക്കുമെങ്കിൽ എന്തൊരു



സ്വാതന്ത്ര്യമാണ് അഞ്ഞൂർക്കാർക്കുണ്ടായിരിക്കുക എന്നതു ചിന്തനീയമത്രേ.

ബഥനിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം രണ്ടിൽ ഏതെങ്കിലും ഒരു ഫലം ഉടനെ കാണണമെന്നു ഈ കല്പനയ്ക്കു ഉദ്ദേശമുള്ളതായി അനുമിക്കാവുന്നതാണ്. മേലിൽ പള്ളികൾ വെക്കുന്നില്ലെന്നു മറുവടി നൽകിയാൽ ആ മറുവടിനിമിത്തം ബഥനി അന്ത്യോഖ്യാ ട്രസ്റ്റിന്ന് അധീനമാണെന്നു വന്നുകൂടുകയായിരിക്കുമല്ലോ ഫലം. പള്ളികൾ സ്ഥാപിക്കും എന്നു പറഞ്ഞാലോ? കാതോലിക്കാ ബാവാ തിരുമനസ്സിലേയും, വലിയ തിരുമേനിയുടേയും ആജ്ഞകളെ അനുവർത്തിക്കാതെ സ്വേച്ഛാധികാരം നടത്താൻ ഒരുമ്പെട്ടിട്ടുള്ളവരാണ് ബഥനിക്കാർ എന്ന് പൊതുജനങ്ങൾ അവരെ കുററം വിധിക്കുകയും ചെയ്യും.

പ്രസ്തുത കല്പന എഴുതുന്നതിന്നു മുമ്പും, അതിൽ പിന്നേയും അതു് ബഥനിത്തിരുമേനിമാരുടെ പേർക്കുള്ള അസ്ത്രമാണല്ലോ എന്നുള്ളതിനാൽ പ്രസ്തുത കാര്യത്തിൽ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു പല പ്രകാരേണ വൈമനസ്യം പ്രദർശിപ്പിച്ചുവെന്നു ഞങ്ങൾ സൂക്ഷ്മമായി അറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടൊന്നും വിശേഷാൽ ഫലമുണ്ടാകാൻ സംഗതിവന്നില്ലാ. എന്തൊരു കഷ്ടകാലവൈഭവമോ ദൈവശാപമോ! ഞങ്ങൾക്കു അറിഞ്ഞുകൂടാ. മലങ്കരസഭയെ ഏതെങ്കിലും തരത്തിൽ ഉദ്ധരിപ്പാൻ യത്നിക്കുന്നവർക്കൊക്കെയും ഇത്തരത്തിലുള്ള പ്രതിഫലമോ പാരിതോഷികമോ മാത്രമേ ലഭിക്കുന്നുള്ളു എന്നുള്ള് എത്രയോ മർമ്മഭേദകമായ വാസ്തവംതന്നേ. മലങ്കര

www.malankaralibrary.com



സഭയുടെ രക്ഷാർത്ഥം ഉടമ്പടി തരാൻ നിർവ്വാഹമില്ലെന്നു പറഞ്ഞ വലിയതിരുമേനിക്കു അബ്ദുള്ളാബാവായിൽനിന്നു ലഭിച്ച പാരിതോഷികമെന്തായിരുന്നു? ആ തിരുമേനി മുഖേന ബഥനിത്തിരുമേനിമാർക്കു കിട്ടാൻ ഇടയായതോ? വലിയ തിരുമേനിയെ അന്ത്യോഖ്യായുടെ പരുപരുത്ത നുകത്തോടു ബന്ധിപ്പാനായി അബ്ദുള്ളാ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ആയുധം ഉപയോഗിച്ചു. മലങ്കരസഭയെ അന്ത്യോഖ്യാ ബന്ധത്തിൽനിന്നു വിടുർത്തുവാനായി യത്നിച്ച വലിയ തിരുമേനി ഇപ്പോൾ ചെയ്തതോ? അന്ത്യോഖ്യാക്കാർക്കു മലങ്കര സഭയിൽ മാത്രം പോരാ, ബഥനിയിലും സർവ്വ സ്വാതന്ത്ര്യം ഉണ്ടായിരിക്കത്തവണ്ണം അതിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ ഒരുമ്പെട്ടുതന്നേ. ഇവിടെ കാതോലിക്കാ സിംഹാസനം പ്രതിഷ്ഠിക്കുവാനായി മുൻകടന്നു പ്രവർത്തിച്ച ആൾ ആരായിരുന്നു? അദ്ദേഹത്തിന്നു ആ സിംഹാസനം ഇപ്പോൾ തക്കതായ പ്രതിഫലവും നൽകിക്കഴിഞ്ഞു. ഈവക സംഗതികളാൽ മലങ്കര സഭ ഏന്തൊരു തരത്തിലുള്ള ചക്രമോ ചിത്രമോ ആണെന്നു മനോധർമ്മമുള്ള വായനക്കാർ തന്നേ തീർച്ചപ്പെടുത്തിക്കൊള്ളുക.

എത്രയോ അഭിലഷണീയവും ക്രിസ്തീയവുമായ വിധത്തിൽ വ്യവഹാരം കൂടാതെ മലങ്കര സഭയെ മോചിപ്പിക്കാമോ എന്നു പരീക്ഷിച്ച ബഥനിത്തിരുമേനിമാർ ശിക്ഷാർഹന്മാർ! മലങ്കര സഭയുടെ ക്ഷേമത്തെക്കരുതി ബഥനിയുടെ സ്വാതന്ത്ര്യത്തെ കൈവെടിയാതിരുന്ന ആ തിരുമേനിമാർ സഭാദ്രോഹികൾ!! വായനക്കാർ ഇതൊ



ന്നും കണ്ട് അത്ഭുതപ്പെടുകയോ വിഷാദിക്കുകയോ ചെയ്യേണ്ടതില്ല. പഴയ കാലത്തു നടന്ന ഓരോ സംഭവങ്ങൾ പുതിയ സമ്പ്രദായങ്ങളിൽ ആവർത്തിക്കപ്പെടുന്നുവെന്നു മാത്രമേയുള്ളു. ഇതിലപ്പുറം സംഭവിച്ചാലും മലങ്കരസഭയെ രക്ഷപ്പെടുത്തുന്നതിൽനിന്നു ബഥനിക്കു പിന്മാറാൻ കഴിവുള്ളതല്ലതന്നേ. നാനാപ്രകാരത്തിലുള്ള നിരാശയോടും പീഡയോടും മല്ലിടേണ്ടുന്നവരായ ആശ്രമസ്ഥന്മാരുടെ തലയിൽനിന്നു ആ ഒരു കടമ നീങ്ങിപ്പോകുന്നതുമല്ല.

പ്രസ്തുതകല്പന അയച്ച് ഏതാനും നാളുകൾ കഴിഞ്ഞതിൽപ്പിന്നെ വലിയ തിരുമേനിയും ബഥനിത്തിരുമേനിയും തമ്മിൽ (തിരുവല്ല) തിരുമൂലപുരം ബാലികാമഠത്തിൽ വെച്ച് അഭിമുഖം കാണുകയുണ്ടായി. "അവിടുത്തെ ആശ്ലേഷത്തിന്നു അർഹനല്ലാതവണ്ണം എന്നെ ആക്കിത്തീർത്തുവല്ലോ" എന്നു പറഞ്ഞു ബഥനിത്തിരുമേനി കാല്ക്കൽ വീണു. എന്തു കാരണത്താലോ, വലിയതിരുമേനി ഉടൻ ദൂരെ മാറിപ്പോയി തിരിഞ്ഞുനിന്നു നോക്കിക്കാണുകയാണുണ്ടായതു്. വലിയ തിരുമേനിയൊന്നിച്ചു വന്നിരുന്ന വന്ദ്യദിവ്യശ്രീ കെ. ടി. ഗീവർഗീസ് റമ്പാൻ അവർകൾ ബഥനിത്തിരുമേനിയുടെ കൈയ്ക്കു പിടിച്ചു എണീപ്പിച്ചു. "കാലു മുത്താൻ അനുവദിക്കയില്ലെങ്കിൽ കൈയ്യെങ്കിലും മുത്തട്ടെ" എന്നു പറഞ്ഞു ബഥനിത്തിരുമേനി മുന്നോട്ടു ചെന്നു. തദവസരത്തിൽ സൌഹാർദ്ദപൂർവ്വമായവിധം ആശ്ലേഷവും കഴിഞ്ഞു. എന്തെല്ലാം അഭിപ്രായഭേദങ്ങളോ തെറ്റുധാരണകളോ ഉണ്ടായിരുന്നാലും, തിരുമേനിമാരുടെ ഹൃദയം എന്നെന്നേക്കുമായി

അകലുകയില്ലതന്നെ. അവിചാരിത മുഹൂർത്തത്തിൽ അത്ഭുതകരമാംവണ്ണം അവ ഒന്നായി കാണപ്പെടുകതന്നേ ചെയ്തുവല്ലോ.

ദൈവനടത്തിപ്പിനേപ്പററിയും മററും അന്യോന്യം സ്വല്പനേരം സംഭാഷണം നടന്നു. ഉടൻ വന്ദ്യദിവ്യശ്രീ ഗീവർഗീസ് റമ്പാനവർകൾ വലിയ തിരുമേനിയോടായി,

“ആ കല്പന പിൻവലിക്കരുതോ?” എന്നു ചോദിച്ചു. (തത്സമയം ബഥനിത്തിരുമേനി കുനിഞ്ഞിരുന്നു കരയുകയായിരുന്നുവത്രേ.)

ചോദ്യത്തിനു മറുപടിയായി വലിയ തിരുമേനി കഴുത്തിനു ചുററും ചൂണ്ടുവിരൽകൊണ്ടു ആംഗ്യംകാണിച്ചിട്ട് കഴുത്തു പോയാലും അതു ചെയ്കയില്ലെന്നുള്ള അർത്ഥത്തിൽ നിഷേധം പ്രകടിപ്പിച്ചു. രണ്ടാമത്തും സംഭാഷണമദ്ധ്യേ അതേ ചോദ്യം തന്നേ ആവർത്തിക്കപ്പെട്ടു. അപ്പോഴും ആദ്യത്തെ ആംഗ്യം തന്നേ കാണ്മാറായി. ഇതു എങ്ങിനേയോ ദർശിച്ച ബഥനിത്തിരുമേനി

“കഴുത്തു പോയാലും കല്പന പിൻവലിക്കയില്ലെന്നാണല്ലോ കല്പിക്കുന്നതു?” എന്നു സങ്കടത്തോടുകൂടി പറഞ്ഞു.

കാര്യഗൌരവംനിമിത്തമോ, പ്രായാധിക്യം കൊണ്ടോ, എന്താണിങ്ങിനെ സംഭവിപ്പാൻ എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പഴയ സിമ്മനാരിയിൽ വെച്ച് ആനപ്പാപ്പിയുടെ മരണമുണ്ടായ കാലത്ത് ഖമാൽദീൻ മുതലായ ചട്ടമ്പികൾക്കായി കഴുത്തു കാണിച്ചുകൊടുത്ത ബഥനിത്തിരുമേനിയുടെ അന്നത്തെ മനഃസ്ഥിതിക്ക്



പ്രായശ്ചിത്തം നൽകേണ്ടതു് ഇപ്പോൾ വേണമെന്നായിരിക്കാം ദൈവഹിതം എന്നല്ലാതെ ഞങ്ങൾക്കൊന്നും ഇതിനേപ്പററി പറയുവാൻ കഴിവുമില്ല, കാര്യവുമില്ല. ആശ്ലേഷം കഴിഞ്ഞിട്ടു മാത്രമേ ഇരുവരും തമ്മിൽ പിരിയുകയുണ്ടായുള്ളു.

* * * * * * * *

ഇതുവരെ പറഞ്ഞതിൽനിന്ന് തിരുമേനിമാർ തമ്മിലുള്ള അഭിപ്രായഭേദത്തിൻെറ രൂപം വായനക്കാർക്കു വിശദമായിക്കഴിഞ്ഞിരിക്കുന്നുവല്ലോ. ഇനിയാണ്, സഭയുടെ ഭാവിയെ സംബന്ധിച്ചേടത്തോളം ബഥനിത്തിരുമേനിയുടെ ആദർശമോ ആശയമോ എന്താണെന്നു നമുക്കറിയേണ്ടിയിരിക്കുന്നതു്. ഇതിനേപ്പററി ഞങ്ങൾ മാത്രമല്ല, അനേകം പേർ അദ്ദേഹത്തോടു ചോദിച്ചിട്ടുള്ളതുമാണ്. “വഴക്കും വ്യവഹാരവും അന്തഃഛിദ്രവും കഴപ്പവും നീങ്ങി, മേലിൽ ഒരുതരത്തിലും അവയൊന്നും തലപൊങ്ങാതവണ്ണം മലങ്കരസഭ ആയിത്തീരണമെങ്കിൽ, ദൈവമഹത്വത്തേയും ആത്മരക്ഷയേയും ജീവിതപ്രമാണമാക്കി അതിനു ജീവിക്കണമെങ്കിൽ, ക്രിസ്തീയസഭകളുടെ യോജിപ്പ് പ്രായോഗികമായിത്തീരണമെങ്കിൽ, സർവ്വോപരി മലങ്കരസഭ ഉദ്ധരിക്കപ്പെടണമെങ്കിൽ, കാതോലിക്കാപുനരൈക്യംകൊണ്ടല്ലാതെ സാധ്യമല്ലെ”ന്നു അദ്ദേഹം തീർത്തുകല്പിക്കുന്നു. കേൾക്കുന്നമാത്രയിൽ പലർക്കും അറപ്പും വെറുപ്പും തോന്നിക്കുന്ന ഒന്നാണിതെന്നു വിശിഷ്യാപറയേണ്ടതായിട്ടില്ല. മേല്പട്ടക്കാരുടെ കൂട്ടത്തിൽ ബഥനിത്തിരുമേനിക്കു ഒരു മാന്യസ്ഥാനം കല്പിക്കാവുന്നതാണെങ്കിലും, ആലോചനകൊണ്ടോ അനുഭ

www.malankaralibrary.com



വംകൊണ്ടോ അദ്ദേഹത്തിന്നു തോന്നുന്നതു ഇങ്ങിനെയാണെങ്കിലും, അതിന്റെ ഗുണദോഷവശങ്ങളെപ്പററി നന്നായി പരിശോധിക്കാതെ നമുക്കതിനോടു യോജിക്കാനോ വിയോജിക്കാനോ പാടുള്ളതല്ലല്ലോ. ആലോചനാവിഹീനരായി നമുക്ക യാതൊന്നും ചെയ്യാൻ ഇടയാകമാറാകരുതു്. എന്തെങ്കിലും ചെയ്യുന്നപക്ഷം അതുകൊണ്ടു മേലിൽ അനത്ഥം നേരിടുമോ എന്നു നന്നായി ചിന്തിക്കേണ്ടതുമത്രേ. ഒരു കാര്യത്തിൽ ബഥനിത്തിരുമേനിയോടു് നാം കൃതജ്ഞരായിരിക്കേണ്ടതാണു് എന്നു ഞങ്ങൾക്ക തോന്നുന്നുണ്ടു്. അതു മലങ്കരസഭയുടെ ആശാസ്യമായ ഭാവിയെ സംബന്ധിച്ചേടത്തോളം സൃഷ്ടിപരമായ ഒരു മാർഗ്ഗം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ എന്ന വിഷയത്തിൽതന്നെ. മലങ്കരസഭയുടെ ശുഭോദക്കമായ ഭാവിയെക്കുറിച്ചു് മറെറവിടെനിന്നും ഏതെങ്കിലുമൊരു നിർദ്ദേശം കേൾക്കപ്പെടുന്നില്ലല്ലോ.

## III

## രണ്ടു കൊമ്പുകൾ.

—:*:—

### ൧. കാതോലിക്കാ സിംഹാസനം.

"ഭാവി ഭയങ്കരംതന്നെ. വഴക്കും വ്യവഹാരവും കഴിയുകയില്ല. പുനരൈക്യവും വേണ്ട; ഐക്യവും വേണ്ട. നമുക്ക കാതോലിക്കാ സിംഹാസനത്തെ മാത്രം അവലംബിച്ചുനില്ക്കരുതോ?"- ഈവിധം അഭിപ്രായമുള്ളവരായി ചിലരുണ്ടെന്നു ഞങ്ങൾക്കറിയാം. ശരി; അങ്ങിനെ തന്നേയാ



ണു നാം ചെയ്യേണ്ടതു. എന്നാൽ മാത്രമേ നമ്മുടെ ആത്മാഭിമാനത്തിന്നും പൌരുഷത്തിന്നും ഇതരന്മാർ മാററു കല്പിക്കുകയുമുള്ളു. പക്ഷേ ഒരു കാര്യമുണ്ടു. ഇപ്പോഴുള്ള പള്ളികൾ നമ്മുടേതായിത്തീരുമോ എന്നറിയാൻ പാടില്ല. പക്ഷേ, അവ കിട്ടുന്നതിന്നായി വ്യവഹാരത്തിൽ ചാടേണ്ടിവരും. ഇതിന്നു വേണ്ടതു, ഒന്നാമതു പണവും രണ്ടാമതു, ആളും അത്രേ. രണ്ടിൽ മുഖ്യം ഒന്നാമതു പറഞ്ഞതുതന്നെ. പൊതുസ്വത്തുക്കളുടെ ആദായമൊന്നും ഒരു കക്ഷിയുടെ ആവശ്യത്തിന്നു മാത്രമായി വ്യയം ചെയ്യാൻ ഭാവിയിൽ സാധിക്കുകയില്ല. അവയൊക്കെ ഒന്നുകിൽ പൂട്ടപ്പെടുകയോ, അല്ലെങ്കിൽ സക്കാർ അധീനത്തിൽ ആയിത്തീരുകയോ ചെയ്യും. പിന്നെ പ്രതീക്ഷിക്കാവുന്നതു്, ജനങ്ങളിൽ നിന്നും പള്ളികളിൽ നിന്നുമുള്ള സംഭാവനകളത്രേ. വ്യവഹാരം എന്നു കേൾക്കുമ്പോഴക്കും മുഖം തിരിക്കുന്നവരായിരിക്കുന്നു, മനുഷ്യരെല്ലാവരും. പള്ളികളെ പിടികൂടാമെന്നുവെച്ചാൽ അതും പ്രയാസം. വ്യവഹാരത്തിന്നായി കാൽച്ചക്രം പോലും കൊടുക്കുകയില്ലെന്നു ഇപ്പഴേ നിരണത്തു പള്ളിക്കാരും മററും യോഗം കൂടി നിശ്ചയം പാസ്സാക്കിയിരിക്കയാണു്. പിന്നെ എവിടെ നിന്നുണ്ടാകും, പണം? ഇതുവരെ നടന്നതുപോലെയങ്ങു നടന്നുകൊള്ളും എന്നു പറയുന്നവർ ഇതുവരെ നടന്നതെങ്ങിനെയെന്നു ഗ്രഹിച്ചിട്ടുള്ളവരായിരിക്കയില്ല. കഴിഞ്ഞ വ്യവഹാരങ്ങൾക്ക മെത്രാൻകക്ഷിഭാഗത്തിന്നു തന്നേ രണ്ടു ലക്ഷത്തിന്നു മേലായിട്ടുണ്ടെന്നാണു പറഞ്ഞു കേട്ടിട്ടുള്ളതു. ഇതിൽ പത്തു പതിനയ്യായിരത്തിലധികമൊന്നും പള്ളികളിൽനിന്നും പൊതുജനങ്ങളിൽനിന്നു

www.malankaralibrary.com



മായി കിട്ടിയിട്ടുമില്ല പോൽ! ബാക്കിയെല്ലാം പരുമല സിമ്മനാരി, പഴയസിമ്മനാരി മുതലായ സമുദായസ്ഥാപനങ്ങളുടെ ആദായംകൊണ്ടാണത്രേ നടന്നുപോന്നിട്ടുള്ളത്. മേലിൽ ആ ഭാഗത്തേക്കു നോക്കാനേ സാധിക്കുകയില്ലെങ്കിൽ വ്യവഹാരത്തിന്നായി ഒരുമ്പെടുന്ന പക്ഷം അതിന്നുള്ള വക വേറെ എവിടെ കിടക്കുന്നുവെന്നു മുമ്പുകൂട്ടി നോക്കാതെ എടുത്തു ചാടിയാൽ ഉള്ളതും കൂടി നഷ്ടപ്പെടുവാനായിരിക്കും ഇടയാവുക എന്നു തോന്നുന്നില്ലയോ? ഈ വക പ്രയാസങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ വ്യവഹാരപ്രസ്ഥാനം പ്രായോഗികമായിരിക്കുമോ എന്നു സംശയം. ചക്രം, അഥവാ, ഉണ്ടായി എന്നുതന്നേ വെക്കുക. എന്നാലും ആ സമരത്തിന്നാവശ്യമായ സാമഗ്രികൾ കൈവശമുണ്ടോ എന്നും പരിശോധിക്കേണ്ടതു ആവശ്യമത്രേ. കാതോലിക്കാ സിംഹാസനത്തിൻെറ ഇപ്പോഴത്തെ നില അന്ത്യോഖ്യാ ട്രസ്റ്റിന്നടിയിലാണെന്നൊരു അഭിപ്രായം പരന്നിരിക്കുന്നുവല്ലോ.

വ്യവഹാരം വേണ്ടെന്നു വെയ്ക്കുകയാണു എല്ലാംകൊണ്ടും സമുചിതമായിട്ടുള്ളതു. പഴയ ഭിത്തിയും ജീർണ്ണിച്ച കഴക്കോലും ആവശ്യമുള്ളവൻ ചുമന്നു കൊള്ളട്ടെ. യാതൊരു പ്രയോജനവും ഇതുവരെ നൽകാതിരുന്ന അവയെ തലയിലേററുന്നതിനാൽ ഒരു പുണ്യവും നമുക്കു ലഭിക്കുവാനില്ല. വട്ടിപ്പണത്തിൻെറ കൊല്ലംതോറുമുള്ള 800 രൂപ പലിശയ്ക്കു വേണ്ടി, നാം ഇരുപതു കൊല്ലവും, നമ്മുടെ പൂർവ്വന്മാർ അതിലപ്പുറം കൊല്ലവും അന്യോന്യം തലവെട്ടിപ്പൊളിച്ചു യുദ്ധം ചെയ്തുനോക്കി. 800 രൂപാ ഗണ്യമായ ഒരു സംഖ്യയല്ല. നേന്ത്രവേലി നിലത്തിന്നു



പാട്ടം എന്തു കിട്ടും? മുടങ്ങാതേയും ഉണങ്ങാതേയും കിടന്നാൽ ഈരണ്ടുകൊല്ലം കഴിയുമ്പോൾ കുറച്ചു വല്ലതും കുറെ നാളത്തേക്കു കൊറിയ്ക്കാൻ കിട്ടുമെന്നു മാത്രം. ഇവയൊന്നും വിശ്വാസപ്രമാണത്തിലുള്ള കാര്യങ്ങളല്ലെന്നു മനസ്സിലാക്കാൻ നമുക്കു പ്രായവുമായി, കാലവുമായി. പഴയ കഴക്കോലുകൾ വെറും അസ്ഥിക്കഷണങ്ങളെന്നു കരുതി നമുക്കു ഉപേക്ഷിച്ചു കളയാം. അവമേൽ കടിപിടി കൂടേണ്ടവൻ അവയുമായി കഴിഞ്ഞുകൂടിക്കൊള്ളട്ടെ എന്നു നമുക്കു അവനു മംഗളവും ആശംസിക്കാം. അവ സംബന്ധമായുള്ള വഴക്കും വ്യവഹാരവും—ഒന്നാമത്, ദൈവത്തിന്നു അനിഷ്ടം. രണ്ടാമതു, നമുക്കു നാശവും. കേസു നടത്തുന്നവർക്കും മൊഴികൊടുക്കുന്നവർക്കുമായി അവ ഭാഗിച്ചെടുക്കാമായിരുന്നെങ്കിൽ അവർക്കെങ്കിലും വല്ലതും കിട്ടുമെന്നാശിക്കാമായിരുന്നു. അങ്ങിനെയൊരു ലാഭമേ പ്രതീക്ഷിക്കേണ്ടതായിട്ടില്ല. അതിനാൽ ഇതുവരെ കുരച്ചതും കടിച്ചതും എല്ലാം വിസ്മൃതമായിപ്പോയി. ലോകദൃഷ്ടിയിൽ ആദായകരമല്ല; ആത്മീയത്തിലോ? തഥൈവ! കഴിഞ്ഞ 20 കൊല്ലത്തെ സംഭവം തന്നേ നോക്കുക. സഭ, "ചപ"യായതുതന്നേ നമുക്കു കിട്ടിയ അനുഭവം! തൊട്ടതിനെല്ലാം കേസുംപേറി നടക്കുന്നവർ എന്നൊരു പേരും സമ്പാദിച്ചു. ഒരിക്കലും ഇതു ആവർത്തിക്കപ്പെടുവാൻ സംഗതി വരരുതു. മതി, ഈ കച്ചവടം എന്നു തീരുമാനിക്കാം. പരുമല വേണമെന്നു സിദ്ധാന്തിക്കുന്നവൻെറ തലയിൽ അതും, പോരെങ്കിൽ പഴയസിമ്മനാരിയും, അതുകൊണ്ടും തൃപ്തിയായില്ലെങ്കിൽ 800 രൂപയും കെട്ടിവെച്ചു കൊടുത്തു നമുക്കിങ്ങു മാറിനില്ക്കാം.

www.malankaralibrary.com



ഒന്നോ രണ്ടോ കൊല്ലംകൊണ്ടു അവൻ സമ്പാദിക്കുന്നതു എന്താണെന്നു നമുക്കു കാണാമെന്നു വെക്കുക. സിമ്മനാരിയും, വട്ടിപ്പണവും, കിട്ടാപ്പണവും മററും പാപപൊറുതി നൽകുന്ന വസ്തുവകകളെന്നു നമുക്കു ബോദ്ധ്യമുണ്ടായാൽ മാത്രം മതി. അപ്പോൾ ഈ പാട്ടുപെട്ടോടി നടക്കുന്നതിന്റെ വിഡ്ഢിത്തം എത്രമാത്രമെന്നു നമുക്കു മനസ്സിലാവുകയും ചെയ്യും.

ഇതൊന്നും, കാരണമോ കാര്യമോ കൂടാതെ വെറുതെ ചവയ്ക്കുന്നതല്ലെന്നു വായനക്കാർ സമ്മതിക്കുമല്ലോ. പക്ഷേ ഒരു പ്രധാനസംഗതി വായനക്കാരിൽ പലരേയും പിറകോട്ടു പിടിച്ചേക്കും. മറെറാന്നിലുമല്ല, അതു ചക്രത്തിന്റെ കാര്യത്തിൽത്തന്നേ. ഉള്ളതു കളയുമ്പോൾ പുതുതായി പള്ളികളും സിമ്മനാരികളും മററും ഉണ്ടാവേണ്ടയോ? അതിന്നു പണം എവിടെനിന്നു? വിയത്തൊലിച്ചുണ്ടാക്കിയ പണം അതിന്നായി നൽകാൻ പ്രയാസംതന്നെ. ഇവിടെ പഴയ കഴക്കോലും ജീർണ്ണിച്ച മതിലും തന്നേമതി. വഴക്കിനും നടക്കുന്നില്ല; വാശിക്കുംപോകുന്നില്ല. സൌകര്യമുള്ളപ്പോൾ ഒന്നു പള്ളിയിൽ പോകണം. അതിന്നു, പൂർവ്വന്മാരുടെ പുണ്യംകൊണ്ടു നമുക്കു യാതൊരു കുഴപ്പവും നേരിട്ടിട്ടുമില്ല. മനസ്സുള്ളപ്പോൾ ഏതു പള്ളിയിലേക്കെങ്കിലും നമുക്കു പോകാം. ബാവായേയും കാണേണ്ടാ, മെത്രാച്ചനേയും നോക്കേണ്ട. എന്തിനു പുതിയ പള്ളികൾ വെക്കുന്നു? ഈ മെത്രാച്ചന്മാർക്കും മററും അധികാരം നടത്താൻ ഇടങ്ങളുണ്ടാക്കാനോ? എന്നിട്ടു നമുക്കു കിട്ടുന്ന ലാഭം? പഴയതിലായാലും പുതിയതിലായാലും ചെയ്യുന്ന കർമ്മങ്ങൾ ഒന്നുതന്നേ എന്നു



ള്ളതു നിശ്ചയം. പുതുപ്പള്ളികളുണ്ടാക്കാനും മററും അത്ര വലിയ മഹാപരാധങ്ങൾ കാരണവന്മാരും ചെയ്തിട്ടില്ല. ശീമക്കാർ ദുരാധികാരം നടത്തുമത്രേ! ആരോടു? നമ്മോടൊ? അതിന്നൊരിക്കലും ഇടവരികയില്ല. ശീമക്കാർ മെത്രാച്ചന്മാരുമായി വഴക്കടിച്ചേക്കും. അതിന്റെ കാര്യം അവർ തമ്മിൽ തീർത്തുകൊള്ളുകയും ചെയ്യും. പെണ്ണിനെ കെട്ടിക്കുകയും മാമോദീസാ മുക്കിക്കുകയും മാത്രമേ നമുക്കു വേണ്ടു. ചക്രമുണ്ടെങ്കിൽ അതിനൊന്നും പ്രയാസമുള്ള കാലമല്ല ഇതു. പള്ളിവെച്ചുവോ, സിമ്മനാരി പണിയിച്ചുവോ, മെത്രാച്ചനെ കണ്ടുവോ, ബാവായെ നോക്കിയോ—എന്നൊന്നും അച്ചന്മാർ ചോദിക്കുകയില്ല. കൈ മടക്കിയാൽ അവർ കാര്യത്തിൽ പ്രവേശിക്കുകയായി. ശീമക്കാർ ഭരിച്ചാലും നാട്ടുകാർ ഭരിച്ചാലും അവനവൻ ചൊവ്വായി നടന്നാലേ മോക്ഷം കിട്ടുകയുള്ളു. പുതിയ പള്ളികൾ വെച്ചിട്ടു ഇവിടെ ലാഭവും വേണ്ടാ; മാനവും വേണ്ട.

എല്ലാവരും ഇത്തരക്കാരല്ലെങ്കിലും, ചക്രത്തോടടുക്കുമ്പോൾ വേഷം പകരുന്നവരായിരിക്കും അധികവും. പഴയവ ഉപേക്ഷിക്കുന്നതിന്നു യാഥാസ്ഥികത്വം ചിലരെ അനുവദിക്കയുമില്ല. ദുർല്ലഭം ചിലർ എന്തെങ്കിലും വരട്ടെ എന്നുകരുതി മുന്നോട്ടു ചാടി എന്നു വരാവുന്നതാണു. ഉടൻ അവൻ മററുള്ളവരുടെ ദൃഷ്ടിയിൽ മണ്ടച്ചാരായിത്തീരുകയായി. പിതാക്കന്മാരോടു സ്നേഹമില്ലാത്തവൻ; സഭയെ ദ്രോഹിക്കുന്നവൻ; സ്വാതന്ത്ര്യപ്രിയൻ—മുതലായ സ്ഥാനമാനങ്ങൾ ധാരാളം. പുതിയപള്ളി വെയ്ക്കാനായി വല്ലവനും ഒരുമ്പെട്ടാൽ എല്ലാവരും അവന്റെ പിറ

www.malankaralibrary.com



കെ ഓട്ടവുമായി. ദൈവത്തിന്നു വിരോധമായ ഒരു പാപമാണു അവൻ ചെയ്യുന്നതെന്നവിധം കഴിവുള്ള ദുർഘടങ്ങളെല്ലാം ഉണ്ടാക്കുകയും ചെയ്യും.

മലങ്കര സഭയെ അവരവരുടെ കഴിവും അറിവും അനുസരിച്ചു നേരെയാക്കാൻ പുറപ്പെട്ടവൎക്കു പഴയ കാലത്തുണ്ടായിട്ടുള്ള അനുഭവം നോക്കുമ്പോൾ ഇപ്പോഴത്തേതിലൊന്നും അത്ഭുതപ്പെടേണ്ടതായിട്ടില്ല തന്നേ. പത്തൻപതുകൊല്ലം മുമ്പു, അന്നത്തെ സാഹചര്യവും വിജ്ഞാനവും അനുസരിച്ചു, മലങ്കര സഭയെ പരിഷ്കരിപ്പാൻ പുറപ്പെട്ടവൎക്കു ലഭിച്ച പ്രതിഫലം എന്തായിരുന്നു? കഴുത്തിനു പിടിച്ചൊരു തള്ളും, തലയ്ക്കിട്ടൊരു കിഴുക്കും! ജീവനേ എന്നും പറഞ്ഞു അവർ തൽക്ഷണം പമ്പ കടന്നു. ആ സമ്മാനം അവൎക്കെന്തൊരു ഉപകാരമായിത്തീൎന്നുവെന്നോ! മാൎത്തോമ്മാ സമുദായത്തിന്റെ ഇന്നത്തെ നില അതിനെ വ്യക്തപ്പെടുത്തുന്നുണ്ടു. അൻപതു കൊല്ലത്തിനു മുമ്പോ? കല്ലേറുകൊണ്ടു കുറെപ്പേർ ഓടിപ്പോയി ആംഗ്ലേയരായിത്തീൎന്നില്ലയോ? അഞ്ഞൂർക്കാർ ഉണ്ടായതോ? ഇപ്പോഴത്തെ മെത്രാക്കക്ഷിയോടു സ്വസഹോദരങ്ങൾ ചെയ്തുവരുന്നതോ? നന്നാക്കാൻ പുറപ്പെടുന്നവനു പുറത്തു പോകാതെ നിൎവ്വാഹമില്ല. അടുത്ത കാലത്തു തള്ളുകൊണ്ടിട്ടോ, തൊഴിയേററിട്ടോ ആരെല്ലാമായിരിക്കാം ഓടിപ്പോകാനിടയുള്ളതെന്നാണു് ഞങ്ങൾ നോക്കുന്നതു. പൂൎവ്വകഥകളെ അനുസ്മരിക്കുമ്പോൾ ബഹിഷ്കരണം അനുഗ്രഹപ്രദമായിരിക്കാനേ ഇടയുള്ളൂ എന്നു കാണാം. അതിനാൽ പത്തിരുപതു കൊല്ലത്തിന്നിപ്പുറമായി സമുദായസേവനം ചെയ്തിട്ടുള്ളവൎക്കെല്ലാം തൊഴിയും ഇടിയും ഏ



ല്ക്കാനുള്ള കാലവും നേരവും ആസന്നമായിരിക്കയാണെന്നാണു ഞങ്ങളുടെ ഊഹം. ഈ ഊഹം പിഴയ്ക്കാനിടയില്ലെന്നു വായനക്കാരും മൂളുമായിരിക്കണം. ഏതായാലും ബഹിഷ്കരണം മൂലം ഭാഗ്യവാന്മാരായിത്തീരാനിടയുള്ള ആ സമുദായ നേതാക്കന്മാരെ ഇപ്പോഴേ ഒന്നു അഭിനന്ദിച്ചാലോ എന്നു ഞങ്ങൾക്കു തോന്നുകയാണു്. ശ്രീമാന്മാരായ ഇ. ജെ. ജോൺ, എം. എ. ചാക്കോ, കെ. സി. മാമ്മൻ മാപ്പിള, പത്രോസ് മത്തായി, എ. പീലിപ്പോസ്, കെ. ജി. ചെറിയാൻ, ഒ. എം. ചെറിയാൻ, കെ. വി. ചാക്കോ മുതലായവർ ഏറു കൊണ്ടു പമ്പരം കറങ്ങുന്ന സമയം ആസന്നമായിരിക്കയത്രേ. എവിടെയും ഒരു ജോണും, ഒരു ചാക്കോയും, ഒരു മാമ്മനും, ഒരു പീലിപ്പോസും, മററും കാണാതിരിക്കയില്ല. കഴിഞ്ഞ കാതോലിക്കാവാഴ്ചയിൽ കോട്ടയം മണ്ഡപത്തിൽ പ്രത്യക്ഷപ്പെട്ടതു അവരിൽ ചിലരായിരുന്നുവല്ലോ. മെസേഴ്സ് എരികാട്ടു കുഞ്ചപ്പൻ, കരവട്ടു കുഞ്ചപ്പൻ, മാത്തുള്ളമാപ്പിള, കൊച്ചീപ്പത്തരകൻ, മുതലായവൎക്കും അവരുടെ അധിനായകനായ മിസ്റ്റർ ജോർജ്ജ് ഫിലിപ്പിന്നും വെയിലത്തു നിന്നു ഏത്തമിടേണ്ടതായിത്തന്നേ വരുമായിരിക്കും. സഭയെ നന്നാക്കാൻ പുറപ്പെട്ടവൎക്കു അതല്ലാതെ മററൊന്നും കിട്ടുകയില്ലതന്നേ. അവരൊക്കയും കയ്യാലയ്ക്കു പുറത്തു പോവുക തന്നേ വേണം താനും. യാതൊരു വ്യവസ്ഥയും ഇല്ലാത്തേടത്തൊക്കയും അനുഭവം ഇങ്ങിനെയായിരിക്കുമല്ലോ. അതില്ലാത്ത തരക്കേടല്ലാതെ മലങ്കര സഭയ്ക്കു വേറെ പറയത്തക്കതായി എന്താണൊരു ദൂഷ്യം?

www.malankaralibrary.com



കാതോലിക്കാ സിംഹാസനത്തെ പിടിയ്ക്കുവാനും ഉയർത്തുവാനുമുള്ള പ്രയത്നങ്ങളെ രണ്ടു തരത്തിലായി ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ഒന്നുകിൽ വ്യവഹാരത്തിന്നായി കോപ്പിട്ടിറങ്ങണം. അല്ലെങ്കിൽ ഉടുത്ത മുണ്ടും രണ്ടാം മുണ്ടുമായി പുറത്തിറങ്ങി കാലക്ഷേപത്തിന്നുള്ള മാർഗ്ഗം അന്വേഷിക്കണം. ഒടുവിൽ പറഞ്ഞ പ്രസ്ഥാനത്തെ കൈക്കൊള്ളുന്നവരായി കുറെ പേരെങ്കിലും ഉണ്ടാവാതിരിക്കയില്ലെന്നുള്ളതു നിശ്ചയം തന്നേ. പക്ഷേ, ആ പ്രസ്ഥാനംകൊണ്ടു മലങ്കരയിൽ പുതുതായ ഒരു സഭാവിഭാഗവും കൂടി ഉണ്ടായിത്തീരും എന്നല്ലാതെ വിശേഷവിധിയായ ഒരു പ്രയോജനം പ്രത്യാശിക്കാവുന്നതാണോ? എന്തെങ്കിലും ഒരു സാധനം എടുക്കുമ്പോൾ അതു പൊക്കിയാൽ പൊങ്ങുമോ, ഉന്തിയാൽ നീങ്ങുമോ എന്നു വേണം നാം മുൻകൂട്ടി ആലോചിക്കുവാൻ. അതല്ലാതെ, ചുരുക്കം പേർ എന്തെങ്കിലും വരട്ടെ എന്നു ധൈര്യപ്പെട്ടു തോളും കാണിച്ചു പുറപ്പെട്ടാൽ അവർക്കു ലഭിക്കുന്ന അനുഭവം മുമ്പൊരിക്കൽ തെങ്ങു വെട്ടിയിട്ടതു പോലെയായിരിക്കും. തെങ്ങിന്റെ ആകെയുള്ള നീളം എല്ലാവരും കൂടി കണക്കാക്കി. ഒരു കോലിന്നു ഈരണ്ടു പേർ എന്നു നിശ്ചയിച്ചു തെങ്ങിനു നേരെ അവർ ഒരണിയായി നില്ക്കുകയും ചെയ്തു. കോടാലിയെടുത്തു ഒരാൾ വെട്ടും ആരംഭിച്ചു. സ്വല്പം കഴിഞ്ഞപ്പോൾ, "അതാ, വരുന്നു; പിടിച്ചോണേ.!" എന്നു വെട്ടുകാരന്റെ നിലവിളി. "ഓ ഹോ! റെഡി!" എന്നു മററുള്ളവർ പ്രത്യുത്തരവും നൽകി. ഞൊടിയിടയിൽ തെങ്ങു താഴെ.



ബഥനിയില്ലയോ?

ഉണ്ടു്; ഇല്ലെന്നാരും പറഞ്ഞിട്ടില്ല, പറയുകയുമില്ല. ഇപ്പോഴത്തെ നിലയിൽ മേലിലും ബഥനിക്കു നില്ക്കരുതോ? ആവാം; യാതൊരു രഹസ്യവുമുണ്ടാകാൻ ഇടയുള്ളതല്ല. നാടും വീടും വിട്ടവർക്കു, മേലും കീഴും ആലോചിച്ചിട്ടാവശ്യമില്ലല്ലോ. പക്ഷേ, അവർക്കിപ്പോൾ ഒരു അബദ്ധം പററിയിരിക്കുകയാണ്. നിസ്സഹായരായിത്തീർന്ന മനുഷ്യരെ രക്ഷപ്പെടുത്തുവാൻ അവർ താഴെ ഇറങ്ങിവന്നു. ആവശ്യമില്ലാത്ത പ്രവൃത്തിയായിരുന്നു ഇതു്. മനുഷ്യർ മുങ്ങുകയോ ചാവുകയോ എന്തെങ്കിലും ആയിക്കൊള്ളട്ടെയെന്നു കരുതി ഇരുന്ന പാട്ടിൽ ഇരുന്നാൽ മതിയായിരുന്നു അവർക്കു. പക്ഷേ, അവർ അതു ചെയ്തില്ല. അബദ്ധം, വിഡ്ഢിത്തം എന്നല്ലാതെ എന്തുപറയാം! ആശ്രമം സ്ഥാപിക്കപ്പെട്ടതിന്റെ ശേഷം ഇങ്ങിനെ ഒരു ഗൃഹപ്പിഴ അവർക്കു പററിയിട്ടുണ്ടോ എന്നതു സംശയമാണ്. ഇപ്പോൾ കിടന്നു വിഷമിക്കുകയും നെട്ടവീർപ്പിടുകയും ചെയ്യുന്നു. ഉടഞ്ഞ കപ്പലിനെ നോക്കാതെ അവർ മലയിൽത്തന്നേ ഇരുന്നിരുന്നെങ്കിൽ ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല. ചുമതലയില്ലേ? കടമയില്ലേ? സ്നേഹം വേണ്ടേ? എന്നാണു അവരുടെ സമാധാനം. ഇതു വല്ലതും മലങ്കര സുറിയാനി സഭയിൽ നിഷ്പ്രയാസം വിററഴിയുന്ന ചരക്കുകളോ? അതിനാൽ അവരെ അധിക്ഷേപിക്കുക തന്നേ; ദ്രോഹിക്കുക തന്നേ; കഴിയുമെങ്കിൽ ദണ്ഡിപ്പിക്കുകയും വേണം. മലങ്കര സഭയെ രക്ഷപ്പെടുത്താ, നല്ലാ, മുടിയ്ക്കാൻ തീർന്നവരാണവർ. സ്വാർത്ഥപ്രിയന്മാർ! സ്വാതന്ത്ര്യേച്ഛുക്കൾ! ആശ്രമം ഉണ്ടാക്കിയും പള്ളികൾ

www.malankaralibrary.com



വെച്ചും സർവ്വവും നശിപ്പിച്ചുകളഞ്ഞു. ഇപ്പോൾ താങ്ങുവാനായി ഇറങ്ങിയിരിക്കുന്നു! ഒരു പിടി അരിപോലും അവക്കായി മേലിൽ കൊടുക്കരുതു. കാണിക്കയും പിരിവും എല്ലാം അവിടെ കിടക്കണം. സർവ്വരും പട്ടിണികിടന്നു പല്ലിളിക്കട്ടെ. ഇതുവരെ കൊടുത്തതിന്റെ ഗുണം കണ്ടുതുടങ്ങിയല്ലോ!

യാക്കോബായ സഭയുടെ പൂർവ്വ ചരിത്രം നോക്കുമ്പോൾ ഇത്തരം കീർത്തിമുദ്രകളും മംഗളാശംസകളും തന്നെയാണ് അതിനെ ഉദ്ധരിക്കാൻ ഒരുമ്പെട്ടവർക്കെല്ലാം സമ്മാനമായി ലഭിച്ചിട്ടുള്ളതെന്നുള്ളതിനാൽ ഇതിലൊന്നും ആശ്ചര്യം തോന്നാൻ ഇടയില്ല.

ബഥനിക്കു ഇങ്ങിനെതന്നെ നില്ക്കരുതോ എന്നു ചോദിക്കുന്നതിൽ ഒരു ഉദ്ദേശമുണ്ടെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. അതു, മററുള്ളവർക്കും ബഥനി ആശ്രയമാവാൻ ഇടയാവണമെന്നുള്ളതുതന്നെ. ഇങ്ങിനെയാകുമ്പോൾ ബഥനി, സഭയായിത്തീരണമെന്നാണ അഭിലാഷം എന്നു സ്മരിക്കുന്നു. അതേ, ആശ്രമസ്ഥരെ പ്രത്യേകം ഒരു വകുപ്പാക്കി നിറുത്തിയിട്ട് ബഥനി മററുള്ളവരേയും അതിൽ ചേർക്കത്തക്കവണ്ണം ഒരു പുതിയ പദ്ധതി നിർമ്മിക്കണം. ചുരുക്കിപ്പറഞ്ഞാൽ, അതു ഒരു പുതിയ സഭയായിത്തീരണമെന്നുതന്നെ. ബഥനി ആ വിധത്തിൽ ഒരു സഭയായിത്തീരുമ്പോൾ പുതിയ പള്ളികളും മററും സ്ഥാപിക്കപ്പെടുന്നതിനു എന്താണ വിശേഷാൽ ഒരു കഴിവും സൌകര്യവും ഉള്ളതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കാതോലിക്കാസ്ഥാപനത്തെ ആധാരമാക്കി ജീവിക്കുമ്പോഴത്തെപ്പോലെയുള്ള ദുർഘടങ്ങൾ ഇതിനും ഉണ്ടാകാവുന്നതാ



ണു. ബഥനിമെത്രാപ്പോലീത്തായായ ഒരാളിൽ ഉള്ള വിശ്വാസവും മതിപ്പുമാണ് ഈ അഭിപ്രായത്തിനു നിദാനമെങ്കിൽ, അതിനോടു യോജിക്കുവാൻ പലതുകൊണ്ടും ബുദ്ധിമാന്മാർ ഒരുങ്ങുകയില്ലായിരിക്കും. കെട്ടിടത്തിന്റെ ബലം നോക്കാതെ നശ്വരനായ ഒരാളിനെ തൂങ്ങിനിന്നാൽ വരാവുന്ന വിപത്തുകൾ മലങ്കര സഭയുടെ പല പല ഘട്ടങ്ങൾ നമ്മെ നന്നായി പഠിപ്പിച്ചിട്ടുണ്ടു. സ്ഥാപനയുടെ ബലംനോക്കാതെ ആളിന്റെ പ്രാപ്തിയെ മാത്രം ആശ്രയിപ്പാൻ മേലിലെങ്കിലും നമുക്കു ഇടയാവാതിരിക്കട്ടെ. ഒരാളുടെ ബുദ്ധികൊണ്ടോ സാമർത്ഥ്യംകൊണ്ടോ ആൾ ജീവിച്ചിരിക്കുന്നേടത്തോളം കാലം ക്ഷേമവും ഐശ്വര്യവും ഉണ്ടാകുമായിരിക്കാം. എങ്കിലും ആ ആളുടെ നിര്യാണത്തോടുകൂടി അവയെല്ലാം അസ്തമിക്കാതെ ഗത്യന്തരമില്ല. സ്ഥാപനം, വ്യവസ്ഥിതമല്ലായ്കയാൽ വരാവുന്ന ദൂഷ്യം ഇതത്രേ. ഓരോ മെത്രാപ്പോലീത്തന്മാരുടേയും കാലശേഷം ഉണ്ടായിട്ടുള്ള അനർത്ഥങ്ങൾ ഇതിനെ സാക്ഷിപ്പെടുത്തുന്നുണ്ടല്ലോ. 84-ൽ കാലംചെയ്ത പുലിക്കോട്ടു മാർ യൌസേഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അന്തർദ്ധാനത്തോടുകൂടി മലങ്കരസഭ ഉടൻ ഒരു വൻകുഴിയിൽ അധഃപ്പതിച്ചുപോയി. ഇനി വരാൻ പോകുന്നതോ? അതിന്റെ ശേഷമോ? ആളെ മാത്രം അവലംബിച്ചുനിന്നതിന്റെ ദോഷം വേണ്ടുവോളം നാം അനുഭവിച്ചുകഴിഞ്ഞു എന്നിട്ടും വീണ്ടും ആ കണിയിൽ വീഴുവാൻതക്കവണ്ണം നാം അന്ധരായിത്തീരരുതു. രാജാവാകാനുള്ള മോഹംകൊണ്ടു രാജ്യം ഉണ്ടാക്കുന്നവരുടെ കൂട്ടത്തിൽ ബഥനിത്തിരുമേനിയെ ഉൾപ്പെടുത്താമോ? പരിഷ്കൃതാ

www.malankaralibrary.com



ശയനം വിശാലഹൃദയനുമായ അദ്ദേഹം പുതിയ ഒരു സഭയുണ്ടാക്കി അതിലെ ഭരണാധികാരിയായി വാഴാൻ ഒരുമ്പെടുകയില്ലായിരിക്കണം. പിന്നെയെന്തിനു നാം ആ കൊമ്പിന്മേലും തൂങ്ങാൻ പോകുന്നു? ക്ഷേമകരം എന്താണെന്നുള്ളതിനെപ്പററി നമുക്കു ഇനിയും ചിന്തിച്ചു പോകാം.

BETHANY MADHAM TIRUVALLA

## IV

## നമുക്കാലോചിക്കാം.

...രാജി ഉണ്ടാകുമോ?—ഉണ്ടായാൽ?

യാക്കോബായ സഭയെ പരമാർത്ഥമായി സ്നേഹിക്കുന്ന ഒരാൾക്കു മുമ്പും ഇപ്പോഴുമുള്ള അതിൻെറ കഷ്ടാവസ്ഥയെപ്പററി ഓർക്കുമ്പോൾ തീർച്ചയായിട്ടും കണ്ണിൽ വെള്ളം നിറയാതിരിക്കുകയില്ലതന്നേ. വഴക്കും ഛിദ്രവും മാത്രമേ അന്നും ഇന്നും അതിൽ കാണപ്പെടുന്നുള്ളു. ഒന്നു തീരുമ്പോൾ മറെറാന്നു തലയുയർത്തിക്കാണുക അതിൽ പതിവത്രേ. സാമാന്യം പേരും ഇരുപതു കൊല്ലമായിട്ടും പിന്നേയും നീണ്ടുനീണ്ടു പോകുന്ന തല്ക്കാലത്തെ കുഴപ്പത്തെപററി മാത്രമേ വിചാരിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്നുള്ളു. ഇരുപതു കൊല്ലം മുമ്പുള്ള സ്ഥിതിയെന്തായിരുന്നു? അൻപതു കൊല്ലം മുമ്പുള്ള അവസ്ഥ എങ്ങിനെയായിരുന്നു? എണ്ണൂറും നൂറും കൊല്ലങ്ങൾക്കുമുമ്പുള്ള നിലയും എന്തായിരുന്നു? അന്നും ഇന്നും ഒരുപോലെയാണെന്നു കാണുമ്പോൾ വാസ്തവമായും നാം നെടുവീർപ്പിടുകതന്നേ ചെയ്യും.



ഏതുകാലത്തും കലഹവും ലഹളയും തന്നേ. തന്നിമിത്തം സദായ്പ്പോഴും നെഞ്ചു തിരുമ്മി ഓടി നടക്കുവാനല്ലാതെ മെത്രാച്ചന്മാർക്കും സഭാംഗങ്ങൾക്കും കഴിവുണ്ടായിട്ടില്ല. "ഈ വഴക്കു ഇപ്പോൾ തീരും; ഈ കലഹം ഇപ്പോൾ അവസാനിക്കും" എന്നിങ്ങിനെ ആശ്വസിച്ചു കുഴിയിലേക്കിറങ്ങിപ്പോയവരുടെ സന്താനങ്ങളായ നാമും, അവരുടെ ആ പ്രത്യാശയെത്തന്നേ ഉരുവിട്ടുകൊണ്ടു കാലം കഴിക്കുന്നു. സ്വല്പകാലമെങ്കിലും അനർത്ഥം കൂടാതെ മലങ്കരസഭ പ്രശാന്തമായിക്കിടക്കുന്നതു കാണുവാൻ നമ്മുടെ പൂർവന്മാർക്കും തന്നേ ഭാഗ്യമുണ്ടായിട്ടില്ല. ഐശ്വര്യവും അഭിവൃദ്ധിയും ഇല്ലാതെ നാൾക്കുനാൾ അതു ദയനീയമായവിധം ക്ഷയിച്ചു ക്ഷയിച്ചുതന്നേ പോകുന്നു.

ഏകദേശമൊരു പ്രമേഹരോഗിയെപ്പോലെയാണു യാക്കോബായസഭയെന്നു തോന്നാവുന്നതാണു. ദേഹത്തിൽ ഒരു ചെറിയ പരു കാണുമ്പോൾ വല്ലതുമൊരു എണ്ണയോ ഔഷധമോ അതിന്മേൽ നാം പുരട്ടുകയായി. തന്നിമിത്തം അതു സ്വല്പം കരിഞ്ഞു തുടങ്ങുമ്പോഴേയ്ക്കും, അതിനേക്കാൾ വലിയതായ മറെറാന്നായിരിക്കും തൽക്ഷണം ആവിർഭവിക്കുക. അതും, ശസ്ത്രക്രിയ ചെയ്തോ മറേറാ ഭേദപ്പെടുത്തിക്കഴിയുന്ന ഉടനെ വേറൊരു മുഴുത്ത പരു പ്രത്യക്ഷമാവുകയായി. രോഗത്തിന്നായി ചികിത്സ നടത്താതെ അപ്പപ്പോൾ ഉണ്ടാകുന്ന പരുക്കൾക്കുമാത്രം എണ്ണയും ഔഷധവും പുരട്ടിയാൽ ഫലം എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. യാക്കോബായ സഭക്കു സ്ഥായിയായ ഒരു രോഗമുണ്ടെന്നു ഇന്നേവരെ ആ

www.malankaralibrary.com



തിൽ ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെയെടുത്തു വിശകലനം ചെയ്തുനോക്കുമ്പോൾ ആൎക്കും ഗ്രഹിക്കാവുന്നതാണു. താല്ക്കാലികമായി ഉണ്ടാകുന്ന കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാക്കുക മാത്രം ചെയ്യാതെ, മേലിൽ യാതൊരു വക കുഴപ്പവും പുറപ്പെടാതവണ്ണം കരുതലുകൾ ചെയ്കയാണല്ലോ അതിനാൽ വേണ്ടിയിരിക്കുന്നതു.

ഇപ്പോഴുള്ള കുഴപ്പം ഒരു തരത്തിലും അവസാനിക്കാത്തതാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല. വല്ല വിധത്തിലും ഇതു ശമിക്കട്ടെയെന്നു ഹൃദയപൂർവം ആഗ്രഹിക്കുന്നവരായി കുറെ പേർ രണ്ടു കക്ഷിയിലും പ്രത്യക്ഷപ്പെട്ടു തുടങ്ങീട്ടുണ്ടു. വഴക്കു പറഞ്ഞും വ്യവഹാരം ചെയ്തും എല്ലാവരും ഒരു വിധം മടുത്തിരിക്കുന്ന അവസരവുമാണിതു. ഇരുപതു കൊല്ലമെന്നു പറഞ്ഞാൽ 240 മാസമെന്നാണ് അൎത്ഥം. 240 മാസമോ, ഏഴായിരത്തി മുന്നൂററി അഞ്ച് ദിവസവുമത്രേ. സഭാസംബന്ധമായ കാൎയ്യം പറയുമ്പോൾ അനേകം പേരും ചെവിയും പൊത്തി നടന്നു കളയുക സാധാരണമായിരിക്കുന്നു ഇപ്പോൾ. രാജിയ്ക്കുള്ള വ്യവസ്ഥകളായി വലിയ തിരുമേനി കല്പിക്കുന്നതു കേവലം സ്വാൎത്ഥപരമല്ലെന്നു ബാവാക്കക്ഷികൾക്കും അനുഭവംകൊണ്ടു മനസ്സിലാവുകയാണു. തിരുമനസ്സിലെ കാലം കഴിഞ്ഞാൽ മുഴുവനും വ്യവസ്ഥയില്ലാത്ത ശീമഭരണം തന്നേയായിരിക്കുമെന്നു ആ ഭാഗത്തുള്ള മെത്രാച്ചന്മാൎക്കും ഊഹിക്കാവുന്നതത്രേ. പക്ഷേ, അപൂൎവം ചില പള്ളിപ്രധാനന്മാരും കണക്കന്മാരുമായിരിക്കും സമാധാനാലോചനയിൽ വടി തിരുകുവാൻ തുടങ്ങുക. അവകളെല്ലാം തട്ടിത്തകൎത്തു കൊണ്ടു മുന്നോട്ടു



പോയാൽ രാജി ഉണ്ടായിക്കൂടാത്തതല്ല എന്നു വിചാരിക്കാം. തല്ക്കാലരോഗശമനാൎത്ഥമല്ലാതെ സഭയുടെ സുസ്ഥിരമായ ക്ഷേമത്തെ മുഴുവനോടെ ഗൌനിച്ചുകൊണ്ടു അങ്ങിനെയൊന്നു സാധിക്കുമോ എന്നതിൽ മാത്രമേ ഞങ്ങൾക്കു സന്ദേഹമുള്ളു. ഇരുപതു കൊല്ലമായിട്ടു വന്ന നിലയിൽ നില്ക്കുന്ന പരുവിനെ ഉദ്ദേശിച്ചു നല്ലതായ ഒരു എണ്ണയോ മറേറാ ഉണ്ടാക്കി അതിന്മേൽ ധാര ഒഴിക്കാവുന്നതായിരിക്കും. തന്നിമിത്തം പരുവങ്ങു കരിഞ്ഞുപോവുകയും ചെയ്തേക്കും. സ്ഥായിയായ രോഗമോ?

### രാജി നടക്കുകയില്ലപോൽ!

“ഇങ്ങിനെയൊക്കെ അതുമിതും ആശിച്ചും വിചാരിച്ചും എന്തിനു സമയം കളയുന്നു? രാജി അസാധ്യമെന്നു കണക്കാക്കിയാൽ മതി. അഥവാ വല്ല തരത്തിലും അങ്ങിനെ ഒന്നു ഉണ്ടായതുകൊണ്ടു യാതൊരു പ്രയോജനവും ആശിക്കാവതല്ല” എന്നും മററുമാണ് കോട്ടയം പഴയ സിമ്മനാരിയിൽനിന്നു പുറപ്പെടുന്ന ഈ ജൂലായിമാസത്തെ “വൈദികൻ” പറയുന്നതു. “വൈദികൻെറ” ഏതാനും ചില വാചകങ്ങൾതന്നേ ഞങ്ങളിവിടെ ഉദ്ധരിച്ചു കളയാം.

‘സമാധാനം’ ‘സമാധാനം’ എന്നുള്ള മുറവിളി സമുദായമദ്ധ്യത്തിൽ പൊങ്ങിക്കൊണ്ടേ ഇരിക്കുന്നു. ഇപ്പോഴത്തെ നിലയിൽ അതു സാധിക്കുമെന്നു ഞങ്ങൾക്കു അശേഷം വിശ്വാസമില്ല................അവ്യവസ്ഥിതമായ ഈ ശീമഭരണം ഇവിടെ നിലനില്ക്കാൻ അനുവദിക്കുന്നേടത്തോളം സഭയിൽ സമാധാനം ഉണ്ടാവുകയോ? അതസാദ്ധ്യം. മലങ്കരയുള്ള സകല മേൽപ്പട്ടക്കാരും പട്ടക്കാരും സമുദായാംഗങ്ങളും ഒന്നു ചേൎന്നു സമാധാനത്തിനായി അപേക്ഷിച്ചാലും, ‘ആ സമാധാനത്തിൻെറ

www.malankaralibrary.com



മാലാഖാ അതിന്നനുകൂലിക്കുമെന്നു വിചാരിക്കുന്നതിൽപരം ഭോഷത്വം മററില്ലതന്നെ.

'വീണ്ടും സമാധാനാലോചന ഇതാ ഉയൎന്നുവരുന്നു. നല്ലതുതന്നെ. പക്ഷേ അനുഭവം പണ്ടത്തേതുതന്നെ ആയിരിക്കാം. അല്ല, വല്ല തരത്തിലും സമാധാനം ഉണ്ടായി എന്നു വരട്ടെ. എന്നാലും അനിയന്ത്രിതമായ മട്ടീൻ ഭരണത്തെ ഒന്നു നിയന്ത്രണം ചെയ്യാത്ത കാലത്തോളം ശാശ്വതമായ ഒരു സമാധാനം ഉണ്ടാകുമെന്നു ഞങ്ങൾ സ്വപ്നേപി വിചാരിക്കുന്നില്ല'. (ഇതിലെ കീഴ്‌വരകൾ ഞങ്ങളുടേതാണ്.)

രാജ്യകാൎയ്യം സംബന്ധിച്ചു മിസ്റ്റർ എം. പി. വൎക്കിയും പറയുന്നതു ഏകദേശം ഇത്തരത്തിൽത്തന്നേയാകുന്നു. ഇയ്ക്കഴിഞ്ഞ കൎക്കടകം ൧൮-ാം തിയതിയിലെ "മനോരമ"യിൽ "സുറിയാനിസഭാകാൎയ്യം" എന്ന തലക്കെട്ടിൽ അദ്ദേഹമെഴുതിയ ലേഖനത്തിൽ ഇങ്ങിനെ കാണുന്നു.

'.....................അന്ത്യോഖ്യാപാത്രിയൎക്കീസു സമ്മതിക്കാത്ത ഏതു തീരുമാനവും വിഫലമാകാനേ വഴിയുള്ളു. ഒന്നുകിൽ പാത്രിയൎക്കീസുകൂടി സമ്മതിക്കുന്ന ഒരു മദ്ധ്യസ്ഥനോ മദ്ധ്യസ്ഥസംഘമോ ഉണ്ടാവണം. അല്ലാത്തപക്ഷം—എന്നുവെച്ചാൽ പാത്രിയൎക്കീസു മദ്ധ്യസ്ഥതീരുമാനം സമ്മതിക്കാത്തപക്ഷം—അദ്ദേഹത്തെ മലങ്കരസഭയിൽ നിന്നു പാടെ ബഹിഷ്കരിക്കാൻ ജനസാമാന്യം തയാറാകണം. ഈ ഒടുവിൽ പറഞ്ഞ പദ്ധതിക്കു കോർട്ടു വിധികളും ഒരു ന്യൂനപക്ഷത്തിന്റെ പരമാൎത്ഥബോധവും പ്രതിബന്ധമായി നില്ക്കുന്നുണ്ടു. ഇതൊന്നും ആലോചിക്കാതെ.....................യാതൊരു ഫലവുമില്ലെന്നാണ് എന്റെ അഭിപ്രായം'.

അതിനാൽ എന്തുവേണം?

തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള യാക്കോബായക്കാരുടെ സംഖ്യ രണ്ടോ, ഏറിയാൽ മൂന്നോ ലക്ഷം വരുമായിരിക്കണം. അതുതന്നേ ഇപ്പോൾ രണ്ടു പൊളിയായി കിടക്കുകയുമാണല്ലോ. അതിൽ ബാവാ കക്ഷിയോ



ടായി ഭാവിയെപ്പററി യാതൊന്നും പറഞ്ഞാൽ തല്ക്കാലമൊന്നും അവരുടെ തലയിൽ കയറുമെന്നു തോന്നുന്നില്ല. അതിൽ ഇനി വല്ല ഭൂകമ്പമോ ജലപ്രളയമോ ഉണ്ടാവണം. അപ്പോൾ കുറെ പേരുടെ കണ്ണുകൾ തുറക്കും. തുറക്കാത്തവർ യഥാൎത്ഥബാവാകക്ഷികളായി അവശേഷിക്കുകയും ചെയ്യും. ഇതിന്നുള്ള കാലവും നേരവും അധികം അകലമല്ലെന്നു പറയേണ്ടതായിട്ടില്ല. സ്വചരാപൂൎവ്വമായ അന്ത്യോഖ്യാബന്ധം അന്തഃഛിദ്രങ്ങളുടെ ആവനാഴിയത്രേ. മെത്രാച്ചന്മാരെപ്പോലും അതു ആന്യോന്യം കടിപിടികൂട്ടും. സമാധാനവും സന്തുഷ്ടിയും കണികാണുകയുമില്ല.

ഇരുപതു സംവത്സരക്കാലം മുഴുവനും മെത്രാക്കക്ഷികളായി ജീവിച്ചവരോടു യാതൊന്നും ഇപ്പോൾ പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. ശീമബന്ധം വിപ്ലവബന്ധമാണെന്നു അവൎക്കു നന്നായിത്തന്നേ മനസ്സിലായിട്ടുണ്ടു. അതിനാൽ സന്ധിയുണ്ടായാലും വിസന്ധിയുണ്ടായാലും ഭാവി ആശാസ്യമായിരിക്കാൻ എളുപ്പമല്ലെന്നു അവർ നല്ലതുപോലെ പഠിക്കുകയും ചെയ്തിരിക്കുന്നു. വഴക്കിന്നും വ്യവഹാരത്തിന്നും ആസ്പദമായ പണവും കഴക്കോലും ഉപേക്ഷിപ്പാൻ അവർ സസന്തോഷം സന്നദ്ധരായിരിക്കുകയാണു. ആദൎശദേശം, അതിന്നനുസരണമായി ജീവിക്കുകയേ അവൎക്കു വേണ്ടു. കുളിച്ചു കഴിഞ്ഞ ഉടനെ ചേററിൽക്കിടക്കുന്ന പന്നികളായിരിപ്പാൻ അവരുടെ പൌരുഷവും ആത്മാഭിമാനവും വിശിഷ്യാ അവരുടെ ദേശസ്നേഹവും അവരെ ഒരുനാളും അനുവദിക്കുകയില്ല. നിൎദ്ദിഷ്ടസ്ഥലത്തെത്താതെ പുറപ്പെട്ട ഇടത്തേക്കായി പിന്തി

www.malankaralibrary.com



രിഞ്ഞുപോയി ഓച്ഛാനിച്ചുനില്പാനും അവൎക്ക പ്രയാസമത്രേ. അതിനാൽ എന്താണു ചെയ്യേണ്ടതെന്നു അവർ ഓരോരുത്തരും അവഗാഢമായിത്തന്നേ ചിന്തിക്കയാണിപ്പോൾ, എന്തെങ്കിലും വരട്ടെ; സ്വല്പംപേർ മാത്രമേയുള്ളുവെന്നുവരികിലും വേറിട്ടുനിന്നുകളയാമെന്നു വെക്കുവാൻ അവൎക്ക ഭയമാണു. അതെത്രമാത്രം പ്രായോഗികമായിത്തീരുമെന്നുള്ളതിൽ അവൎക്ക ശങ്കയുണ്ടു. വേർപിരിഞ്ഞുനില്ക്കുകയെന്നു പറഞ്ഞാൽ അതിന്റെ അൎത്ഥം പുത്തൻ ഒരു സഭയുണ്ടാക്കുകയെന്നാണു. പുള്ളിക്കുത്തുപോലെ ഓരോരുത്തരുടെ കാലത്തു ഇങ്ങിനെ അട്ടപ്പുകളുണ്ടാക്കി ഭാഗംതിരിഞ്ഞു പോകുന്നതിന്റെ ഗുണദോഷം അവൎക്കറിയാവുന്നതത്രേ. സാമൂഹികമായും രാഷ്ട്രീയമായും തെല്ലുപോലും അഭ്യുന്നതിയുണ്ടാകാത്ത ഒരു പ്രസ്ഥാനമാണു അതെന്നു അവൎക്ക ബോദ്ധ്യമുണ്ടു. ക്ലേശമാണെങ്കിൽ അത്യധികവും. അതിനാൽ അന്ത്യോഖ്യാ ഭ്രസ്സിൽനിന്നു തലയെടുത്തു വേറെ നില്ക്കുന്നതിൽഭേദം ഏതെങ്കിലും ഒരു കൂട്ടരുമായിട്ടങ്ങു യോജിച്ചുപോകരുതോ എന്ന സമ്പ്രദായത്തിലായിരിക്കുന്നു അവരുടെ ഇപ്പോഴത്തെ ചിന്താഗതി. ആരുമായിട്ടുവേണം യോജിക്കുവാൻ എന്നതിനെപ്പററി യാതൊരു തീൎച്ചയും അവർ ഇതുവരെയും ചെയ്കയുണ്ടായിട്ടില്ല. പലരും പല അഭിപ്രായക്കാരായി കാണപ്പെട്ടിരിക്കുന്നു. ചിലരുടെ അഭിപ്രായത്തിൽ,

മാൎത്തോമാക്കാരുമായി യോജിക്കരുതോ?

എന്നത്രേ. പത്തൻപതുകൊല്ലം മുമ്പുവരെ ഏകോദരസഹോദരരെപ്പോലെ നാമുമായി വൎത്തിച്ചിരുന്നവരാ



ണവർ. അന്ത്യോഖ്യാബന്ധത്തിൽ വെറുപ്പുതോന്നിയ അവർ വേറിട്ടുപിരിഞ്ഞുപോയി എന്നുമാത്രം. സാമുദായികമായി നോക്കുന്നതായാൽ ഗുണമാണു അതിനാൽ അവൎക്ക ലഭിക്കുകയുണ്ടായിട്ടുള്ളതും. വഴക്കം വയ്യാവേലിയും പറയത്തക്കതായി അതിൽ കാണപ്പെടുന്നില്ല. ഭരണമോ ഘടനയോ ഏതെല്ലാമൊക്കെ ഉണ്ടുതാനും. പരാശ്രയംകൂടാതെ ജീവിക്കത്തക്ക ഒരു നില്ക്കള്ളി അതിന്നു ലബ്ധമായിട്ടുമുണ്ടു. വിവാഹം ആദിയായ സാമൂഹികകാൎയ്യങ്ങളിൽ ഇതരസമുദായങ്ങളെ അപേക്ഷിച്ചു അവരുമായി നാം വളരെ അടുപ്പത്തിലുമത്രേ. അതിനാലെന്താണു അവരുമായി യോജിച്ചാൽ? ഇതിന്നു വേറെ ചിലർ പ്രതികൂലികളായി കാണപ്പെടുന്നു. ഇവരുടെ പ്രാതികൂല്യത്തിന്നു കാരണം ഇവയാണു:

മാൎത്തോമാക്കാരുമായി സാമുദായിക ഐക്യം ഉണ്ടാവുന്നതു നല്ലതുതന്നേ. പക്ഷേ സഭാസംബന്ധമായ കാൎയ്യങ്ങളിൽ അവരുമായി യോജിക്കുവാൻ യാതൊരുതരത്തിലും നിൎവ്വാഹമുള്ളതല്ല. സാമ്പത്തികവിഷയങ്ങളിൽ എല്ലാകാലത്തും വ്യവഹാരവും വഴക്കംകൊണ്ടു കഞ്ഞിവെച്ചു കുടിച്ചുനടക്കുന്നവരാണു നമ്മളെങ്കിലും, വിശ്വാസമൎമ്മങ്ങളെടുത്തു പന്താടിക്കളിക്കുവാൻ തക്ക പാന്ധിത്യമോ ഭാഗ്യമോ നമുക്ക ലഭിച്ചിട്ടില്ലെന്നാണു ഇവരുടെ ന്യായം. സഭാമേലദ്ധ്യക്ഷന്മാരാണെങ്കിൽ, അവർ മാൎത്തോമാക്കാരെ കൂട്ടിത്തൊടാതവണ്ണം അകററി നിറുത്തുകയും ചെയ്തിരിക്കുന്നു. മാൎത്തോമാക്കാരുടെ പട്ടത്വം അവഗണിക്കപ്പെട്ടിരിക്കയാണത്രേ. വി. കുൎബ്ബാന രക്ഷകനായ മശിഹായുടെ തിരുശരീരരക്തങ്ങളല്ല എന്നാണു പോൽ അവ

www.malankaralibrary.com



രുടെ വിശ്വാസം! ആ വിധത്തിൽ ഒരു ബലിയല്ല വി. കുർബാനയെങ്കിൽ, പൌരോഹിത്യത്തിന്നു അവിടെ അർത്ഥമില്ല. ബലിയില്ലാത്തേടത്തു നിവേദകത്വം അഥവാ ആചാര്യത്വം അപേക്ഷിതവുമല്ലല്ലോ. ഈ കാരണത്താലും വി. കൂദാശകളിലുള്ള അവരുടെ മററു ചില അവിശ്വാസത്താലുമായിരിക്കാം, മർത്തോമാസഭയിൽനിന്നു യാക്കോബായസഭയിൽ ചേരുന്ന വൈദികർക്ക് യാക്കോബായസഭയിലെ മേല്പട്ടക്കാർ രണ്ടാമതും പട്ടം കൊടുത്തുവരുന്നു. പട്ടത്വവും വി. കുർബാനവും (പാപപരിഹാരാർത്ഥമുള്ള ബലി എന്ന അർത്ഥത്തിൽ) ഇല്ലെങ്കിൽ, ക്രിസ്തീയ ജീവിതത്തിനും ദൈവവുമായുള്ള ബന്ധത്തിനും മോക്ഷസമ്പാദനത്തിനും അവ തികച്ചും അപരിഹാര്യങ്ങളാണെന്നു വിശ്വസിക്കുന്നവർക്ക് മാർത്തോമാക്കാരുമായി സംയോജിക്കുവാൻ കഴിവുള്ളതായിരിക്കുമോ? ഇതിനാൽ സാമുദായികമായ അഭ്യുന്നതിയെ കരുതുമ്പോൾ അമൂല്യനിധികളെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നവ നഷ്ടപ്പെട്ടുപോകാൻ സംഗതിയുള്ളതായിക്കാണാം. വട്ടിപ്പണത്തേക്കാളും നേന്ത്രവേലിയേക്കാളും മറെറന്തിനേക്കാളും പരമാർത്ഥത്തിൽ അഭിമാനകരമായി നമുക്കുള്ളതു എത്രയോ പൂർവികമായ വിശ്വാസാചാരങ്ങളാണെന്നുള്ളതു അവിതർക്കിതമാണു. അതുതന്നേയാണു പുണ്യശ്ലോകനായ മാർ തോമാശ്ലീഹായാൽ നമുക്കു ലഭിച്ചിട്ടുള്ള വലിയ സമ്പത്തും.

ഇക്കാരണങ്ങളാൽ മാർത്തോമാക്കാരുമായുള്ള സംയോജിപ്പു ഇരുതരമല്ലെന്നും; അതിനൊരിക്കലും നിർവാഹമില്ലെന്നും ആ അഭിപ്രായത്തെ പ്രതികൂലിക്കുന്നവർക്കുള്ള പ്രധാന ന്യായങ്ങളാൽ ഇവിടെ പ്രസ്പഷ്ടമാക്കിക്കഴിഞ്ഞു,



വാസ്തവത്തിൽ മാർത്തോമാസഭ കാലാന്തരത്തിൽ പ്രോട്ടസ്റ്റന്റുമയമായിത്തീർന്നതാണു് അവരുമായി യോജിക്കുവാൻ നിർവാഹമില്ലാതെയാക്കിത്തീർത്തിട്ടുള്ളതെന്നു സമ്മതിക്കുന്നവർ തങ്ങളുടെ വിശ്വാസാചാരങ്ങളെ ഒരുനാളും ഉപേക്ഷിപ്പാൻ മനസ്സില്ലാത്തവരായിരിക്കുമല്ലോ. ഇത്തരക്കാരിൽ ചിലർക്കുള്ള അഭിപ്രായം പൌരസ്ത്യ

### യൌനായ സഭയുമായി യോജിക്കരുതോ?

എന്നത്രേ. ശരി; യൌനായസഭ വളരെ വളരെ പൂർവികംതന്നേ. പൌരസ്ത്യമാകയാൽ അതു നമുക്കു പലതുകൊണ്ടും അനുയോജ്യവുമായിരിക്കും. ലോകത്തിൽ ഇപ്പോൾ പൌരസ്ത്യസഭകളിൽ എണ്ണത്തിലും വണ്ണത്തിലും തലയുയർത്തി നില്ക്കുന്നതു യൌനായസഭ മാത്രമത്രേ. ചക്രവർത്തിമാർപോലും ഈ സഭയുടെ അംഗങ്ങളായിരിക്കുന്നുണ്ടു. യരുശലേമിലും മററുമുള്ള അനേകം പുണ്യസ്ഥലങ്ങളും ഇവരുടേതായിട്ടത്രേ ഇന്നും സ്ഥിതി ചെയ്യുന്നതു. ഒന്നും രണ്ടുമല്ല, ഇപ്പോൾ പതിനെട്ടോ പത്തൊൻപതോ പാത്രിയർക്കീസന്മാർ ഉള്ള ഒരു വമ്പിച്ച സഭയായിത്തന്നെ അതു അറിയപ്പെടുന്നു. ഇവരുമായുള്ള യോജിപ്പിൽ കാര്യമായവയൊന്നുംതന്നേ നമുക്കു നഷ്ടപ്പെടുവാനില്ല. ആചാരമര്യാദകളിൽ വ്യത്യാസമുണ്ടെങ്കിലും, തത്വത്തിൽ ഒന്നുതന്നേ. ഈ സഭയുടെ കീഴിൽ പ്രത്യേകം ഒരു റീത്തായി നില്പാൻ അനുവാദം ലഭിക്കുന്നപക്ഷം നമുക്കതു അത്യന്തം അഭിലഷണീയംതന്നെ. പക്ഷേ അങ്ങിനെയൊന്നു നൽകത്തക്കവണ്ണമുള്ള സ്ഥിതിയിലാണോ യൌനായ സഭയുടെ ഇന്നത്തെ കിടപ്പ് എന്നുമാത്രമേ സംശയിക്കേണ്ടതായിട്ടുള്ളു.

www.malankaralibrary.com



യൌനായ സഭയുടെ ബാഹ്യാവസ്ഥ ഗ്രഹിച്ചിട്ടുള്ളവർ അതിന്റെ ഉള്ളിൽക്കയറി പരിശോധിച്ചു നോക്കാൻ തുടങ്ങുമ്പോൾ ഇച്ഛാഭംഗപ്പെട്ടു മുഖം തിരിക്കയില്ലയോ എന്നുപോലും ഞങ്ങൾ ശങ്കിക്കുന്നു. അവിടെയുള്ള പതിനെട്ടോ പത്തൊൻപതോ പാത്രിയർക്കീസന്മാർ മുപ്പത്തിയാറോ അൻപത്താറോ തട്ടുകളിലായി കഴിഞ്ഞുകൂടിവരികയാണ്. അന്യോന്യം വേണ്ടത്തക്കവണ്ണമുള്ള സമാധാനവും സന്തുഷ്ടിയുമില്ലതാനും. മലങ്കരയിൽ പൂർവ്വികസുറിയാനിക്കാർ തന്നേ പലപല സഭകളായി ഛിന്നിച്ചിതറിക്കിടക്കുകയാണല്ലോ. അന്യോന്യം കടിച്ചു കീറുന്നവരായ അവർക്കു പൊതുവിൽ അവകാശപ്പെട്ടതായ പേർ മാർത്തോമ ക്രിസ്ത്യാനികൾ എന്നു തന്നേ. ഈ വിധത്തിൽ പൊതുവായ ഒരു പേരുമാത്രമാണ് യൌനായ സഭ എന്നു വരുന്നതായാൽ അതിലുള്ള അസമാധാനം ആർക്കും ഊഹിച്ചാലറിയാവുന്നതായിരിക്കും. കിടമത്സരവും ദുർവ്വാശിയും പൊതുവായ യൌനായസഭയെ ഛിന്നഭിന്നമാക്കി അധഃപതിപ്പിച്ചുകൊണ്ടിരിക്കുകയത്രേ. പാത്രിയർക്കീസന്മാരുടെ എണ്ണം വർദ്ധിക്കാനിടയായതും അതുകൊണ്ടു തന്നേ.

കിഴക്കൻ സഭക്കാരാണെങ്കിലും യാക്കോബായസഭയും യൌനായസഭയും തമ്മിൽ എന്തുമാത്രം വിരോധത്തിലാണ് കഴിഞ്ഞുകൂടുന്നതെന്നുള്ളതും നാം അറിഞ്ഞിരിക്കേണ്ടതാണ്. യാക്കോബായക്കാരെന്നു കേട്ടാൽ ഇത്രമാത്രം അരിശം തോന്നുന്ന മറ്റൊരുസഭ ഭൂമുഖത്തുണ്ടോ എന്നു സംശയം തോന്നാം. പൂർവ്വികകാലത്ത് യാക്കോബായ സഭയിൽപെട്ട അനേകം ജനങ്ങളേയും പട്ടക്കാരേയും



അവർ ബന്ധിപ്പിക്കുകമാത്രമല്ല, വധിക്കുകപോലും ചെയ്കയുണ്ടായിട്ടുണ്ട്. പല പള്ളികളേയും അവർ നാമാവശേഷമാക്കിത്തീർത്തിട്ടുണ്ട്. ശീമയിൽ അതാതു സ്ഥലത്തുള്ള ഗവർമ്മേണ്ടുകളുടെ ആനുകൂല്യം ലഭിക്കാൻ പ്രയാസമില്ലാത്ത യൌനായസഭാംഗങ്ങൾക്കു ഇതൊന്നും പ്രയാസമേറിയ പ്രവൃത്തികളായിരിക്കാനിടയില്ലല്ലോ. ഈയൊരു മനസ്ഥിതിക്കു ഇപ്പോഴും ഭേദമുണ്ടായിട്ടില്ലെന്നാണ് അറിയപ്പെട്ടിരിക്കുന്നതു്. യാക്കോബുദ്ദാന എന്ന പേരുകേട്ടാൽ ഇത്രമാത്രം ചുണ്ടു വിറയ്ക്കുന്ന ഒരു വർഗ്ഗം വേറെയുണ്ടാമോ എന്നു പോലും സംശയമാണ്. യൌനായ സഭയിൽ പട്ടം കൊടുക്കുമ്പോഴൊക്കയും യാക്കോബായക്കാർ സിദ്ധനെന്നു വിചാരിക്കുന്ന യാക്കോബുദ്ദാനായെ അവർ ശപിക്കുന്നു. ആ വാചകം തന്നെ ഇവിടെ ഉദ്ധരിച്ചു കളയാം. “യാക്കോബുദ്ദാനായെ, നിനക്കു ദുരിതം! ശപിക്കപ്പെട്ടവനായ യാക്കോബുദ്ദാനായെ, നിനക്കു ദുരിതം! എന്നേക്കും ശപിക്കപ്പെട്ടവനായ യാക്കോബുദ്ദാനായെ, നിനക്കു ദുരിതം!”

ഇതിൽ നിന്നു ഒരു പ്രധാന കാര്യം വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. യാക്കോബായക്കാരുടെ പട്ടത്വം സാധുത്വമുള്ളതായി അവർ വകവെക്കുന്നില്ലാ എന്നുള്ളതു തന്നെ. ഇങ്ങിനെയെങ്കിൽ അവരുമായുള്ള ചേർച്ച സുസാധ്യമായിട്ടുള്ളതായിരിക്കുമോ?

ഇനി ആരുമായിട്ടുള്ള യോജിപ്പിനെക്കുറിച്ചാണ് നമുക്കാലോചിപ്പാനുള്ളത്? ആംഗ്ലേയസഭയിൽ പെട്ട ഹൈച്ചർച്ചുകാരുമായി നമ്മുടെ വിശ്വാസതത്വങ്ങൾ നിർമ്മലമായി പാലിക്കുമാറു കൂടിച്ചേരുവാൻ സാധിക്കു

www.malankaralibrary.com



മോ? അതും പ്രയാസം. ഏതെല്ലാം കാൎയ്യങ്ങളിലാണ് അതിന്നു തടസ്സം എന്നു ഞങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല. പലൎക്കും അറിവുള്ളതിനെക്കുറിച്ചു് ഇവിടെ പ്രതിപാദിക്കേണ്ടതായ ആവശ്യമില്ലല്ലോ.

# V

# പ്രാചീന കാലത്തിലേക്കു തല തിരിക്കുക.

—:*:—

1500 കൊല്ലം വരെ

ക്രിസ്താബ്ദം 52-ാം കൊല്ലത്തിൽ മാർ തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട മലങ്കര സഭ ഇപ്പോൾ "പഴയത്", "പുത്തൻ", "യാക്കോബായ", "റോമ", "മാർതോമ", "അഞ്ഞൂർ", "സുറായി", "ബ്രദർ", "പെന്തിക്കൊസ്തി", "ചൎച്ച് ഓഫ് ഗോഡ്", "റസ്സൽ", "സാററർഡെ", "സൺഡെ", "ലണ്ടൻ", "ജൎമ്മനി", "സാൽവേഷൻ" മുതലായി പലപല ശാഖകളായി ഛിന്നിച്ചിതറിക്കിടക്കുന്നതിനെ നാം കാണുന്നു. കാലം കഴിയുന്തോറും ഇത്തരം പിരിവുകൾ വൎദ്ധിക്കുന്നതല്ലാതെ കുറയുന്നതായി നാം അറിയുന്നില്ല. ആരംഭത്തിങ്കൽ ഒന്നുമാത്രമായിരുന്ന പൂൎവ്വസഭ ഇങ്ങിനെ അലങ്കോലമായിത്തീരുവാൻ ബന്ധമെന്തു? ആദ്യമായി അതു പൊട്ടിപ്പൊളിഞ്ഞതെപ്പോൾ? അതിന്നു കാരണമെന്തു? ആ കാരണം തന്നേയാണോ പിന്നീടുണ്ടായിട്ടുള്ള അവാന്തരവിഭാഗങ്ങ-



ൾക്കും നിദാനം—എന്നിവയെപ്പററി അറിയുന്നതിന്നായി പഴയ കാലത്തിലേക്കു നാമൊന്നു ദൃഷ്ടിയോടിക്കുന്നതു രസകരമായിരിക്കും.

ആദ്യത്തെ പിളൎപ്പ്.

മലങ്കരയിൽ ഒരേ ഒരു ആട്ടിൻ കൂട്ടമെന്ന നിലയിൽ ജീവിച്ചു വന്ന ഈ സഭ ഒന്നാമതായി പിളരുകയുണ്ടായതു റോമൻ കത്തോലിക്കരായ പോൎത്തുഗീസുകാരുടെ ആവിൎഭാവത്തോടുകൂടിയാണെന്നും, ഗോവാ മെത്രാപ്പോലീത്തായായിരുന്ന ഡാക്ടർ മേനേസിസ്സാണു അതിന്നു സൎവ്വത്ര കാരണഭൂതനെന്നും ഏതൊരു ചരിത്രപുസ്തകം മലൎത്തി നോക്കുമ്പോഴയ്ക്കും വിശദമാകുന്നതത്രേ. മലങ്കര സഭയെ പോൎത്തുഗീസുകാരുടെ വിഹാരരംഗമോ പാദപീഠമോ ആക്കുവാനായി ഇടവും വലവും നോക്കാതെ ധിക്കാരപൂൎവ്വം എന്തും ചെയ്വാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും പിൻതുണ നിന്നതും, ആദ്യം കച്ചവടക്കാരായി വന്നു് ഇവിടെ രാജ്യം പിടിച്ചടക്കി ഏകഛത്രാധിപതികളായി വാണിരുന്ന പോൎത്തുഗീസു ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരായിരുന്നുവെന്നു നാം മനസ്സിലാക്കിയിരിക്കണം. കൊച്ചി പട്ടണം പോൎത്തുഗീസുകാരുടെ അധീനമായതോടുകൂടി തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളിലെ രാജാക്കന്മാർ ഒരു വിധത്തിൽ അവരുടെ ഹിതാനുവൎത്തികളായിത്തന്നേ പരിണമിച്ചുകഴിഞ്ഞു. അങ്ങിനെ പ്രബലരായിത്തീൎന്ന ഒരു വൎഗ്ഗത്തിന്നു അനുയോജ്യനായ ഒരു മെത്രാപ്പോലീത്താ ഉണ്ടായാൽ അദ്ദേഹം വിചാരിക്കുന്നതേതും നിഷ്പ്രയാസം സാധിക്കാനിടയുള്ളതാണല്ലോ. മലങ്കരസഭയെ അദ്ദേഹം യാതൊരു കനിവും കൂടാതെ

www.malankaralibrary.com



നാനാപ്രകാരത്തിൽ ദ്രോഹിക്കുകയും ഒടുവിൽ കഴുത്തിൽ
കയറിട്ടു ശ്വാസം മുട്ടിക്കയും ചെയ്കയുണ്ടായി എന്നുള്ളതി
ന്നു ഗണനീയന്മാരായ പോർത്തുഗീസു ചരിത്രകാരന്മാർ
തന്നെ സാക്ഷികളത്രേ. അക്കാലത്തു മലങ്കര സഭയു
ടെ തലയും തലവനുമായിരുന്ന പകലോമററം തറവാട്ടി
ലെ ഗീവർഗീസ് അർക്കദിയാക്കോൻ മെനേസിസ് മെ
ത്രാപ്പോലീത്തായോട് ഏതേതു വിധത്തിൽ പോരാടി
യെന്നും, തന്നിമിത്തം എന്തെല്ലാം ക്ലേശങ്ങൾ അദ്ദേഹ
ത്തിന്നു അനുഭവിക്കാൻ ഇടയായി എന്നും അറിയുമ്പോൾ
ഇന്നു വിവിധ സഭാംഗങ്ങളായിരിക്കുന്ന സർവ്വ നസ്രാ
ണികളും ചേർന്നു ഏകകണ്ഠമായി "അദ്ദേഹം തന്നേ ന
മ്മുടെ കുലഗുരു" എന്നു നിശ്ചയമായും ഉൽഘോഷിക്കു
മെന്നാണ് ഞങ്ങളുടെ വിശ്വാസം. പണ്ടിനാലേ നട
പ്പിലിരിക്കുന്ന പലപല കർമ്മാചാരങ്ങളും നിരർത്ഥങ്ങളാ
ണെന്നു പറഞ്ഞു അവയെ നിശ്ശേഷം പരിത്യജിക്കണമെ
ന്നു ആ മെത്രാപ്പോലീത്താ ശാഠ്യം പിടിച്ചു. നാട്ടുകാരി
ൽ ആർക്കും മേല്പട്ടസ്ഥാനം നൽകുകയില്ലെന്നും എല്ലാവ
രും പോർത്തുഗീസു വലയത്തിൽ പമ്പരം കറങ്ങിക്കൊ
ണ്ടിരിക്കണമെന്നും അദ്ദേഹം അഭിവാഞ്ഛിച്ചു. സുറി
യാനി ഭാഷ വൈദിക ഭാഷയായിരുന്നതിനു പകരം ല
ത്തീൻ ആക്കണമെന്നു അദ്ദേഹം മുഷ്ടി ചുരുട്ടി. അർക്കദി
യാക്കോൻ, താൻ പറയുമ്പോലെ തുള്ളാനുള്ള ആൾ മാ
ത്രമാണെന്നു കൈക്കുപ്പി സമ്മതിക്കണമെന്നാവശ്യപ്പെട്ടു.
സുറിയാനിയിലുള്ള കുർബ്ബാനതക്സാ പുസ്തകമെടുത്തു തോ
ന്നിയ വിധം വെട്ടിത്തിരുത്തി, അതു വേണം ഉപയോ
ഗിപ്പാനെന്നു ശബ്ദം മുഴക്കി. അശക്തനായ അർക്കദിയാ



ക്കോൻ എന്തു ചെയ്യും? ഇദ്ദേഹത്തിന്റെ അനുയായിക
ളായ മലങ്കര നസ്രാണിപ്പരിഷയ്ക്കു ഗത്യന്തരമെന്തു? ഉ
ദിയംപേരൂർ സുന്നഹദോസിൽ പോർത്തുഗീസ് ഉദ്യോ
ഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ വെച്ചു മലങ്കരസഭാത
ലവനെക്കൊണ്ടു അദ്ദേഹം ബോധിച്ചതു പോലെ വാഗ്ദാ
നം ചെയ്യിക്കതന്നേ ചെയ്തു. കേൾക്കുമ്പോൾ രോമാ
ഞ്ചം വരുത്തുന്ന ആ കാലഘട്ടത്തെ വിസ്തരിക്കുന്നതിനു
മുമ്പായി, അതേവരെയുള്ള മലങ്കര സഭാചരിത്രം എ
ത്രയും സംക്ഷിപ്തമായിട്ടെങ്കിലും നാം അറിഞ്ഞിരിക്കേണ്ട
താണ്.

### മലങ്കര സഭയുടെ പൂർവ്വ ചരിത്രം

ക്രിസ്താബ്ദം 52-ൽ വന്ന മാർ തോമാശ്ലീഹാ "ശങ്കര
പുരി" "പകലോമററം" "കള്ളി" "കാളിയങ്കാവ്" എ
ന്നീ നാലു തറവാടുകളിൽ പൌരോഹിത്യം നൽകിക്കൊ
ണ്ടു തിരിച്ചുപോയി. ഇതിൽ "പകലോമററം" തറവാ
ട്ടിലുള്ളവർ ഓരോരുത്തരായി യഥാക്രമം "അർക്കദിയാക്കോ
ൻ" എന്ന സ്ഥാനപ്പേരോടുകൂടി സഭാഭരണം നടത്തുക
പതിവായിരുന്നു. "അർക്കദിയാക്കോൻ" അഥവാ ആർച്ച്
ഡീക്കൻ എന്ന ആൾക്കു പട്ടം കൊടുക്കാനും മററും പാ
ടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. സാമുദായികമായ സ
ർവ്വ കാര്യങ്ങളും അർക്കദിയാക്കോന്മാർ യഥാകാലങ്ങളിൽ ന
ടത്തിപ്പോന്നു. ആത്മീയഭരണം സാധിച്ചു പോന്നിരുന്ന
തു ഓരോരോ കാലങ്ങളിൽ, പത്തും ഇരുപതും മുപ്പതും
കൊല്ലങ്ങൾ കഴിയുമ്പോഴൊരിക്കൽ, ശീമയിൽനിന്നു വ
ന്നിരുന്ന മെത്രാന്മാരുമായിരുന്നു. സഭയുടെ ലൌകിക
കാര്യങ്ങളിൽ യാതൊരു ഏടവാട്ടും ഇല്ലാതിരുന്ന അവർ,

www.malankaralibrary.com



പല പല സഭകളിൽ പെട്ടവരായിരുന്നുവെന്നു കാണാം. നെസ്തോറിയക്കാരായും യാക്കോബായക്കാരായും റോമൻ കത്തോലിക്കരായും മററും പലരും ഇവിടെ വന്നു ഇവിടത്തെ ആത്മീയാവശ്യങ്ങൾ നടത്തിവന്നതായി തെളിയുന്നുണ്ട്. ഇവർ ഓരോരുത്തരും മലങ്കരസഭയെ തങ്ങളുടേതാക്കിത്തീർക്കണമെന്നു നല്ലതുപോലെ കരുതൽ ഉണ്ടായിരുന്നുവെന്നു, അക്കാര്യത്തിൽ മലങ്കര ജനങ്ങളെല്ലാവരും ഏകോപിച്ചു നിന്നിരുന്നുവെന്നുമുള്ളതു നിസ്തർക്കമായ വാസ്തവമത്രേ. ശീമരാജ്യത്തുനിന്നു പലപ്പോഴായി വന്നും പോയുംകൊണ്ടിരുന്ന മേല്പട്ടക്കാർ തമ്മിൽ വിശ്വാസാചാരങ്ങളിലുള്ള വ്യത്യാസങ്ങളെയൊന്നും നമ്മുടെ പൂർവ്വന്മാർ കാര്യമായി ഗൌനിച്ചതേയില്ല. ഇങ്ങിനെ ആക്രമണമിടപെട്ട വിഷയത്തിൽ മലങ്കര സഭ വിധേയമാകാതെ 1500-ാം ആണ്ടുവരെയും അതു ജീവിച്ചുവന്നതായി സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നമുക്കു സുപരിചിതരായ ചരിത്രകാരന്മാർ ഇതിന്നു സാക്ഷികളാവുമോ എന്നു അന്വേഷിക്കാം. ഇട്ടൂപ്പുറൈട്ടർ പറയുന്നതു ഇങ്ങിനെയാണ്. "ഏകദേശം മശിഹാകാലം 1500-ൽ പറങ്കികളുടെ (പോർത്തുഗീസുകാരുടെ) വരവുവരെ പരദേശത്തുനിന്നും അന്ത്യോഖ്യാ കൈവാഴ്ചയിൽ നിന്നായിട്ടും നെസ്തൊറിയാൻ പാത്രിയർക്കീസിന്റെ കല്പനയാൽ ബാബിലോനിൽ നിന്നായിട്ടും എപ്പിസ്കോപ്പന്മാർ കൂടക്കൂടെ മലയാളത്തു വന്നു സുറിയാനിക്കാരായ ക്രിസ്ത്യാനികളെ സത്യവിശ്വാസത്തിൽ (!) സ്ഥിരപ്പെടുത്തി. ഇനി നമുക്കു, "മാർത്തോമാശ്ലീഹായുടെ ഇൻഡ്യൻ സഭ"യിൽ പരേതനായ മിസ്റ്റർ ഇ. എം. ഫിലിപ്പ് എന്തുപറയുന്നുവെന്നു



നോക്കാം. "സെലൂഷ്യായിലെ യാക്കോബായ കാതോലിക്കായും നെസ്തോറിയ കാതോലിക്കായും മലങ്കര സഭയെ അവരവർക്കു വിധേയവും അധീനവും ആണെന്നു അവകാശപ്പെടുകയും ഇരുവരും ഇടയ്ക്കിടെ മെത്രാന്മാരെ മലബാറിലേക്കു അയയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. നാട്ടുക്രിസ്ത്യാനികൾ അന്ത്യോഖ്യായിക്കു അധീനരായ യാക്കോബായ മെത്രാന്മാരേയും ബാബിലോണിലെ നെസ്തോറിയ മെത്രാന്മാരേയും ശങ്കകൂടാതെ ഒരുപോലെ സ്വീകരിക്കുകയും വേർതിരിവുകൂടാതെ ഇരുകൂട്ടരേയും അവരുടെ ന്യായമായ മേലധികാരികളായി വിചാരിക്കയും ചെയ്തു. എങ്ങിനെയായാലും ബാബിലോണിന്റെ പ്രതിനിധികൾ വഴിയായി നെസ്തോറിയ വിശ്വാസം മലബാറിലേക്കും കരയെല്ലാം പടർന്നുപിടിച്ചിരിക്കണം. എന്നാൽ പോർത്തുഗീസുകാരുടെ (പോർത്തുഗൽ രാജ്യക്കാരായ റോമൻ കത്തോലിക്കർ എന്നു അർത്ഥം) ആഗമനത്തിനു കുറെ സംവത്സരങ്ങൾക്കു മുൻപുവരെ അതു ഇവിടെ വേരുറയ്ക്കുകയുണ്ടായില്ല"

മലങ്കര സഭയുടെ 1500 കൊല്ലംവരെയുള്ള സ്ഥിതിയെപ്പററി അന്യചരിത്രകാരന്മാരോടു നമുക്കിനി ചോദിച്ചിട്ടേ ആവശ്യമുള്ളതല്ലല്ലോ. മുൻ പറയപ്പെട്ട രണ്ടു ചരിത്രകാരന്മാരും നമുക്കു വേണ്ടപ്പെട്ടവരാണെങ്കിൽ 1500-ാം ആണ്ടുവരെയുള്ള മലങ്കര സഭയുടെ പരമാർത്ഥാവസ്ഥ ഇങ്ങിനെയായിരുന്നുവെന്നു നമുക്കു വിശ്വസിക്കുകയേ നിർവ്വാഹമുള്ളു.

### മാർ അബ്രഹാം മെത്രാൻ

ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെ കാലത്തു ഇവിടെ ഒരു മാർ യൌസേപ്പും, അദ്ദേഹത്തിന്റെ നിര്യാണത്തി

www.malankaralibrary.com



ന്നശേഷം ഒരു മാര അബ്രഹാമും തൃപ്തികരമാംവണ്ണം മല
ങ്കരസഭയെ ഭരിച്ചിരുന്നതായി കാണുന്നുണ്ടു. പോൎത്തു
ഗീസുകാരനായ മേനേസിസ് മെത്രാപ്പോലീത്തായുടെ
ആഗമനത്തിന്നു മുമ്പുവരെ മലങ്കരയുടെ ആത്മീയമേല
ദ്ധ്യക്ഷന്മാരായി ഗണിക്കപ്പെട്ടിരുന്ന ഇവർ ബാബിലോ
ൺ പാത്രിയക്കീസിനാൽ അയക്കപ്പെട്ടവരായിരുന്നുവെ
ന്നതു നിരാക്ഷേപമത്രേ. ബാബിലോൺ പാത്രിയക്കീ
സ് ഏതു സഭയുടെ തലവനായിരുന്നു എന്നു പരിശോ
ധിക്കുമ്പോൾ ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായ
ഭേദമുള്ളതായിക്കാണുന്നു. ഇട്ടൂപ്പ് റൈട്ടരുടെ പക്ഷത്തി
ൽ പ്രസ്തുത പാത്രിയക്കീസ് നെസ്തോറിയനാണെന്നത്രേ.
മിസ്റ്റർ ഇ. എം. ഫിലിപ്പു പറയുന്നതു: ബാബിലോ
ണിൽ അക്കാലത്തു (1551-ൽ) പാത്രിയക്കീസിന്റെ
സ്ഥാനം ഒരു കുഡുംബത്തിൽ മാത്രം ശാശ്വതമായിരിക്കേ
ണ്ടതല്ലെന്നു വാദിച്ചുകൊണ്ടു മൂന്നു മെത്രാന്മാർകൂടി അ
പ്പോഴത്തെ പാത്രിയക്കീസ് കഥാവശേഷനായ ഉടനെ
ഒരു സൂലാഖായെ പാത്രിയക്കീസായി വാഴിച്ചു. "സ്വ
സ്ഥാനത്തെ കൂടുതലായി പ്രബലപ്പെടുത്തുന്നതിന്നു വേ
ണ്ടി സൂലാഖാ പാപ്പായുടെ മേലധികാരത്തെ സ്വീകരിച്ചു
കൊള്ളാമെന്നും തന്നെ പാത്രിയക്കാസ്ഥാനത്തു സ്ഥിര
പ്പെടുത്തണമെന്നും പാപ്പായിക്കു എഴുതി അയച്ചു......അ
തിനാൽ 1553-ൽ അദ്ദേഹത്തെ സ്ഥിരപ്പെടുത്തി" എ
ന്നാണു. പ്രസ്തുത മെത്രാന്മാർ ആരാൽ അയക്കപ്പെട്ടി
രുന്നവരായാലും മലങ്കരയിലുള്ളവൎക്കെല്ലാവൎക്കും അവരോ
ടു അത്യന്തം സ്നേഹവും ബഹുമാനവുമാണു ഉണ്ടായിരുന്ന
തെന്നു കാണാം. അന്നു പോൎത്തുഗീസുകാരുടെ വകയാ



യി കൊടുങ്ങല്ലൂർ പട്ടണത്തിൽ ഒരു സിമ്മനാരി ഉണ്ടാ
യിരുന്നു. വൈദികവിദ്യാഭ്യാസം ലഭിച്ച സിമ്മനാരി വി
ദ്യാൎത്ഥികളിൽ ചിലൎക്കു പട്ടം കൊടുക്കണമെന്നു പോൎത്തു
ഗീസുകാർ മാർ അബ്രഹാമിനോടാവശ്യപ്പെട്ടപ്പോൾ അ
ദ്ദേഹം അതിനെ വിസമ്മതിച്ചുംകൊണ്ടു അവൎക്കാൎക്കും സു
റിയാനിഭാഷ അറിഞ്ഞുകൂടെന്നു മറുവടി പറഞ്ഞു. ഇ
തുനിമിത്തം പോൎത്തുഗീസുകാൎക്കു മാർ അബ്രഹാമിനോടു
വിരോധം തോന്നാൻ ഇടയായിത്തീൎന്നു. മലങ്കരയിൽ
പോൎത്തുഗീസുകാരുടെ ആധിപത്യത്തിന്നു മാർ അബ്ര
ഹാം കണ്ടകോടാലിയാണെന്നു മററു പലതിനാലും പ്രത്യ
ക്ഷപ്പെട്ടപ്പോൾ, അവർ അദ്ദേഹത്തെ പിടിച്ചു പോൎത്തു
ഗൽരാജ്യത്തേക്കും, അനന്തരം റോമായിലേക്കും കൊണ്ടു
പോയി. തദവസരത്തിൽ വാസ്തവസംഭവങ്ങൾ നേരിട്ട
റിയാൻ കഴിഞ്ഞതിനാൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു
മാർ അബ്രഹാമിനെ തിരിയെ മലയാളത്തേയ്ക്കയച്ചു. മേ
ലിൽ അദ്ദേഹത്തിന്നു യാതൊരു ഉപദ്രവവും ഉണ്ടാവാ
തിരിക്കാനായി ഗോവാ മെത്രാപ്പോലീത്തായ്ക്കും കൊച്ചി
മെത്രാനുമായി ഓരോ കല്പനകൾ കൈവശം ഏല്പിക്കുക
യും ചെയ്തു. ഈ കല്പനകൾ കിട്ടിയിട്ടും പോൎത്തുഗീസു
കാരുടെ പീഡകൾക്കു യാതൊരു ശമനവും ഉണ്ടായതാ
യി കാണപ്പെടുന്നില്ല. ഗോവയിൽ ആയിടെ കൂടപ്പെട്ട
പല സുന്നഹദോസുകളിലും മലങ്കര സഭയെ ഭരിക്കേ
ണ്ടതു ബാബിലോൺ പാത്രിയക്കീസുമുഖേനയല്ലെന്നും,
കൽദായക്കാരായ അവരെ മലങ്കരയിലുള്ളവർ പരിത്യജി
ക്കേണ്ടതാണെന്നും, ഗോവയിൽ താമസിക്കുന്ന പോൎത്തു
ഗീസുമെത്രാപ്പോലീത്തന്മാരുടെ ആജ്ഞയിൻകീഴിലിരി

www.malankaralibrary.com



ക്കണം മലങ്കരസഭ എന്നും മററും ഒട്ടുവളരെ നിശ്ചയങ്ങളും രേഖപ്പെടുത്തിയിട്ടുള്ളതായി തെളിയുന്നുണ്ടു. ഇവകൊണ്ടൊന്നും അനുഭവത്തിൽ യാതൊരു ഫലവും ഉണ്ടാകുന്നില്ലെന്നു ബോദ്ധ്യമായപ്പോൾ മാർ അബ്രഹാം തികച്ചും ഒരു നെസ്തോറിയനാണെന്നു പോർത്തുഗീസുകാർ മാർ പാപ്പായുടെ പേർക്കു എഴുതി അയച്ചു. മലങ്കരയിലെ വാസ്തവാവസ്ഥ പോർത്തുഗീസുകാർ പറയുന്നതുപോലെയായിരിക്കാമെന്നു ഗ്രഹിച്ച ക്ലെമെൻറ് എട്ടാമനായ ആ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു മാർ അബ്രഹാമിനെ ഗോവയിൽ കൊണ്ടുപോയി വിസ്തരിച്ചു കുററക്കാരനാണെങ്കിൽ ശിക്ഷിക്കേണ്ടതാണെന്നു കാണിച്ചു 1595 ജനവരി 27-ാംനു- ഗോവാ മെത്രാപ്പോലീത്തായുടെ പേർക്കു ഒരു കല്പനയെഴുതി. ഇതിൻപ്രകാരം വിസ്താരവും ശിക്ഷയും നടക്കുവാൻ ഇടയായില്ലെങ്കിലും, ഒന്നുരണ്ടുകൊല്ലം കഴിഞ്ഞപ്പോൾ, വേറെ വിധത്തിൽ സത്യാവസ്ഥ ഗ്രഹിച്ചതിനാലായിരിക്കണം, മാർ അബ്രഹാമിനെ മലങ്കരയുടെ ന്യായമായ അദ്ധ്യക്ഷനായി ഗണിക്കേണ്ടതാണെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു 1597 ജനവരി 21-ാംനു- മറെറാരു കല്പനയും അയച്ചു. വയോവൃദ്ധനായിരുന്ന മാർ അബ്രഹാം അധികം നാൾ പിന്നെ ജീവിച്ചിരിക്കുകയുണ്ടായില്ല. പ്രസ്തുത ആണ്ടിൽ തന്നേ കഥാവശേഷനായ അദ്ദേഹം അങ്കമാലിപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### പോർത്തുഗീസുഭരണം

ഇനിയാണ് നമുക്ക് മലങ്കര സഭാചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ടതും മർമ്മഭേദകവുമായ ഒരു കാലഘട്ടത്തിലേക്കായി മുഖം തിരിച്ചിരിക്കേണ്ടിയിരിക്കുന്ന



ത്. മാർ അബ്രഹാമിൻെറ നിര്യാണത്തോടുകൂടി ഗോവായിലെ മെത്രാപ്പോലീത്തായായ ഡാക്ടർ മെനേസിസ് ഇവിടെ എത്തി മലങ്കരസഭയുടെ ലഗാണിന്മേൽ കൈവെച്ചു. അപ്പോഴത്തെ മലങ്കര സഭയുടെ സ്ഥിതിയെപ്പററി കേരളീയരായ കാതോലിക്ക് ചരിത്രകാരന്മാർപോലും പറയുന്നതു് ശ്രദ്ധേയമത്രേ. "ജനതതിയുടെ ഇടയിൽ ഉണ്ടായിട്ടുള്ള കലശലായ അസമാധാനത്തിന്നു കാരണം ഭരണകർത്താക്കളുടെ സ്വേച്ഛാപ്രഭുത്വവും മർദ്ദനനയവും മാത്രമാണ്. ഏതാദൃശമായ ഒരു മർദ്ദനനയം അതിൻെറ അത്യന്തം നഗ്നവും ബീഭത്സവുമായ രൂപത്തിൽ കേരളീയ സുറിയാനി സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടു്. മാർ അബ്രഹാമിൻെറ മരണശേഷം കേരളീയർക്കു ഒരു കൽദായ മെത്രാനേയോ ഒരു നാട്ടുമെത്രാനേയോ കൊടുക്കാതെ അവരുടെ ആരാധനാക്രമങ്ങളെ പാടെ വിപാടനം ചെയ്തു് അവരെ പറങ്കിഭരണത്തിന്നു വിധേയരാക്കുന്നതിന്നായി അന്നത്തെ ഗോവാ മെത്രാപ്പോലീത്തായായിരുന്ന ആർച്ച്ബിഷപ്പ് ഡോം മെനേസിസ് ഉദ്യമിച്ചതിനേയാണ് ഇവിടെ വിവക്ഷിക്കുന്നതു്." റോമൻ കത്തോലിക്കനായ ഒരു കേരളീയ വൈദികചരിത്രകാരൻ പറയുന്നതിങ്ങിനെയത്രേ: "സുറിയാനിക്കാരുടെ ആഗ്രഹവും അപേക്ഷയും പൌരാണികകാലം മുതൽ നടന്നും നടത്തിയും വന്നിരുന്ന തങ്ങളുടെ കൽദായ റീത്തിനെ ഭേദഗതികൾ വരുത്താതെ രക്ഷിക്കണമെന്നും അതിൻെറ പരിപാലനത്തിന്നും സമാധാനത്തിന്നും വേണ്ടി പൂർവ്വനടപ്പനുസരിച്ചു കൽദായ മേല്പട്ടക്കാർ തന്നേ തങ്ങളെ ഭരിക്കണമെന്നുമായിരുന്ന

www.malankaralibrary.com



.........പോൎത്തുഗീസുകാരുടെ ഉദ്ദേശ്യം മുഴുവൻ ഇതിനു
നേരെ വിപരീതമായിരുന്നു. ലത്തീനും സുറിയാനിയും
ഒന്നാക്കണമെന്നുള്ളതായിരുന്നു തങ്ങളുടെ ഉദ്ദേശ്യമെന്നു
അവർ തന്നേ സമ്മതിക്കുന്നുണ്ട്."

മേനേസീസ് മെത്രാൻ.

മലങ്കരയ്ക്കായി ഒരു പുതിയ മെത്രാപ്പോലീത്താ നി
യമിക്കപ്പെടുന്നതുവരെ തല്ക്കാലം അവിടത്തെ കാൎയ്യങ്ങൾ
നിൎവിഘ്നം നടന്നുപോകുന്നതിലേക്കു ഒരാളെ നിയമിച്ചു
പോരണമെന്നുള്ള മാൎപ്പാപ്പാ തിരുമനസ്സിലെ കല്പനയനു
സരിച്ചു മലങ്കരയിൽ വന്ന മേനേസിസ് മെത്രാപ്പോ
ലീത്താ, എന്തെല്ലാമായിരുന്നു ചെയ്തതെന്നു കാണുക ന
മുക്കാവശ്യമത്രേ. കൊച്ചിയിൽ വന്നിറങ്ങിയ ഉടൻതന്നേ
ഗീവൎഗ്ഗീസ് അൎക്കദിയാക്കോൻ അങ്ങോട്ടു ചെല്ലണമെന്നു
അദ്ദേഹം ആവശ്യപ്പെട്ടു. തദനുസാരം അമ്പതിനായിരം
ഭടന്മാരടങ്ങിയ നസ്രാണി സൈന്യവ്യൂഹത്തിൽ പെട്ട ഏ
താനുംപേരുടെ അകമ്പടിയോടുകൂടി അൎക്കദിയാക്കോൻ
കൊച്ചിയിൽ സമാഗതനായി. സന്തോഷപൂൎവ്വം നടന്ന
അഭിമുഖഭാഷണത്തിനുശേഷം പിറേറദിവസം വൈപ്പി
ക്കോട്ട സിമ്മനാരിയിൽ അൎക്കദിയാക്കോൻ ചെല്ലണമെ
ന്നു മെത്രാപ്പോലീത്താ ആഗ്രഹിച്ചു. രണ്ടുദിവസം കഴി
ഞ്ഞിട്ടു മാത്രമേ അൎക്കദിയാക്കോന്നു വൈപ്പിക്കോട്ടയിൽ
എത്തുവാൻ സൌകൎയ്യമുണ്ടായുള്ളു. അതിന്നിടയിൽ
ചേന്ദമംഗലത്തു പള്ളിയിലേക്കു പോയിരുന്ന മെനേസീ
സ് മെത്രാപ്പോലീത്താ, മലങ്കരമേലുള്ള തന്റെ അധി
കാരശക്തിയെ വ്യക്തപ്പെടുത്തുമാറു ഏതാണ്ടെല്ലാം കല്പി
ക്കുകയുണ്ടായിപോൽ! അൎക്കദിയാക്കോൻ വൈപ്പിക്കോട്ട



സിമ്മനാരിയിൽ എത്തിയപ്പോൾ മെത്രാപ്പോലീത്തായു
ടെ അന്തൎഗ്ഗതം എന്താണെന്നു വിശദമായി മനസ്സിലാക്കു
വാൻ അൎക്കദിയാക്കോന്നു സാധിച്ചു. തദനന്തരം മെത്രാ
പ്പോലീത്താ തിരുമനസ്സുകൊണ്ടു മലങ്കരയിലാകവേ ചു
റെറിസഞ്ചരിക്കുവാനുള്ള ശ്രമമാണ് ചെയ്തതു. മെത്രാപ്പോ
ലീത്താ തങ്ങളുടെ ബദ്ധ ശത്രുവാണെന്നു മലങ്കരയിൽ പ
രക്കേ അറിയപ്പെട്ടിരുന്നു. ആദ്യമായി അദ്ദേഹം പറവൂ
ർ പള്ളിയിൽ എഴുന്നെള്ളി. ജനങ്ങൾ പ്രതികൂലമായി
നിന്നു അദ്ദേഹത്തെ ഉപദ്രവിപ്പാൻ തുടങ്ങി. തദവസര
ത്തിൽ മരണമെന്നുള്ളതു തനിക്കു തൃണസമാനമാണെന്നു
മെനേസിസ് വിളിച്ചുപറഞ്ഞുവത്രേ. അനന്തരം അ
ദ്ദേഹം ആലങ്ങാട്ടു പള്ളിയിൽ ചെന്നു. അവിടത്തേയും
അനുഭവം മേല്പടിതന്നെ. പിന്നെ പോയതു കാഞ്ഞൂർ
പള്ളിയിലേക്കായിരുന്നു. അൎക്കദിയാക്കോൻ തത്സമയം
അവിടെയാണു താമസിച്ചിരുന്നതു. പള്ളി തുറന്നുകാണാ
യ്കയാൽ ബലം പ്രയോഗിച്ചു മെത്രാപ്പോലീത്താ അകത്തു
കയറി. അൎക്കദിയാക്കോൻ മെത്രാപ്പോലീത്തായെ കാൺ
മാൻ പോയില്ല. തദവസരത്തിൽ മെത്രാപ്പോലീത്താ ഒ
രു കത്തുമുഖേന അൎക്കദിയാക്കോൻ വരണമെന്നാവശ്യപ്പെ
ട്ടു. പത്തായിരം സംവത്സരങ്ങൾക്കു മേലായി തങ്ങൾ ആ
ദരിച്ചും സ്വീകരിച്ചും വരുന്ന കൽദായ പാത്രിയൎക്കീസി
നെ ഉപേക്ഷിക്കണമെന്നു പറയുന്നതു പരമസങ്കടമാണെ
ന്നും, ഈവയൊരു കാരണത്താലാണ് എഴുന്നെള്ളത്തു വേ
ളകളിൽ കലഹം ഉണ്ടാകുന്നതെന്നും, മെത്രാപ്പോലീത്താ
യ്ക്കു സ്വയമേവ മലങ്കരയിൽ വന്നു എന്തും ചെയ്വാൻ അ
ധികാരമുണ്ടോ എന്നു സൂന്നഹദോസുകൂടി തീൎച്ചയാക്കേ

www.malankaralibrary.com



ത്തിൽപെട്ട രൊമ്മൻ കത്ത്യൻ കത്തനാരെ പിടിച്ചു അക്കദയാക്കോനാക്കിക്കളയാമെന്നാണു അദ്ദേഹം ആലോചിച്ചതു. കടുത്തുരുത്തിയിലെ പ്രമാണികൾക്കും മററും അതു സങ്കടകരമായിരുന്നു. ഇരുപതുദിവസംകൂടി ക്ഷമിക്കണമെന്നും, അതിന്നിടയിൽ ഗീവർഗീസ് അക്കദയാക്കോൻ പാട്ടിലായിക്കൊള്ളുമെന്നും അവർ സമാധാനം പറഞ്ഞു. കടുത്തുരുത്തിയിൽനിന്നു അദ്ദേഹം മുട്ടുചിറയ്ക്കും, മുളന്തുരുത്തിയ്ക്കും, അനന്തരം ഉദിയംപേരൂർക്കും പോയി. ഉദിയംപേരൂർനിന്നു തൃപ്പൂണിത്തുറയ്ക്കു കാൽ വെച്ചപ്പോഴക്കും വലിയ ഒരു വഴക്കിന്റെ ലക്ഷണങ്ങളത്രേ പ്രത്യക്ഷപ്പെട്ടതു. തത്സമയം ആവിർഭവിച്ച ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സഹായത്താൽ അടിപിടി കൂടാതെ കാര്യം അവസാനിച്ചു. അനന്തരം മെത്രാപ്പോലീത്താ പ്രശാന്തനായി തൃപ്പൂണിത്തുറെ താമസിച്ചുകൊണ്ടിരിക്കവേ ഗീവർഗീസ് അക്കദയാക്കോന്റെ ഒരു കത്തു അദ്ദേഹം കൈപ്പററിയതായി കാണുന്നുണ്ടു. മെത്രാപ്പോലീത്തായുടെ അഭീഷ്ടത്തിന്നു പ്രതികൂലിയായി നില്ക്കുന്നില്ലെന്നു എഴുതപ്പെട്ട ആ കത്തിനു മെത്രാപ്പോലീത്താ താമസംവിനാ ഒരു മറുവടിയയച്ചു. അക്കദയാക്കോൻ ഒപ്പിട്ടയക്കത്തക്കവണ്ണം പത്തു സംഗതികളടങ്ങിയ ഒരു പ്രതിജ്ഞാപത്രത്തിന്റെ അസ്സലും അതിൽ ഉള്ളടക്കം ചെയ്തിരുന്നു. അക്കദയാക്കോൻ ഇടംവലം തിരിയാതെ കിട്ടിയമാത്രയിൽ അതു ഒപ്പിട്ടയക്കേണ്ടതിന്നായി കൊച്ചി രാജാവിന്റെയും ആലങ്ങാട്ടു രാജാവിന്റെയും നിർബന്ധശാസനകൾ വരുത്തി അതോടൊന്നിച്ചയച്ചുമിരുന്നു. തന്റെ സഹായികളായ ആ രാജാക്കന്മാരെപ്പോലും പാ



ട്ടിൽപിടിച്ചു തന്നെ ശ്വാസം മുട്ടിക്കുന്നുവല്ലോ എന്നു പ്രതിജ്ഞാപത്രം വായിച്ചപ്പോൾ തന്നെ അക്കദയാക്കോൻ വിഷാദിച്ചു. അദ്ദേഹത്തിന്റെ അപ്പോഴത്തെ അശരണാവസ്ഥയെപ്പററി കേരളീയ ചരിത്രകാരനായ ഫാദർ ബർണാർഡ് ഇങ്ങിനെ പറയുന്നു: "താൻ വലിയ ഒരു അപകടത്തിൽ ചെന്നുചാടിയിരിക്കുന്നുവെന്നു അക്കദയാക്കോനു അപ്പോൾ മനസ്സിലായി. ആയിരത്തിൽപ്പരം സംവത്സരങ്ങളായി തങ്ങൾ അനുസരിച്ചുപോന്നിരുന്ന പാത്രിയർക്കീസിനെ ഉപേക്ഷിക്കണമെന്നുള്ള കല്പനയിൽ ഒപ്പുവെക്കാൻ മനസ്സില്ലാതെയും ഒപ്പുവെക്കാതിരിപ്പാൻ നിവൃത്തിയില്ലാതേയും വരികയാൽ അക്കദയാക്കോൻ ആ സമയത്തു വല്ലാതെ കുഴങ്ങി. അദ്ദേഹത്തിന്റെ മുഖം ആ നേരത്തു പച്ചനിറമായി പകർന്നുപോയെന്നു ഗോവേയാ, റോലിൻ മുതലായ പോർത്തുഗീസു ഗ്രന്ഥകർത്താക്കന്മാർതന്നെ സാക്ഷിക്കുന്നു." യാതൊരു ഗത്യന്തരവുമില്ലായ്കയാൽ അക്കദയാക്കോനും കൂടെയുള്ള കത്തനാരന്മാരും അതിൽ ഒപ്പുവെച്ചുകൊടുക്കുകതന്നേ ചെയ്തു. മെത്രാപ്പോലീത്താ എഴുതിയുണ്ടാക്കിയ പ്രതിജ്ഞാപത്രത്തിലെ കാര്യങ്ങളെക്കുറിച്ചു നാം അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമത്രേ.

1. നെസ്തോർ, ദീയസ്കോറോസ്, തെയോദോറോസ് ഇവരുടെ അബദ്ധങ്ങളെ പരിത്യജിക്കുകയും അവർ നിത്യനരകത്തിൽ കിടന്നു വേകുന്നുവെന്നു സമ്മതിക്കുകയും ചെയ്യുന്നു.

സാക്ഷാൽ സത്യവിശ്വാസിയായിരുന്നുവെന്നു പോർത്തുഗീസു ഗ്രന്ഥകാരനായ റോലിൻ നിർവ്വിശങ്കം സമ്മ

www.malankaralibrary.com



തിച്ചിട്ടുള്ള തെയോദോറോസിനെപ്പററി ഇങ്ങിനെ മേലുംകീഴും നോക്കാതെ എഴുതിപ്പിടിപ്പിച്ച മെത്രാപ്പോലീത്തായെ റോമൻ കത്തോലിക്കർ പോലും നിന്ദിക്കുന്ന സ്ഥിതിക്കു അദ്ദേഹത്തിന്റെ പ്രകൃതം നമുക്കു ഏതാണ്ട് മനസ്സിലാക്കാവുന്നതാണല്ലോ.

2. വി: പത്രോസിനും വി: തോമായ്ക്കും വ്യത്യസ്തങ്ങളായ പ്രമാണങ്ങൾ ഇല്ല. അതു സമ്മതിക്കയും അതിനെപ്പററി പരസ്യമായി പറയാമെന്നു വാഗ്ദാനം ചെയ്കയും വേണം

മെനേസിസ് മെത്രാപ്പോലീത്താ പറയാതെതന്നെ ഇക്കാര്യം ഗ്രഹിച്ചിരിക്കാവുന്ന അർക്കദിയാക്കോനോടായി ഈവിധമൊരു വാഗ്ദാനത്തെ ആവശ്യപ്പെട്ടതു എന്തിനായിരുന്നു എന്നാലോചിക്കുമ്പോൾ മെത്രാപ്പോലീത്താ ഇത്ര മേൽ അന്ധനായിരുന്നുവോ എന്നു നമുക്കു അത്ഭുതം തോന്നാം. സുറിയാനി റീത്തു വി. തോമായുടേതാണെന്നും ലത്തീൻറീത്തു വി. പത്രോസിന്റേതാണെന്നുമാണു മലയാളത്തുള്ളവരുടെ ധാരണ എന്നു അദ്ദേഹം എങ്ങിനെയോ തെററിധരിച്ചു പോയിരിക്കണം. ശ്ലീഹന്മാർ തന്നേ സുറിയാനി, യൌനായ മുതലായ റീത്തുകളെ സൃഷ്ടിച്ചുവെന്നു അറിയാതിരുന്ന ആളായിരുന്നില്ല വൃദ്ധനായ അർക്കദിയാക്കോൻ എന്നു ആരും സമ്മതിക്കുന്നതത്രേ. ഈ നിശ്ചയത്തിൽ സുറിയാനിഭാഷയെ മാററി പകരം ലത്തീനാക്കണമെന്നുള്ള മെത്രാപ്പോലീത്തായുടെ ആഗ്രഹം നന്നായി സ്ഫുരിക്കുന്നുണ്ടല്ലോ.



3. അർക്കദിയാക്കോൻ മെത്രാപ്പോലീത്തായുടെ ആജ്ഞാനുവർത്തിയായിരുന്നു ഭരണം നടത്തിക്കൊള്ളാമെന്നു സമ്മതിക്കുന്നതത്രേ മൂന്നാമത്തെ നിശ്ചയം.

മാർ അബ്രഹാം ചരമം പ്രാപിച്ചപ്പോൾ വേറെയൊരു മെത്രാൻ ഉണ്ടാകുന്നതുവരേ തല്ക്കാലത്തേക്കായി ഒരാളെ (ലത്തീൻകാരനായ ഒരു വൈദികനെ) നിയമിപ്പാൻ അയയ്ക്കപ്പെട്ട മെനേസീസ് ഇങ്ങിനെ ഒരു ഉടമ്പടി വാങ്ങാൻ ഒരുമ്പെട്ടതു എത്രമാത്രം അതിരു കടന്ന ഒരു പ്രവൃത്തിയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

4. അർക്കദിയാക്കോന്റെ കൈവശത്തിൽ ഇരിപ്പുള്ളതും പഴയ കാലത്തുണ്ടായിരുന്ന മെത്രാപ്പോലീത്തന്മാരുടെ വകയുമായ സർവ്വ സുറിയാനി ആരാധനക്രമങ്ങളിലും വേണ്ടത്തക്ക തിരുത്തലുകൾ ചെയ്യാമെന്നും, ഉപയോഗശൂന്യമായവയെന്നു തോന്നുന്നതിനെ എല്ലാം എടുത്തു തീയിലിട്ടുകൊള്ളാമെന്നും സമ്മതിക്കുന്നതായിരുന്നു നാലാം നിശ്ചയം.

പൌരസ്ത്യസഭകളിലെ റീത്തു സംബന്ധമായ പുസ്തകങ്ങളെ പരിശോധിപ്പാനോ, അവയിൽ ബോധിച്ച തിരുത്തലുകൾ ചെയ്യാനോ, അവയെ തീയിലിട്ടു ദഹിപ്പിക്കണമെന്നു കല്പിക്കാനോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടില്ലെങ്കിൽ ഈ ഒരു ധാർഷ്ട്യത്തിനുത്തരവാദി മെത്രാപ്പോലീത്താ തന്നേ എന്നു സ്പഷ്ടമാകുന്നു. പഴയ പഴയ സുറിയാനിപ്പുസ്തകങ്ങളെടുത്തു കണ്ടമാനം ചെയ്ത അന്നത്തെ തിരുത്തലുകളെപ്പററി ഫാദർ ബർണാർഡ് വ്യസനപൂർവ്വം പറയുന്നതു ഇങ്ങിനെയാണ്. "ഈ ഗ്രന്ഥസംസ്കാരത്തിൽ മെനേസിസ് അസംഖ്യം തെററു

www.malankaralibrary.com



കം ചെയ്വാൻ ഇടയായിട്ടുണ്ടു. കൽദായസഭയുടെ ആചാരങ്ങളും നടപടികളും സംബന്ധിച്ചു ഡോം മെനേസിസിനു യാതൊരു അറിവും ഇല്ലാതിരുന്നതിനാൽ ലത്തീൻ സഭയുടെ ആചാരങ്ങളോടും നടപടികളോടും യോജിക്കാതെയും അവയ്ക്കു വിരോധമായും സുറിയാനിപുസ്തകങ്ങളിൽ കണ്ടതെല്ലാം നെസ്തോർ പതിതപവും അതിനെ ആദരിക്കുന്നവയുമാണെന്നു തീർച്ചയാക്കുകയും പരിശുദ്ധന്മാരായ അനവധി ആളുകളെ പാഷണ്ഡരെന്നും നരകാഗ്നിയിൽ വേകുന്നവരെന്നും വിധിക്കയും ചെയ്വാൻ സംഗതിയായി........അദ്ദേഹത്തിന്റെ ഗ്രന്ഥസംസ്കാരം അടിയോടേ പിഴച്ചുപോയി. അതിനാൽ മലങ്കര സഭക്കു വന്നു കൂടീട്ടുള്ള നഷ്ടം സീമാതീതമാണ്".

5. മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങിയിരിക്കുന്നു എന്നു സമ്മതിക്കുന്നതാണ് അഞ്ചാമത്തെ നിശ്ചയം.

ഇതു അക്കാലംവരെ മലങ്കരസഭ മാർപ്പാപ്പായ്ക്കു കീഴായിരുന്നില്ലെന്നു തെളിയിക്കുന്നുവല്ലോ എന്നു ചരിത്രകാരന്മാർ പറയുന്നുണ്ടു്. വാസ്തവം പറയുന്നതായാൽ മുന്നൊരേടത്തു പ്രസ്താവിച്ചതുപോലെ ആരുടേയും കീഴായിരുന്നില്ല അപ്പോൾ മലങ്കരസഭ എന്നു സ്ഥാപിപ്പാനാണ് അധികവും തെളിവുകൾ ഉള്ളതു്. മെനേസിസ് മെത്രാപ്പോലീത്താ ഇങ്ങിനെയൊരു നിശ്ചയംകൊണ്ടു വന്നതു അക്കദയാക്കോൻ മാർപ്പാപ്പായെ കീഴ്വഴങ്ങാതിരുന്നതിനാൽ അല്ലെന്നും, പ്രസ്തുത അബ്രഹാം മെത്രാൻ കാലംചെയ്തു ഉടനെ അങ്കമാലിയിൽവെച്ചു കൂടപ്പെട്ട സുന്നഹദോസിൽവെച്ചു സുറിയാനി അറിയാവുന്ന മേല്പട്ടക്കാരനെ അയച്ചു തരണമെന്നു അക്കദയാക്കോൻ മാർപ്പാ-



പ്പായുടെ പേൎക്കു അപേക്ഷ അയച്ചിരുന്നുവെന്നും, അക്കദയാക്കോൻ മാർപ്പാപ്പായെ കീഴ്വഴങ്ങുന്നുവെന്നു പ്രത്യക്ഷത്തിൽ സമ്മതിച്ചാൽ ഉടനെ മാർപ്പാപ്പായെക്കൊണ്ടു മലങ്കരസുറിയാനിക്കാർ മേലിൽ പോർത്തുഗീസുകാർക്കു കീഴടങ്ങിക്കൊള്ളണമെന്നു കല്പിപ്പിക്കാമല്ലോ എന്നുമായിരുന്നു മെനേസിസിന്റെ ഉദ്ദേശമെന്നും റോമൻ കത്തോലിക്ക് ചരിത്രകാരന്മാർ സമർത്ഥിക്കുന്നു.

6. ബാബേൽ പാത്രിയർക്കീസ് നെസ്തോറിയനും പാഷണ്ഡനും ശീശ്മക്കാരനും റോമാസഭയോടു മത്സരിക്കുന്നവനുമാകയാൽ അദ്ദേഹത്തെ ശപിക്കുന്നുവെന്നും, അദ്ദേഹവുമായി മേലിൽ ഇടപെടുകയോ കത്തിടപാടുകൾ നടത്തുകയോ ചെയ്കയില്ലെന്നും സത്യം ചെയ്യുന്നുവെന്നത്രേ ആറാമത്തെ നിശ്ചയം.

വാസ്തവവിരുദ്ധവും ധിക്കാരപൂർവ്വവുമായ ഒരു സത്യം ചെയ്യിക്കലായിരുന്നു ഇതെന്നു കത്തോലിക്കാ ചരിത്രകാരന്മാർ പോലും ആക്ഷേപം പുറപ്പെടുവിക്കുന്നു. മെനേസിസ മെത്രാപ്പോലീത്തായുടെ 1599 മെയ് 14—ാം തിയതിയിലെ കല്പനയിൽ ബാബിലോൺ പാത്രിയർക്കീസിനെപ്പറ്റി ഈ വിധം കാണുന്നുണ്ടെന്നും, 1595 ജനവരി 27—ലെ മാർപ്പാപ്പായുടെ കല്പനയിൽ കാണുന്നതു അങ്ങിനെയാണെന്നാണ് മെനേസിസിനു ഇതിനുള്ള സമാധാനമെന്നും, വാസ്തവത്തിൽ മാപ്പാപ്പായുടെ കല്പനയിൽ അങ്ങിനെ യാതൊരു സൂചനയുമില്ലെന്നു വേണം മനസ്സിലാക്കുവാനെന്നും കാതോലിക്ക് ചരിത്രകാരന്മാർ വിവാദം ചെയ്തിരിക്കുന്നു. ബാബിലോനിന്റെ അന്നത്തെ സ്ഥിതിയെപ്പറ്റി മിസ്റ്റർ ഇ. എം. ഫിലിപ്പി-

www.malankaralibrary.com



ൻെറ "മാർത്തോമാ ശ്ലീഹായുടെ ഇന്ത്യൻ സഭ" പരിശോധിക്കുമ്പോൾ നാം കാണുന്നതു മാർ ഏലിയാസ് എന്നു പേരായ ഒരു പാത്രിയക്കീസ് മൂസലിലും, മാർ ശെമഓൻ എന്നു പേരായ മറെറാരു പാത്രിയക്കീസ് കുർദ്ദുസ്ഥാനിലും താമസിക്കുന്നതായിട്ടത്രേ. ഇവർ ഇരുവരും മാർപാപ്പായ്ക്കു അധീനരായിരുന്നുവെന്നും, കുറെ കാലങ്ങൾ കഴിഞ്ഞപ്പോൾ മൂസലിലെ പാത്രിയക്കീസ് നെസ്തോറിലേക്കു തിരിഞ്ഞുവെന്നും 1778—ൽ വീണ്ടും ഇദ്ദേഹം റോമൻ കത്തോലിക്കനായിയെന്നും, കുർദ്ദുസ്ഥാനിലേയും മൂസലിലേയും ശാഖകൾ മലങ്കര സഭ അവർക്കു അധീനമാണെന്നുള്ള നിലയിൽ മലങ്കരയിലേക്കു മെത്രാന്മാരെ അയച്ചിരുന്നുവെന്നുമാണ്.

7. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിയമിച്ച ആളായാൽ മാത്രം പോരാ, ഗോവ മെത്രാപ്പോലീത്തായാൽ അംഗീകരിക്കപ്പെട്ട ഒരാളെ മാത്രമേ മേലദ്ധ്യക്ഷനായി വക വെക്കുകയുള്ളുവെന്നു സത്യം ചെയ്യുന്നു എന്നത്രേ ഏഴാമത്തെ നിശ്ചയം.

പോർത്തുഗീസുകാരുടെ അധികാര പ്രമത്തതയ്ക്കു ഇതിലധികം ഒരു തെളിവു വേണമോ എന്നു ഒരു കാതോലിക്കാ വൈദികൻ ചോദിക്കുന്നു.

8. മലങ്കര സഭയുടെ തൽക്കാല ഭരണാധികാരി മെനേസിസ് മാത്രമാണെന്നു സമ്മതിക്കുന്നുവെന്നത്രേ എട്ടാമത്തെ പ്രതിജ്ഞയുടെ ചുരുക്കം.

9. മെത്രാപ്പോലീത്താ കൂട്ടുവാൻ നിശ്ചയിച്ചിരിക്കുന്ന സുന്നഹദോസിൽ എല്ലാവരും വന്നു സംബന്ധിക്കേണ്ടതാണെന്നുള്ള വിവരത്തിനു അയയ്ക്കുന്ന പരസ്യ



ക്കല്പനയിൽ ഒപ്പുവെച്ചു കൊള്ളാമെന്നും, സുന്നഹദോസിലെ നിശ്ചയങ്ങളെല്ലാം അക്ഷരംപ്രതി അനുസരിച്ചു കൊള്ളാമെന്നും മററും കാണിക്കുന്നതാണ് പിന്നീടുള്ള പ്രതിജ്ഞകൾ.

ജുഗുപ്സാവഹമായ ഈ ഒരു പ്രതിജ്ഞാപത്രത്തെപ്പററി കേരളീയ കത്തോലിക്കാ വൈദികനും സുപ്രസിദ്ധ ചരിത്രകാരനുമായ ഫാദർ ബർണാർഡ് പറയുന്നതെന്തെന്നു കേട്ടാലും! "ക്രിസ്തുമതത്തിൻെറ ആരംഭം മുതൽ സാർവത്രികങ്ങളും പ്രാദേശികങ്ങളുമായി അനവധി സുന്നഹദോസുകൾ ഉണ്ടായിട്ടുണ്ടു. അവയിൽ ഒന്നിലെങ്കിലും നിർണ്ണയിക്കപ്പെടുന്ന സംഗതികളെ സ്വീകരിച്ചു കൊള്ളാമെന്നു അതിൽ സംബന്ധിക്കാനിരിക്കുന്നവരെക്കൊണ്ടു സുന്നഹദോസ് വിളിച്ചു കൂട്ടിയ ആൾ ആദ്യമായി സത്യം ചെയ്യിച്ചിട്ടില്ല; അങ്ങിനെ സത്യം ചെയ്യാൻ പാടുള്ളതുമല്ല............അർക്കദിയാക്കോൻെറ സഭാ അന്ന്യരീത്തുകാരനായ ഒരു മെത്രാൻെറ അധികാരത്തിനു കീഴ്പെടുന്നതിനുള്ള ഒരു പന്ഥാവാകുവാൻ, അദ്ദേഹത്തെക്കൊണ്ടു മെനേസിസ് ചെയ്യിച്ച പ്രസ്തുത ശപഥം, ഹേതുവായിത്തീർന്നു."

"ബശ്മായോ വക് ദോമ്മീൻ ഹ്ത്തീസ്"

അർക്കദിയാക്കോൻ കേവലം അശരണനായിത്തീരുകയാൽ പ്രതിജ്ഞാപത്രത്തിൽ ഒപ്പു വെച്ചു കൊടുത്തു. അനന്തരം വൈപ്പിക്കോട്ട സിമ്മനാരിയിൽ പോയി മെത്രാപ്പോലീത്തായെ കാണുകയും ചെയ്തു. കൂടെ അനേകം പട്ടക്കാരും ഉണ്ടായിരുന്നു. സിമ്മനാരിയിൽ കയറി മെത്രാപ്പോലീത്തായെ കണ്ട ഉടനെ "ബശ്മായോ വക്

www.malankaralibrary.com



ദോമ്മീൻ ഫ്ത്തീസ" (സ്വർഗ്ഗത്തിന്റേയും നിങ്ങളുടേയും സന്നിധിയിൽ ഞാൻ പാപം ചെയ്തു) എന്നു അദ്ദേഹം നിലവിളിക്കുകയുണ്ടായിപോൽ. അനന്തരം എന്നാണ് സുന്നഹദോസ് കൂടേണ്ടതെന്നും, എവിടെ വെച്ചു വേണം അതു നടത്തുവാനെന്നും ഇരുവരും കൂടിയാലോചിച്ചു. തൽഫലമായി (1599) ജൂൺ 20-ാം തിയതിയായ പെന്തിക്കൊസ്തി കഴിഞ്ഞു വരുന്ന മൂന്നാം ഞായറാഴ്ച ഉദിയംപേരൂർ വെച്ചു സുന്നഹദോസ് ആരംഭിക്കത്തക്കവണ്ണം തീർച്ചപ്പെടുത്തുകയും, ആ വിവരത്തിനു മെത്രാപ്പോലീത്തായും അർക്കദിയാക്കോനും കൂടി ഒപ്പുവെച്ചുള്ള കല്പന മെയ് മാസം 14—ാം തിയതി പള്ളികൾക്കെല്ലാം അയയ്ക്കുകയും ചെയ്തു.

ഉദിയംപേരൂർ സുന്നഹദോസ്.

നിശ്ചിത ദിവസത്തിൽ എല്ലാവരുംതന്നേ വന്നുചേർന്നു. പ്രാർത്ഥനാനന്തരം സുന്നഹദോസും ആരംഭിച്ചു. റോമൻ കത്തോലിക്കരായ പല പോർത്തുഗീസ് ഉദ്യോഗസ്ഥന്മാരും മെത്രാപ്പോലീത്തായുടെ പാർശ്വവർത്തികളെന്നുള്ള നിലയിൽ അവിടെ സന്നിഹിതരായിട്ടുണ്ടായിരുന്നു. താൻ എഴുതിയ നിശ്ചയങ്ങളുടെ പകർപ്പുകൾ ഏതാനും കത്തനാരന്മാർക്കും അർക്കദിയാക്കോനുമായി മെത്രാപ്പോലീത്ത വിതരണംചെയ്തു. എന്തെങ്കിലും എതിരാഭിപ്രായമുണ്ടെങ്കിൽ പറയണമെന്നും അദ്ദേഹം കല്പിച്ചു. ഏഴുദിവസങ്ങളിലായി ഒൻപതു യോഗങ്ങളത്രേ കൂടുകയുണ്ടായതു്. സുന്നഹദോസിൽ സംബന്ധിച്ചിട്ടുള്ളവരാരും അതു് അവസാനിക്കുന്നതിനു മുമ്പായി പുറത്തു പോകരുതെന്നു പ്രത്യേകം തക്കീതു ചെയ്യപ്പെട്ടിരുന്നു. അനു



മതികൂടാതെ രഹസ്യാലോചനകൾ യാതൊന്നും നടത്താൻ പാടില്ലെന്നും വിലക്കിയിരുന്നു. ഒന്നാം ദിവസത്തിൽ തീരുമാനിക്കപ്പെട്ടതു് ഈവക സംഗതികൾതന്നെ. രണ്ടാം ദിവസത്തിൽ മെത്രാപ്പോലീത്തായെ അനുകരിച്ചുകൊണ്ടു ബാബിലോൺ സുറിയാനി പാത്രിയർക്കീസിനെ ഉപേക്ഷിക്കുന്നുവെന്നും, മാർപ്പാപ്പായെ കീഴ്വഴങ്ങുന്നുവെന്നും എല്ലാവരും സത്യംചെയ്തു. മൂന്നാം ദിവസത്തിൽ നടന്നതു്, പാഷണ്ഡമതതത്വങ്ങളേയും പുസ്തകങ്ങളിലുള്ള അബദ്ധങ്ങളേയും പത്രോസിനും തോമായ്ക്കും വേർവ്വേറെ പ്രമാണങ്ങൾ ഇല്ലെന്നുള്ളതിനേയും സംബന്ധിച്ചുള്ള പ്രതിപാദനങ്ങളായിരുന്നു. എന്നുതന്നേയല്ല, അന്നു് മലങ്കരസഭയെ റോമായ്ക്കു അധീനമാക്കി ഉറപ്പിക്കുകയും ചെയ്തു. മാമോദീസാ, മുമ്പിലത്തെ ഉപ്പുരശ്മ എന്നിവയെപ്പററിയുള്ള തീരുമാനങ്ങളാണ് നാലാം ദിവസത്തിൽ നടന്നതു്. അഞ്ചാമത്തെ ദിവസത്തിൽ വി. കുർബാനയുടെ മാഹാത്മ്യത്തെ വിശദപ്പെടുത്തുന്നതായ കാര്യങ്ങളെ പ്രതിപാദിച്ചു. കുമ്പസാരം, ഒടുക്കത്തെ "ഉപ്പുരശ്മ" എന്നിവയെപ്പററി ആറാമത്തെ ദിവസത്തിലും, പട്ടത്വം വിവാഹം എന്നിവയെക്കുറിച്ചു് ഏഴാം ദിവസത്തിലും നിയമങ്ങൾ ഉണ്ടാക്കി, ഭരണഘടനസംബന്ധമായും നോൻപ് മുതലായ ആചാരങ്ങളെക്കുറിച്ചുമുള്ള നിശ്ചയങ്ങളത്രേ എട്ടാം ദിവസത്തിൽ വായിക്കപ്പെട്ടതു്. ഒൻപതാം ദിവസത്തിൽ സാമൂഹാചാരങ്ങളെപ്പററിയും തീരുമാനങ്ങൾ ചെയ്തു.

ഇതൊരു സുന്നഹദോസാണോ?

സന്നിഹിതരായവരുടെ അഭിപ്രായം കേൾക്കുക, ഭൂരിപക്ഷാനുസാരം നിശ്ചയങ്ങൾ ചെയ്യുക എന്നിങ്ങ

www.malankaralibrary.com



നെയുള്ള സാമാന്യ നടവടികൾപോലും ഉദയമ്പേരൂർ സുന്നഹദോസിൽ അനുവൎത്തിക്കപ്പെടുകയുണ്ടായില്ല. ഒൻപതു യോഗങ്ങളിലായി പാസ്സാക്കപ്പെട്ട 200 നിശ്ചയങ്ങൾ ആദ്യത്തേയും അവസാനത്തേയും ദിവസങ്ങളെ തള്ളിക്കളഞ്ഞാൽ, അഞ്ചുദിവസംകൊണ്ടു വായിച്ചവസാനിപ്പിക്കുക എന്നതു പ്രയാസമായിരിക്കുമെന്നൂഹിക്കാവുന്നതാണ്. റോമൻകത്തോലിക്ക് ചരിത്രകാരന്മാർ അതിനെപ്പററി പറയുന്നതിങ്ങിനെയത്രേ: "ഈ നിയമങ്ങൾ മെത്രാപ്പോലീത്താ സുന്നഹദോസിൽ പ്രസ്താവിക്കപ്പെട്ടവ എന്നല്ലാതെ അതിൽ നിൎമ്മിക്കപ്പെട്ടവയാണെന്നു പറയാവതല്ല. നിയമങ്ങൾ എല്ലാം മുൻകൂട്ടി വായിച്ച മെത്രാപ്പോലീത്തായുടെ പക്ഷത്തുള്ളവർ പോലും അവയിൽ പലതും വിശ്വാസത്തിന്നു വിപരീതങ്ങളാണല്ലൊ എന്നു വ്യസനിച്ചു"

### ദുരുദ്ദേശം തന്നെ

സഭാസംബന്ധമായ കാൎയ്യങ്ങളിൽ മലങ്കരയുള്ള പൂൎവ്വീക ക്രിസ്ത്യാനികളുടെ കഴുത്തിൽ മെനേസീസ് മെത്രാൻ ഈ വിധം കയറുചുററി വലിച്ചതു എന്തുദ്ദേശത്തോടുകൂടിയായിരുന്നു എന്നു സംക്ഷിപ്തമായി പറയാം. മലങ്കര സഭ (റോമൻ കത്തോലിക്കരായ) പോൎത്തുഗീസുകാരുടെ പാദപീഠമായിരിക്കണം. അവരുടെ അഭിലാഷം സൎവ്വവും അതിൽ നടപ്പാൻ സംഗതിയാവണം. സുറിയാനിക്കാരായ യാതൊരു മേലദ്ധ്യക്ഷന്മാൎക്കും അവിടെ പ്രവേശനവും അധികാരവും ലഭിക്കുമാറാവരുതു. കുൎബ്ബാനത്തക്സായും നമസ്കാരക്രമങ്ങളും എല്ലാം മാറണം. നാട്ടുകാരിൽ ആരും മെത്രാന്മാരാവാൻ ഇടയാവരുതു. സുറിയാനി



ഭാഷയേയും കിഴക്കൻ ആരാധനാസമ്പ്രദായത്തേയും പമ്പകടത്തണം. തങ്ങളൊഴിച്ചു റോമൻ കത്തോലിക്കരായി മററാരു വന്നാലും മലങ്കരയിൽ കാൽവെപ്പാൻ സംഗതിയായിക്കൂടാ. പോൎത്തുഗീസുകാർ, ഇങ്ങിനെ ശാഠ്യം പിടിച്ചതിൽ വേറെ വല്ല ഉദ്ദേശവും കിടപ്പുണ്ടോ എന്നാലോചിക്കുമ്പോൾ ഇവ എല്ലാററിന്റെയും അടിയിൽ സ്വാൎത്ഥം തലപൊക്കി നില്ക്കുന്നതായി നമുക്കു കാണാം. കേരളത്തെ മാത്രമല്ല, ഇന്ത്യയെ മുഴുവനും പോൎത്തുഗീസു രാജാവിന്റേതാക്കിത്തീൎക്കണമെന്നത്രേ പോൎത്തുഗീസുകാരുടെ ലാക്കെന്നു നാം ഗ്രഹിച്ചിരിക്കണം. ആ കാൎയ്യത്തിൽ പലപ്പോഴും യുദ്ധം നടത്തേണ്ടതായി വന്നുകൂടുമല്ലൊ. നാട്ടുരാജാക്കന്മാരേയും മററും തോല്പിക്കുന്നതിന്നു നല്ലതായ ഒരു സൈന്യവ്യൂഹം ആവശ്യമത്രേ. അതിലേക്കു പോൎത്തുഗീസു രാജ്യത്തിൽനിന്നു വളരെപ്പേരെ ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കുക പ്രയാസമായിരിക്കും. മലങ്കര നസ്രാണികൾ യുദ്ധപരിശീലനം നേടിയവരാണ്. അങ്ങിനെയുള്ളവർ പത്തൻപതിനായിരത്തിൽ കുറവല്ലെന്നു അവർ ഗ്രഹിച്ചു. ചെലവിനു കൊടുക്കാതെ അവരെ ഉദ്ദേശത്തിന്നു കൊള്ളിക്കണമെങ്കിൽ മതവിശ്വാസശൃംഖലകൊണ്ടു അവരെ ബന്ധിക്കാതെ നിൎവ്വാഹമില്ല. കണ്ണുരുട്ടിയാൽ തലകുനിക്കാനേ നസ്രാണികൾക്കു ഗതിയുള്ളു എന്നു അവർ അറിഞ്ഞു. നാട്ടുരാജാക്കന്മാർ പോൎത്തുഗീസുകാരുടെ അഭീഷ്ടത്തിന്നു പ്രതികൂലികളാവുകയില്ലാത്തതിനാൽ നസ്രാണികൾക്കു മറെറവിടെയാണു ശരണം എന്നു അവർ ഗ്രഹിച്ചു. മെനേസീസ് മെത്രാപ്പോലീത്താ പോൎത്തുഗൽ രാജാവിന്റെ ആപ്തമിത്രമത്രേ. ആ

www.malankaralibrary.com



രാജാവിൻെറ പ്രാബല്യം വൎദ്ധിപ്പിക്കുന്നതിൽ തന്നാൽ കഴിവുള്ളതൊക്കയും ചെയ്യാൻ മെത്രാപ്പോലീത്താ നിബന്ധിതനായിരിക്കുന്നു. ഇക്കാൎയ്യമൊന്നും പ്രാരംഭകാലത്തിൽ മാർപ്പാപ്പാന്മാർ ഗ്രഹിച്ചിരുന്നതായി അനുമാനിക്കാവതല്ല. പോൎത്തുഗീസു മെത്രാപ്പോലീത്താ എഴുതുന്നതൊക്കയും സത്യമായിരിക്കും എന്നായിരുന്നു റോമായിലെ ബോധ്യം. മററാരെഴുതിയാലും മുൻകാലത്ത് അവിടെ വിശ്വാസയോഗ്യമായിരുന്നില്ല. ഗീവൎഗീസ് അൎക്കദിയാക്കോൻ തന്നേ വാസ്തവകഥകളെ പരാമൎശിച്ചു ഒന്നുരണ്ടു കത്തുകൾ റോമായിലേയ്ക്കയച്ചതായി കാണുന്നുണ്ട്. നേരെ മറിച്ച്, പോൎത്തുഗീസുകാരുടെ എഴുത്തുകൾക്കു ലഭിച്ച ഗുണാനുഭവങ്ങൾ കാണുക. ഉദിയംപേരൂർ സുന്നഹദോസ് കഴിഞ്ഞ ഉടനെ മെനേസിസ് മെത്രാപ്പോലീത്താ മാർപ്പാപ്പായ്ക്കു ഒരെഴുത്ത് എഴുതിയിരുന്നു. അതിലെ താല്പൎയ്യം മലങ്കര (അഥവാ അങ്കമാലി) മഹാ ഇടവകയെ ഗോവയ്ക്കു കീഴാക്കിവെക്കണമെന്നു സുന്നഹദോസിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു എന്നത്രേ. തദനുസാരം 1599 ഡിസമ്പർ 20-ാംനു- മാർപ്പാപ്പാ തിരുമനസ്സിൽ നിന്ന് അതിനെ അംഗീകരിച്ചിരിക്കുന്നതായി കല്പനയും വന്നു. അനന്തരം, ഇവിടെ നിന്നയച്ച പീരങ്കികളുടെ ഫലമായി 1600 ആഗസ്റ്റ് മാസം 4-ാം തിയതിയിലെ വേറൊരു തിരുവെഴുത്തു മൂലം മലങ്കരസഭമേൽ പോൎത്തുഗൽ രാജാക്കന്മാൎക്കു രക്ഷാധികാരവും നൽകപ്പെട്ടു. പോൎത്തുഗീസുകാരുടെ ലൌകികമായ ഉദ്ദേശം അവർ എത്രയോ ചതുരമായി സാധിപ്പിച്ചു കഴിഞ്ഞു എന്നു കണ്ടാലും! ഉദിയംപേരൂർ സുന്നഹ



ദോസു കഴിഞ്ഞിട്ടു ആറാം മാസത്തിൽ (1599 ഡിസമ്പർ 21-ാംനു-) ഗോവയിൽ താമസിച്ചിരുന്ന നിക്കോലാസ് പിമെൻറാ എന്നു പേരായ ഒരു ജസ്യൂട്ടു പാതിരി ക്ലാവുദിസ് അക്വാവീവ എന്ന പുരോഹിതവൎയ്യന്നയച്ച എഴുത്തിലെ ഒരേ ഒരു വാചകം ഇക്കാൎയ്യത്തിൽ സൎവ്വരുടേയും കണ്ണുകൾ തുറക്കുവാൻ പൎയ്യാപ്തമായിട്ടുള്ളതാകുന്നു. "How important is the step and how much it is in the future to promote the interests of the Portuguese Crown, none can gainsay who is aware of the effect of binding, to the cause of Portugal and of bringing under the obedience of the Roman See, this race which from the days of St. Thomas has alone in India held the faith and can place in array thirty-thousand armed men" (വി. തോമാശ്ലീഹായുടെ കാലം മുതൽ ഭാരതഖണ്ഡത്തിൽ വിശ്വാസത്തെ അദ്വിതീയമായി പരിരക്ഷിച്ചതും ആയുധപാണികളായ മുപ്പതിനായിരം ആളുകളെ സൈന്യനിരയിലേക്കു അയക്കുവാൻ സാധിക്കുന്നതുമായ ഈ ജാതിയെ പോൎത്തുഗൽ രാജ്യത്തിനോടു ബന്ധിപ്പിക്കയും, റോമാസിംഹാസനത്തിനു അധീനപ്പെടുത്തുകയും ചെയ്യുന്നതിൻെറ ഫലം മനസ്സിലാക്കീട്ടുള്ള യാതൊരുത്തനും ഈ ശ്രമം എത്ര മഹത്തരമാണെന്നും പോൎത്തുഗൽ രാജാക്കന്മാരുടെ ഭാവിശ്രേയസ്സിനു അതു എത്രമാത്രം ഉപയുക്തമാണെന്നുമുള്ളതിനെ നിഷേധിക്കുവാൻ കഴിയുന്നതല്ല)

### പോൎത്തുഗീസു മെത്രാന്മാർ.

സുന്നഹദോസു കഴിഞ്ഞതിൽപ്പിന്നെ മേനേസിസു മെത്രാപ്പോലീത്ത മലങ്കരയിൽ പലേടങ്ങളിലും

www.malankaralibrary.com



സഞ്ചരിച്ചതിന്റെ ശേഷം ഗോവായിലേക്കു തിരിച്ചു പോയി. പോർത്തുഗീസുരാജാവും ഗോവയിലിരുന്നിരുന്ന അദ്ദേഹത്തിന്റെ വൈസറോയിയും മരിച്ചുപോയി എന്നു അറിഞ്ഞതാണു പെട്ടെന്നുണ്ടായ ഈ തിരിച്ചുഴന്നുള്ളതിന്നു കാരണമായി പറയപ്പെടുന്നതു. അദ്ദേഹം പോയതിന്റെ ശേഷം മലങ്കരയുടെ മെത്രാപ്പോലീത്തായായി പോർത്തുഗീസു രാജാവു നിയമിച്ചാക്കിയതു വൈപ്പിക്കോട്ട സിമ്മനാരിയുടെ അദ്ധ്യക്ഷനായിരുന്ന പ്രാൻസിസ് റോസ് എന്ന ഒരു ഈശോസഭ (ജസ്യൂട്ട് വിഭാഗം)ക്കാരനായായിരുന്നു. 1625-ൽ ഈ റോസ് മെത്രാൻ മരിച്ചപ്പോൾ ഗോവയിൽ വെച്ചു വാഴിക്കപ്പെട്ട എസ്താപ്പാനോസ് ബ്രിട്ടോ എന്ന ദേഹം മെത്രാനായിത്തീൎന്നു. പതിനേഴു സംവത്സരം മെത്രാനായി വാണ ഇദ്ദേഹം കാലധൎമ്മം പ്രാപിച്ചപ്പോൾ 1641-ൽ പ്രാൻസിസ് ഗാർസ്യാ എന്നു പേരായ മെത്രാൻ മലങ്കരയിൽ വാഴുവാൻ ആരംഭിച്ചു. ഈ പറഞ്ഞ മൂന്നു പോർത്തുഗീസുകാരായ മെത്രാന്മാൎക്കും മലങ്കര സഭയെ സമാധാനത്തോടുകൂടി ഭരിക്കുവാൻ സംഗതിയായില്ലെന്നുള്ളതിന്നു പോർത്തുഗീസുചരിത്രകാരന്മാർ പോലും സാക്ഷികളായിരിക്കുന്നുണ്ടു. ഇവരിൽ ഒടുവിൽ പേർ പറഞ്ഞ മെത്രാന്റെ കാലത്തിലത്രേ അതുവരെയും ഏകമായിരുന്ന മലങ്കരസഭ "പഴക്കൂറെറ"ന്നും "പുത്തൻകൂറെറന്നു"മുള്ള നാമധേയങ്ങളാൽ പൊട്ടിപ്പൊളിഞ്ഞു വേറിട്ടതെന്നു നാം പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ടതാണു. ആദ്യം പറഞ്ഞ രണ്ടു മെത്രാന്മാരുടെ കാലത്തും ശീമയിൽനിന്നു യാതൊരു സുറിയാനി മെത്രാന്മാരും മലങ്കരയിൽ വരികയുമുണ്ടായിട്ടില്ല.



ഒടുവിൽ പറഞ്ഞ ഗാർസ്യാ മെത്രാന്റെ കാലത്തു ശീമക്കാരനായ ഒരു മെത്രാനോ മെത്രാപ്പോലീത്തായൊ പാത്രിയക്കീസോ ആരോ ഒരാൾ മലങ്കരയിൽ എത്തിയിരുന്നതായി നല്ലതുപോലെ തെളിവായിട്ടുള്ളതാണു. കഴുത്തിൽ കല്ലുകെട്ടി വെള്ളത്തിൽ മുക്കിക്കൊന്നു എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന ആ ബാവായെപ്പററി—കൂനൻകുരിശുസത്യത്തിന്നു സുറിയാനിക്കാരായ അസംഖ്യം പേരെ പ്രേരിപ്പിച്ച സംഭവം ഏതൊരാളിനോടു സംബന്ധപ്പെട്ടിരിക്കുന്നുവോ ആ ദേഹത്തെക്കുറിച്ചു—നാം നന്നായി തന്നേ ഗ്രഹിച്ചിരിക്കേണ്ടതു ആവശ്യമാകയാൽ, പിന്നാലെ അദ്ദേഹത്തെപററി പ്രസ്താവിച്ചുകൊള്ളുന്നതാകുന്നു.

### പോർത്തുഗീസ് രാജാവിനോടുള്ള ആവലാതി

ഉദിയംപേരൂർ സുന്നഹദോസിന്റെ ശേഷം സമാധാനവും സന്തുഷ്ടിയും മലങ്കരയിൽ നിന്നു വിപാടനം ചെയ്യപ്പെട്ടതായിത്തന്നെ ഗ്രഹിക്കാവുന്നതാണ്. ഇതിന്നു രണ്ടു നാലു കാരണങ്ങൾ ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടു. ഒന്നാമത്, അതുവരെയും മലങ്കരയിൽ സന്തോഷപൂർവ്വം ആദരിക്കപ്പെട്ടുവന്ന കൽദായ സുറിയാനി മെത്രാന്മാരുടെ ആധിപത്യത്തെ അവർ ബലാല്ക്കാരേണ പിടിച്ചെടുത്തു തോട്ടിലെറിഞ്ഞു കളഞ്ഞു. ഇതിങ്കൽ ചെയ്ത ആവലാതികളെ അവർ ലവലേശവും ചെവിക്കൊണ്ടില്ല. രണ്ടാമതായി, മലങ്കര മഹാഇടവകയെ തരം താഴ്ത്തിക്കൊണ്ടു ഗോവയ്ക്കു കീഴാക്കി വെച്ചു. മൂന്നാമതായി, സുറിയാനിയിലുള്ള ആരാധനക്രമങ്ങളെ മാററി തൽസ്ഥാനങ്ങളിൽ ലത്തീൻക്രമങ്ങളെ കുത്തിച്ചെലുത്തുവാൻ ആരംഭിച്ചു. നാലാമതായി, പൂർവ്വകാലം മു

www.malankaralibrary.com



തലേ നടപ്പുള്ള അക്കദയാക്കോന്റെ അധികാരത്തെ ഇടിച്ചുമത്തുകയും, മേലിൽ ആ സ്ഥാനം പോലും ആവശ്യമില്ലെന്നുള്ള അത്ഥത്തിൽ ചില പ്രയോഗങ്ങളും തുടങ്ങി. ഇതൊക്കെ കാണാനും കേൾക്കാനും തുടങ്ങിയതോടുകൂടി ജനങ്ങളാസകലം പ്രക്ഷുബ്ധരായിത്തീന്നതിൽ അത്ഭുതമില്ലല്ലോ. അതിനാൽ അവർ നിവാരണമാൎഗ്ഗം ചിന്തിക്കാൻ ഒരുമ്പെട്ടു. തൽഫലമായി അതാ, ഗീവർഗീസ് അക്കദയാക്കോന്റെ നേതൃത്വത്തിൽ ഇടപ്പള്ളിൽവെച്ച് 1632 ഡിസമ്പർ 19—ാം തിയതി ഒരു മഹായോഗം കൂടപ്പെടുന്നു. അവിടെവെച്ചു എല്ലാവരുംകൂടി പോത്തുഗൽ രാജാവിന്റെ പേക്കു സുദീഘമായ ഒരു അപേക്ഷ എഴുതി അയച്ചു. അതിന്റെ താല്പയ്യം ഇതത്രേ: സുറിയാനി ഭാഷ അറിവില്ലാത്ത മെത്രാന്മാർ പള്ളിക്രമങ്ങളെടുത്തു വെട്ടിത്തിരുത്തുവാൻ തുടങ്ങിയിരിക്കകൊണ്ടു കുഴപ്പങ്ങൾ ഉണ്ടാകുന്നു; ഉദിയംപേരൂർ സുന്നഹദോസിൽ വെച്ചു തങ്ങളുടെ അഭിലാഷം സുറിയാനിക്കാരായ മെത്രാന്മാർ വേണമെന്നാണെന്നു പ്രകടിപ്പിച്ചിരുന്നു; പോത്തുഗീസുകാർ അവക്കു തോന്നിയ സമ്പ്രദായത്തിൽ മാത്രമാണ് സുറിയാനി ഭാഷ പഠിപ്പിക്കുന്നതു; പോത്തുഗൽ രാജ്യത്തിൽ നിന്നയയ്ക്കപ്പെടുന്ന കുബ്ബാനപ്പണം നാട്ടുകാരായ പട്ടക്കാക്കു കൊടുക്കപ്പെടുന്നില്ല; മെത്രാന്മാർ വികാരിമാരെ നിയമിക്കുമ്പോൾ അക്കദയാക്കോനുമായി ആലോചിക്കുന്നില്ല; ലത്തീൻ മെത്രാന്മാരെക്കൊണ്ടു ഗുണമാണുള്ളതെന്നു തങ്ങൾക്കു വിശ്വാസമില്ല—ഇതൊക്കെയായിരുന്നു അപേക്ഷയിലെ സംഗതികൾ. ഇതുകൊണ്ടൊന്നും യാതൊരു ഫലവും ഉണ്ടാവാൻ ഇടയായില്ല.



### അഹത്തല്ലാബാവായുടെ വരവ്.

ജനങ്ങൾ എല്ലാവരും നിരാശരായും അശരണരായും മേലോട്ടുനോക്കി കോട്ടുവായിട്ടു. അതാ 1652-ന്റെ ആരംഭത്തിൽ, നല്ലൊരു പ്രഭാതവേളയിൽ, പൌരസ്ത്യസന്ന്യാസവേഷവിഭൂഷിതനായ ഒരാൾ സൂറത്തു തുറമുഖത്തു വന്നടുക്കുന്നു. ഏതാനും ദിവസം അവിടെ ചുററിനടന്നതിന്റെ ശേഷം മാർതോമാ ശ്ലീഹായുടെ ശ്മശാന സന്ദശനാത്ഥം അദ്ദേഹം മൈലാപ്പൂരിലേക്കു പോയി. സ്വല്പദിവസത്തിനകം അവിടെ ചെങ്ങന്നൂർനിന്നു ചെങ്കയിൽ ഇട്ടി ശെമ്മാശനും കറവിലങ്ങാട്ടുകാരൻ കിഴക്കേടത്തു കുയ്യൻ ശെമ്മാശനും തീത്ഥയാത്രയായി ചെന്നെത്തി. പ്രാൻസിസ്കൻ ദേവാലയത്തിൽ താമസിച്ചിരുന്ന ആ സന്ന്യാസവയ്യൻ ശെമ്മാശന്മാരെ രഹസ്യമായി വിളിച്ച് അവർ വശം ഒരു കത്തു കൊടുത്തു. ആ കത്തിന്റെ ശരിയായ തജ്ജമ പ്രസ്തുത ശതകത്തിൽ ഇന്ത്യയിൽ വന്നിരുന്ന ഒരു ഇത്താല്യൻ സഞ്ചാരിയുടെ യാത്രാവിവരണത്തിൽ ചേത്തിട്ടുണ്ട്. അതിന്റെ പരിഭാഷ തിരുവിതാംകൂർ സ്റ്റേററുമാനുവലിലും കാണപ്പെടുന്നു. സുറിയാനി ഭാഷയിൽ എഴുതപ്പെട്ട ആ അസ്സൽ കത്തിൽ നിന്നു ഏതാനും ഭാഗം ഇവിടെ തജ്ജമചെയ്തു ഉദ്ധരിക്കുക തന്നെ:

"ഇന്ത്യക്കയുടേയും ചീനത്തിന്റേയും പാത്രിയക്കീസും ഇഗ്നാത്തിയോസും ആയ നാം നിങ്ങളുടെ ദിക്കിൽ നിന്നും ഇവിടെ വന്നിട്ടുള്ള ശെമ്മാശന്മാർ വശം ഒരെഴുത്തയയ്ക്കുന്നു. നിങ്ങൾ ഈ എഴുത്തു വായിക്കുമ്പോൾ രണ്ടു വൈദികരേയും നാല്പതു ആളുകളേയും ഇങ്ങോട്ടു അ

www.malankaralibrary.com



യക്കേണ്ടതാണ്. ഞാൻ അങ്ങോട്ടു വരുന്നതിൽ തടസ്സം ഉണ്ടാകാതിരിപ്പാനായി ജാഗ്രതയോടുകൂടിത്തന്നെ അവരെ അയയ്ക്കണം. നമ്മുടെ മക്കളേ, നമ്മുടെ വാക്കുകളെ കേൾക്കുവിൻ. നമ്മുടെ നാഥനായ മാർപ്പാപ്പായിൽ നിന്നു സൎവ്വ അധികാരങ്ങളും നമുക്കു നൽകപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇഗ്നാത്തിയോസിനു സമസ്തയധികാരവുമുണ്ട്. നിങ്ങൾ ഭയപ്പെടായ്വിൻ! നിങ്ങളുടെ ആവശ്യത്തിന്നായി വളരെ നിക്ഷേപങ്ങളും മററനേകം ദ്രവ്യവും നാം കൊണ്ടുവന്നിരിക്കുന്നു. അതിനാൽ നാം അവിടെ വന്നുചേരുന്നതിന്നു കഴിവുള്ള സൎവ്വ ഒത്താശകളും ഉടൻ ചെയ്തുകൊൾക. മൈലാപ്പൂരായ ഈ പട്ടണത്തിൽ ദൈവമാതാവായ മറിയാമിന്റെ നാമത്തിൽ നാം എത്തിയിരിക്കുന്നതു് ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്കു നമ്മെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി പട്ടക്കാരും ജനങ്ങളും ഇവിടെ വന്നുചേരുന്നതായി നാം അറിഞ്ഞതിനാൽ ആണെന്നു...... ........നിങ്ങൾ എല്ലാവരും അറിഞ്ഞുകൊൾവിൻ... ...........എന്ന് ഇന്ത്യക്കയുടേയും ചീനത്തിന്റേയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ്."

ക്രൂനൻകരിശു സത്യം.

ഈ ഒരെഴുത്തു കൈപ്പററിയപ്പോൾ മലങ്കരയിൽ പോൎത്തുഗീസു പക്ഷക്കാരല്ലാത്ത സകലമാനപേൎക്കും, വിശിഷ്യാ ഗീവർഗീസ് അൎക്കദിയാക്കോനും, ഉണ്ടായ സന്തോഷം വാചാമഗോചരമെന്നേ പറയേണ്ടതുള്ളു. സുറിയാനിയാരാധനാക്രമങ്ങൾ യഥാപ്രകാരം നടത്തുന്നതിന്നായി ആശിച്ചപോലെതന്നെ ഒരു മേല്പട്ടക്കാരൻ വന്നു



ചേൎന്നുവല്ലോ എന്നു എല്ലാവരും ദൈവത്തിനു സ്തോത്രം ചെയ്തു. അനന്തരകരണീയമായ സംഗതികളെക്കുറിച്ചു ആലോചിപ്പാനായി ഉടനെ ഉദിയംപേരൂർ പള്ളിയിൽ വെച്ചു ഒരു യോഗവുംകൂടി. പ്രസ്തുതയോഗത്തിൽ ഗാർസ്യാമെത്രാപ്പോലീത്തായുംകൂടി സംബന്ധിച്ചാൽ കൊള്ളാമെന്നു അൎക്കദിയാക്കോൻ ആവശ്യപ്പെട്ടിരുന്നു. എതിരായ ഒരു പ്രസ്ഥാനത്തിൽ സംയോജിക്കുവാൻ ആൎക്കും സന്തോഷം തോന്നുകയില്ലല്ലോ. മൈലാപ്പൂരിലെത്തിയ ആൾ മലങ്കരയിൽ വന്നാൽ പ്രതികൂലകക്ഷികൾ ഒന്നാകെ തിരിഞ്ഞുപോകാനിടയുണ്ടെന്നു അദ്ദേഹം മനസ്സിലാക്കി. അതിനാലോ, മററുകാരണത്താലോ അദ്ദേഹം ആ ക്ഷണക്കത്തിനു ഒരു മറുവടിയാണു അയയ്ക്കുകയുണ്ടായതു. അതിന്റെ ചുരുക്കമാവിതു: പാത്രിയർക്കീസെന്ന പേരിൽ വന്നിരിക്കുന്ന ആൾ മാർപ്പാപ്പായിൽ നിന്നാകട്ടെ, പോൎത്തുഗൽ രാജ്യത്തിൽ നിന്നാവട്ടെ യാതൊരു അധികാരത്തോടുകൂടിയുമല്ല വന്നിട്ടുള്ളതെന്നാകുന്നു. മെത്രാപ്പോലീത്തായുടെ ഈ മറുവടി ആരും അത്ര വിശ്വാസയോഗ്യമായി ഗണിച്ചില്ല. ഇതിന്നിടയിൽ പോൎത്തുഗീസുകാർ പ്രസ്തുത പാത്രിയർക്കീസിനെ ഗോവയ്ക്കു കൊണ്ടുപോവുകയായിരുന്നു. വഴിമദ്ധ്യേ ആ കപ്പൽ കൊച്ചി തുറമുഖത്തടുത്തു. ഈ വിവരം എങ്ങിനെയോ പരസ്യമായതോടുകൂടി അനേകശതം ജനങ്ങൾ കൊച്ചി രാജാവിന്റെ സന്നിധിയിൽ എത്തി കപ്പലിൽ ഇരിക്കുന്ന തങ്ങളുടെ പാത്രിയർക്കീസിനെ കരയ്ക്കിറക്കുന്നതിന്നു പോൎത്തുഗീസു കപ്പിത്താനോടു കല്പിക്കണമെന്നപേക്ഷിച്ചു. അപ്പോൾ 25000 ജനങ്ങൾ അവിടെ കൂടപ്പെട്ടതായിട്ടത്രേ

www.malankaralibrary.com



പറഞ്ഞുകേൾക്കുന്നതു. കൊച്ചിരാജാവു അനുകമ്പ തോന്നി അവ്വണ്ണം കല്പിക്കുകയും ചെയ്തു. പക്ഷേ അതു പോർത്തുഗീസുകാർക്കു ഹിതകരമല്ലെന്നറിഞ്ഞതിനാൽ (കോഴ കൊടുത്തതിനാലായിരുന്നുവെന്നും പറയുന്നുണ്ട്) രാജാവു അവരോടു നിർബന്ധിക്കുകയുണ്ടായില്ലത്രേ. കൊച്ചിരാജാവു ധർമ്മം വിട്ടു പ്രവർത്തിക്കുകയാലായിരുന്നു എന്നാണു പറയുന്നതു— അപ്പോൾതന്നെ ഗോവണിയിൽനിന്നു കാൽ തെററി അദ്ദേഹം തലതകർന്നു തീർപ്പെട്ടുപോയത്രേ.

അനന്തരം എല്ലാവരുംകൂടി കപ്പിത്താന്റെ പേർക്കായി ഒരു എഴുത്തെഴുതി കൊടുത്തയച്ചു: "കപ്പിത്താനേ, ഞങ്ങളിൽനിന്നു ജസ്യൂട്ടുകാർ മാററിക്കളഞ്ഞ പാത്രിയർക്കീസിനെ, സത്യം അറിയപ്പെടേണ്ടതിന്നും ഈ ക്രിസ്തീയസമുദായം മുഴുവനും കീഴ്‌വഴങ്ങുന്നതിന്നുംവേണ്ടി തിരിച്ചുതരേണ്ടതിന്നായി ദൈവസ്നേഹത്തേയും ഈ ക്രൈസ്തവസമുദായത്തിന്റെ നന്മയേയും കുറിച്ചു നിങ്ങൾ ഇപ്പോൾ സർവ്വശ്രമങ്ങളും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. പാത്രിയർക്കീസിനെ പോർത്തുഗീസുകാർ ഇപ്പൊഴേ വധിച്ചിരിക്കയാണെങ്കിൽ, അതിനാൽ അദ്ദേഹത്തെ ഞങ്ങൾക്കു നൽകുന്നതിന്നു നിവൃത്തിയില്ലെങ്കിൽ, സുറിയാനി ഭാഷയറിയാവുന്ന രണ്ടുനാലുപേർ ഇവിടെ വരുന്നതിന്നു നിങ്ങൾ സംഗതിവരുത്തണേ! അവർ പോർത്തുഗീസുകാരായിരിക്കരുതേ! അവരെ ഞങ്ങൾക്കു ഒട്ടുംതന്നെ ഇഷ്ടമില്ല. അവർ ഞങ്ങളുടേയും പരിശുദ്ധമാതാവായ റോമാസഭയുടേയും ശത്രുക്കൾ ആകുന്നു. അവരൊഴിച്ചു ആരെങ്കിലും വരട്ടെ. സംശയംകൂടാതെ ഞങ്ങൾ അവർക്കു കീഴ്‌വഴങ്ങിക്കൊള്ളാം." (തിരുവിതാംകൂർ സ്റ്റേററുമാനുവൽ നോക്കുക.)



ഈ കത്തു കിട്ടിയ ക്ഷണത്തിൽ കപ്പിത്താൻ കോട്ടവാതിൽ നന്നായി ബന്ധിക്കുകയാണു ചെയ്തതു. ഭഗ്നാശയന്മാരായ നസ്രാണികൾ അവിടെനിന്നു അക്ഷണത്തിൽ ഓടി മട്ടാഞ്ചേരിൽ വന്നു. അപ്പോഴയ്ക്കും, ബാവായെ പോർത്തുഗീസുകാർ കഴുത്തിൽ കല്ലുകെട്ടി അഴിയിൽ മുക്കിക്കൊന്നുവെന്നൊരു ശ്രുതിയും പരന്നു. ജനസാമാന്യത്തിന്റെ കോപവും ദുഃഖവും അടക്കാൻവയ്യാത്തവിധത്തിൽ ശക്തിപ്പെട്ടു. എല്ലാവരുംകൂടി അവിടെയുള്ള വലിയ കൽക്കുരിശിന്മേൽ ഒരു കയറിട്ടു അതിന്മേൽ പിടിച്ചുകൊണ്ടു

"പറങ്കികളു (പോർത്തുഗീസുകാരു)മായി മേലിൽ ഞങ്ങൾക്കു വേഴ്ചയില്ല. അനന്തരവരുടെ കാലത്തിലും അവരുമായി ചേർച്ചയും ഉപവിയും ഇല്ല."

എന്നു ഉച്ചത്തിൽ നിലവിളിച്ചു സത്യം ചെയ്തു പിരിയുകയും ചെയ്തു. ഈ ഒരു സംഭവം നടന്നതു 1653 മകരമാസം 3-ാംനു- വെള്ളിയാഴ്ച നാളിലായിരുന്നു.

അഹത്തള്ള ആർ?

ഈ ബാവാ ആർ? ഏതു രാജ്യക്കാരൻ? ഏതു സഭയിൽ പെട്ട ആൾ? എന്നിങ്ങിനെയുള്ള കാര്യങ്ങൾ അറിവാനായി നാം ചരിത്രപുസ്തകങ്ങളുടെ സഹായത്തോടുകൂടി പരിശോധനയാരംഭിക്കുമ്പോൾ വാസ്തവമായും നാം ഇച്ഛാഭംഗപ്പെടുക തന്നേ ചെയ്യുന്നതായിരിക്കും. യാതൊരു ശങ്കയുംകൂടാതെ ഇട്ടൂപ്പുറൈട്ടർ പറയുന്നു, അദ്ദേഹം സാക്ഷാൽ ഇഗ്നാത്യോസ പാത്രിയർക്കീസായിരുന്നുവെന്നു. എന്നാൽ മിസ്റ്റർ ഇ. എം. ഫിലിപ്പ്, ഇട്ടൂപ്പുറൈട്ടരെപ്പോലെ കണ്ണും ചിമ്മി കടിച്ചുമുറിച്ചു പറയുന്നതായി നാം കേൾക്കുന്നില്ല. ചരിത്രങ്ങളിൽ "അഹത്തള്ള"

www.malankaralibrary.com



എന്ന പേരിനാൽ അറിയപ്പെടുന്ന അദ്ദേഹം, "യാക്കോബ്യനോ നെസ്തോറിയനോ ആരുതന്നേ ആയിരുന്നാലും, നിരവധി പീഡകൾ സഹിച്ചു വലഞ്ഞിരുന്ന തന്റെ സഭയെ......" എന്നാകുന്നു. ഈ "അഹത്തള്ള" നെസ്തോറിയനായിരുന്നില്ലെന്നു വലിയൊരു ആലോചനയും പരിശോധനയും കൂടാതെ നമുക്കു ഗ്രഹിക്കാവുന്നതല്ലയോ എന്നും, അദ്ദേഹത്തിന്റെ കല്പനയിൽ ദൈവമാതാവായ മറിയാമിന്റെ നാമത്തിൽ നാം എത്തിയിരിക്കുന്നു എന്നു പറയുന്നതിനാൽ തന്നെ അതു തെളിയുന്നില്ലയോ എന്നും നമുക്കു തോന്നാവുന്നതാണു. വി. കന്യക മറിയാമിനെ ദൈവമാതാവെന്നു നെസ്തോറുകാർ പറയുമാറില്ലെന്നുള്ളതു വാസ്തവം തന്നെ. റോമൻ കാതോലിക്കരായ ചരിത്രകാരുടെ അഭിപ്രായത്തിൽ, ഈ മാർ അഹത്തള്ള റോമാ സിംഹാസനത്തിനു കീഴ്‌വഴങ്ങിയ ബാബിലോൺ (കൽദായ) പാത്രിയക്കീസായിരിക്കണം എന്നു സ്പുരിക്കുന്നുണ്ടു. ഉദിയംപേരൂർ സുന്നഹദോസ് കഴിഞ്ഞ ഉടനെ ഇവിടെ വലിയ കുഴപ്പമാണെന്നറിഞ്ഞ ഏഴാം അലക്സാണ്ടർ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വാസ്തവകാര്യങ്ങൾ തിരക്കിയറിയേണ്ടതിന്നായി യൌസേപ്പ് സെബസ്ത്യാനി എന്നു പേരായ ഒരാളെ മലങ്കരയിലേക്കു അയച്ചുവെന്നും, അദ്ദേഹം തിരിയെച്ചെന്നപ്പോൾ കൂനൻകുരിശു സത്യത്തിനാധാരമായ സംഭവം ഉണർത്തിച്ചുവെന്നും, തിരുസിംഹാസനത്തിൽനിന്നു അയക്കപ്പെട്ട ഒരാളാണ് അഹത്തള്ളയെന്നത്രേ മലങ്കരയിൽ വിശ്വസിച്ചിരിക്കുന്നതെന്നു മനസ്സിലാക്കിയെന്നും, അതിനാൽ (1660 ജനവരി 20-ാം തിയ്യതി)



തിരുമനസ്സുകൊണ്ടു അയച്ച കല്പനയിൽ, "തന്റെ മുൻഗാമിയായ ഇന്നസെന്റ് പത്താമനാലോ മറ്റേതെങ്കിലും മാർപ്പാപ്പായാലോ അയക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹം ഒരു ശീശ്മക്കാരനാണെന്നാകുന്നു"വെന്നും എഴുതുകയുണ്ടായതായും മറ്റും റോമൻ കത്തോലിക്ക ചരിത്രകാർ തെളിയിച്ചിട്ടുള്ളതുകൊണ്ടു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നേരിട്ടയച്ച ആൾ ആയിരുന്നില്ല അഹത്തള്ളയെന്നുള്ളതു നിരാക്ഷേപം തന്നേ. ഒന്നുകിൽ ഇദ്ദേഹം ഒരു കൽദായ പാത്രിയക്കീസ്, അല്ലെങ്കിൽ ഒരു യാക്കോബായ പാത്രിയക്കീസ് ആയിരിക്കണം എന്നാണിപ്പോൾ വിചാരിക്കേണ്ടിയിരിക്കുന്നതു. പക്ഷേ ചരിത്രപുസ്തകങ്ങളിലേതിലും കൽദായ പാത്രിയക്കാ സിംഹാസനത്തിൽനിന്നാവട്ടേ, അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നാവട്ടേ ഇദ്ദേഹത്തെപ്പറ്റി രേഖകൾ ഉദ്ധരിച്ചു കാണുന്നില്ലായ്കയാൽ നമ്മുടെ അനുമാനം ഒത്തതായിരിക്കുമോ എന്നതു സംശയഗ്രസ്തമാണെന്നു പറയാതെ നിവൃത്തിയില്ല. "Nestorian Missionary Enterprise" എന്ന പേരിൽ അടുത്ത കാലത്തു റെവ: ജോൺ സ്റ്റുവാർട്ട് എഴുതിയ നേസ്തോർ സഭാചരിത്രം നോക്കുമ്പോൾ അതിൽ ഇങ്ങിനെ ഒരു വാചകം കിടക്കുന്നതായി കാണുന്നുണ്ടു. "The immediate cause of the revolt is stated to have been the murder by the Portuguese of a Nestorian Bishop named Mar Attilla, who was seized on his way to Malabar, carried Prisoner to cochin and taken thence to Goa where he was burned at the stake" (പ്രസ്തുത പ്രക്ഷോഭണത്തിനുണ്ടായ പ്രത്യക്ഷ കാരണം മല

www.malankaralibrary.com



കര സന്ദർശനാർത്ഥം എത്തിയ മാർ അഹത്തള്ള എന്ന നെസ്തോറിയൻ മെത്രാനെ പോർത്തുഗീസുകാർ വധിച്ചതാണെന്നു പറയപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ അവർ തടവുകാരനാക്കി കൊച്ചിവഴി ഗോവക്കു കൊണ്ടുപോകയും, അവിടെ വെച്ചു അഗ്നിക്കിരയാക്കുകയും ചെയ്തു.)

അഹത്തള്ളായുടെ അവസാനം എങ്ങിനെ?

അദ്ദേഹത്തെ കഴുത്തിൽ കല്ലുകെട്ടി മുക്കിക്കൊന്നു എന്നു പറയപ്പെടുന്നതു വിശ്വാസയോഗ്യമായിരിക്കുമോ? അതിനെക്കുറിച്ചു പരിശോധിക്കുമ്പോൾ അദ്ദേഹം ആയിരുന്നുവെന്നറിവാൻ ബുദ്ധിമുട്ടിയതിലപ്പുറമായി നമുക്കു ക്ലേശിക്കേണ്ടതുണ്ടെന്നു കാണാം. യാതൊരു സംശയം കൂടാതെ ഉട്ടൂപ്പു റൈട്ടർ പറയുന്നതു അദ്ദേഹത്തെ കല്ലുകെട്ടി മുക്കിക്കൊന്നുവെന്നുതന്നെ. എന്നാൽ വാസ്തവം അങ്ങിനെയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു എന്നത്രെ മിസ്റ്റർ ഇ. എം. ഫിലിപ്പിനോടു ചോദിക്കുമ്പോൾ മറുവടി കിട്ടുന്നതു. സംശയാവസ്ഥയിൽ മിസ്റ്റർ ഫിലിപ്പു പറയുന്നു: "ഇതിനോടിടയ്ക്കു രഹസ്യമായി അവർ അഹത്തള്ളായെ കപ്പലിൽ കയററി ഗോവയിലേയ്ക്കയച്ചു. അവിടെവെച്ചു അദ്ദേഹത്തെ അഗ്നിയിലിട്ടു ദഹിപ്പിച്ചതായി ജാറി, പയോളി എന്നീ ലത്തീൻ ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ കഴുത്തിൽ ഒരു ഭാരമേറിയ കല്ലുകെട്ടി സമുദ്രത്തിൽ മുക്കിക്കളഞ്ഞതായി ഒരു ശ്രുതി നാടെങ്ങും പ്രചരിച്ചു"

സത്യം ചെയ്ത ഉടനെ

കൂനൻ കുരിശുസത്യത്തിന്നു ശേഷം ഇഗ്നാത്തിയോസ് പാത്രിയർക്കീസിൻെറ കല്പനയിലെ താല്പര്യപ്രകാര



മാണെന്നും പറഞ്ഞു എല്ലാവരും ആലങ്ങാട്ടു പള്ളിയിൽ കൂടിക്കൊണ്ടു 12 കത്തനാരന്മാരാൽ ഗീവർഗീസ് അർക്കദിയാക്കോൻ മെത്രാനായി വാഴിക്കപ്പെട്ടുവെന്നു ഉട്ടൂപ്പു റൈട്ടരും, മിസ്റ്റർ ഇ. എം. ഫിലിപ്പും പ്രസ്താവിക്കുന്നു. പ്രസ്തുത കല്പന ആർക്കുള്ളതായിരുന്നുവെന്നോ, എന്തായിരുന്നു അതിലെ വാചകങ്ങളെന്നോ ഇവരിരുവരും എഴുതിക്കാണുന്നില്ല. 1653 മെയ് 22—ൽ ആലങ്ങാട്ടു പള്ളിയിൽ കൂടിയതും അർക്കദിയാക്കോനെ മെത്രാനാക്കിയതും വാസ്തവം തന്നെ. 12 കത്തനാരന്മാരെക്കൊണ്ടു അങ്ങിനെ നടത്തിക്കൊള്ളുവാൻ കല്പന കിട്ടീട്ടുണ്ടെന്നുള്ള പ്രസ്താവത്തെ ചികഞ്ഞു നോക്കാതെ എല്ലാവരും അതു അവ്വണ്ണം വിഴുങ്ങിക്കളഞ്ഞതു എത്രയോ അത്ഭുതകരമായിരിക്കുന്നുവെന്നു പറയേണ്ടതില്ല. ഇക്കാര്യം സംബന്ധിച്ച ചരിത്രം തിരയുമ്പോൾ അക്കാലത്തു അർക്കദിയാക്കോൻെറ പ്രധാന മന്ത്രിയായി നേതൃത്വം വഹിച്ചിരുന്ന കല്ലിശ്ശേരി ഇടവകക്കാരനായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ആരും സാമാന്യനായിരുന്നില്ലെന്നു ബോദ്ധ്യപ്പെടുന്നതാണ്. പാത്രിയർക്കീസിൻേറതായ ഒരു കല്പന (മുക്കിക്കൊന്നു എന്നു പറയപ്പെട്ട പാത്രിയർക്കീസിൻെറതുതന്നെ) ഈ കത്തനാർ സ്വയമേവ നിർമ്മിച്ചു അർക്കദിയാക്കോനെപ്പോലും പററിക്കയാണു ചെയ്തതെന്നു ഇദ്ദേഹത്തിൻെറ മരുമകനായ ഒരു ശെമ്മാശൻ അനന്തരകാലത്തിൽ വെളിവാക്കിയിരിക്കുന്നു. പക്ഷേ ഇക്കാര്യം ആലങ്ങാട്ടു പള്ളിയിൽ കൂടിയ മററുള്ള കത്തനാരന്മാർ പോലും ആ കാലത്തു അറിഞ്ഞിരുന്നതേ ഇല്ല. അർക്കദിയാക്കോനെ മെത്രാനാക്കിക്കഴിഞ്ഞതോടുകൂ

www.malankaralibrary.com



ടി അദ്ദേഹത്തിൻെറ ആലോചനാസംഘത്തിലെ അംഗങ്ങളായി, കടുത്തുരുത്തി ഇടവകയിൽ ചാണ്ടിക്കത്തനാർ, കുറവിലങ്ങാട്ടുപള്ളി ഇടവക പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ, അങ്കമാലി ഇടവക വെങ്ങൂർ ഗീവർഗീസ് കത്തനാർ, കല്ലിശ്ശേരി ഇടവകയിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നിവരെ തിരഞ്ഞെടുത്തു ഉറപ്പിക്കുകയും, മേലിൽ പോർത്തുഗീസുകാരുമായി സംബന്ധിച്ചിട്ടാവശ്യമില്ല എന്നു നിശ്ചയിച്ചുകൊണ്ടു എല്ലാവരും പിരിയുകയും ചെയ്തു. അന്നുമുതലത്രേ "പുത്തൻകൂറും" "പഴയകൂറും" എന്ന വിഭാഗങ്ങളാൽ മലങ്കരസഭ രണ്ടായി പൊളിഞ്ഞു കാണ്മാൻ നമുക്കു ഇടയായിട്ടുള്ളതും.

പുത്തൻകൂറും. പഴയകൂറും.

"അൻപതു സംവത്സരങ്ങളിലധികം കാലമായി മേലാവിൽ ബോധിപ്പിച്ചുകൊണ്ടിരുന്ന ന്യായമായ ആവലാതികൾക്കു നിവൃത്തിവരുത്തിക്കൊടുക്കുവാൻ കടമയുണ്ടായിരുന്ന പോർത്തുഗീസ് അധികാരികൾ അവരുടെ ചുമതല നിറവേററാതിരുന്നതിനാൽ ഉണ്ടായ പരമസങ്കടം നിമിത്തമാണു ക്രമാതീതമായ ചില പ്രവൃത്തികളിൽ നസ്രാണികൾ ഉൾപ്പെടുവാൻ ഇടയായിപ്പോയതു." എന്നു ഇപ്പോഴും ജീവിച്ചിരിക്കുന്ന ഫാദർ ബർണാർഡ് "മാർത്തോമാ ക്രിസ്ത്യാനികൾ" എന്ന പുസ്തകത്തിലെ രണ്ടാംഭാഗത്തിൽ സങ്കടത്തോടുകൂടി പറയുന്നു. ഇക്കാലത്തു അപൂർവം ചിലർ മാത്രമേ ഗാർസ്യാമെത്രാപ്പോലീത്തായുമായി ചേർന്നുനിന്നിരുന്നുള്ളുവെന്നു ചരിത്രകാരന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നതാണു. പക്ഷെ 12



കത്തനാരന്മാർ കൂടി ഒരു മെത്രാനെ വാഴിക്കാൻ പാടില്ലാത്തതാണെന്നും, എവിടെയും അങ്ങിനെയൊരു നിയമമില്ലെന്നും ഗാർസ്യാമെത്രാപ്പോലീത്താ പ്രസ്താവിച്ചുകൊണ്ടു മെത്രാനായ അക്കദയാക്കോനെ മഹറോൻചൊല്ലി പകരം മറെറാരു അക്കദയാക്കോനെ നിയമിച്ചതോടുകൂടി അക്കദയാക്കോൻമെത്രാൻെറ ഭാഗത്തുള്ള പലരും എന്നല്ലാ, ആലോചനാസംഘത്തിലെ അംഗങ്ങളായ കടവിൽ ചാണ്ടികത്തനാരും പള്ളിവീട്ടിൽ ചാണ്ടികത്തനാരും കക്ഷി മാറുകയുണ്ടായി എന്നുള്ളതു സത്യമത്രേ. എന്നിട്ടും ഭൂരിപക്ഷം പുത്തൻകൂററിൽതന്നെയായിരുന്നു എന്നു കാണുന്നുണ്ടു. മഹറോൻ കല്പന കൊച്ചിപ്പള്ളിയിൽ മാത്രമേ വായിക്കപ്പെട്ടുള്ളു.

ഗാർസ്യാമെത്രാപ്പോലീത്തായുടെ കീഴിലുള്ള പഴയകൂററുകാരും അപ്പോൾ സംതൃപ്തരായിരുന്നില്ലെന്നു പറയപ്പെട്ടിരിക്കുന്നു. ഗാർസ്യയുടെ ഭരണം അവർക്കു തൃപ്തികരമായിരുന്നില്ല. അതിനാൽ വേർപിരിവിൻെറ മൂന്നാംകൊല്ലത്തിൽ (1655) അവരെല്ലാവരും ഇടപ്പള്ളിയിൽ യോഗംകൂടിക്കൊണ്ടു ഗോവയിൽ താമസിക്കുന്ന കർമ്മലീത്താവൈദികരെ അയച്ചുതരണമെന്നു മാർപ്പാപ്പാതിരുമനസ്സിലെ പേർക്കു അപേക്ഷ അയക്കുകയുണ്ടായി. തദനുസാരം കാര്യാന്വേഷണത്തിന്നായി ഏതാനും പേരെ റോമിൽനിന്നു അയച്ചകൂട്ടത്തിൽ ജോസഫ് സെബസ്ത്യാനി എന്ന ഒരു സ്ഥാനാപതിയും ഉണ്ടായിരുന്നു. മലങ്കരയിൽ ഉള്ള കലഹം ശമിച്ചു രഞ്ജിപ്പുണ്ടാക്കാനായി അയക്കപ്പെട്ട ഇവർവശം അക്കദയാക്കോൻമെത്രാനു കൊടുക്കാനായി ഒരു തിരുവെഴുത്തു ഏല്പിച്ചിട്ടുണ്ടായിരുന്ന കാ

www.malankaralibrary.com



യ്യും ഇവിടെ പ്രസ്താവ്യമത്രേ. 1656 ഫിബ്രുവരി 1-ാംതിയതി എഴുതപ്പെട്ട ആ തിരുവെഴുത്തിൽ മലങ്കര സഭ വിഭജിക്കപ്പെടാൻ ഇടയായതിലുള്ള ദുഃഖവും രണ്ടും ഒന്നായിക്കാണ്മാനുള്ള ആകാംക്ഷയും കാണാവുന്നതാണു.

മാർപാപ്പായുടെ സ്ഥാനാപതിയായ സെബസ്ത്യാനിയും അനുയായികളും കൂടി വന്ന ഉടനെ ഒന്നാമതായി ഇടപ്പള്ളിപ്പള്ളിയിൽ ചെന്നു അക്കദയാക്കോൻമെത്രാനെ കാണ്മാനാഗ്രഹിച്ചു. അപ്പോൾ അദ്ദേഹം അവിടെയായിരുന്നു താമസിച്ചിരുന്നതു. തമ്മിൽ കാണ്മാൻ മനസ്സില്ലെന്നു അക്കദയാക്കോൻമെത്രാൻ— അഥവാ 1—ാം മാർതോമ— (മേലിൽ ഈ പേർതന്നെ നമുക്കു ഉപയോഗിക്കാം) പറയുകയാൽ സംഭാഷണം ചില കത്തനാരന്മാർ മുഖേന നടത്തുവാൻ ഇടയായി. അഹത്തള്ളാപാത്രിയക്കീസിനെ നാടുകടത്തിയതു തങ്ങളെ തുലയ്ക്കുന്നതിന്നായിരുന്നുവെന്നും, അതാണു പിരിഞ്ഞുനില്ക്കാൻ ഇടയായതെന്നും മററും ൧-ാം മാർതോമായുടെ പ്രതിപുരുഷന്മാർ പറഞ്ഞപ്പോൾ സെബസ്ത്യാനി മറുവടിപറഞ്ഞതു, അഹത്തള്ളാ മാർപാപ്പായുടെ അധികാരത്തോടുകൂടി വന്ന ആൾ ആയിരുന്നില്ലെന്നും അദ്ദേഹത്തിന്റെ ഒരു കല്പനയെ ആധാരമാക്കിക്കൊണ്ടു മെത്രാൻവേഷംകെട്ടിയതു അബദ്ധമായിപ്പോയി എന്നും മററുമായിരുന്നു. ഏററുകഴിഞ്ഞ സ്ഥാനം ഉപേക്ഷിക്കുന്നു എന്നു പറയുവാൻ ൧-ാം മാർതോമയ്ക്കു മനസ്സില്ലെന്നു സെബസ്ത്യാനി സംഭാഷണംമൂലം മനസ്സിലാക്കി. അക്രൈസ്തവരുടെ ഇടയിൽ പോലും അതു അഭിമാനകരമാവുകയില്ല എന്നു കത്തനാരന്മാർ മുഖേന ൧-ാം മാർതോമ സ്പഷ്ടമായി അറിയിക്ക



യും ചെയ്തു. അതിലൊന്നും ഭയപ്പെടേണ്ട എന്നും, നാട്ടുരാജാക്കന്മാരെ പോർത്തുഗീസുകാർ മുഖേന സ്വാധീനിച്ചാൽ അക്രൈസ്തവരുടെ ശല്യം ഒരിക്കലും ഉണ്ടാകയില്ലെന്നായിരുന്നു അതിനു സെബസ്ത്യാനി സമാധാനം പറഞ്ഞതു. ഒടുവിൽ കാൎയ്യം അടുക്കുന്ന മട്ടില്ലെന്നു മനസ്സിലായതോടുകൂടി സെബസ്ത്യാനി അടുത്ത പള്ളിയിലേക്കു കടന്നുകളഞ്ഞു. ഈ കൂടിക്കാഴ്ചനേരത്തൊന്നും നമ്മുടെ വിശ്രുതനായ ഇട്ടിത്തൊമ്മൻകത്തനാർ അവിടെ ഉണ്ടായിരുന്നില്ല. ൧-ാം മാർതോമ ആൾ വിട്ടു അദ്ദേഹത്തെ വരുത്തി വിവരങ്ങൾ കേൾപ്പിച്ചു. ഉടൻതന്നെ സെബസ്ത്യാനിയെ കാണ്മാൻ അദ്ദേഹം യാത്രയൊരുങ്ങുകയാണുണ്ടായതു. കൊച്ചിയിൽ ചെന്നു വണക്കത്തോടുകൂടി മുട്ടിന്മേൽനിന്നു സ്ഥാനാപതിയുടെ കൈ മുത്തിയ ഇട്ടിത്തൊമ്മൻ കത്തനാർ ഒരക്ഷരം ഉരിയാടാതെ ഊമനെപ്പോലെ മടങ്ങിപ്പോന്നു.

### വീണ്ടും രാജിയാലോചന.

ഒരാഴ്ച കഴിഞ്ഞു വീണ്ടും സെബസ്ത്യാനി ൧-ാം മാർതോമയെ കാണ്മാനായി മാർ ഗീവറുഗീസ് സഹദായുടെ പേരിൽ സ്ഥാപിക്കപ്പെട്ട ആ പള്ളിയിലേക്കു പോയി. അപ്പോൾ അനേകം യോദ്ധാക്കളുടെയും പട്ടക്കാരുടേയും അകമ്പടിയോടുകൂടി ൧-ാംമാർതോമ സെബസ്ത്യാനിയെ യഥായോഗ്യം സ്വീകരിച്ചു. അനേകം വിശേഷവൎത്തമാനങ്ങൾ പറഞ്ഞു പിരിയാൻനേരത്തു സെബസ്ത്യാനി എഴുനേററു മാർതോമായുടെ കൈപിടിച്ചുകൊണ്ടു, "ചില രഹസ്യങ്ങൾ പറയാനുണ്ടു; അടുത്ത മുറിയിലേക്കു വരണം" എന്നാവശ്യപ്പെട്ടു. ഉടൻ ഇരുവരും ര

www.malankaralibrary.com



ഹസ്യഭാഷണത്തിൽ ഏല്പെട്ടുകയും ചെയ്തു. പാത്രിയ
ർക്കീസിൻെറ ഭാവത്തിൽ വന്ന അഹത്തള്ള പാത്രിയർക്കീ
സായിരുന്നില്ലെന്നു താൻ പരസ്യപ്പെടുത്താൻ പോകയാ
ണെന്നും, അപ്പോൾ മെത്രാൻ സ്ഥാനത്തിൻെറ ചെമ്പു
തെളിയും എന്നും മററുമായിരുന്നു സെബസ്ത്യാനി രഹ
സ്യം പറയുകയുണ്ടായതു. ൧-ാം മാർത്തോമയ്ക്കായി റോമാ
യിൽനിന്നു കൊണ്ടുവന്ന മാർപാപ്പായുടെ ഒരു തിരുവെ
ഴുത്തും, പ്രൊപ്പഗാന്തസംഘാദ്ധ്യക്ഷൻേറതായ മറെറാന്നും
സെബസ്ത്യാനി അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. എ
ന്തുകാര്യവും വിശ്വാസപൂർവ്വം സെബസ്ത്യാനിയോടു തുറ
ന്നുപറയാമെന്നും എല്ലാററിനും നിവാരണം ഉണ്ടാക്കാ
മെന്നുമായിരുന്നു അദ്ധ്യക്ഷൻെറ എഴുത്തിൻെറ രത്നച്ചു
രുക്കം. സെബസ്ത്യാനിയെ റോമായിൽനിന്നു ഏല്പിച്ചു
വിട്ടിട്ടുള്ളതു അൎക്കദിയാക്കോനേയും മററുള്ള എല്ലാവരേ
യും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തി
ൻകീഴിലാക്കാനും, അതിനു അവൎക്കു ഇഷ്ടമില്ലെങ്കിൽ നേ
രിട്ടു മാർപാപ്പായുടെ കീഴിൽ ആക്കുവാനുമായിരുന്നുവെ
ന്നകാര്യം ഇവിടെ വിശിഷ്യാ പ്രസ്താവ്യമാണ്. ഈ സ
മാഗമവും ഫലപ്രദമാകാൻ ഇടയായില്ല.

തദനന്തരം സെബസ്ത്യാനി മാപ്പാപ്പായുടെ തിരു
വെഴുത്തുകളും മററും പ്രസിദ്ധീകരിച്ച് ൧-ാം മാർത്തോമാ
യെ വെള്ളം കുടിപ്പിക്കാൻ ഉദ്യമിച്ചു. തോമായുടെ ഭാഗ
ക്കാർ ഉടനെ മറെറാരുവക പത്രങ്ങളും പ്രചരിപ്പിക്കാൻ
തുടങ്ങി. "കമ്മലീത്ത വേഷത്തിൽ വന്നവനെ വിശ്വസി
ക്കരുതേ! വെറും പോൎത്തുഗീസുകാരനാണ് ഇയാൾ! സാ
ക്ഷിപത്രങ്ങൾ സർവ്വതും വ്യാജമാണേ. ഇടപ്പള്ളിയിലെ



ഭണ്ഡാരം പൊളിച്ചെടുത്ത വിദ്വാനാണേ പുള്ളി" ഇത്ര
യുമായപ്പോഴേക്കും ഇരുവരും അന്യോന്യം ശത്രുമാത്രം അ
കന്നുപോയിരിക്കണമെന്നു വായനക്കാർ ഊഹിച്ചുകൊ
ള്ളുക.

### വീണ്ടും രാജിയാലോചന.

1657-ൽ ഇടപ്പള്ളിപ്പള്ളിയിൽ വെച്ചു അൻപതാം
പെരുന്നാൾദിവസം സെബസ്ത്യാനിയുടെ ആഭിമുഖ്യത്തി
ൽ ഒരു മഹായോഗം കൂടപ്പെട്ടു. ക്ഷണപ്രകാരം ൧-ാം മാ
ർത്തോമ അതിൽ സംബന്ധിച്ചില്ല. അവിടെ വെച്ചു മാ
ർത്തോമായിൽ നിന്നു കത്തനാർ പട്ടം ഏററവരെല്ലാവ
രും കൊടുങ്ങല്ലൂൎക്കു പോയി അവിടെനിന്നു ശരിയായ പ
ട്ടം ഏററു വരണമെന്നു സെബസ്ത്യാനി പറഞ്ഞുവിട്ടു.
അനന്തരം കൃംതായുടെ ഏഴാമത്തെ ഞായറാഴ്ച മറെറാരു
യോഗവും കൂടി. തദവസരത്തിൽ ൧-ാം മാർ തോമ മെ
ത്രാൻെറ വേഷത്തിൽ അവിടെ സന്നിഹിതനായിരുന്നു.
യോഗം കഴിഞ്ഞ ഉടനെ രാജിയാലോചനകൾ പുറപ്പെട്ടു.
൧-ാം മാർ തോമയുടെ വ്യവസ്ഥകളായി ഇട്ടിത്തൊമ്മൻ
കത്തനാർ പറഞ്ഞതു ഇങ്ങിനെയായിരുന്നു. (൧) കൊടു
ങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിലിരിപ്പാൻ സമ്മത
മില്ല. (൨) പോൎത്തുഗീസുകാർ ചുററിക്കറങ്ങി നടക്കുന്ന
തിനെ നിറുത്തൽ ചെയ്യണം. (൩) അൎക്കദിയാക്കോനെ
(൧-ാം മാർതോമയെ) മെത്രാനായി അഭിഷേചിക്കണം. ഇ
വയ്ക്കു സെബസ്ത്യാനിയുടെ സമാധാനം ഇവയായിരുന്നു.
(൧) മേലിൽ കൊടുങ്ങല്ലൂരിൽ മെത്രാന്മാർ ഇല്ലാതെയാ
ക്കാം. (൨) ക്ഷണിക്കാതെ പോൎത്തുഗീസുകാർ എങ്ങോട്ടും
പോവുകയില്ല. (൩) അൎക്കദിയാക്കോൻ സ്വയമേവ ഏ

www.malankaralibrary.com



റ്റിരിക്കുന്ന സ്ഥാനം ഉപേക്ഷിച്ചാൽ പിന്നെ എങ്ങിനെ വേണമെന്നു ആലോചിക്കാം.

ഇടപ്പള്ളി യോഗം കഴിഞ്ഞതിന്റെ ശേഷം കക്ഷിസംബന്ധമായ വാശിയും മത്സരവും കുറെക്കൂടി മൂക്കുകയാണുണ്ടായതു. ക്രമേണയായി ജനങ്ങൾ സെബസ്ത്യാനിയുടെ പക്ഷത്തേക്കു ചാഞ്ഞുംതുടങ്ങി. രാജിയാലോചനകൾ ഫലപ്പെടുന്നതായ ലക്ഷണം കാണപ്പെട്ടുമില്ല. ൧-ാം മാർതോമയുടെ സ്ഥാനം സാധുവായിട്ടുള്ളതാണെന്നു പഴയക്രൂറ്റുകാർ സമ്മതിക്കുന്നതായാൽ ഉടനെ രാജിയും നടക്കും; യോജിപ്പും ഉണ്ടാകും. പക്ഷേ അതിന്നു യാതൊരു മാർഗ്ഗവുമില്ലാത്തതായിരുന്നു വാസ്തവത്തിൽ രാജിക്കു തടസ്സമായി കണ്ടതു. ൧-ാം മാർതോമായുടെ പട്ടം സാധുവായിട്ടുള്ളതാണെന്നു സമ്മതിക്കുവാൻ പഴയക്രൂറ്റുകാർക്കു നിവൃത്തിയില്ല. ൧-ാം മാർതോമ മെത്രാനല്ലെന്നു സമ്മതിക്കുക പുത്തൻക്രൂറ്റുകാർക്കു വിഷമവും. കുറെ നാൾ ഇവിടെ താമസിച്ചു രാജിയാലോചനകൾ നടത്തിയിട്ടും ഫലമില്ലെന്നു ബോദ്ധ്യമായതോടുകൂടി സെബസ്ത്യാനി തിരിയെ പോകാൻ ഭാണ്ഡം മുറുക്കി.

### ഇട്ടിത്തൊമ്മൻ കത്തനാരുടെ സാമർത്ഥ്യം.

സ്വപക്ഷത്തിന്റെ ചിറകൊടിഞ്ഞുതുടങ്ങിയതായിക്കാണുകയാൽ എന്താണ് ഇനി വേണ്ടതെന്നുള്ളതിനെപ്പറ്റി ഇട്ടിത്തൊമ്മൻ കത്തനാരുടെ മണ്ട കുറേശ്ശെ കാഞ്ഞിരുന്നതായി സഭാചരിത്രത്തിന്റെ ഈ ഘട്ടം നോക്കുമ്പോൾ നമുക്കു കാണാവുന്നതാണ്. ഏതൊരപകടത്തിലും തന്ത്രം ഉപയോഗിച്ചു നില്ക്കക്കള്ളി നേടാൻ പഠിച്ചിട്ടുള്ള അദ്ദേഹം ഇവിടെയും നിരാശനായിത്തീരുകയു



ണ്ടായില്ല. യാദൃശ്ചികമായി (1659) കൊച്ചിയിൽ ചെന്നപ്പോൾ അവിടെ ഒരു ശീമക്കാരൻ ഇരിക്കുന്നതായി കത്തനാർ കണ്ടു. ചോദിച്ചറിഞ്ഞപ്പോൾ അർമേനിയക്കാരനാണെന്നും, കുരുമുളകു കച്ചവടക്കാരനാണെന്നും, പേർ എസ്തേപ്പാനോസാണെന്നും അയാൾ പറഞ്ഞു. "പോരൂ; തനിക്കു ഗുണം വരുത്തിത്തരാം" എന്നുപറഞ്ഞു അച്ചൻ അയാളുടെ കയ്യും പിടിച്ചൊരു നട. സുറിയാനിഭാഷ നന്നായിട്ടറിയാമെന്നു കേട്ടതിനാൽ അച്ചൻ സന്തുഷ്ടനായും തീർന്നു. ഇരുവരുംകൂടി ഇടപ്പള്ളിയിലേയ്ക്കാണ് പോയതു. അവിടെയായിരുന്നു അപ്പോൾ ൧-ാം മാർതോമ. തത്തയെന്നപോലെ അച്ചൻ ചില ഒടുക്കവിദ്യകളെല്ലാം അയാളെ വഴിമദ്ധ്യേ പഠിപ്പിച്ചു. "എസ്തക്കലേസ്—ഈവൻ" എന്നിങ്ങിനെ ഇടയ്ക്കിടെ അയാൾ സുറിയാനിയിൽ മൂളുകയുംചെയ്തു. ഇരുവരും ൧-ാം മാർതോമായുടെ മുമ്പിലെത്തിയപ്പോൾ എസ്തേപ്പാനോസിന്റെ ഭാവം കണ്ടു അച്ചൻപോലും അത്ഭുതപരതന്ത്രനായിരിക്കണമെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നതു. ഭക്തിപൂർവ്വം കൈ മുത്തി നിന്ന ഉടനെ "സഹോദരനായ അലക്സാണ്ടർ ഏഴാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കാലം ചെയ്തുപോയി" എന്നുപറഞ്ഞു വിദചാൻ മുതലക്കണ്ണുനീർ ഒഴുക്കി.

൧-ാം മാർതോമ സഹതാപം പ്രദർശിപ്പിച്ചുവെങ്കിലും പുള്ളിയെ കിട്ടിയതു ജന്മാന്തരംതന്നെയെന്ന അർത്ഥത്തിൽ കൃതാർത്ഥതാപൂർവ്വം കത്തനാരെ ഒന്നു ഇടക്കണ്ണിട്ടു നോക്കി. കത്തനാരോ, മന്ദഹാസം തൂകിക്കൊണ്ടു, എല്ലാം ദൈവകൃപതന്നെ എന്ന ഭാവത്തിൽ കൺപോളകൾ മേലോട്ടുമറിച്ചു.

"ഇവിടുന്നു മെത്രാപ്പോലീത്തായാണെന്നും, എല്ലാ ജനങ്ങളും ഇവിടുത്തെ വേണം സ്വീകരിക്കാനെന്നുമുള്ള വിവരത്തിന്നു മാർപാപ്പാ തിരുമനസ്സിലെ തിരുവെഴുത്തും കൊണ്ടാണു ഇദ്ദേഹം എഴുന്നരുളീട്ടുള്ളതു."

"അങ്ങിനേയോ! ദൈവം സഹായിച്ചു നമ്മളെ. ഇങ്ങേരെ എവിടെവെച്ചു കണ്ടു കത്തനാർ?"

"കൊച്ചിയിൽവെച്ചു, ഇങ്ങോട്ടു പോരാനുള്ള വഴിയറിയാതെ കുഴയുകയായിരുന്നു. സുറിയാനിയുണ്ടോ കൊച്ചിക്കാർക്കറിയുന്നു. ഭാഗ്യത്തിന്നു ഞാനുമായി എത്തിമുട്ടി എന്നുപറഞ്ഞാൽ മതിയല്ലോ."

"ആ തിരുവെഴുത്തു ഇപ്പോൾ കാണിക്കുമോ ഇദ്ദേഹം?"

"കല്പിച്ചുചോദിക്കാമല്ലോ, കാണിക്കും. വലിയ ആളാണെങ്കിലും യാതൊരു അന്തസ്സും ഘനവുമില്ല. ഇരിപ്പു തന്നേ കണ്ടില്ലേ, ശുദ്ധമേ പാവംപോലെ."

"അതേ; അതേ. ദൈവകരുണതന്നെ. (സുറിയാനിയിൽ എസ്തപ്പാനോസിനോടായിട്ടു) ദയവുണ്ടായി ആ തിരുവെഴുത്തു ഇപ്പോൾ കാണിക്കുന്നതിന്നു അലോഹ്യം തോന്നുമായിരിക്കുമോ?"

"അങ്ങിനെയൊന്നുമില്ല; ഇപ്പോൾതന്നെ കാണിക്കാം." (എന്നുപറഞ്ഞു ഒരു കത്തെടുത്തു കാണിക്കുന്നു.)

"തിരുവെഴുത്തു സുറിയാനിയിലാണല്ലോ?"

"അതിനെന്താ? ഇദ്ദേഹം അതു വായിക്കട്ടെ. (എസ്തപ്പാനോസിനോടായിട്ടു) അതൊന്നു ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കണം."



എസ്തപ്പാനോസ് കണ്ഠശുദ്ധി വരുത്തിക്കൊണ്ടു "കാക്കിരിക്രുക്കിരി" എന്നു ചില വികൃതശബ്ദങ്ങൾ പുറപ്പെടുവിച്ചിട്ടു, "അവിടുത്തെ പട്ടം ശരിയായിട്ടുള്ളതാണെന്നും, അതിനെ സംശയിക്കുന്നവർ മഹറോൻ ചൊല്ലപ്പെട്ടവരാകും എന്നും മററുമാണു ഇതിലുള്ളതു."

"എന്റെ കത്തനാരേ, ഇതെന്തൊരു ഭാഗ്യമോ! ദൈവത്തിന്നറിയാം. തിരുവെഴുത്തു സുറിയാനിയിലായതു മാത്രമേ ദോഷമുള്ളൂ. മറെറാന്നിന്നും ഇയാളെക്കൊണ്ടാവുകയുമില്ലല്ലോ, അല്ലേ?" (എന്നു അർത്ഥം വെച്ചൊരു നോട്ടത്താൽ സംഗതി മനസ്സിലായെന്നു ൧-ാം മാർ തോമ കത്തനാരെ ഗ്രഹിപ്പിച്ചു.)

"അവിടുത്തെ മുമ്പിൽ "മായം തിരിയാൻ" പ്രയാസംതന്നെ. ഇത്ര ക്ഷണം അവിടുത്തേയ്ക്കിതു മനസ്സിലാവുമെന്നു ഞാൻ കരുതിയില്ല. ഈ തൊമ്മൻ മഹാ മഠയൻ തന്നെ."

"ഏതായാലും നന്നായി. തല്ക്കാലത്തേക്കു ഇപ്പണി പററും. കത്തനാർ തന്നെ ഒപ്പം നടന്നു ഇയാളെക്കൊണ്ടു വായിപ്പിക്കണം, കേട്ടോ. അല്ലെങ്കിൽ——. ഞാൻ പറയേണ്ടല്ലോ"

"എല്ലാം മനസ്സിലായേ——!"

* * * * * * * *

എസ്തപ്പാനോസിന്റെ തിരുവെഴുത്തിനെ ആധാരമാക്കിക്കൊണ്ടു മാർപാപ്പാ സ്ഥാനാപതിയുടെ ഭാഗത്തു നിന്നിരുന്ന സൎവ്വരേയും മുടക്കുവാൻ ൧-ാം മാർ തോമയ്ക്കു പിന്നെയൊട്ടുംതന്നെ താമസം വേണ്ടിവന്നില്ല. ഒരു ദിവസം പ്രസ്തുത കല്പന പരസ്യമായി വായിക്കുകയും, കൂടപ്പെട്ടവരോരോരുത്തരും, കതിനാവെടികൾ മുഴക്കിക്കൊണ്ടു

www.malankaralibrary.com



രിക്കവേ, ഓരോ പണം വെച്ചു കൈമുത്തിപ്പിരിയുകയും ചെയ്തു.

തിരുവെഴുത്തിന്റെ കാര്യം പരസ്യമായതോടുകൂടി അതാ വരുന്നു, പോർത്തുഗീസ് സൈന്യാധിപനായ ഇഗ്നേഷ്യസ് സർമെന്റോ ഏതാനും പട്ടാളക്കാരുമായി ഉദിയംപേരൂർക്കു! സഹായത്തിന്നായി കൊച്ചിരാജ്യസൈന്യവും ഉണ്ടു. ൧-ാം മാർ തോമയും തൊമ്മൻ കത്തനാരും പള്ളിയിലാണു. രക്ഷാമാർഗ്ഗമൊന്നും അപ്പോൾ കത്തനാരുടെ ദൃഷ്ടിയിൽപെട്ടില്ല. അതിനാൽ തൽക്കാലം തോന്നിയ ബുദ്ധിയനുസരിച്ചു കുപ്പായം അഴിച്ചു അത്മായക്കാരനെപ്പോലെ ഒരു മുണ്ടെടുത്തു് തലയിൽ ഒരു കെട്ടും കെട്ടി ബഹളത്തിന്നിടയിലൂടെ കത്തനാർ ഒരോട്ടം! പോർത്തുഗീസുകാർ അനന്തരം പോയതു മുളന്തുരുത്തിപ്പള്ളിയിലേക്കായിരുന്നു. ൧-ാം മാർ തോമായുടെ പലപല സാമാനങ്ങളും ആ പള്ളിയിലുണ്ടെന്നു അവർ അറിഞ്ഞിട്ടുണ്ടു. ചെന്നപ്പോൾ മാർ തോമായുടെ കാവൽസൈന്യം അവിടെ നില്പുള്ളതായി അവർ കണ്ടു. പോർത്തുഗീസിന്റെ നിറം കണ്ടതോടുകൂടി ആ പാവങ്ങളുടെ വാലുകൾ പിറകോട്ടു വലിഞ്ഞു എന്നു പറയേണ്ടല്ലോ. വടിയും മുടിയും ഒഴിച്ചു അവിടെ കാണപ്പെട്ട സർവ്വ സാമാനങ്ങളും എടുത്തുംകൊണ്ടു പോർത്തുഗീസുകാർ ആ "രായ്ക്കുരായേ" കടന്നുകളഞ്ഞു. മൈത്തും പട്ടുകുപ്പായവും മററും അനന്തരം അവർ ചുട്ടുകളയുകയാണു ചെയ്തതത്രേ. എഴുത്തുകളുടെ കൂട്ടത്തിൽ ഊറിശ്ലേം പാത്രിയർക്കീസിന്നയച്ച ഒരു എഴുത്തിന്റെ പകർപ്പു അവർക്കു കിട്ടാനും ഇടയായി. ഈ പാത്രിയർക്കീസാണു പിന്നീടു (1765-ൽ) മലങ്കര ഇടവകയിൽ എഴുന്നെള്ളുകയുണ്ടായതു.



പ്രതികാരബുദ്ധ്യാ ഇതിനെ തുടർന്നു പലപല വേണ്ടാതനങ്ങളും അക്കാലത്തു നടക്കുകയുണ്ടായി. ഇട്ടിത്തൊമ്മൻ കത്തനാർ ഒരു കടുകിടയ്ക്കുപോലും പിന്മാറിയതായി കാണുന്നില്ല. അടിയെങ്കിൽ അടി; വെട്ടെങ്കിൽ വെട്ടു്. ഒടുവിൽ സെബസ്ത്യാനിയുടെ മിത്രമായ ഒരാൾ ലഹളയിൽ കൊലപ്പെട്ടതോടുകൂടി ഛിദ്രയുദ്ധങ്ങൾക്കു കുറെ കാലത്തേക്കു ഒരു ഒതുക്കം വന്നതായി കാണുന്നു. (ഏതാണ്ടു ആനപ്പാപ്പിയുടെ മരണത്താൽ പഴയസിമ്മനാരിയിൽ ഉണ്ടായ ശാന്തതപോലെതന്നെ).

### ലന്തക്കാരുടെ വരവ്

ഉദിയംപേരൂർ സുന്നഹദോസു കാലത്താണ് പോർത്തുഗീസിന്റെ അത്യുച്ചമായ പ്രാബല്യം നമുക്കു കാണാൻ കഴിഞ്ഞതെങ്കിൽ, അതോടുകൂടി അവരുടെ യശച്ചന്ദ്രനു കളങ്കം നേരിടാൻ തുടങ്ങിയതായും നാം മനസ്സിലാക്കിയിരിക്കണം. കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ നിന്നെന്നുതന്നേയല്ലാ, ഇന്ത്യാ സാമ്രാജ്യത്തിൽനിന്നുപോലും അവരെ അടിച്ചോടിക്കുന്നതിന്നായി ഒരു കൂട്ടം ആളുകൾ ബദ്ധകങ്കണന്മാരായി ഇറങ്ങി വരുന്നതിനെ നമുക്കു ചരിത്രത്തിൽ കാണാം. ഡച്ചുകാർ അഥവാ ലന്തക്കാർ 1656—ൽ കൊളമ്പും 1660—ൽ പശ്ചിമതീരത്തുള്ള നാഗപട്ടണവും അധീനമാക്കിയതോടുകൂടി അവരുടെ ശക്തി മലങ്കരയിലും കുറെശ്ശെ പൊങ്ങിത്തുടങ്ങിയതായി സ്പഷ്ടമാകുന്നുണ്ടു്. 1661—ൽ കൊല്ലം പട്ടണവും പോർത്തുഗീസിൽനിന്നു അവർ പിടിച്ചെടുത്തു. 1662-ൽ കൊടുങ്ങല്ലൂരും അവർക്കു അധീനമായി. പോർത്തുഗീസുകാരുടെ തലമണ്ടകൾ തച്ചുടയ്ക്കുന്ന ഈ ഒരു കൂട്ടരുടെ ആ

www.malankaralibrary.com



ഗമനത്തിങ്കൽ ഇട്ടിത്തൊമ്മൻ കത്തനാർ പ്രഭൃതികൾക്കുണ്ടായിരിക്കാവുന്ന സന്തോഷം ഊഹ്യമാണല്ലോ.

ഈയൊരവസരത്തിൽ സെബസ്ത്യാനിക്കു ആലങ്ങാട്ടു പള്ളിയിലേക്കു പോകുവാൻ ആവശ്യം നേരിട്ടു. അദ്ദേഹത്തെ അവിടെ വെച്ചു ബന്ധിച്ചു ലന്തക്കാരെ ഏല്പിക്കണമെന്നു കരുതിക്കൊണ്ടു കുറെ പേർ ചില ഗൂഢാലോചനകൾ നടത്തിയതായി തെളിയുന്നുണ്ടു. ആലങ്ങാട്ടു രാജാവിനേയും അങ്കമാലിയിലെ ഒരു ഇടപ്രഭുവിനേയും അവർ പാട്ടിലാക്കയും ചെയ്തിരുന്നു. പക്ഷേ കൊടുങ്ങല്ലൂർ താമസമുറപ്പിച്ച പുതിയ ലന്തത്തലവൻ ഒരു റോമൻ കത്തോലിക്കനായിരുന്നതിനാൽ ഉദ്ദേശിച്ച കാര്യം നടന്നില്ലെന്നേ പറയേണ്ടതുള്ളു. അദ്ദേഹം ഒന്നു കണ്ണടച്ചിരുന്നുവെങ്കിൽ നിശ്ചയമായും അതു ഭംഗിയായിത്തന്നെ നിറവേറുമായിരുന്നു എന്നു അനുമാനിക്കാം.

പോർത്തുഗീസുകാരുടെ ശനിദശ.

പോർത്തുഗീസുകാർക്കു ഭാണ്ഡം മുറുക്കുവാനുള്ള കാലവും നേരവും ആസന്നമായിപ്പോയി. വൈപ്പിക്കരയിൽനിന്നു കേൾക്കപ്പെടുന്ന പീരങ്കിശ്ശബ്ദം അതിന്റെ സൂചനയത്രേ. പോർത്തുഗീസും ലന്തക്കാരും അന്യോന്യം കൂട്ടിമുട്ടിക്കഴിഞ്ഞിരിക്കുന്നു. കൊച്ചിക്കോട്ട ലന്തക്കാരുടേതായിത്തീരുവാൻ ഇനി ഏറെ താമസമില്ല. സെബസ്ത്യാനി അവിടെനിന്നു കടുത്തുരുത്തിപ്പള്ളിയിലേക്കു കടന്നുകളയാനുള്ള ഒരുക്കമായി. അതാ വരുന്നു, പോർത്തുഗീസുകാരനായ ഒരു ഭടൻ. കോട്ടയിലേക്കു വരണമെന്നു അവൻ അപേക്ഷിച്ചു. അപ്പോൾ ഒന്നുരണ്ടു പട്ടക്കാരെ അങ്ങോട്ടു അയക്കയാണ് സെബസ്ത്യാനി ചെയ്തതു. അ



വർ ചെന്നപ്പോൾ അനവധി പോർത്തുഗീസു പടയാളികൾ അർദ്ധപ്രാണരായി കിടക്കുന്നതു കണ്ടു. എല്ലാവർക്കും അന്ത്യകൂദാശകൾ നടത്തി അവർ ഉടനെ മടങ്ങിപ്പോന്നു. അപ്പോഴേക്കും സെബസ്ത്യാനി കടുത്തുരുത്തിപ്പള്ളിയിൽ എത്തിക്കഴിഞ്ഞിരുന്നു. ഇതുതന്നെ പുള്ളിയെ പിടിയ്ക്കാനുള്ള അവസരം എന്നു നിശ്ചയിച്ചു വിരോധകക്ഷികൾ പള്ളിയെ വളഞ്ഞുനിന്നു. ലന്തക്കാർ സഹായികളായിട്ടുണ്ടാകുമല്ലോ. പോരെങ്കിൽ കൊച്ചിയിലെ എളയ രാജാവും കാലൊന്നു മാറി വെച്ചിരിക്കയത്രേ. കടുത്തുരുത്തിലെ രാജാവ് അപ്പോൾ അവിടെ ഉണ്ടായിരുന്നുമില്ല. എന്താണ് അവിടെ അപ്പോൾ നടന്നതെന്നു നോക്കുമ്പോൾ ചരിത്രകാരന്മാർ മൌനാവലംബികളായി കാണപ്പെടുന്നു. സെബസ്ത്യാനിയെ പിടിച്ചുവോ, ബന്ധിച്ചുവോ, ദൈവത്തിനറിയാം. പ്രസ്തുത സന്ദർഭത്തിൽ ഇട്ടിത്തൊമ്മൻ കത്തനാർ അവിടെ ഉണ്ടായിരുന്നു.

പഴയകൂറ്റിലെ നാട്ടുമെത്രാൻ.

1663 ജനവരി 7-ാം തിയതി ലന്തക്കാർ കൊച്ചിക്കോട്ട കരസ്ഥമാക്കി. പോർത്തുഗീസുപള്ളികളിൽ കയറിക്കൊണ്ടു അവർ അവിടത്തെ രൂപങ്ങളും രൂപക്കൂടുകളും എടുത്തു പുറത്തെറിഞ്ഞ് അവയെ പ്രോട്ടസ്റ്റണ്ടു പള്ളികളാക്കി രൂപാന്തരപ്പെടുത്തി. പോർത്തുഗീസുകാരിൽ ഒരുവൻ പോലും അവിടെ പിന്നെ കാണപ്പെട്ടില്ല. സെബസ്ത്യാനിയുടെ നേർക്കും അവർ തട്ടിക്കയറി. 4 ദിവസത്തിനകം രാജ്യം വിട്ടോടിക്കൊള്ളണമെന്നു ലന്തക്കാരുടെ സൈന്യാധിപൻ അദ്ദേഹത്തിനു "നോട്ടീസ്" അയച്ചു. ക

www.malankaralibrary.com



ടുത്തുരുത്തിയിൽ വെച്ചു അതു കിട്ടിയപ്പോൾ കുറച്ചു നാൾ കൂടി താമസിപ്പാൻ അനുവാദം തരണേ എന്നു സെബസ്ത്യാനി അപേക്ഷ ബോധിപ്പിച്ചു. "നിവൃത്തിയില്ല" എന്ന ഒരൊററ പദത്താൽ സൈന്യാധിപൻ കല്പനക്കു മുദ്രയും വെച്ചു. സെബസ്ത്യാനി കുഴങ്ങിപ്പോയി. കടുത്തുരുത്തിയിൽ ഉടനെ ഒരു പള്ളിയോഗമാണു കൂടപ്പെട്ടതു്. തനിക്കു തിരിയെ നാട്ടിലേക്കു പോകാതെ നിർവ്വാഹമില്ലെന്നും, പകരം ഒരാളെ മെത്രാനായി വാഴിക്കുന്നതിനു തനിക്കു അധികാരം സിദ്ധിച്ചിട്ടുണ്ടെന്നും പറഞ്ഞ് ആരെയാണ് വാഴിക്കേണ്ടതെന്ന് യോഗക്കാരോട് അദ്ദേഹം അഭിപ്രായം ചോദിച്ചു. എല്ലാവരുംകൂടി കുറവിലങ്ങാട്ടു ചാണ്ടിക്കത്തനാരെയാണു അപ്പോൾ തിരഞ്ഞെടുത്തതു. ഈ ചാണ്ടിക്കത്തനാർ 1-ാം മാർത്തോമായുടെ ചാർച്ചക്കാരൻതന്നെ. മുമ്പു അദ്ദേഹത്തിന്റെ ആലോചനാസംഘത്തിലെ അംഗവുമായിരുന്ന ഈ കത്തനാർ എന്നു വായനക്കാർ ഓർമ്മിക്കുമല്ലോ. തിരഞ്ഞെടുപ്പനുസരിച്ചു 1663 ജനവരി 31-ാം തിയതി ചാണ്ടിക്കത്തനാരെ മലങ്കരയുടെ വികാരി അപ്പോസ്തോലിക്കയായി രണ്ടു വൈദികരുടെ സഹകരണത്തോടുകൂടി വാഴിക്കുകയും, ഒടുവിൽ 1-ാം മാർത്തോമയേയും ഇട്ടിത്തൊമ്മൻ കത്തനാരേയും പരസ്യമായി മഹറോൻ ചൊല്ലുകയും ചെയ്തു സെബസ്ത്യാനി പള്ളിയിൽ നിന്നിറങ്ങി. അടുത്ത ഫിബ്രുവരി മാസം 14-ാം തിയതി സെബസ്ത്യാനി കൊച്ചിയിൽ നിന്നു ഗോവയ്ക്കായി കപ്പൽ കയറുകയും ചെയ്തു.

കൊച്ചിക്കോട്ട ലന്തക്കാർ കരസ്ഥമാക്കിയതായി മുമ്പു പ്രസ്താവിച്ചുവല്ലോ. അവർ കൊച്ചിയിലുണ്ടായിരുന്ന പ



ല ദേവാലയങ്ങളും വിദ്യാലയങ്ങളും കല്ലിന്മേൽ കല്ലു ശേഷിക്കാതവണ്ണം തട്ടിനിരത്തിക്കളഞ്ഞു. ഒന്നാന്തരം ഒരു പുസ്തകസഞ്ചയം ഉണ്ടായിരുന്നതിനേയും അവർ ഉപേക്ഷിച്ചില്ല. വില തീരാത്ത അനവധി പൂർവ്വിക ഗ്രന്ഥങ്ങളുടെ ഏടുകൾ വലിച്ചു കീറി അവർ ചുരുട്ടു തെരുത്തു വലിച്ചു കളഞ്ഞു. അവിടെ ഉണ്ടായിരുന്ന പോത്തുഗീസുകാരുടെ ഒരു പള്ളി അവർ സ്വന്തമാക്കിയെടുത്തു വേണ്ടുന്ന ഭേദഗതികളെല്ലാം അതിൽ ചെയ്തു. ഇപ്പോൾ കൊച്ചിയിലുള്ള "ലന്തപ്പള്ളി" ആ പള്ളിയാണെന്നു പറയപ്പെടുന്നു.

ഒരു വീട്ടിൽ രണ്ടു മെത്രാന്മാർ.

ചാണ്ടിക്കത്തനാർ പഴയ കൂറുകാരുടെ മെത്രാനായിത്തീർന്ന കാര്യം വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ. ഇദ്ദേഹവും. 1-ാം മാർത്തോമയും പകലോമററം തറവാട്ടിൽ പെട്ടവർ തന്നേ. 1-ാം മാർത്തോമ പരമയോഗ്യനും ബുദ്ധിമാനുമായിരുന്നുവെന്നു ചരിത്രകാരന്മാർ സമ്മതിക്കുന്നുണ്ടു. ചാണ്ടിമെത്രാനും ആൾ സാമാന്യനായിരുന്നില്ലത്രേ. ഒരു വീട്ടിലെ രണ്ടാളുകൾ രണ്ടു കക്ഷികളുടെ തലവന്മാരായിത്തീർന്നു. പകലോമററം തറവാടിനു ഇതുപോലെ ഒരു ഗൃഹച്ഛിദ്രം ഉണ്ടാവാനില്ല തന്നെ. ചാണ്ടിമെത്രാന്റെ ഭാഗത്തും അക്കാലത്തു ജനങ്ങൾ കുറവല്ലായിരുന്നു. എങ്കിലും 1-ാം മാർത്തോമായ്ക്കുണ്ടായിരുന്നേടത്തോളം പള്ളികൾ ചാണ്ടിമെത്രാന്റെ സ്വാധീനത്തിലില്ലായിരുന്നു എന്നാണു സൂക്ഷ്മമായി നോക്കുമ്പോൾ മനസ്സിലാകുന്നതു്. ഇരുവർക്കും അവകാശപ്പെട്ട പള്ളികളും അപ്പോൾ അപൂർവ്വം ചിലതുണ്ടായിരുന്നു എന്നു കാണാം.

www.malankaralibrary.com



പഴയ കൂറ്റുകാരും കുറയുന്നു!

പ്രായാധിക്യം നിമിത്തം സഹായിയായി മറ്റൊരാളെ മെത്രാനായി വാഴിച്ചുതരണമെന്നു അലക്സന്ത്രയോസ് മെത്രാൻ (ചാണ്ടി മെത്രാൻ) 1674-ൽ റോമായിലേക്കു ഒരു അപേക്ഷ അയച്ചതായി കാണുന്നുണ്ടു. തദനുസാരം റോമായിലെ പ്രോപ്പഗന്താസംഘത്തിൽനിന്നു വന്ന മറുപടിയിൽ (1675 ആഗസ്റ്റ് 30) സഹായമെത്രാനെ തിരഞ്ഞെടുക്കേണ്ട ചുമതല നാലു കമ്മലീത്താക്കാരായ വൈദികരിൽ സമർപ്പിച്ചിരിക്കുന്നതായി വിശദപ്പെട്ടിരിക്കുന്നു. അവർ കൊച്ചിയിൽ താമസിച്ചിരുന്ന ഒരു "കുപ്പായക്കാരൻ റഫായേലി"നെ മെത്രാനാക്കാൻ തിരഞ്ഞെടുത്തു. ഇയാൾ പോർത്തുഗീസുകാരനായിരുന്നുവത്രേ. താമസംവിനാ കോഴിക്കോട്ടുവെച്ചു 1677-ൽ ഈ "കുപ്പായക്കാരൻ റഫായേൽ" (ഇങ്ങിനെയായിരുന്നുവത്രേ സാധാരണയായി ഇദ്ദേഹത്തെ വിളിച്ചു വന്നിരുന്നതു) വടക്കെ ഇന്ത്യയുടെ മെത്രാനായ തോമസ്-ദെ-കസ്ത്രോ എന്നു പേരായ അപ്പോസ്തോലിക്കയാൽ മെത്രാനായി വാഴിക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പും വാഴ്ചയും ചാണ്ടിമെത്രാനും കൂട്ടർക്കും ഒട്ടും തന്നെ ഹൃദ്യമായിരുന്നില്ല. പകലോമററം തറവാടിനെ അവഗണിച്ചതായി കാണുകയാലും, നാട്ടുകാരനായ ഒരാളെ മെത്രാനാക്കുന്നതിൽ ഇത്ര വൈമനസ്യമാണല്ലോ വിദേശീയർക്കു ഉള്ളതെന്നു ബോദ്ധ്യപ്പെടുകയാലും ഈ വാഴ്ച വലിയ രസക്ഷയത്തിന്നും ഇച്ഛാഭംഗത്തിന്നും കാരണമായിത്തീർന്നു. "ഇപ്പോൾ കണ്ടോ ഫലം?" എന്നു ഇട്ടിത്തൊമ്മൻ കത്തനാരും കൂട്ടരും പഴയ കൂറ്റുകാരും നോക്കി കൈകൊട്ടാ-



നും തുടങ്ങി. ചാണ്ടിമെത്രാന്റെ ഉദ്ദേശം തന്റെ അനന്തിരവനായ മത്തായി കത്തനാരെ, മെത്രാനായി വാഴിക്കണമെന്നായിരുന്നു. ഈ അഭിലാഷം അദ്ദേഹം പലരോടും തുറന്നു പറയുകയുമുണ്ടായിട്ടുണ്ടു. ലന്തഗവർണ്ണർക്കും അതുതന്നെയായിരുന്നു താല്പര്യവും. മെത്രാനായി ആരെങ്കിലും വരട്ടെ—അവർ ചാണ്ടിമെത്രാന്റെ തലയിൽ കയറാൻ തുടങ്ങിയാൽ അദ്ദേഹത്തിനുണ്ടായിരിക്കാവുന്ന മനോഖേദം എത്രമേൽ ദുസ്സഹമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. റഫായേൽ മെത്രാൻ സഹായമെത്രാന്റെ നിലവിട്ടു സാക്ഷാൽ മെത്രാന്റെ പദവിയിൽ കയറി അധികാരം പ്രവൃത്തിച്ചുതുടങ്ങി. ചാണ്ടിമെത്രാൻ എന്ന പേരിൽ മെത്രാൻ ഉണ്ടെന്നുള്ള കാര്യമേ അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. അക്കാലത്തു കൊച്ചിപ്പള്ളിയിൽ മുൻപറഞ്ഞ അനന്തിരവൻ മത്തായി കത്തനാർ വികാരിയായി താമസിക്കയായിരുന്നു. അദ്ദേഹത്തെ മഹറോൻ ചൊല്ലാനായി റഫായേൽ മെത്രാന്റെ ഒടുവിലത്തെ പുറപ്പാടു! എന്തു ചെയ്യും ചാണ്ടിമെത്രാൻ?

കാര്യം വളരെ കുഴപ്പത്തിലായിരിക്കുന്നുവെന്നു കമ്മലീത്താ വൈദികന്മാർ റോമയിലേക്കു എഴുതി അയച്ചു. ചാണ്ടിമെത്രാനും കൂട്ടരുമാവട്ടെ ഇച്ഛാഭംഗത്തോടുകൂടി പുത്തൻകൂറ്റുകാരുമായി ആലോചിച്ചു കൽദായ പാത്രിയർക്കീസിന്നെഴുതുക തന്നേ എന്നു തീരുമാനിക്കയും ചെയ്തു. ഇരുപക്ഷക്കാരും കൂടി അങ്ങിനെ ഒരപേക്ഷ അപ്പോൾ പ്രസ്തുത പാത്രിയർക്കീസിന്നയച്ചതായി കാണുന്നുണ്ടു. തദവസരത്തിൽ കമ്മലീത്തക്കാരുടെ എഴുത്തിന്റെ ഫലമായി അതാ കാര്യാന്വേഷണാർത്ഥം ഇവിടെ "പി-

www.malankaralibrary.com



ഞ്ഞോ" എന്ന പേരായ ഒരു അപ്പസ്തോലീക്കാ വന്നു ചേരുന്നു. അദ്ദേഹം ചെയ്ത അന്വേഷണത്തിന്റേയും റിപ്പോർട്ടിന്റേയും ഫലമായി റഫായേൽ മെത്രാനെ മുടക്കിയിരിക്കുന്നുവെന്നു 1694 ജനവരി 16-ാംനു- 12-ാമത്തെ ഇന്നൊസെന്റ് മാർപ്പാപ്പാ തിരുമനസ്സിലെ ഒരു തിരുവെഴുത്തു വരികയാണു ഉടനെ ഉണ്ടായതു. പകരം "പിഞ്ഞോ"യെ നിയമിച്ചിരിക്കുന്നതായും അതിൽ കാണിച്ചിരിക്കുന്നു.

അനന്തരം വേറൊരു മെത്രാൻ സ്ഥിരം മെത്രാനായി നിയമിക്കപ്പെട്ടു. അപ്പോഴേക്കും ചാണ്ടിമെത്രാൻ കാലധർമ്മം പ്രാപിച്ചുപോയതായി വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണു. ചാണ്ടിമെത്രാന്റെ അനുഗാമികളായി നാലഞ്ചുപേർ വിദേശത്തു നിന്നു ഇവിടെ വന്നു ഭരണം നടത്തിയതായി കാണ്മാനുണ്ടു. ഒടുവിൽ 1694-ൽ വന്ന ഒരു "ദിക്രൂസ്" മെത്രാനു മത്തായിക്കത്തനാരെ അർക്കദിയാക്കോന്റെ സ്ഥാനത്തിൽ ഉയർത്തുവാൻ ദയതോന്നിയെന്നുള്ളതു ഇവിടെ പ്രസ്താവ്യമത്രേ.

### മാർ ഗ്രീഗോറിയോസ് ബാവാ.

ഇനി നമുക്കു പുത്തൻകൂറ്റുകാരുടെ സ്ഥിതി അപ്പോൾ എങ്ങിനെയായിരുന്നു എന്നു നോക്കാം. ലന്തക്കാർ പോർത്തുഗീസുകാരുടേതായ കൊച്ചിക്കോട്ടയും മറ്റും കരസ്ഥമാക്കിയതിനോടടുപ്പിച്ചു ക്രിസ്താബ്ദം 1665-ൽ ഇവിടെ ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസ് പാത്രിയർക്കീസ് എഴുന്നെള്ളുകയുണ്ടായതായി കാണുന്നു. ഇദ്ദേഹം ൧-ാം മാർ തോമയുടെ അപേക്ഷമൂലമാണു വരാൻ ഇടയായതെന്നു മുളന്തുരുത്തിപ്പള്ളിയിൽനിന്നു മുമ്പു പോ



ർത്തുഗീസുകാർ തട്ടിക്കൊണ്ടുപോയ കൂട്ടത്തിൽ പാത്രിയർക്കീസിനെഴുതിയ ഒരു എഴുത്തിന്റെ പകർപ്പുമുണ്ടായിരുന്നു എന്നു മനസ്സിലാക്കിയ വായനക്കാർക്കു ഗ്രഹിക്കാവുന്നതാണല്ലൊ. 12 കത്തനാരന്മാരാൽ ഏറ്റിട്ടുള്ള സ്ഥാനം ശരിയായിട്ടുള്ളതല്ലെന്ന ബോധ്യവും, തന്നിമിത്തമുണ്ടായിക്കൊണ്ടിരുന്ന ആക്ഷേപവും സഹിക്കവയ്യാത്തിട്ടായിരുന്നു ൧-ാം മാർ തോമ അങ്ങിനെ ഒരപേക്ഷ അയച്ചതെന്നുള്ളതു അവിതർക്കിതം തന്നെ. ഈ ഒരു അനുമാനത്തെ മിസ്റ്റർ ഇ. എം. ഫിലിപ്പ് നിർവ്വിശങ്കം പിൻതാങ്ങുന്നുമുണ്ടു. അദ്ദേഹം പറയുന്നു:

"റോമാക്കാരുടെ ആധീനത്തിലേക്കു പോകാതെ സുറിയാനിസഭയെ സൂക്ഷിക്കുന്നതിനും പാലിക്കുന്നതിനും വേണ്ടി ഒരു താല്ക്കാലിക മേലധ്യക്ഷനായി മാത്രമായിരുന്നു മാർ തോമായെ നിയമിച്ചതെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിനു ശരിയായ അപ്പോസ്തോലിക കൈവെപ്പു ലഭിച്ചിട്ടില്ലായിരുന്നുവെന്നുമാത്രമല്ല, അദ്ദേഹം ആധാരമാക്കിയിരുന്ന അഹത്തല്ലായുടെ കല്പന പട്ടം കൊടുക്കുന്നതിനോ.........അദ്ദേഹത്തെ അനുവദിച്ചിരുന്നുമില്ല. റോമാക്കാർ അദ്ദേഹം വെറും ഒരു വേഷധാരിയും അത്മായക്കാരനും മാത്രമാണെന്നു പ്രസംഗിച്ചു"

### സ്തേപ്പാനോസിന്റെ കയ്യാങ്കളി.

ഇപ്പറഞ്ഞ മാർ ഗ്രീഗോറിയോസ് പാത്രിയർക്കീസിന്റെ വരവിനു ആറുകൊല്ലം മുമ്പു നടന്ന ഒരു സംഭവത്തിലേക്കു വായനക്കാർ ഇപ്പോൾ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. കുരുമുളകു കച്ചവടക്കാരനായ എസ്തേഫാനോസ് ൧-ാം മാർ തോമായൊന്നിച്ചുതന്നേ താമസമാ

www.malankaralibrary.com



ണു. 1659-ൽ അമ്മ മരിച്ചുപോയി എന്നു കേൾക്കുകയാൽ ൧-ാം മാർ തോമ കുറവിലങ്ങാട്ടെയ്ക്കു നീങ്ങി. കൂടെ നമ്മുടെ കച്ചവടക്കാരനുമുണ്ടായിരുന്നു. അവിടെ പള്ളിയിൽ ചെന്നപ്പോൾ തന്റെ അടുത്ത ചാർച്ചക്കാരനാണെങ്കിലും ബദ്ധവിരോധിയായ ചാണ്ടിക്കത്തനാർ (പിന്നീടു ഇദ്ദേഹമാണല്ലോ മെത്രാനായതു) പള്ളിമുറിയിൽ ഇരിക്കുന്നുണ്ടെന്നു മാർ തോമക്കു മനസ്സിലായി. ഉടനെ അദ്ദേഹം ഇടവകക്കാരിൽ പ്രമാണിയായ ഒരാളുടെ ഒത്താശയോടുകൂടി പുറത്തുനിന്നു ആ മുറിയങ്ങു പൂട്ടിച്ചു. ചാണ്ടിക്കത്തനാർ മുറിയ്ക്കകത്തും! വിമോചനത്തിന്നായും പ്രതികാരത്തിന്നായും തൽക്ഷണംതന്നേ കത്തനാരുടെ പക്ഷക്കാർ വടക്കുംകൂർ രാജാവിനോടു ചെന്നു സങ്കടമുണർത്തിച്ചു. അതിന്റെ ഫലമായി പൂട്ടിയ മുറി തുറക്കുകയും പകരം മാർ തോമായുടെ മുറി പെട്ടന്നു പൂട്ടുകയും ചെയ്തു. മാർ തോമയും എസ്തേപ്പാനോസും ആ കെണിയിലുമകപ്പെട്ടു.

"ഉഷ്ണിക്കുന്നല്ലോ. എനിക്കു പുറത്തേക്കു പോകണം" എന്നു എസ്തേപ്പാനോസ്.

"നില്ലെടോ ഇവിടെ. മുറി പുറത്തുനിന്നു പൂട്ടിയിരിക്കയാണ്" എന്നു മാർ തോമ.

"എനിക്കു പുറത്തേക്കു പോയേ കഴിയൂ" എന്നു എസ്തേപ്പാനോസ്.

"പറയുന്നതു തന്നോടല്ലെടോ? പോയി ചാക്കു താൻ."

"തരാമെന്നു പറഞ്ഞ രൂപ ഇങ്ങെടുത്തോട്ടെ. എന്നിട്ടു മതി ഇനിയത്തെ കാര്യം."



"എന്തുരൂപ? ഏതു രൂപ?"

"ഇട്ടിത്തൊമ്മൻ കശ്ശീശായോടു ചോദിച്ചാട്ടെ."

"ഞാനൊന്നും അറിഞ്ഞിട്ടില്ല."

"എന്നാൽ അറിയിക്കാം" (എന്നു പറഞ്ഞു വടിയെടുക്കാനാണ് എസ്തേപ്പാനോസിന്റെ ഭാവം).

ഭാഗ്യത്തിനു അപ്പോൾ വാതിൽ തുറന്നു. ഇട്ടിത്തൊമ്മൻ കത്തനാർ ഹാജർ. അകത്തുണ്ടായ കഥയെല്ലാം പറഞ്ഞുകേട്ട അദ്ദേഹം,

"താൻ ഇങ്ങോട്ടു വരൂ! ഗ്രഹപ്പിഴകാലത്തൊരു ചരക്കിനെ കിട്ടിയതു! തനിക്കു കുരുമുളകല്ലേ ആവശ്യം? തരാം. ചാടാതേയും മറിയാതേയും ഇരിക്കൂ. തിരുമനസ്സിലെ ഈ കല്പനയുമായി ഇടവകകളിൽ സഞ്ചരിച്ചാൽ കുരുമുളകു എമ്പാടു കിട്ടും. മാർപാപ്പാ തിരുമനസ്സിലേയ്ക്കാണെന്നാണ് ഇതിൽ എഴുതീട്ടുള്ളതു. മനസ്സിലായോ എന്റെ മണ്ടച്ചാരേ?"

"ഈവൻ — ഈവൻ" എന്നു പറഞ്ഞു എസ്തേപ്പാനോസ് ഒരു ചിരി. അതിനെ അനുകരിച്ചു "ഹ! ഹ! ഹ!" എന്നു മററുള്ളവരും.

"സമുദായാഭിമാനിയും മഹാമനസ്കനും സ്വാർത്ഥപരിത്യാഗിയും നിത്യസ്മരണയ്ക്കർഹനുമായ ഇട്ടിത്തൊമ്മൻ കത്തനാരുടെ അശ്രാന്തപരിശ്രമത്തിന്റേയും അക്ഷീണോത്സാഹത്തിന്റേയും ബുദ്ധിപൂർവ്വമായ നയത്തിന്റേയും ഫലമായിട്ടല്ലായിരുന്നുവെങ്കിൽ പുരാതനവും പരിപാവനവുമായ സുറിയാനിസഭ റോമൻ മിഷനറിമാരുടെ പീഡകളിലും കുതന്ത്രങ്ങളിലും നിന്നു രക്ഷപ്രാപിക്കുകയില്ലായിരുന്നു" എന്നിങ്ങിനെ മിസ്റ്റർ ഇ. എം.

www.malankaralibrary.com



ഫിലിപ്പ് ഹൃദയപൂർവ്വം ശ്ലാഘിക്കുന്ന ആ പരേതനോടു ഞങ്ങൾക്കു യാതൊരു വക മനഃപൂർവ്വ വൈരവുമില്ലെന്നും, മറ്റോരോ ചരിത്രങ്ങളിൽ കണ്ടവയെ ആസ്പദമാക്കി ഞങ്ങൾ ഇവിടെ അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടുള്ളതാണെന്നും വായനക്കാരെ ഞങ്ങൾ ഗ്രഹിപ്പിച്ചുകൊള്ളുന്നു.

൧-ാം മാർത്തോമയ്ക്കുണ്ടായ വിഷമം.

ഇനിയും നമുക്കു 1665-ൽ വന്ന മാർ ഗ്രീഗോറിയോസ് ബാവായെ നേരിട്ടു കാൺമാനായി ഇറങ്ങി പുറപ്പെടാം. ഇദ്ദേഹത്തെ ൧-ാം മാർ തോമ എഴുതിയയച്ചു വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്നു ഇവിടെ ചർവ്വിതചർവ്വണം ചെയ്യേണ്ടയാവശ്യമില്ലല്ലോ. ൧-ാം മാർ തോമയെ മെത്രാനായി വാഴിക്കുന്നതിൽ പോത്തുഗീസുകാരായ റോമാക്കാർ പൊതുജനാഭീഷ്ടത്തെ ഗ്രഹിച്ചിരുന്നിട്ടും വിസമ്മതം ഭാവിച്ചു. നാട്ടുകാർക്കു മെത്രാൻസ്ഥാനം നൽകാൻ പാടില്ലെന്നു അവർ മനസ്സിൽ കരുതി. തന്നിമിത്തം ജനങ്ങൾക്കുണ്ടായ ഇച്ഛാഭംഗത്താലും, പോത്തുഗീസുകാരെ മലങ്കരയിൽനിന്നകറ്റുന്നതിനു വേറെ വഴിയില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടും അഹത്തള്ളാ ബാവായുടെ കല്പനയുണ്ടെന്നും പറഞ്ഞു 12 കത്തനാരന്മാർ കൂടി ഗീവർഗ്ഗീസ് അർക്കദിയാക്കോനെ ൧-ാം മാർതോമാ മെത്രാനായി വാഴിക്കുകയാണല്ലോ ഉണ്ടായതു. അപ്പോൾ തുടങ്ങി അതു പട്ടമല്ലെന്നു പോത്തുഗീസുകാർ ആക്ഷേപിച്ചുവന്നു. തന്നിമിത്തം മാർ തോമായുടെ പക്ഷത്തിനു ഇടിച്ചൽ തട്ടിത്തുടങ്ങി. സ്വപക്ഷത്തിലുള്ള പലരും മറുവശത്തേക്കു ചാഞ്ഞുതുടങ്ങിയതായി



പ്രത്യക്ഷപ്പെട്ടു. അതിനാൽ ഏല്ക്കാതിരിപ്പാൻ മാർതോമയ്ക്കു ഗത്യന്തരമുണ്ടായില്ല. പോത്തുഗീസുകാർ കുപ്പായം ഊരിവെക്കണമെന്നല്ലാതെ, ഊരിവെച്ചാൽ ശരിയായതു തരാമെന്നു വാഗ്ദാനം ചെയ്യുന്നില്ലല്ലോ. എന്നു മാത്രമോ, പണ്ടിനാലേ നടപ്പിലിരിക്കുന്ന സുറിയാനി റീത്തിനെ നാമാവശേഷമാക്കണമെന്നാണു അവരുടെ ശ്രമമെല്ലാം എന്നു ബോധ്യവുമായി. റോമായിലേയ്ക്കു പല കത്തുകളും അയച്ചിട്ടും ഒരു പ്രയോജനവും പ്രത്യക്ഷത്തിൽ കണ്ടില്ല. പോത്തുഗീസു രാജാവിന്നയച്ച കത്തിന്റെയും ഫലം അങ്ങിനെതന്നെ. റോമായിൽനിന്നു കാര്യാന്വേഷണാർത്ഥം വരുന്നവരുടെ നിലയും അനുകൂലമായി കാണപ്പെട്ടില്ല.

൧-ാം മാർതോമ ശരിയായ മെത്രാനായി.

മാർ ഗ്രീഗോറിയോസ് ബാവായുടെ പേരിൽ പുത്തൻകൂർ സുറിയാനിക്കാർ എന്നെന്നും കൃതജ്ഞരായിരിപ്പാൻ അവകാശമുണ്ടു. ആ പിതാവെങ്കിലും അപ്പോൾ അവരുടെ നിലവിളി കേൾക്കുകയുണ്ടായല്ലോ. മലങ്കരയിൽ എത്തിയിട്ടു അധികം താമസിക്കുംമുമ്പേതന്നെ ൧-ാം മാർ തോമായെ അദ്ദേഹം നിരണത്തു പള്ളിയിൽ വെച്ചു മെത്രാനായി വാഴിച്ചു. ശ്വാസം മുട്ടി കിടന്നിരുന്ന പുത്തൻകൂറ്റുകാർക്കു അതു എന്തുമാത്രം ആശ്വാസകരമായിരുന്നിരിക്കണമെന്നാലോചിച്ചു നോക്കിയാലും. പോത്തുഗീസുവലയത്തിൽ കിടന്നിരുന്ന പഴയകൂറ്റുകാർ അപ്പോൾ തുടങ്ങി കുറെശ്ശെ പുതിയതിലേക്കു ചായാൻ തുടങ്ങിയെന്നു കാണുന്നുണ്ടു. അക്കാലത്തു ഇവിടെ വന്ന 18-ാം നൂറ്റാണ്ടിലെ ഗ്രന്ഥകാരനായ പൌലീനോസ്

www.malankaralibrary.com



എന്ന കമ്മലീത്ത വൈദികൻ പ്രസിദ്ധീകരിച്ച ഒരു യാത്രാവിവരണത്തിൽ മാർ ഗ്രീഗോറിയോസു ബാവായെ സ്തുച്ചുകൊണ്ടു പുത്തൻകൂററുകാർ ആഹ്ലാദഭരിതരായി പാട്ടുപാടിക്കൊണ്ടിരുന്നതിനെ താൻ കേട്ടിട്ടുണ്ടെന്നു പ്രസ്താവിക്കുന്നു.

മാർ ഗ്രീഗോറിയോസ് ബാവാ ഇവിടെ വന്നിട്ട് അഞ്ചു സംവത്സരം പൂർത്തിയാകുമ്പോഴേയ്ക്കും (1670 മേടം 14) വടക്കൻ പറവൂർ പള്ളിയിൽ വെച്ചു കാലധർമ്മം പ്രാപിക്കയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു. ഇപ്പോഴും ആ സുദിനം ആ പള്ളിയിൽ സാഘോഷം കൊണ്ടാടിവരുന്നുണ്ട്. ബാവായുടെ നിര്യാണത്തിനു രണ്ടു ദിവസം മുമ്പ് ഒന്നാം മാർത്തോമ കാലഗതിയടഞ്ഞതായിക്കാണുന്നു. ഇദ്ദേഹത്തെ അങ്കമാലിപ്പള്ളിയിലത്രേ സംസ്കരിച്ചിട്ടുള്ളൂ. അനന്തരം 2-ാം മാർത്തോമ എന്ന പേരിൽ സഹോദരീപുത്രൻ അവരോധിതനായി. വാഴ്ചയേററ അതേ കൊല്ലത്തിൽ ഇടിവെട്ടേററ് അദ്ദേഹവും മൃതിയടഞ്ഞു. അദ്ദേഹത്തെ നിരണത്തു പള്ളിയിലും അടക്കി.

'കല്ലട മൂപ്പൻ'

ഈ ഘട്ടത്തിൽ ശീമയിൽ നിന്ന് ഒരു മാർ അന്ത്രയോസു (1676-ൽ) ഇവിടെ എഴുന്നള്ളിയതായി കാണുന്നുണ്ടു. ഇദ്ദേഹം ഏതു സഭക്കാരനെന്നോ, വാസ്തവത്തിൽ പട്ടക്കാരൻ പോലും ആയിരുന്നുവെന്നോ നിശ്ചയമില്ലെന്നും കുർബാന ചൊല്ലുകയുണ്ടായിട്ടില്ലെന്നും ഒരു കൈയെഴുത്തു പുസ്തകത്തിൽ കാണുന്നുണ്ടെന്നു മിസ്റ്റർ ഇ. എം. ഫിലിപ്പു പറയുന്നു. ഉട്ടപ്പു റൈട്ടർ പറയുന്നതോ,



മാർ അന്ത്രയോസ് വാസ്തവത്തിൽ ഒരു പാത്രിയർക്കീസായിരുന്നുവെന്നത്രേ. ഏതു സഭയുടെയാണെന്ന് മിണ്ടുനമില്ല. ഇദ്ദേഹം ഇവിടെ വന്നകാലത്താണ് "കപ്പായക്കാരൻ റഫേൽ" പഴയ കൂറു മെത്രാനായിത്തീർന്നതെന്നു ചരിത്രത്തിൽ നിന്നു തെളിയുന്നുണ്ട്. റഫേലിനോടും അദ്ദേഹത്തിന്റെ ഭരണത്തോടും സംതൃപ്തരാകാതിരുന്ന പഴയ കൂററുകാർ ഇദ്ദേഹത്തെ കുറെനാൾ തണ്ടിന്മേലേററി നടന്നിരുന്നതായി കാണുന്നു. ഒടുവിൽ അവർ ഉപേക്ഷിച്ചപ്പോൾ ഇദ്ദേഹം പുത്തൻകൂറുകാരോടു കൂടിച്ചേർന്നു. ഇക്കാലത്തു ഇദ്ദേഹം കല്ലൂർക്കാട്ടു പള്ളിയിൽ താമസിച്ചിരുന്നു. അനന്തരം പുത്തൻകൂറുകാർക്കും തന്നോടു രസമില്ലെന്നു കണ്ടതിനാൽ ഇദ്ദേഹം കല്ലട എന്ന സ്ഥലത്തേക്കു നീങ്ങി. അവിടെ ഒരു ദിവസം ആററിൽ കുളിച്ചുകൊണ്ടിരിക്കവേ നിലതെററി മുങ്ങിച്ചാവുകയാണുണ്ടായതത്രേ. മരണം 1682-ൽ തന്നെ. കല്ലടപ്പള്ളിയിൽ ഇദ്ദേഹത്തിന്റെ ഓർമ്മ ഇന്നും സാഘോഷം കൊണ്ടാടി വരുന്നുണ്ട്. അനേകം നേർച്ചക്കാഴ്ചകൾ ഉണ്ടാവാറും പതിവാണ്. "കല്ലട മൂപ്പൻ" എന്ന പേരിൽ ഇദ്ദേഹം തെക്കൻ തിരുവിതാംകൂറിൽ ഒരു സിദ്ധനായി ഗണിക്കപ്പെട്ടിരിക്കുന്നു.

കാതോലിക്കാ ബാവായും മെത്രാപ്പോലീത്തായും വരുന്നു.

ദക്ഷിണേന്ത്യയിൽ പോർത്തുഗീസുഭരണം നാമാവശേഷമായിത്തീരുകയും ലന്തക്കാർ അഥവാ ഡച്ചുകാർ അധിപന്മാരാകയും ചെയ്തതോടുകൂടി ശീമയിൽ നിന്നുള്ള ബാവാമാരുടെ വരവിനു തടസ്സമില്ലാതായിത്തീർന്നു എന്നു നമുക്കു കാണാം. പ്രസ്തുത അന്ത്രയോസ് മരണമട

www.malankaralibrary.com



ഞ്ഞരോടു കൂടി അന്നാ എത്തുന്ന, വേറൊരു ഗണം. അവരുടെ ആഗമനം 1685-ലത്രേ. അവരിൽ ഒരാൾ സാക്ഷാൽ ബസ്സേലിയോസ് കാതോലിക്കാ ബാവാ തന്നെ. മറേറാദേഹം ഒരു മാർ ഈവാനിയോസ് എന്നു പേരായ മെത്രാനുമായിരുന്നു. കാതോലിക്കാ ബാവാ ഇവിടെ എഴുന്നെള്ളിയിട്ട് പതിമൂന്നു ദിവസം കഴിഞ്ഞപ്പോഴയ്ക്കും കോതമംഗലത്തു പള്ളിയിൽവെച്ചു കാലംചെയ്തുപോയി. ഇദ്ദേഹത്തിന്റെ സ്മരണാൎത്ഥമുള്ളതത്രേ ഇപ്പോഴും കോതമംഗലത്തു പള്ളിയിൽ കൊണ്ടാടി വരുന്ന ആ വലിയ പെരുന്നാൾ. മാർ ഈവാനിയോസ് ഇവിടെ വന്നിട്ട് എട്ടു സംവത്സരം ജീവിച്ചു. ഇപ്പോഴും കൊല്ലംതോറും മുളന്തുരുത്തിപള്ളിയിൽ ചിങ്ങമാസം 3-ാംനു കൊണ്ടാടപ്പെട്ടുവരുന്ന തിരുനാൾ 1693-ൽ കാലധൎമ്മം പ്രാപിച്ച ഈ സിദ്ധന്റെ ഓൎമ്മയെ സൂചിപ്പിക്കുന്നു.

### രണ്ടും മൂന്നും മാർതോമാമാർ.

രണ്ടാം മാൎത്തോമായുടെ ശേഷം മൂന്നാം മാൎത്തോമായും നാലാം മാൎത്തോമായും എങ്ങിനെ വാഴിക്കപ്പെട്ടു? രണ്ടുതരത്തിൽ ഇതിനെപ്പററി പറഞ്ഞുകാണുന്നുണ്ട്. മിസ്റ്റർ മെക്കൻസി പറയുന്നതും തിരുവിതാംകൂർ സ്റ്റേററുമാനുവലിൽ കാണുന്നതും ഒരേപ്രകാരത്തിലാണ്. അതെന്തെന്നാൽ: ഇരുവൎക്കും സ്ഥാനം കൊടുത്തതു മാർ ഈവാനിയോസു മെത്രാനായിരുന്നുവെന്നുതന്നെ. ഇതിനെ തന്നെയാണ് ഇട്ടൂപ്പുറൈട്ടരും, മിസ്റ്റർ ഫിലിപ്പും താങ്ങിപ്പറയുന്നതും. പക്ഷെ വേറെ ചില ചരിത്രകാരന്മാർ ഇതു സമ്മതിക്കുന്നില്ല. രണ്ടാം മാൎത്തോമായുടെ മരണശേഷം 3-ാം



മാൎത്തോമയുണ്ടായതു് സ്വയമേവയാണെന്നാണ്. മാർ ഈവാനിയോസാണ് മൂന്നാമനേയും നാലാമനേയും ആക്കിയതെങ്കിൽ എന്താണ് മെക്കൻസിയും മററും അതിന്റെ ആണ്ടും സ്ഥലവും പറയാത്തതെന്നു ഇവർ ചോദിക്കുകയും ചെയ്യുന്നു. 3-ാമൻ കഴിഞ്ഞപ്പോൾ നാലാമനും സ്വയമേവ കയറി എന്നാണ് ഇവരുടെ കണ്ടുപിടുത്തം. നാലാമൻ അഞ്ചാമനെ വാഴിച്ചതു തനിച്ചാകയാൽ ശരിയല്ലെന്നും മററും ഒരു ശക്തിയായ വാദം പിന്നീടു പുറപ്പെടുകയും, അതു ലന്തക്കാരുടെ കോടതി തീൎച്ചപ്പെടുത്തേണ്ടതായി വന്നുകൂടുകയും ചെയ്തു എന്നു കാണുമ്പോൾ മൂന്നാമനേയും നാലാമനേയും സംബന്ധിച്ചേടത്തോളം അങ്ങിനെ വാദം നടന്നതായി അറിയാത്ത സ്ഥിതിക്കു മാർ ഈവാനിയോസ് അവൎക്കു സ്ഥാനം കൊടുത്തുവെന്നു തന്നേ തീരുമാനിക്കേണ്ടിയിരിക്കുന്നില്ലയോ?

൩-ാം മാൎത്തോമ (1688 മേടം 9) മരിച്ചപ്പോൾ അദ്ദേഹത്തെ കടമ്പനാട്ടു പള്ളിയിൽ സംസ്കരിച്ചു. ൪-ാമനേയും മാർ ഈവാനിയോസ തന്നെയാണോ വാഴിച്ചതെന്ന് താഴെ പറയുന്ന ഒരു സംഭവകഥയാൽ സംശയിക്കേണ്ടിയിരിക്കുന്നു. മിസ്റ്റർ ഫിലിപ്പാണ ഇക്കാൎയ്യം പറയുന്നതു.

നാലാം മാൎത്തോമയുടെകാലത്തു വന്ന ഒരു മാർ ഗബ്രിയേൽ (ഇദ്ദേഹം പച്ച നെസ്തോർ തന്നെയായിരുന്നുവെന്നു എല്ലാവരും സമ്മതിക്കുന്നുണ്ട്) കൊച്ചിയിൽ ഉണ്ടെന്നു കേൾക്കകയാൽ ചിലർ അദ്ദേഹത്തെ കാണാൻ പോയിരുന്നപോൾ. തിരിയെ വന്നിട്ടു അവർ 4-ാം മാൎത്തോമായോടു, "അയ്യാൾ അപ്പനുമല്ല; ചിററപ്പനുമല്ല;

www.malankaralibrary.com



എങ്കിലും ഇപ്പോഴത്തെ കാൎയ്യത്തിന്നു കൊള്ളാം" എന്നു പറഞ്ഞിട്ടുള്ളതിനെപ്പററിയാലോചിക്കുമ്പോൾ "കാൎയ്യത്തിന്നു കൊള്ളിക്കുക" എന്തിന്നാണെന്നു മനസ്സിലാക്കാവുന്നതല്ലയോ?

അതങ്ങിനെയും ഇരിക്കട്ടെ. പുത്തൻകൂറും പഴയകൂറും തമ്മിൽ ഒന്നായിരിക്കേണ്ടതിന്നായി ഇദ്ദേഹം ചെയ്തിട്ടുള്ള ശ്രമത്തെപ്പററി വിശിഷ്യാ ഇവിടെ പറയേണ്ടുന്നതാണ്. 1704-ൽ ഇടപ്പള്ളിപ്പള്ളിയിൽവെച്ചു ഒരു മഹായോഗം ഈ ആവശ്യത്തെ പ്രതി കൂടിയതായും, ആ യോഗത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഇദ്ദേഹവും വേറെ 12 കശീശന്മാരും 29 പള്ളിക്കാരും ഒപ്പിട്ടതായ ഒരു അപേക്ഷ മാൎപ്പാപ്പാ തിരുമനസ്സിലേക്കു അയച്ചിട്ടുള്ളതായും സുപ്രസിദ്ധ ചരിത്രകാരന്മാരായ പോളിനസ് (പുറം 447) അസ്സെമാനി (4-ാം വാല്യം പുറം 300), വൈററ് ഹൌസ് (പുറം 107) മുതലായവർ സാക്ഷിക്കുന്നു. അപേക്ഷയുടെ സംക്ഷേപം ഇതാകുന്നു:—പ്രത്യേകം ഒരു വിഭാഗമായി വേർ തിരിഞ്ഞു നില്ക്കാൻ ഇടയായതു പോൎത്തുഗീസുകാരുടെ ശല്യംകൊണ്ടു മാത്രമാണ്; കൎമ്മലീത്താ വൈദികരെ അയച്ചതു വളരെ അനുഗ്രഹകരമായിരിക്കുന്നു; പഴയ സുറിയാനി ആരാധനാക്രമംതന്നെ ഉപയോഗിച്ചുകൊള്ളുവാൻ അനുമതി നൽകണം; ഒന്നാമത്തെ കൎമ്മലീത്താ മെത്രാനായ ആഞ്ചെലൂസ് ഫ്രാൻസിസും 4-ാം മാർതോമയുമായി സഭാഭരണം നടത്തുവാൻ കല്പനയുണ്ടാവണം. ഈ അപേക്ഷ ഫലിക്കാതെ പോയതു മേൽപറഞ്ഞ ആഞ്ചെലൂസ് ഫ്രാൻസിസ് മെത്രാന്റെ അശ്രദ്ധകൊണ്ടോ, മനസ്സില്ലായ്മയാലോ ആയിരിക്കാമെന്നു ഊ



ഹിക്കപ്പെട്ടിരിക്കുന്നു. പരസ്യമായി ഒരുവിധവും രഹസ്യമായി മറെറാരുവിധവും പ്രവൎത്തിച്ചാൽ എങ്ങിനെ കാൎയ്യം നടപ്പുണ്ടാവാം?

### അഞ്ചാം മാർതോമ്മാ.

4-ാം മാർതോമ അനന്തിരവനെ 5-ാം മാർതോമയായി വാഴിച്ചു 1728 മീനം 13-ൽ കണ്ടനാട്ടു പള്ളിയിൽ സംസ്കരിക്കപ്പെട്ടു. 5-ാം മാർതോമായുടെ സ്ഥാനാഭിഷേകത്തോടുകൂടി പുത്തൻകൂററിൽ ചില തിക്കും തിരക്കും ഉണ്ടായതായി സ്പഷ്ടമാകുന്നുണ്ടു്. പലരും ഇദ്ദേഹത്തെ സ്വീകരിപ്പാൻപോലും മനസ്സില്ലാത്തവരായിത്തീൎന്നുപോയി. ഒരു മെത്രാനു ഒരു മെത്രാനെ തനിച്ചു വാഴിപ്പാൻ പാടില്ല എന്നതിന്മേലാണു വഴക്കുണ്ടായതെന്നു പറയപ്പെടുന്നു. ജനങ്ങളുടെ പ്രാതികൂല്യത്തിൽ 5-ാം മാർതോമാ വിഷാദാധീനനായും ചമഞ്ഞു. എന്തു വേണ്ടുവെന്നാലോചിച്ചപ്പോൾ മുൻപറഞ്ഞ മാർ ഗബ്രിയേലിനെക്കുറിച്ചു ഓൎമ്മയുണ്ടായി. അദ്ദേഹം അപ്പോൾ കോട്ടയത്തു താമസിക്കുന്നതായി അറിഞ്ഞിരുന്നു. ഒന്നും ഇല്ലാതിരിക്കുന്നതിൽ ഭേദം വല്ലതുമൊന്നു ഉണ്ടാവുകതന്നെയാണെന്നാണ് അപ്പോൾ തീൎച്ചപ്പെടുത്തിയതു്. നില്ക്കക്കള്ളിയില്ലെന്നു തോന്നുമ്പോൾ ഇദ്ദേഹത്തെ കാൎയ്യത്തിന്നു കൊള്ളിക്കാമെന്നു മുമ്പേ കരുതുകയും ചെയ്തിട്ടുണ്ടല്ലോ. മാർ ഗബ്രിയേൽ എന്തോ അസ്വാസ്ഥ്യം നിമിത്തം കിടപ്പിലാണെന്നു കേട്ടിരുന്നുവെങ്കിലും അതിനെ ആരും അപ്പോൾ അത്ര കാൎയ്യമാക്കിയില്ല. 5-ാം മാർതോമ കോട്ടയത്തു ചെന്നു. മാർ ഗബ്രിയേൽ അത്യാസന്ന രോഗത്തിലാണ് കിടക്കുന്നതെന്ന വാസ്തവം അപ്പോൾ ആണ് മാർതോമ അറിയുക. ഇഹലോ

www.malankaralibrary.com



ഗത്തോടുകൂടി 5-ാം മാർത്തോമ മടങ്ങിപ്പോന്നു. ഈ ഒരു സംഭവത്തെ മാർ ഗബ്രിയേലിൽനിന്നു സ്ഥാനമേററവരായ തെക്കൻ പള്ളിപ്പുറത്തു പള്ളി ഇടവകക്കാരൻ ഗീവർഗ്ഗീസുകത്തനാരും കല്ലൂക്കാട്ടു പള്ളി ഇടവകക്കാരനായ ഒരു മൂപ്പച്ചനും സാക്ഷിക്കുന്നുണ്ടു്. മാർ ഗബ്രിയേൽ 1730 കുംഭമാസം 8-ാംനു-കോട്ടയം ചെറിയ പള്ളിയിൽ സംസ്കരിക്കപ്പെട്ടു. പില്ക്കാലത്തു ആരോ ആ കബർ പൊളിച്ചു അതിൻെറ കല്ലുകൾ ഗോവണി പണിയുന്നതിനായി ഉപയോഗപ്പെടുത്തിയത്രേ.

മാർ ഈവാനിയോസ്.

ഇനിയെന്തുള്ളു നിവൃത്തിയെന്നു 5—ാം മാർത്തോമ വിഷാദിച്ചു. പട്ടം ശരിപ്പെടുത്തിയില്ലെങ്കിൽ വളരെ നാശമുണ്ടെന്നു അദ്ദേഹം അനുഭവംകൊണ്ടു മനസ്സിലാക്കി. അതിനാൽ കാര്യം സാധിക്കാനായി അദ്ദേഹം ലന്തക്കാരുമായി ആലോചന നടത്തി. പേർഷ്യായിൽ നിന്നോ, മൂസലിൽ നിന്നോ എവിടെ നിന്നെങ്കിലും ഒരു മെത്രാനെ വരുത്തിത്തരാമോ എന്നു ഇദ്ദേഹം അവരോടു ചോദിച്ചു. വരുത്താമെന്നു അവർ വാഗ്ദാനവും ചെയ്തു. അവർ ഹെസക്കിയേൽ എന്നു പേരായ ഒരു യഹൂദനെ ഇതിന്നായി ലന്തക്കപ്പൽ വഴി ശീമയിലേക്കായി ഉടൻ പറഞ്ഞു വിട്ടു. തൽഫലമായി 1747—ൽ അതാ വരുന്നു, ഹെസക്കിയേൽ ഒന്നിച്ചു ഒരു ശീമമെത്രാൻ. ഇദ്ദേഹം കേവലം ഒരു യഹൂദനായിരുന്നുവെന്നു ആക്ഷേപിക്കുന്നവരുണ്ടെങ്കിലും വാസ്തവത്തിൽ ഇദ്ദേഹം ഒരു മെത്രാൻ തന്നെയായിരുന്നുവെന്നാണു് ചരിത്രകാരന്മാരുടെ ഭൂരിപക്ഷ വിശ്വാസം. ഇദ്ദേഹത്തിൻെറ പേർ



മാർ ഈവാനിയോസ് എന്നത്രേ. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട ആളായിരുന്നു ഇദ്ദേഹം. പക്ഷേ ഫലം നോക്കുമ്പോൾ ഇദ്ദേഹം വന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നുതന്നേ പറയേണ്ടിയിരിക്കുന്നു. ലവലേശവും നയമില്ലാത്തവനും പ്രകൃത്യാ ഒരു മുൻകോപിയുമായിരുന്നു ഇദ്ദേഹം എന്നത്രേ മിസ്റ്റർ ഇ. എം. ഫിലിപ്പിൻെറ അഭിപ്രായം. ഇദ്ദേഹത്തോടു 5—ാം മാർത്തോമായ്ക്കു അസുഖവും വിരോധവും ഉണ്ടായി എന്നും, അതു പള്ളികളിൽ "രൂപം" വെയ്ക്കുകയും അതിനെ വണങ്ങുകയും ചെയ്തുവന്നതിനെ ഇദ്ദേഹം വിരോധിച്ചതായിരുന്നു കാരണമെന്നു ഉട്ടപ്പു റൈട്ടർ പറയുന്നു. മാർ ഈവാനിയോസ് അവയെയെല്ലാം തല്ലിപ്പൊട്ടിക്കുകയും, തീയിലിട്ടു കത്തിക്കുകയും ചെയ്തിരുന്നുപോൽ! ഈ 5—ാം മാർത്തോമയ്ക്കും അദ്ദേഹത്തിൻെറ പക്ഷക്കാർക്കും വിദ്വേഷത്തിന്നു കാരണമായും തീർന്നു.

5-ാം മാർത്തോമയും അന്നത്തെ ലന്താ അധികാരികളുമായി എഴുത്തുകുത്തുകൾ നടന്നിരുന്നു എന്നു പറയുന്ന മിസ്റ്റർ ഇ. എം. ഫിലിപ്പ്, 5-ാം മാർത്തോമ അവർക്കയച്ച ഒരു കത്തിൽ തൻെറ വിശ്വാസത്തേയും സഭയുടെ ഭരണരീതിയേയും പററി, "അന്ത്യോഖ്യാസഭയെ ഞങ്ങളുടെ തലയായി ഞങ്ങൾ ഗണിക്കുന്നു; മശിഹായ്ക്കു ഏകസ്വഭാവമേയുള്ളു; പരിശുദ്ധറൂഹാ പിതാവിൽനിന്നു പുറപ്പെടുന്നു" എന്നിങ്ങനെ എഴുതി എന്നും, അപ്പോൾ "യാക്കോബായ വിശ്വാസവും നെസ്തോറിയ വിശ്വാസത്തെപ്പോലെ വേദവിപരീതമാണെന്നും, പ്രോട്ടസ്റ്റൻ്റുമതം മാത്രമേ സത്യമായുള്ളുവെന്നും മാർ തോമായെ വി

www.malankaralibrary.com



ശ്വസിപ്പിക്കുന്നതിന്നു ലന്തക്കാർ പ്രയത്നിച്ചതായി കാണുന്നു" എന്നും പ്രസ്താവിക്കുന്നുണ്ടു.

ലന്തക്കാർ ഈ മാർ ഈവാനിയോസിനെ 1751-ൽ ബസറായ്ക്കു കപ്പൽ കയററി അയച്ചു കളഞ്ഞു. തിരിച്ചു ചെല്ലണമെന്നു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഒരു കല്പന മാർ ഈവാനിയോസിനു ആയിടയ്ക്കു വരികയുമുണ്ടായിപോൽ.

5-ാം മാർത്തോമയ്ക്കു ഇന്നാട്ടിലുണ്ടായിരുന്ന റോമൻ കത്തോലിക്കരായ കർമ്മലീത്താക്കാരോടാവട്ടേ ജസ്യൂട്ടുകാരോടാവട്ടേ ഒരു തരത്തിലും സഖ്യത ഉണ്ടായിരുന്നില്ല. അവരെ എങ്ങിനെയും ഇവിടെനിന്നു ബഹിഷ്കരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്നു ഉദ്ദേശമുണ്ടായിരുന്നതെന്നു തെളിയുന്നുണ്ടു. ഇതിലേക്കു ലന്തക്കാരുടെ സഹായം 5-ാം മാർത്തോമ ആവശ്യപ്പെട്ടപ്പോൾ ഇരുപക്ഷക്കാരും ചേർന്നു വാദപ്രതിവാദം നടത്തണമെന്നും, ന്യായം മാർത്തോമായുടെ പക്ഷത്താണെങ്കിൽ ആഗ്രഹമനുസരിച്ചു സാധിപ്പിക്കാമെന്നു അവർ പറഞ്ഞു എന്നും കാണുന്നുണ്ടു. പക്ഷേ, മാർത്തോമ ഇതിനൊന്നും ഒരുമ്പെട്ടതേ ഇല്ല.

5-ാം മാർത്തോമായുടെ പുനരൈക്യാലോചന.

മലങ്കരയിലുള്ള സർവ്വവിധ കുഴപ്പങ്ങളേയും പററി സഭയുടെ അതുവരെയുള്ള ചരിത്രത്തെ ആസ്പദമാക്കിക്കൊണ്ടു 1748—ൽ മാർത്തോമ അഞ്ചാമൻ മാർ പാപ്പാതിരുമനസ്സിലേക്കു ഒരു കത്തയച്ചിട്ടുള്ളതായി സ്പഷ്ടമാകുന്നു. അതിൽ, മലങ്കര സഭ മൂന്നായി ഭിന്നിച്ചു കിടക്കുന്നുവെന്നും, യൌനായക്കാരെപ്പോലെ പുളിച്ച അപ്പം ഉപയോ-



ഗിച്ചു വി. കുർബ്ബാന ചൊല്ലുവാൻ അനുവാദം തരണമെന്നും, പൂർവ്വിക പതിവു അതാണെന്നും എഴുതിയിരുന്നതായി തെളിയുന്നുണ്ടു. ബൊനിഫസ് എന്ന പേരായ കർമ്മലീത്താ വൈദികൻ വഴിയാണ ഈ കത്തു അയക്കുകയുണ്ടായിട്ടുള്ളതു. (തിരു: സ്റ്റേററുമാനുവൽ പുറം 207) ഇതിന്നു Concession could not be given to these chaldeans എന്നു മാർപ്പാപ്പാ കല്പിച്ചതായിട്ടാണ് മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റേററുമാനുവലിൽ പറയുന്നതു. ഇതു മിസ്റ്റർ മെക്കൻസിയുടെ സ്വന്തം സൃഷ്ടിയെന്നല്ലാതെ ഇതിനെക്കുറിച്ചു മറെറാന്നും വിചാരിച്ചിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. പുളിച്ച അപ്പം ഉപയോഗിച്ചായിരുന്നു എത്രയോ കാലം മുമ്പു തുടങ്ങി ഇവിടെ വി. കുർബ്ബാന ചൊല്ലിവന്നിട്ടുള്ളതെന്നും, പോർത്തുഗീസുകാരാണ് ബലം പ്രയോഗിച്ചു പഴങ്കൂറുകാരെക്കൊണ്ടു അതു മാററിച്ചതെന്നും, അങ്ങിനെ അവർ ചെയ്തതു മാർപാപ്പാ തിരുമനസ്സിലെ അനുമതിയോടുകൂടിയല്ലായിരുന്നുവെന്നും പറയേണ്ടതില്ലല്ലോ.

യാക്കോബായ മേല്പട്ടക്കാർ വരുന്നു!

ഈ കാലത്തു കൊച്ചിയിൽ വ്യാപാരസംബന്ധമായി ഒരു അന്ത്രോണിയോസ് ശെമ്മാശൻ ശീമയിൽനിന്നു വരികയുണ്ടായി. 5-ാം മാർത്തോമ ഈ ശെമ്മാശനെ വരുത്തിക്കൊണ്ടു ശീമയിൽ നിന്നു വല്ലവരേയും കൊണ്ടുവരാൻ സാധിക്കുമോ എന്നു ചോദിച്ചുവത്രേ. അങ്ങിനെതന്നെ എന്നു ശെമ്മാശൻ ഉടൻ വാഗ്ദാനവും ചെയ്തു. അവരുടെ യാത്രച്ചെലവു താൻ തന്നുകൊള്ളാമെന്നു 5-ാം മാർത്തോമാ ലന്തക്കാരുടെ വക ഈസ്റ്റ ഇന്ത്യാ കമ്പനിക്കാരുമായി ഏർപ്പാടും നടത്തി.

www.malankaralibrary.com



അന്തോണിയോസ് ശെമ്മാശൻ മിട്ടമിട്ടക്കൻ തന്നെയെന്നു 1751 മേടം 14-ാംനു- അതികാലത്തു കൊച്ചി തുറമുഖത്തു ചെന്നു നോക്കുമ്പോൾ നമുക്കു ബോദ്ധ്യമാകുന്നതാണു. മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ്, എന്നീ മേല്പട്ടക്കാരും അവരുടെ അനുയായികളായി ഒരു യോഹന്നാൻ റമ്പാനും, ഒരു കോറെപ്പിസ്കോപ്പായും, ഏതാനും കത്തനാരന്മാരും, രണ്ടു ശെമ്മാശന്മാരും അതാ കപ്പലിൽ നിന്നിറങ്ങിയിരിക്കുന്നു. അപ്പോൾ പള്ളിക്കരപ്പള്ളിയിൽ താമസിച്ചിരുന്ന 5-ാം മാർതോമ വിവരമറിഞ്ഞു ഒട്ടേറെ അച്ചന്മാരേയും അത്മായക്കാരേയും കൊച്ചിക്കു അയയ്ക്കുകയും, എതിരേല്പിന്നായി കണ്ടനാട്ടുപള്ളിയിൽ ഒരുക്കങ്ങൾ ആരംഭിക്കയും ചെയ്തു. വന്ന കൂട്ടത്തിൽ മാർ ബസ്സേലിയോസ് ബാവാ ആണു പ്രധാനി എന്നു പറയേണ്ടതില്ലല്ലോ. കൊച്ചിയിൽ എത്തിയ മാത്രയിൽത്തന്നേ ഇവർ കോതമംഗലത്തുകാരൻ നെല്ലിമാറ്റത്തു ശെമ്മാശനു കത്തനാർ പട്ടം കൊടുത്തതായി പറയപ്പെട്ടിരിക്കുന്നു.

കപ്പൽകൂലി തരണം.

യാത്രച്ചെലവു വക 4000 രൂപയുള്ളതു 5-ാം മാർതോമായെക്കൊണ്ടു തരുവിപ്പിക്കണമെന്നു ലന്തക്കാർ ബാവാന്മാരെ നിർബന്ധിച്ചു. ബാവാന്മാർ 5-ാം മാർതോമായെ വിവരം ഗ്രഹിപ്പിച്ചപ്പോൾ സംഖ്യ വളരെ കൂടുതലാണെന്നും പറഞ്ഞു മെത്രാനും പള്ളിക്കാരും രൂപ അയച്ചുകൊടുക്കുകയുണ്ടായില്ല. ലന്തക്കാർ ബാവാന്മാരെ വിടാതെയുമായി. കൊച്ചിയിൽനിന്നു വെളിക്കു പോകുവാൻ പാടില്ലെന്നു അവർ ബാവാന്മാരെ വിരോധിച്ചു.



ഇതിനെന്തെങ്കിലും പരിഹാരമുണ്ടാക്കിത്തരണമെന്നു ലന്തക്കാർ തിരുവിതാംകൂർ മാർത്താണ്ഡവർമ്മകുലശേഖരപെരുമാൾ മഹാരാജാവിനോടു ആവലാതി ബോധിപ്പിക്കയാണു ഉടൻ ചെയ്തതു. ഇതറിഞ്ഞപ്പോൾ 5-ാം മാർതോമായോടു വേഗം കൊച്ചിയിൽ വരണമെന്നു ബാവാന്മാർ എഴുതി അയച്ചു. തദനുസാരം അദ്ദേഹവും പള്ളിക്കാരും കൂടി കണ്ടനാട്ടുനിന്നു കൊച്ചിയ്ക്കായി പുറപ്പെട്ടപ്പോഴയ്ക്കും തന്നെ ബന്ധിക്കാനായി ലന്തക്കാരുടെ ഭടന്മാർ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നു എങ്ങിനെയോ 5-ാം മാർതോമ പറഞ്ഞുകേട്ടു. അതിനാൽ അദ്ദേഹം കൊച്ചിക്കു പോകാതെ തൽക്ഷണം റാക്കാട്ടു പള്ളിയിലേക്കു നീങ്ങി. അവിടെ തച്ചത്തു കൈമളുടെ സങ്കേതത്തിൽ താമസവുമായി. ഭടന്മാർ നേരെ പള്ളിക്കരയ്ക്കു പോയി. അവിടെ ചെന്നപ്പോൾ അവർ മെത്രാനെ കണ്ടില്ല. എവിടെയാണു അദ്ദേഹം എന്നു ആരും പറഞ്ഞു കൊടുക്കാനും തുനിഞ്ഞില്ല. ഭടന്മാർ കോപം കൊണ്ടു തുള്ളി. ഉടനെ അവർ അങ്ങാടിയിലുള്ള ഭവനങ്ങളിൽ കയറി കണ്ണിൽ കണ്ടതെല്ലാം കുത്തി വാരി കൊള്ളയിടുകയാണു ചെയ്തതു. ജനങ്ങൾ എതിർത്തുവെങ്കിലും കൊച്ചി രാജാവിന്റെ ആനുകൂല്യം ലന്തക്കാരോടായിരുന്നതിനാൽ ചണ്ഡയുദ്ധത്തിൽ പള്ളിക്കരക്കാർ പരാജിതരായിപ്പോയി. അനവധി പണവും അവർക്കു നഷ്ടപ്പെട്ടു.

5—ാം മാർതോമ വലഞ്ഞുപോയി.

ഇതിന്റെ ശേഷം ലന്തക്കാരുടെ അനുമതിയോടു കൂടി ബാവാന്മാർ കണ്ടനാട്ടു പള്ളിയിലേക്കു എഴുന്നെള്ളി. ഇതറിഞ്ഞു 5—ാം മാർതോമ, ബാവാന്മാരുമായി

www.malankaralibrary.com



കണ്ടുമുട്ടുന്നതു അപകടമാണെന്നു മനസ്സിലാക്കികൊണ്ടു റാക്കാട്ടു പള്ളിയിൽനിന്നു കോതമംഗലം ചെറിയ പള്ളിയിലേക്കു പോയി. ബാവാന്മാർ അപ്പോൾ കോതമംഗലം വലിയ പള്ളിയിൽ ചെന്നു. വിവരമറിഞ്ഞു ജനങ്ങൾ രണ്ടു കക്ഷികളായി പിരിഞ്ഞു ലഹളയും തുടങ്ങി. ഇരുക്കൂട്ടരും തമ്മിൽ കണ്ടു സമാധാനപ്പെടുവാൻ ഇടയായില്ല. മെത്രാൻ ഉടനെ കുറുപ്പുമ്പടി പള്ളിയിലേക്കും അവിടെ നിന്നു നേരെ നിരണത്തിനും കടന്നുകളഞ്ഞു. ബാവാന്മാർ അദ്ദേഹത്തെയും അനുഗമിച്ചു തൽക്ഷണം കായംകുളത്തും ചെന്നു പാറി. അപ്പോഴേക്കും തിരുവിതാംകൂർ മഹാരാജാവ് മാവേലിക്കരെ എഴുന്നെള്ളിക്കഴിഞ്ഞിരുന്നു. അദ്ദേഹം മാർ തോമായെ ആളയച്ചു വിളിപ്പിച്ചു ലന്തക്കാർക്കുള്ള രൂപ വേഗംതന്നേ കൊടുക്കണമെന്നു ആജ്ഞാപിച്ചു. ഉടൻ കൊച്ചിയിൽ പോയി ആ ഇടപാടു തീർത്തില്ലെങ്കിൽ ബറാവ്യായിലേക്കു കപ്പൽ കയററി വിടുമെന്നും മഹാരാജാവു തുടർന്നു കല്പിച്ചു.

“രൂപ കൊടുക്കുന്നതിൽ ഇവിടെ യാതൊരു വിരോധവുമില്ല. പക്ഷേ, തുക ഒന്നായി കൊടുപ്പാൻ കുറച്ചു ഞെരുക്കമാണ്.”

“ആവട്ടെ; പല ഗഡുക്കളിലായി അടച്ചേക്കുക. അങ്ങിനെ മതി. പലതവണയായിട്ടാകയാൽ 2000 രൂപ അതോടുകൂടി കൂട്ടണം. അല്ലെങ്കിൽ അവർ സമ്മതിക്കയില്ല. ആകെ 6000 രൂപ. സമ്മതിച്ചുവല്ലോ?”

“അങ്ങിനെ ചെയ്തുകൊള്ളാം.”

5—ാം മാർതോമ ഉടനെ കടമററം പള്ളിയിലേക്കു പോയി, അവിടെവെച്ചു അനന്തിരവനു കശീശാ പട്ടം കൊടുത്തു പുത്തൻ കുർബാന ചൊല്ലിച്ചു.



### ലന്തക്കാർ വിടുമോ?

ലന്തക്കാരുടെ ആവലാതി പിന്നേയും വരികയാൽ തിരുവിതാംകൂർ മഹാരാജാവു, അവിടുത്തെ ദിവാൻജിയെ ഇക്കാര്യം സംബന്ധിച്ചു കൊച്ചിയ്ക്കയച്ചു. അദ്ദേഹമാവട്ടേ, മാർതോമായെ കൊച്ചിയിൽ ആളെ അയച്ചു വരുത്തി.

“ആറായിരത്തിലേക്കു ഇതുവരെയായിട്ടും ഒന്നും കൊടുത്തില്ലല്ലോ?.

“എനിക്കു മെത്രാൻപട്ടം തരേണ്ടതിന്നായിട്ടാണ് ഞാൻ അവരെ വരുത്തിയതു. അവർ അതിന്നു സമ്മതിക്കുന്നില്ല. അതിനാൽ ഈ സംഖ്യ കൊടുപ്പാൻ ഞാൻ ബാദ്ധ്യസ്ഥനാവുമോ?”

“അതൊന്നും ലന്തക്കാർക്കറിഞ്ഞിട്ടാവശ്യമില്ല.”

“ഇങ്ങിനെ പറയുന്നതു സങ്കടകരമാണ്. ഒരൊററച്ചക്രമില്ലാത്തേടത്തു അനാവശ്യമായി 6000 രൂപ കൊടുക്കണമെന്നു പറയുന്നതു കഷ്ടമല്ലയോ?”

ഉടനെ ശീമക്കാരായ ബാവാന്മാരെ വരുത്തുകയാണ് ദിവാൻജി ചെയ്തതു. ദിവാൻജി അവരോടായിട്ട്,

“നിങ്ങളാണ് കപ്പലിൽ വന്നവർ. നിങ്ങൾ വേണം കപ്പൽക്കൂലി കൊടുക്കുവാൻ.”

“ഞങ്ങളും ലന്തക്കാരുമായി യാതൊരേർപ്പാടും ഉണ്ടായിട്ടില്ല.”

“മെത്രാൻ എന്തു പറയുന്നു?”

“പകുതി സംഖ്യ ഞാൻ കൊടുത്തേക്കാം. പകുതി ഇവരുമാവട്ടെ.”

“ശരി. അങ്ങിനെതന്നെ.”

www.malankaralibrary.com



ബാവാന്മാർ:—“ഞങ്ങൾ പട്ടം കൊടുത്തേക്കാം. രൂപ കൊടുപ്പാൻ സാധ്യമല്ല.”

മാർത്തോമ:—“എന്നാൽ സംഖ്യ മുഴുവനും ഞാൻ ഏററു.”

ഇതിന്നിടയിൽ മാർ ബസ്സേലിയോസ് ബാവാ കണ്ടനാട്ടുവെച്ചു കൂടെ വന്ന ശീമക്കാരൻ യോഹന്നാൻ റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനാക്കി വാഴിച്ചിരുന്നു. അതു കഴിഞ്ഞ് 1764 തുലാം 9—ാംനു- അവിടെവെച്ചു അദ്ദേഹം നിര്യാതനാവുകയും ചെയ്തു.

5—ാം മാർത്തോമായെ ശരിയായ മെത്രാനാക്കുന്നതിൽ ബാവാന്മാർ വഴിപ്പെടുകയുണ്ടായില്ല. അതിനാൽ 5-ാം മാർത്തോമ അനന്തിരവനെ 6—ാം മാർത്തോമയായി തന്നെത്താൻ വാഴിച്ചു. 1764 മേടം 27—ാം തിയതി മാർത്തോമ അഞ്ചാമൻ നിരണത്തു പള്ളിയിൽ വെച്ചു നിര്യാതനാവുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു.

അപ്പോഴയ്ക്കും കപ്പൽക്കൂലിവക 6000 രൂപ പന്തീരായിരമായി വർദ്ധിച്ചിരുന്നു. ഈ സംഖ്യ കൊടുത്തു തീർക്കായ്കയാൽ നിരണത്തു പള്ളിയുടെ അനവധി സ്വത്തുക്കളും സ്വർണ്ണ ഉരുപ്പടികളും സർക്കാർ കൈയ്യിലാക്കിക്കൊണ്ടു ലന്തക്കാരുടെ ഇടപാടു തീർക്കയാണു ചെയ്കയുണ്ടായതു.

൬-ാം മാർത്തോമ മെത്രാൻ ൧-ാം ദീവന്നാസ്യോസാകുന്നു!

ശീമക്കാരായ മാർ ഗ്രീഗോറിയോസിനും മാർ ഈവാനിയോസിനും 6-ാം മാർത്തോമായോടു ഒട്ടും തന്നെ ഇഷ്ടമുണ്ടായിരുന്നില്ല പോൽ! പല പ്രാവശ്യവും ബാവാ



ന്മാരുടെ അടുക്കൽ ചെന്നു 6-ാം മാർത്തോമ പട്ടം തരണമെന്നു കെഞ്ചിയിട്ടും അവർ വിമുഖരായി വർത്തിച്ചതേയുള്ളുവത്രേ. അതിനാൽ ഒരു ഞായറാഴ്ചദിവസം മാർ ഗ്രീഗോറിയോസ് ബാവാ നിരണത്തുപള്ളിയിൽ വി. കുർബാന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്നു 6-ാം മാർത്തോമ പള്ളിയിൽ കയറി, ബാവായുടെ കാല്ക്കൽ വീണു “ക്ഷമിക്കണേ!” എന്നു കണ്ണുനീരൊഴുക്കിക്കൊണ്ടു അപേക്ഷിച്ചു. ഉടൻ മാർ ഗ്രീഗോറിയോസ് ബാവാ വലങ്കൈ നീട്ടുകയും, ഇരുവരും തമ്മിൽ രമ്യമാകയും അതിന്റെ ഫലമായി 1770 ഇടവം 29-ാം നു- മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും കൂടി നിരണത്തുപള്ളിയിൽ വെച്ചു മാർ ദീവന്നാസ്യോസ് എന്ന പേരിൽ 6-ാം മാർത്തോമായെ മെത്രാനാക്കി വാഴിക്കുകയും ചെയ്തു. മലങ്കര സഭാചരിത്രത്തിൽ ഇതൊരു അഭൂതപൂർവ്വമായ സംഭവമായി വായനക്കാർ കണക്കാക്കേണ്ടുന്നതത്രേ. മാർ ഈവാനിയോസ് ബാവാ കായംകുളത്തു പീലിപ്പോസു കത്തനാർക്കും 6-ാം മാർത്തോമായുടെ (ഒന്നാം ദീവന്നാസ്യോസിന്റെ) അനന്തിരവൻ മാത്തൻ കത്തനാർക്കും റമ്പാൻസ്ഥാനം കൊടുത്തു 1794 ഏപ്രിൽ 4-ൽ ചെങ്ങന്നൂർ പള്ളിയിൽ അടങ്ങി. അന്തോണിയോസ് ശെമ്മാശൻ മുഖേന 1751-ൽ വന്ന ഈ ബാവാന്മാരാണു ഇപ്പോൾ പുത്തൻകൂററിൽ, അഥവാ യാക്കോബായ സഭയിൽ, നടപ്പിലിരിക്കുന്ന മാർ യാക്കോബിന്റെ കുർബാനത്തക്സാ കൊണ്ടുവന്നതെന്നും, അന്നുമുതലാണു അതിവിടെ നടപ്പിലായതെന്നും വായനക്കാർ പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ടതാണു.

www.malankaralibrary.com



### മഹാത്മൻ തന്നെ.

1-ാമത്തെ മാർ ദീവന്നാസ്യോസ് അഥവാ വലിയ മാർ ദീവന്നാസ്യോസ് എന്ന പേരിനാൽ യാക്കോബായ സഭയുടെ ഒന്നാമത്തെ മലങ്കര മെത്രാപ്പോലീത്തയായി അറിയപ്പെടുന്ന ദേഹത്തെപറ്റി നാം പലതും മനസ്സിലാക്കിയിരിക്കേണ്ടതായിട്ടുണ്ടു. മാർ തോമാമാരുടെ കൂട്ടത്തിൽ ശരിയായ പട്ടം സമ്പാദിച്ചിട്ടുള്ളതു ഇദ്ദേഹം മാത്രമാണെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. സർവ്വ ചരിത്രകാരന്മാരും, അതുവരെ പുത്തൻകൂറ്റിൽ ഉണ്ടായിരുന്ന കുഴപ്പങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കിയ ഇദ്ദേഹത്തെ ശ്ലാഘിക്കുകയും കീർത്തിക്കുകയും ചെയ്തു കാണുന്നുണ്ടു. മാർ ദീവന്നാസ്യോസിനെ അഭിമുഖമായി കണ്ടനാട്ടുപള്ളിയിൽവെച്ചു കണ്ട ഡാക്ടർ ബുക്കാനൻ എന്ന ആംഗ്ലേയമിഷനറി പറയുന്നതു കേൾക്കുക: "അദ്ദേഹം നാനാ പ്രകാരേണയും ബഹുമാനാർഹനും സൽസ്വഭാവഭൂഷിതനും ദൈവഭക്തനും പരിശുദ്ധകർമ്മാനുഷ്ഠാനങ്ങളിൽ താല്പര്യമുള്ളവനുമാകുന്നു. ഞാൻ ഇതുവരെ കണ്ടിട്ടുള്ള അദ്ദേഹത്തിന്റെ പട്ടക്കാരെ എല്ലാവരേയും അതിശയിക്കത്തക്കവിധത്തിൽ സാമാന്യവിദ്യാഭ്യാസം അദ്ദേഹത്തിന്നു ലഭിച്ചിട്ടുണ്ടു."

### മാർ ഗ്രീഗോറിയോസിന്റെ സാഹസം.

ഈ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്തു—ഇദ്ദേഹമാണു പുത്തൻകാവുപള്ളി പണിയിച്ചു അവിടെ സംസ്കൃതനായതെന്നു വായനക്കാർ ഗ്രഹിച്ചിരിക്കണം—നടന്ന ഒരു സംഭവത്തിലേക്കു വായനക്കാർ ചെവി ചായിക്കേണ്ടതാണു. മാർ ഗ്രീഗോറി



യോസും മാർ ഈവാനിയോസും കൂടിയാണു ഇദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിച്ചതെന്നും, അവരിൽ മാർ ഈവാനിയോസ് കാലം ചെയ്തുപോയി എന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മാർ ഗ്രീഗോറിയോസിന്റെ കാര്യത്തിൽ— അദ്ദേഹത്തിന്റെ സുഖസൌകര്യങ്ങളെ അപേക്ഷിച്ചേടത്തോളം— നമ്മുടെ വലിയ മാർ ദീവന്നാസ്യോസു തിരുമേനി വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നതായി കാണുന്നുണ്ടു. പക്ഷേ ആ സൌഹാർദ്ദം അധികകാലം നീണ്ടുനിന്നുവോ എന്നു തോന്നുന്നില്ല. മാർ ഗ്രീഗോറിയോസ് ബാവാ സ്വമേധയാ മാർ ദീവന്നാസ്യോസു തിരുമേനിയോടാലോചിക്കാതെ ഓരോ പള്ളികളിൽ പോകയും പലർക്കും പട്ടം കൊടുക്കുകയും ചെയ്തു വന്നതിന്മേൽ ഇരുവരും അന്യോന്യം സ്വല്പമായൊന്നകന്നു പോയിരുന്നു. ഒരിക്കൽ ഇതു സംബന്ധിച്ചു അന്യോന്യം സംസാരിച്ചതിൽ വലിയ തിരുമേനിയോടാലോചിക്കാതെ മേലിൽ ഒന്നും ചെയ്യില്ലെന്നു തന്നെ മാർ ഗ്രീഗോറിയോസ് ബാവാ വാഗ്ദാനം ചെയ്തതായിരുന്നു. സ്വല്പനാളുകൾക്കുള്ളിൽ ആ വാഗ്ദാനത്തിന്നു വിപരീതമായി മാർ ഗ്രീഗോറിയോസ് ബാവാ പലതും ചെയ്തതായി കാണുന്നുണ്ടു. ബാവാ തിരുമനസ്സുകൊണ്ടു കായംകുളത്തു താമസിക്കുകയായിരുന്നു. അവിടെ വെച്ചു ഇദ്ദേഹത്തിന്നു നേത്രരോഗം പിടിപെട്ടു. അതിന്നു തക്ക വൈദ്യൻ മുളന്തുരുത്തി ഇടവകയിലുണ്ടെന്നു ആ ഇടവകയിലെ കാട്ടുമങ്ങാട്ടു റമ്പാൻ (ഇദ്ദേഹത്തിന്നു റമ്പാൻ സ്ഥാനം കൊടുത്തതു ഒരു പക്ഷേ കണ്ടനാട്ടു പള്ളിയിൽ അടങ്ങിയ മാർ ബസ്സേലിയോസ് ബാവാ ആയിരിക്കാം) ബാവാ

www.malankaralibrary.com



യെ ഗ്രഹിപ്പിച്ചു. ഉടൻ ഇരുവരും കൂടി അങ്കോട്ടയ്ക്കാ
യി യാത്രയും പുറപ്പെട്ടു. കൊച്ചി മട്ടാഞ്ചേരി പള്ളിയി
ലായിരുന്നു ബാവായും മററും താമസിച്ചിരുന്നതു. മുള
ന്തുരുത്തി അതിന്നു സമീപവുമാണല്ലോ. ബാവായ്ക്കു ക്ര
മേണ റമ്പാനോടു വലിയ പത്ഥ്യം തോന്നി. അതിന്റെ
ഫലമായി 1772 വൃശ്ചികമാസം 17-ാംനു- വെള്ളിയാഴ്ച
ബാവാ റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മെ
ത്രാനാക്കി വാഴിക്കയും ചെയ്തു. സ്ഥാനം കിട്ടിയ പുതിയ
മെത്രാൻ കൊച്ചി രാജാവിന്റെ പക്കൽ നിന്നു തീട്ടൂരവും,
പാലിയത്തുനിന്നു നീട്ടും, ലന്തഗവമ്മെണ്ടിൽനിന്നും അ
നുവാദവും വാങ്ങിക്കൊണ്ടു കൊച്ചി ഭദ്രാസന ഇടവകക
ളെ ഭരിക്കാനാരംഭിച്ചു. തീട്ടൂരത്തിന്റെ പകപ്പു ഇതാ
കുന്നു.

"അരുളിച്ചെയ്തു—നമ്മുടെ കൂറീലോസിനു—എന്നാ
ൽ മലങ്കരെ പുത്തൻ കൂററിലുള്ള പള്ളിഇടവകകൾ ഒക്കെ
യും മെത്രാന്റെ സ്ഥാനമായിട്ടുള്ളതൊക്കെയും നടത്തിക്കൊ
വണ്ണം കല്പിക്കയും ചെയ്തു. കീഴ്നാളുകളിൽ മെത്രാന്മാർ
നടത്തിയിരുന്നവണ്ണം ഒക്കെയും നടന്നു അനുഭവിച്ചുകൊള്ള
ത്തക്കവണ്ണം കല്പിച്ചു നാം നീട്ടും തന്നു. എന്നാൽ ഇതു
കൊല്ലം 947-ാമതു മകരഞായററിൽ കല്പിച്ചുരുളിയ മെ
യ്ക്കു കോവിലകത്തിരുന്നരുളെ പെരുവത്തിൽ അമ്പാടി ക
യ്യെഴുത്തു"

മാർ കൂറീലോസുമെത്രാനു തീട്ടൂരം കിട്ടിയപ്പോഴ
യ്ക്കും ബാവായുടെ ദീനം അത്യച്ചത്തിലെത്തിക്കഴിഞ്ഞി
രുന്നു. അതിനാൽ ബാവാ ഒരു മരണശാസനം എഴുതി.
ലന്തക്കമ്പിനിയാരുടെ (ഡച്ചു ഗവമ്മെണ്ടിന്റെ) സെക്ര



ട്ടരി തദവസരത്തിൽ അവിടെ സന്നിഹിതനായുംകൊണ്ടു
അതു റജിസ്റ്ററിൽ ചേർത്തു. തന്റെ സ്വന്തം മുഴവനും—
നിസ്സാരമായിരുന്നില്ലെന്നറിയണം—മാർ കൂറീലോസിന്ന
വകാശപ്പെട്ടതാണെന്നു തന്നെ അതിന്റെ ചുരുക്കം. 1772
മിഥുനം 27-ൽ ബാവാ കാലംചെയ്തു മുളന്തുരുത്തിയിൽ
അടങ്ങി.

ഇക്കഥകളൊക്കെ വലിയ മാർ ദീവന്നാസ്യോസ്‌തി
രുമേനി കേട്ടപ്പോൾ വല്ലാതെ ആശ്ചര്യപ്പെട്ടുപോയി. ത
ന്റെ അറിവും അനുമതിയും കൂടാതെ തനിയ്ക്കവകാശ
പ്പെട്ട ഇടവകകളെ ഭരിച്ചുതുടങ്ങിയ മാർ കൂറീലോസി
നെ മര്യാദ പഠിപ്പിക്കേണ്ടതിന്നു വേണ്ടിയായിരുന്നു തിരു
മേനിയുടേ പിന്നത്തെ ശ്രമം. അതിന്നായി അദ്ദേഹം ഉ
ടനെ മാവേലിക്കരെനിന്നു കണ്ടനാട്ടു പള്ളിയിലേക്കു
പോയി ഒരു മഹായോഗം കൂട്ടുകയും, നാലഞ്ചുപേരെ മ
ഹാ രാജാവിനോടു സങ്കടമുണത്തിക്കുവാനായി തിരുവന
ന്തപുരത്തേക്കയയ്ക്കുകയും ചെയ്തു. അതിൻപ്രകാരം കൊ
ച്ചിയിലെത്തിയ പട്ടരുണ്ണി സവ്വാധികാര്യക്കാർ ഇതൊരു
ക്രിസ്തുമത സംബന്ധമായ കാര്യമാകയാൽ ലന്തക്കാർ കേ
ട്ടു തീരുമാനിക്കുകയാണു നല്ലതെന്നഭിപ്രായപ്പെട്ടു. ത
ന്നിമിത്തം ലന്തക്കാർ മാർ കൂറീലോസിനെ വരുത്തിക്കൊ
ണ്ടു ഇരുഭാഗത്തേയും ന്യായം കേട്ടു മാർ ദീവന്നാസ്യോസി
ന്നു അനുകൂലമായി വിധി പ്രസ്താവിക്കുകയും, പുതിയമെ
ത്രാൻ കൊച്ചിയിലും തിരുവിതാംകൂറിലും താമസിപ്പാൻ
പാടില്ലെന്നു വിരോധിക്കുകയും ചെയ്തു. ഉടനെ ചുവപ്പു കു
പ്പായം അഴിപ്പിച്ചു കത്തനാരുടെ വേഷത്തിൽ കുർബ്ബാന
ചൊല്ലിക്കണമെന്നുകൂടിത്തീർന്നു—വിരോധികളുടെ വാശി.

www.malankaralibrary.com



മാർ ദീവന്നാസ്യോസു തിരുമേനി ഇതിൽ ഭാഗഭാക്കായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അങ്ങിനെയാവാമെന്നു സമ്മതിച്ച പുതിയ മെത്രാൻ രാത്രിയിൽ ഉറങ്ങാൻ നേരത്തു ഒരു നനഞ്ഞ തുണി തലയിലിട്ടു കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ അദ്ദേഹത്തിന്നു വലിയ പനിയും പിടിപെട്ടു. ഉടനെ ചികിത്സയ്ക്കാണെന്നും പറഞ്ഞു സ്വദേശമായ മുളന്തുരുത്തിക്കും, അവിടെയും നില്ക്കക്കള്ളിയില്ലെന്നു കണ്ടപ്പോൾ കുന്നംകുളത്തിന്നു സമീപമുള്ള തൊഴിയൂർ (അഞ്ഞൂർ) എന്ന സ്ഥലത്തേക്കായി പ്രാണരക്ഷാർത്ഥം മാർ ക്രൂറിലോസ് മെത്രാൻ ഓടിപ്പോകയുംചെയ്തു. തൊഴിയൂർ അന്നും ഇന്നും ബ്രിട്ടീഷ രാജ്യാതൃത്തിയിൽ ഉൾപ്പെട്ടതത്രേ. ഈ ക്രൂറിലോസ് മെത്രാൻ 1794-ൽ മരണം പ്രാപിച്ചു. നിര്യാതനാവുംമുമ്പു സ്വന്തം അനുജനെ രണ്ടാമത്തെ ക്രൂറീലോസ് എന്ന അഭിധാനത്തിൽ പട്ടം കൊടുത്തു വാഴിച്ചു. അദ്ദേഹം (കുന്നംകുളത്തുകാരൻ) ചീരൻ മാർ ക്രൂറീലോസിനെ വാഴിച്ചു. ചീരൻ മാർ ക്രൂറീലോസ് (കുന്നംകുളത്തുകാരൻ) കിടങ്ങൻ മാർ പീലക്സീനോസിനെ വാഴിച്ചു. കിടങ്ങൻ മാർ പീലക്സീനോസ് കുന്നംകുളത്തുള്ള മറെറാരാളെയും, ആ ആൾ വേറൊരാളേയുമായി ക്രമപ്രകാരം വാഴിച്ചുവരികയാൽ ഇന്നും തൊഴിയൂരിന്നു സ്വതന്ത്രമായ ഒരു ഭദ്രാസന ഇടവകയായി നില്ക്കുവാൻ സംഗതിയായിരിക്കുന്നു.

### വീണ്ടും പുനരൈക്യാലോചന.

വലിയ മാർ ദീവന്നാസ്യോസിൻെറ കാലത്തു, പൂർവ്വന്മാരുടെ കാലത്തു നടന്നതിനേക്കാൾ വലുതായ ഒരു രാജിയാലോചന നടന്നതായി കാൺമാനുണ്ട്. പുത്തൻ



ക്കൂറും പഴയക്കൂറും ഒന്നാകുവാനായി കാരണവന്മാർ ശ്രമിച്ചതു സഫലമാവാഞ്ഞതിന്നു കാരണം അവർക്കു ശരിയായ പട്ടം ഇല്ലാതിരുന്നതിനാലായിരുന്നെന്നും, ആ കാരണം പറഞ്ഞാണ് പോർത്തുഗീസുകാർ മലങ്കരജനങ്ങളെ വട്ടംകറക്കിയിരുന്നതെന്നും, മലങ്കരയിൽ നാട്ടുമെത്രാന്മാർ ഉണ്ടാകരുതെന്നും സുറിയാനി റീത്തു മാററണമെന്നുമുള്ളതാണ് അവരുടെ ഉദ്ദേശമെന്നും മററും വലിയ മാർ ദീവന്നാസ്യോസ് നന്നായി ഗ്രഹിച്ചിരുന്നതായി തോന്നുന്നുണ്ട്. ശരിയായ പട്ടം ഏല്ക്കുന്നതിന്നു മുമ്പായി അദ്ദേഹം റോമായ്ക്കു എഴുതിയതും ആലോചിച്ചതും വിഫലമായിത്തീന്നതു എന്തിനാലായിരുന്നെന്നും അദ്ദേഹത്തിന്നു ബോദ്ധ്യമായിരിക്കണമല്ലോ. റോമായിൽനിന്നു അന്നു ലഭിച്ച മറുവടിയെപ്പററി തിരുവിതാംകൂറു സ്റ്റേററുമാനുവലിൽ പറഞ്ഞുകാണുന്നുണ്ട്. അതിൻെറ തർജ്ജമ ഇവിടെ ചേർത്തുകൊള്ളുന്നു. "1771 ആഗസ്റ്റ് 31-ാം തിയ്യതി പ്രോപ്പഗാന്താ സംഘത്തിൽനിന്നു ഉപദേശരൂപേണ അയച്ച എഴുത്തിൽ മാർ തോമായ്ക്കു പ്രോനോട്ടറി എന്ന മാന്യസ്ഥാനവും, അദ്ദേഹത്തെ ആശ്രയിച്ചുനില്ക്കുന്നവരുടെ മേൽ ആത്മീയഭരണം ഒഴിച്ചു ലൌകികാധികാരം നൽകി അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിന്നു ആ തിരുസംഘം നിശ്ചയിച്ചതായി പറയപ്പെട്ടിരിക്കുന്നു."

ഇങ്ങിനെയൊരർത്ഥത്തിൽ മറുവടി വന്നതു മാർ തോമാ ആറാമനു ശരിയായ പട്ടം ഇല്ലാഞ്ഞതിനാലാണെന്നു യഥാർത്ഥസമാധാനപ്രിയന്മാർ അന്നു മനസ്സിലാക്കിയിരുന്നു. അനന്തരമുണ്ടായ വലിയ മാർ ദീവന്നാസ്യോസിൻെറ സ്ഥാനാഭിഷേകം ഐക്യത്തിൻെറ മാതാവാ

www.malankaralibrary.com



ണ്ടെന്നു പഴയക്കൂറ്റുകാർപോലും സന്തോഷിച്ചതായി തെളിയുന്നുണ്ടു. ചാണ്ടിമെത്രാന്റെ അനുഭവം നോക്കുമ്പോൾ കമ്മലീത്തർ, പോർത്തുഗീസു ജസ്യൂട്ടു എന്നിവരുടെ മേധാവിത്വംകൊണ്ടു പഴയക്കൂറ്റുകാർ ഇക്കാലത്തു വല്ലാതെ കുഴഞ്ഞിരിക്കയായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞിരിക്കുന്നുവല്ലോ. രാജിസംബന്ധമായ പല പല പുതിയ ആലോചനകൾ നടന്നിട്ടുള്ളവയിൽ 1791 സപ്തമ്പർ 20-ാംതിയതി കായംകുളത്തുവെച്ചും അടുത്ത നവമ്പർ 22-ാംതിയതി നിരണത്തുവെച്ചും നടന്നവയാണു പ്രധാനപ്പെട്ടവയെന്നു മിസ്റ്റർ ഇ. എം. ഫിലിപ്പും ഉട്ടുപ്പുറൈട്ടും സാക്ഷിക്കുന്നുണ്ടു. തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ, മിസ്റ്റർ മെക്കൻസിയുടെ സഭാചരിത്രം ഇവയും ഇതിനെത്തന്നെ സൂചിപ്പിക്കയും ചെയ്യുന്നു. പഴയക്കൂറും പുത്തൻകൂറും വാസ്തവത്തിൽ ഹൃദയംകൊണ്ടു അടുത്തിരുന്നുവെങ്കിലും, പഴയക്കൂറ്റിലെ വിദേശീയരായ വൈദികന്മാർ രാജി ഉണ്ടാകാതിരിക്കുമാറു കാട്ടിക്കൂട്ടിയിട്ടുള്ള തകരാറുകളും തടസ്സങ്ങളും ഒരു വിധത്തിലും നീതീകരിക്കത്തക്കവയല്ലെന്നു നാട്ടുകാരായ റോമൻ കത്തോലിക്ക ചരിത്രകാരന്മാർ ഹൃദയാത്മനാ ഇന്നും സങ്കടപ്പെട്ടുകൊണ്ടാണിരിക്കുന്നതു. വിദേശീയരായ റോമൻകത്തോലിക്കർക്കു ഇതിൽ എന്തെങ്കിലും സ്വാർത്ഥമോ തെറ്റുധാരണയോ മനഃപൂർവ്വമോ ഉണ്ടാകുമെന്നു റോമായിൽ സ്വപ്നേപി ഊഹിച്ചിരിക്കാവുന്നതല്ലല്ലോ. യോഗംകൂടിയതുകൊണ്ടും എഴുത്തെഴുതിയതുകൊണ്ടും യാതൊരു ഫലവുമില്ലെന്നു ബോദ്ധ്യപ്പെടുകയാൽ മാർ ദീവന്നാസ്യോസു തിരുമേനിയും പഴയക്കൂറ്റിലെ സുസമ്മതനും പണ്ഡിതനുമായ കരിയാ



റ്റിൽ യൗസേപ്പു മല്പാനുമായി പ്രായോഗികമാർഗ്ഗത്തെക്കുറിച്ചു ആലോചന തുടങ്ങി. അതിന്റെ ഫലമായി യൗസേപ്പ് മല്പാൻ തന്നെ നേരിട്ടു റോമായിലേക്കു പോയി കാര്യങ്ങൾ മുഖദാവിൽ ഉണർത്തിക്കാമെന്നു ഭരമേല്പിക്കുകയും ചെയ്തു. അദ്ദേഹം റോമായിൽ താമസിച്ചുകൊണ്ടും വേദാന്തവും മറ്റും പഠിച്ചുവന്ന ഒരു പണ്ഡിതനായിരുന്നു എന്നുള്ളതു ഇവിടെ സ്മർത്തവ്യമത്രെ. നിശ്ചയിച്ചിരുന്നപ്രകാരം 1778 മെയ് മാസം 7-ാംതിയതി പാറേമ്മാക്കൽ തോമാക്കത്തനാരോടുകൂടി പ്രസ്തുത യൗസേപ്പുമല്പാൻ ഇവിടെനിന്നു വിദേശത്തേക്കായി യാത്രയും പുറപ്പെട്ടു. യാത്രാസമയം മാർപാപ്പാതിരുസന്നിധിയിൽ സമർപ്പിക്കുവാനായി വലിയ മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്ത തിരുമേനി ഒരു അപേക്ഷക്കത്തു കൊടുത്തയച്ചിരുന്നതായി കാണുന്നുണ്ടു. അതിന്റെ പകർപ്പു യഥാപ്രകാരം ഇവിടെ ചേർത്തുകൊള്ളുന്നു: പഴയ ഒരു കയ്യെഴുത്തു പുസ്തകത്തിൽനിന്നത്രേ ഞങ്ങൾക്കിതു കാണാനിടയായിട്ടുള്ളതു.

"ലോകത്തിലുള്ള പള്ളികളൊക്കെയുടെയും മാതാവാകുന്നു എന്ന ശുദ്ധ റോമാപ്പള്ളിയുടെ തലവനാകുന്ന മിശിഹായുടെ സ്ഥാനത്തിലിരിക്കുന്ന എത്രയും ശുദ്ധമാക്കപ്പെട്ട ഞങ്ങളുടെ ബാവായും അച്ചനുമായിരിക്കുന്ന ആറാമത്തെ മാർ പീയൂസ് പാപ്പായുടെ തിരുമനസ്സിൽ ബോധിപ്പാൻ എഴുതുന്നതു.

"കെല്പിക്ഷയപ്പെട്ട ദീവിന്ന്യാസിയോസ മെത്രാപ്പോലീത്തയായ ഞാൻ മുമ്പിൽ മലയാളത്തിന്റെ തൊമ്മ അപ്പസ്തോലാ എന്ന പേരും കല്ലൂറായിരുന്നു. ശുദ്ധാ

www.malankaralibrary.com



റോമാപള്ളിയുടെ വിശ്വാസത്തിൻ പുറമെ കിഴക്കിന്നുത്ത കൽദായ സുറിയാനിക്കാരുടെയും യാക്കോബായക്കാരുടെയും വിശ്വാസത്തിൽ വിശ്വസിച്ചിരുന്നു. മുമ്പിൽ കയ്ക്കൊണ്ടിരുന്ന ചെറിയ പട്ടങ്ങളും വലിയ പട്ടങ്ങളും മെത്രാന്റെ സ്ഥാനങ്ങളും പട്ടാങ്ങയുള്ളതല്ലെന്നു ഞാൻ അറികകൊണ്ടും യാക്കോബായക്കാരൻ മെത്രാപ്പോലീത്തായുടെ കയ്യാലെ പട്ടവും മെത്രാന്റെ സ്ഥാനവും രണ്ടാമതു ഞാൻ കയ്യേല്ക്കുകയും ചെയ്തു. ഇപ്പോൾ തമ്പുരാന്റെ കടാക്ഷത്താലെയും ശുദ്ധ റോമാപള്ളിയുടെ കൂട്ടത്തിന്റെ അപേക്ഷയാലെയും ശുദ്ധ റോമാപള്ളിയുടെ വിശ്വാസമത്രെ പട്ടാങ്ങയുള്ളതാകുന്നെന്നും ഈ വിശ്വാസം കയ്ക്കൊള്ളുന്നില്ല എന്ന ആത്മാവുകൾക്കു രക്ഷയില്ലെന്നും പട്ടാങ്ങയാലെ ഞാൻ അറികകൊണ്ടും കൊടുങ്ങല്ലൂർ രൂപതയുടെയും കൊച്ചി എടവകയുടെയും മെല്പട്ടക്കാരൊടു എന്റെ മനസ്സു ഞാൻ പരസ്യപ്പെടുത്തി അറിക്കുകയും ശുദ്ധ റോമാപള്ളിയുടെ വിശ്വാസത്തിൽ എന്നെയും എനിക്കു കീഴ്വഴങ്ങിയിരിക്കുന്ന ജനം 50000 പെരൊളം ഉള്ളവരെയും ചെർപ്പിക്കണമെന്നും റൊമാ വിശ്വസിച്ചിരിക്കുന്ന പട്ടക്കാരെയും മാപ്പിളമാരെയും പറഞ്ഞയച്ചറിയിച്ചാറെയും ഈ രൂപതയുടെ യജമാനന്മാരു എന്റെ അപേക്ഷ കയ്ക്കൊണ്ടില്ല. എന്നതന്നെയല്ല മെത്രാപ്പോലീത്ത ആയിരിക്കുന്ന ഞാൻ അൽമെനിയായിരുന്നുംകൊണ്ടു ശുദ്ധ പള്ളിക്കു വഴക്കം ചെയ്യണമെന്നും അവര പറകയും ചെയ്തു.

"ഇതു കേട്ടാറെ ഇടത്തുട്ടുകാരിൽ ഒരുത്തൻ ശുദ്ധപള്ളിക്കു വഴക്കം ചെയ്യുവാൻ മനസ്സായാൽ വെളിവൊടുകൂ



ടെ അവനെ കയ്ക്കൊൾവാൻ കാര്യരെ കൂടെയും മിശിഹായുടെ പരിതാപത്തിൽ വരുത്തുവാനായിട്ടു അപേക്ഷിച്ചു അച്ചസുഖത്തിന്റെ സിംഹാസനത്തിൽനിന്നും യാത്രയാക്കപ്പെട്ടു മേൽപട്ടക്കാരെ എന്തുകൊണ്ടു ഈവണ്ണം പറഞ്ഞതെന്നു വിചാരിച്ചാറെ എനിക്കു വളരെ ദുഃഖമാകയും ചെയ്തു. വിശേഷിച്ചു ഈ മേൽപട്ടക്കാരുടെയും അവരുടെ പാതിരിമാരുടെയും കാരണത്താൽ മലയാളത്തിലുള്ള പട്ടാങ്ങയുള്ള വിശ്വാസക്കാരക്കു ഏറിയ ഉതപ്പുകളും പന്തികളും കുറവുകളും ഉണ്ടാകയും ചെയ്യുന്നു. അതെന്തെന്നാൽ ഒരു മേൽപട്ടക്കാരൻ കെട്ടുന്നത മറെറ മേൽപട്ടക്കാരൻ അഴിക്കുന്നു. ഒരു മെൽപട്ടക്കാരൻ അഴിക്കുന്നത മറെറ മെൽപട്ടക്കാരൻ കെട്ടുന്നു. അവരുടെ നടപടികളുടെ അവസ്ഥ തമ്പുരാൻ തന്നെ അറിഞ്ഞിരിക്കുന്നു. അങ്ങെ അച്ചസുഖത്തിൽ ഇതൊക്കയും ബൊധിപ്പിപ്പാൻ എനിക്കു വളരെ ശങ്കതന്നെ ആകുന്നു. ഈ കാരണത്താൽ ഞാനും ശുദ്ധ പള്ളിക്കു വഴക്കമുള്ള മലയാളത്തിലുള്ള പട്ടക്കാരരും വിശ്വാസക്കാരരും കൂടി വിചാരിച്ചു ഞങ്ങടെ ആവലാധികളും സങ്കടങ്ങളും ശുദ്ധ സിംഹാസനത്തിങ്കൽ എത്തിക്കേണ്ടതിന്ന പത്രൊസിന്നടുത്ത സിംഹാസനത്തിന്റെ മുഷ്കരത്വത്തിൽനിന്നു കല്പിച്ചു തരുന്ന ഗുണങ്ങളാലെ ഞങ്ങൾക്കു തണുപ്പും രക്ഷയും ഉണ്ടാകെണ്ടിട്ടും ബ. കരിയാററിൽ യവുസെപ്പു മല്പാനെയും പാറെമ്മാക്കൽ തൊമാ കത്തനാരച്ചനെയും ശുദ്ധ സിംഹാസനത്തിങ്കൽ യാത്രയാക്കുന്നു. കാര്യരാജാവിന്റെ ഇടയിൽ കിടക്കുന്ന ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരുമാകകൊണ്ടു ഞങ്ങൾ പലരുംകൂടി ചി

www.malankaralibrary.com



ലവിന്നെടുത്തു കൊടുത്തത്രെ അങ്ങെ അച്ചസ്സുഖത്തിങ്കൽ ഇവരെ യാത്രയാക്കുന്നത. ഇതിനെകൊണ്ട കെല്പിക്കപ്പെട്ട മെത്രാപ്പൊലീത്തയായ ദീവന്ന്യാസിയോസായ ഞാൻ അങ്ങെ ശുദ്ധതയോട അപെക്ഷിക്കുന്നതെന്തെന്നാൽ അങ്ങെ സിംഹാസനത്തിങ്കൽ യാത്രയാക്കുന്ന പട്ടക്കാരര അപെക്ഷിക്കുന്ന അപെക്ഷകൾ കൈക്കൊണ്ടു എന്റെ ദൊഷങ്ങളും കുററങ്ങളും പൊക്കി എന്നെയും എന്റെ കീഴുള്ള ജനങ്ങളെയും ശുദ്ധ റൊമാ പള്ളിയുടെ സംക്രുട്ടത്തിൽ കൂടി ഒന്നിപ്പിച്ചു കൊള്ളുകയും വിശേഷിച്ചു ഞങ്ങടെ സുറിയാനി പെച്ചുകൾ കുറവുതീൎത്ത ഞങ്ങളെ പഠിപ്പിക്കെണ്ടതിന്ന നല്ലവണ്ണം സുറിയാനി അറിയാവുന്നവരിൽ നാലു മല്പാന്മാരെ ഇവരൊടുകൂടെ അയക്കുകയും വെണം. യജമാനന്മാരുടെ കീഴ്വഴക്കി ചെല്ലുന്ന പട്ടാങ്ങയുള്ള വിശ്വാസക്കാരര ഒക്കക്കും രക്ഷക്കും പരിപാലനത്തിന്നും ഒരു യജമാനനെ കല്പിക്കയും വെണം. ശെഷം സങ്കടപ്രകാരങ്ങളൊക്കയും ഞങ്ങളയക്കുന്ന പട്ടക്കാരര അങ്ങെ അച്ചസ്സുഖത്തിങ്കൽ ബൊധിപ്പിക്കയും ചെയ്യും. അപ്പൊഴെ അച്ചന്മാരുടെ അച്ചനും എടയന്മാരുടെ എടയനും ആയിരിക്കുന്ന ഞങ്ങടെ ബാവായെ ഇടയനില്ലാത്ത ആട്ടുമാട്ടുകളെപ്പൊലെയും അച്ചനില്ലാത്ത അടിയാരെ പൊലെയും ഞങ്ങളായിരിക്കകൊണ്ട ഞങ്ങടെ മെൽ അനുഗ്രഹിച്ചു ഞങ്ങളപെക്ഷിച്ച സഹായങ്ങളൊക്കയും ഞങ്ങൾക്കു ചെയ്തു തരണമെന്നും വീണ്ടും ഞാൻ അപെക്ഷിക്കുന്നു. നമ്മ അന്വെഷിച്ചു പുറപ്പെട്ട തെളിവാലെ ദൊഷത്താളരെ തന്റെ ശങ്കുകൾ വിളിക്കുന്നു എന്നു ഞങ്ങടെ ബാവായെ മിശിഹാ തമ്പുരാന്റെ



പങ്കപ്പാടെ കുറിച്ചും കരിശുമരണത്തെ കുറിച്ചും മലയാളത്തിലുള്ള ആരുമൊരുമില്ലാത്ത ജനങ്ങളായിരിക്കകൊണ്ടു ഞങ്ങടെ അപെക്ഷ കൈക്കൊണ്ടു ഞങ്ങടെ ദൊഷങ്ങളെ പൊക്കി ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമെന്ന ഞങ്ങൾ അപേക്ഷിക്കുന്നു-

൯൫൩-ാം കാലം മീനം ൧൯ന് എഴുതി. (1778 മീനം 19).

രാജിക്കാൎയ്യത്തിൽ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു നേരിട്ട അനവധി പ്രതിബന്ധങ്ങളിൽ ഒരെണ്ണം ഇവിടെ കാണിച്ചുകൊള്ളുന്നു. മിസ്റ്റർ മെക്കൻസി (തിരുവിതാംകൂർ കൊച്ചി റസിഡെണ്ട്) അതിനെക്കുറിച്ചു എഴുതിയിരിക്കുന്നതു ഇങ്ങിനെയാണ്:

"At Verapoly, there are two letters inPortguese, dated 18 th August, and 11 th October 1773, from Archbishop Salvador dos Reis S. J. the last Jesuit Archbishop of Cranganore. The Archbishop tells the Vicar Apostolic of Verapoly that he has as much work as he can do, that at his age he does not wish to take up fresh work, that Mar Thomas is like a Camel with its mouth open and that the Archbishop more and more doubts if Mar Thomas is sincere" (അൎത്ഥം: "കൊടുങ്ങല്ലൂർ ഇടവകയെ ഭരിച്ച ജസ്യൂട്ടുസമൂഹത്തിലെ അവസാനത്തെ മെത്രാപ്പോലീത്ത ആയ സാൽവദോർ 1773 ആഗസ്റ്റ് 18-ാം തിയതിയും ഒക്ടോബർ 11-ാംതിയതിയും എഴുതിയ രണ്ടു എഴുത്തുകൾ വരാപ്പുഴെ

www.malankaralibrary.com



ഉണ്ടു. മെത്രാപ്പോലീത്താ ആ കത്തുകൾ മുഖേന വരാപ്പുഴവികാരിയപ്പോസ്തോലിക്കായെ അറിയിക്കുന്നതു, തനിക്കു ധാരാളം ജോലികൾ ഉള്ളതുകൊണ്ടു പുതിയ യാതൊരു ജോലിയും ആ (വാൎദ്ധക്യ) പ്രായത്തിൽ ഭരമേല്ക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നും, മാർ തോമ വായ്പിളന്ന ഒരു ഒട്ടകത്തിന്നു തുല്യമാണെന്നും അദ്ദേഹത്തിന്റെ നിഷ്ഠാപട്ടത്തെപ്പററി തനിക്കു വലുതായ സന്ദേഹമുണ്ടെന്നുമാണ്." ഇതിൽനിന്നു രാജിക്കാൎയ്യത്തിൽ പ്രതിക്രൂലികൾ ആരെന്നു വെളിപ്പെടുന്നുണ്ടല്ലോ.

കരിയാററിൽ യൌസേപ്പുമല്പാൻ ഒരുവിധത്തിൽ റോമായിൽ എത്തിച്ചേൎന്നു പ്രൊപ്പഗാന്താ സംഘത്തിലെ അദ്ധ്യക്ഷനെ അഭിമുഖമായി കണ്ടു. വലിയ മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്തായുടെ തല്ക്കാല മനോഗതിയെപ്പററി ഉള്ളവണ്ണം എത്രയേറെ പറഞ്ഞിട്ടും അദ്ദേഹത്തിന്നു വിശ്വാസം വന്നില്ലപോൽ! യൌസേപ്പുമല്പാനെത്തന്നേയും അദ്ദേഹം അവിശ്വസിച്ചു. ഇവയ്ക്കു കാരണം ഇവിടെനിന്നു വിട്ടിരുന്ന ബോമ്പുകളാണെന്നു പറയേണ്ടതില്ലല്ലോ. മല്പാൻ മെത്രാപ്പോലീത്തായെപ്പററി പറയുന്നതു വാസ്തവമാണോ എന്നും മല്പാനെ വിശ്വസിക്കാമോ എന്നും അവിടെനിന്നു ഇങ്ങോട്ടും, ഇവക്കു മറുവടികളായിട്ടും അല്ലാതേയും ഇവിടെനിന്നു അങ്ങോട്ടും അനവധി കത്തെടപാടുകൾ അക്കാലത്തു നടന്നിട്ടുള്ളവയെ ഇവിടെ എഴുതിച്ചേൎക്കുന്നില്ല. ഒടുവിൽ ആറേഴ മാസത്തിലധികം കാലം നടന്ന എഴുത്തുകുത്തുകളുടെ ഫലമായി മല്പാനെ സംബന്ധിച്ചേടത്തോളം അവിടെ ഏതാണ്ടു ബോദ്ധ്യം വരികയും, നാട്ടുമെത്രാന്മാർ ഭരി



ക്കുന്നതിൽ മലങ്കരയിലുള്ള വിദേശികൾക്കു വലിയ വിരോധമുണ്ടെന്നുള്ള പരമാൎത്ഥം നന്നായി തെളിയുകയും ചെയ്തു. അതിന്റെ ഫലമായിട്ടത്രേ മല്പാനെ മെത്രാപ്പോലീത്തയായി വാഴിക്കയുണ്ടായതെന്നു പറയേണ്ടതില്ലല്ലോ. ഈ കാൎയ്യത്തെപ്പററിയും മററും മല്പാന്റെ കൂടെപ്പോയ തോമക്കത്തനാരുടെ കത്തിലെ ചില ഭാഗങ്ങൾ കേട്ടാലും!

"1784 ഏപ്രിൽ 10-ാംതിയതി. 1783 മാൎച്ചുമാസത്തിൽ അയച്ച കത്തുകൊണ്ടു മല്പാനെ മലങ്കര ഏടവക ഒക്കെയുടെയും മെത്രാപ്പോലീത്ത ആയി വാഴിച്ച വിവരം അറിച്ചിട്ടുണ്ടല്ലൊ. അന്നു മുതൽ ഇന്നുവരെ ഞങ്ങൾ താമസിക്കുന്നതു നമ്മുടെ പള്ളിയുടെയും മാർ തോമാമെത്രാന്റെയും കാൎയ്യങ്ങൾ സാധിക്കേണ്ടതിന്നായിട്ടാണ. ആ കാൎയ്യങ്ങൾക്കു ഇതുവരെ യാതൊരു തീൎച്ചയും ഉണ്ടായില്ല. എങ്കിലും അധികം നാൾ കഴിയുന്നതിന്നു മുമ്പായി കാൎയ്യം തീൎച്ച ഉണ്ടാക്കി നിങ്ങളുടെ പക്കൽ വരാമെന്നു കരുതുന്നു. മാർ തോമാമെത്രാന്റെ കാൎയ്യത്തിന്നും അവിടെ നമുക്കു ആവശ്യമുള്ള മററു കാൎയ്യങ്ങൾക്കും പാതിരിമാർ (റോമൻകത്തോലിക്കരായ വിദേശവൈദികർ) പല തടസ്സങ്ങൾ ഉണ്ടാക്കുന്നു. ഇതാണു താമസത്തിന്നു കാരണം.........ദൈവാനുകൂല്യത്താൽ ഇത്രയൊക്കെ സാധിച്ചതുകൊണ്ടു ഇവിടെ താമസിക്കുന്ന പാതിരിമാൎക്കു വളരെ മനസ്താപമുണ്ടെന്നും ഞങ്ങൾ അവിടെ വന്നു എത്താതിരിക്കുവാൻ വേണ്ടതൊക്കെ അവർ ചെയ്യുമെന്നും ഞങ്ങൾ എഴുതി അറിയിക്കാതെ നിങ്ങൾക്കു അറിയാവുന്നതാണ. അതിനാൽ.........നാമെല്ലാവരും ഒരു ഭേ

www.malankaralibrary.com



രയും മാംസവുമായിരിക്കുന്നതിനാൽ........നന്മനസ്സോടുകൂടി.....ചെയ്യുമെന്നും പൂർണ്ണമായി വിശ്വസിച്ചിരിക്കുന്നു.......................................................................................................................ഇതു ബ. അച്ചൻ കല്പിച്ചപടിക്കു കടൽനാട്ടുപള്ളിയുടെ വികാരി പാറെമ്മാക്കൽ തൊമ്മാ കത്തനാർ."

### രാജിയാലോചന പുകഞ്ഞുപോയി.

പരിശുദ്ധ റോമാസിംഹാസനവുമായുള്ള വലിയ മാർ ദീവന്നാസ്യോസിന്റെ പുനരൈക്യാലോചന വിഫലീഭവിക്കതന്നെയാണ് ഇപ്പോഴും ഉണ്ടായതു. ഇതിനുണ്ടായ പ്രധാന കാരണങ്ങൾ, (ഫ) വലിയ മാർ ദീവന്നാസ്യോസിനെ ഒരു മെത്രാപ്പോലീത്തായുടെ നിലയിൽ സ്വീകരിച്ചാൽ അബദ്ധമുണ്ടെന്നും, (വ) അദ്ദേഹത്തിന്റെ ഹൃദയം നിഷ്കപടമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നുവെന്നും മററും ചിലരെല്ലാം റോമിലേക്കു എഴുതി അയച്ചതിനാലും (ന) സത്യാവസ്ഥ മനസ്സിലാക്കി റിപ്പോർട്ടുചെയ്യാൻ നിയമിക്കപ്പെട്ടവർ വേണ്ടപ്രകാരം പ്രവർത്തിക്കായ്കയാലുമായിരുന്നുവെന്നാണു കൊച്ചി തിരുവിതാംകൂർ റസിഡെണ്ടായിരുന്ന മിസ്റ്റർ മെക്കൻസി എഴുതിവെച്ചിട്ടുള്ളതു. ആലോചിച്ചുനോക്കുമ്പോൾ മെക്കൻസിയുടെ ഈ അനുമാനം ശരിയായിട്ടുള്ളതാണെന്നു തോന്നാൻ അവകാശവുമുണ്ടല്ലോ.

### ചാണ്ടിമെത്രാന്റെ ചരമം.

റോമിൽ വെച്ചു സ്ഥാനമേററ ചാണ്ടി മെത്രാനു ഗോവവരെ വരുവാനല്ലാതെ മലങ്കരയിൽ എത്തുവാൻ ഭാ



ഗ്യമുണ്ടായില്ല. ഗോവയിൽവെച്ചു അദ്ദേഹം മരണം പ്രാപിച്ചുപോയി. ദീനംപിടിച്ചു മരിച്ചതോ, ഗോവയിൽ മലങ്കരയുടെ "സുഹൃത്തുക്കളായി" താമസിച്ചിരുന്നവർ വിഷംകൊടുത്തു കൊന്നതോ എന്നു തീർച്ചപ്പെടുത്തുവാൻ പാടില്ലെന്നാണു ഏതൊരു സഭാചരിത്രം പരിശോധിക്കുമ്പോഴും കാണാൻ കഴിയുന്നതു. ആ മെത്രാപ്പോലീത്തായുടെ അന്തർദ്ധാനത്തോടുകൂടി പുനഃരൈക്യശൃംഖല പൊട്ടിത്തകർന്നുപോയെന്നു തന്നെ വായനക്കാർ മനസ്സിലാക്കിയാലും!

### 7-ാം മാർത്തോമ

നിരാശയുടെ അടിത്തട്ടിലെത്തിയ വലിയ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കു ഉടനെ ഒരു പിൻഗാമിയെ വാഴിക്കാതെ നിർവ്വാഹമില്ലെന്നു തോന്നി. അതിനാൽ വിദേശിയനായ മാർ ഈവാനിയോസിൽനിന്നു റമ്പാൻ സ്ഥാനം കയ്യേററിരുന്ന അനന്തിരവൻ മാത്തൻ റമ്പാനെ 1794 മേടം 7-ാംനു ചെങ്ങന്നൂർ പള്ളിയിൽ വെച്ചു 7-ാം മാർത്തോമയായി തിരുമനസ്സുകൊണ്ടു വാഴിച്ചുവെന്നു കാണുന്നു. പിന്നെ അധികകാലം തിരുമനസ്സുകൊണ്ടു ജീവിച്ചിരിക്കയുണ്ടായില്ല. 80-ാമത്തെ വയസ്സിൽ നിരണത്തു പള്ളിയിൽ എഴുന്നെള്ളി താമസിച്ചു വരവേ തിരുമനസ്സുകൊണ്ടു കിടപ്പിലായിപ്പോയി. താമസംവിനാ കഥാവശേഷനായ തിരുമേനിയെ, അവിടുന്നു കാലേക്കൂട്ടി കല്പിച്ചേല്പിച്ചിരുന്നതനുസരിച്ചു സ്വന്തം പണം ചെലവിട്ടു പണിയിച്ചതായ പുത്തൻകാവു പള്ളിയിൽ കൊണ്ടുവന്നു സംസ്കരിക്കുകയും ചെയ്തു.

www.malankaralibrary.com



## 8-ാം മാർത്തോമ

വലിയ മാർ ദീവന്നാസ്യോസിന്റെ അനന്തരഗാമിയായിത്തീൎന്ന 7-ാം മാർത്തോമ പിന്നെ 15 മാസത്തോളം കാലമേ ജീവിച്ചിരിക്കയുണ്ടായുള്ളുപോൽ. വടക്കെ കോലഞ്ചേരിപ്പള്ളിയിൽ വെച്ചു രോഗാതുരനായിത്തീൎന്നു അദ്ദേഹം കാലം ചെയ്തപ്പോൾ (1809 മിഥുനം 20) ആ പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ആ അവസരത്തിൽ നടന്ന ഒരു സംഭവം ഇവിടെ പ്രസ്താവ്യമത്രേ. അനന്തരഗാമിയായി ഒരാളെ വാഴിക്കാൻ ഇടകിട്ടാതിരുന്ന അദ്ദേഹം അന്ത്യശ്വാസം വലിച്ചുകൊണ്ടു കിടന്നിരുന്നപ്പോൾ അങ്കമാലിക്കാരൻ ഉട്ടൂപ്പു കത്തനാരും മററും കൂടി 7-ാം മാർത്തോമായുടെ പെൺതാവഴിയിൽപെട്ട ഒരു അയ്പു കത്തനാരെ വരുത്തി, മെത്രാന്റെ ഭൂഷണങ്ങൾ ധരിപ്പിച്ചു, മുട്ടുകുത്തി നിറുത്തുകയും 7-ാം മാർത്തോമായുടെ കൈയെടുത്തു തലയിൽ വെച്ചിട്ടു "ഒക്സിയോസ്" വിളിക്കുകയും ചെയ്തു. ഇദ്ദേഹത്തെ 8-ാം മാർത്തോമാ മെത്രാൻ എന്നു കുറെ പേർ കൊണ്ടാടുവാനും തുടങ്ങി.

### ഉടനെ ഉണ്ടായ കശപിശകൾ.

൮-ാം മാർ തോമയുടെ ഈ വാഴ്ച ഒട്ടുംതന്നേ ന്യായമല്ലെന്നുള്ള വാദമാണ് ഉടൻ സമുദായമെങ്ങും മാറെറാലിക്കൊള്ളുകയുണ്ടായതു. ഒന്നാമതു അയ്പു കത്തനാർ പകലോമററം തറവാട്ടിൽ പെട്ട ആളല്ലെന്നും, ബോധരഹിതനായി കിടന്നിരുന്ന ഒരാളുടെ കൈ എടുത്തു തലയിൽ വെച്ചാൽ മെത്രാനാകയില്ലെന്നുമായിരുന്നു പ്രതികൂലികളുടെ പ്രധാന ന്യായങ്ങൾ. ഇതു സംബന്ധമായി യാക്കോബായ സഭ രണ്ടായിനിന്നു ഭേദപ്രായവു



മാരംഭിച്ചു. ൮-ാം മാർ തോമായുടെ പക്ഷത്തിൽ ഗണനീയന്മാരായി ആരുംതന്നേ അപ്പോൾ ഉണ്ടായിരുന്നില്ലെന്നു പറയാം. എതിർഭാഗത്താവട്ടെ അനേകം പള്ളിക്കാർ ഒത്തൊരുമിച്ചും നിന്നു. ആ ഭാഗത്തെ പ്രധാനികൾ പുലിക്കോട്ടു ഉട്ടൂപ്പ് (യൌസേഫ) റമ്പാനും, കായംകുളം ആലുംമൂട്ടിൽ പീലിപ്പോസ് റമ്പാനുമായിരുന്നുവത്രെ. ഈ വിവാദം ഒടുവിൽ മദിരാശി ഗവമ്മേണ്ടിന്റെ പോലും ശ്രദ്ധയ്ക്കു വിഷയീഭവിച്ചതായി കാണുന്നുണ്ടു. അക്കാലത്തെ കൊച്ചി—തിരുവിതാംകൂർ ബ്രിട്ടീഷ് റസിഡെണ്ടായിരുന്നതു കർണ്ണൽ മൺറൊ ആയിരുന്നു. മലങ്കര പൊതുസമുദായത്തിൽനിന്നു അടിച്ചോടിക്കപ്പെടുകയാൽ കാട്ടുമങ്ങാട്ടുമെത്രാൻ മൂലം അഞ്ഞൂർ ശാഖ ഉണ്ടായി വന്നതിൽ കിടങ്ങൻ മാർ പീലക്സീനോസ് അവിടെ അപ്പോൾ ഭരണം നടത്തിവരികയായിരുന്നു. ഇദ്ദേഹം കുന്നംകുളത്തുകാരനാണെന്നു മുമ്പു ഒരേടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കർണ്ണൽ മൺറൊ 181[illegible]-ൽ തൃശ്ശിവപേരൂർ ചെന്നിരുന്നപ്പോൾ അഞ്ഞൂർനിന്നു മാർ പീലക്സീനോസിനെ വരുത്തി ൮-ാം മാർ തോമായുടെ സ്ഥാനം സാധുവായിട്ടുള്ളതാണോ എന്നു ചോദിച്ചറികയും, തൽഫലമായി ഉടനെ കൊല്ലത്തുവെച്ചു റസിഡെണ്ടിന്റെ ആഭിമുഖ്യത്തിൽ ഒരു മഹായോഗം കൂടികൊണ്ടു ശരിയായ കൈവെപ്പു കിട്ടുന്നതുവരെ 8-ാം മാർ തോമ, മെത്രാന്റെ നിലയിൽ വർത്തിക്കാൻ പാടില്ലെന്നു കർണ്ണൽ മൺറൊ തീരുമാനിക്കുകയും ചെയ്തുപോൽ! 8-ാം മാർ തോമ പിന്നെ ഭരണം നടത്തുകയേ ഉണ്ടായില്ല. 1816 മീനം 12-ാംനു 9-ാം മാർത്തോമായെ സൃഷ്ടിച്ചുംവെച്ചു അ

www.malankaralibrary.com



ദ്ദേഹം കാലംചെയ്തുപോയി. ഇതോടുകൂടി പകലോമററം തറവാട്ടിലെ പൌരോഹിത്യം അസ്തമിക്കുകയും ചെയ്തതായി കണക്കാക്കാവുന്നതത്രേ.

൭-ാമത്തെ മലങ്കരമെത്രാപ്പോലീത്താ.

പുലിക്കോട്ടു യൌസെഫ് (ഉട്ടൂപ്പു) റമ്പാൻ റസിഡണ്ടിന്റെയും സഭാംഗങ്ങളുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായിത്തീൎന്നു. പട്ടക്കാരുടെ വിദ്യാഭ്യാസത്തിന്നായി ഒരു സിമ്മനാരി സ്ഥാപിക്കണമെന്നു യൌസേപ്പുറമ്പാന്നു വലിയ ആഗ്രഹമുണ്ടായിരുന്നു. അങ്ങിനെയൊരു സ്ഥാപനം കോട്ടയത്തു വേണം ഉണ്ടാക്കാൻ എന്നു അദ്ദേഹം കരുതുകയും ചെയ്തിരുന്നു. റമ്പാൻ അവർകൾ ഇക്കാൎയ്യം റസിഡെണ്ടിനെ ഗ്രഹിപ്പിക്കുകയും, അദ്ദേഹത്തിന്റെ ആനുകൂല്യം മൂലം അതുവരെ മുടങ്ങിക്കിടന്നിരുന്ന വട്ടിപ്പണത്തിന്റെ പലിശ റമ്പാന്നു കിട്ടുകയും, അതുകൊണ്ടും വേറെ പല വഴികളുമായി ലഭിച്ച സംഖ്യകൊണ്ടും പഴയ സിമ്മനാരിയുടെ പണി യഥാകാലം റമ്പാൻ പൂർത്തിയാക്കുകയും ചെയ്തു. തദവസരത്തിൽ മെത്രാനല്ലാത്ത ഒരാൾക്കു വട്ടിപ്പണത്തിന്റെ പലിശ കൊടുക്കുന്നതിനെപ്പററി മൺറോയോടായി മദിരാശി ഗവൎമ്മെണ്ടു സമാധാനം ചോദിച്ചുവത്രേ. അതിനാലും, 8-ാം മാർ തോമയുടെ സ്ഥാനം അസാധുവെന്നു തീരുമാനിക്കപ്പെട്ടുകയാൽ മലങ്കര മെത്രാപ്പോലീത്താ ആയി അപ്പോൾ ആരുമില്ലാതിരുന്നതിനാലും, ജനസാമാന്യത്തിന്റെ നിർബന്ധവും റസിഡെണ്ടിന്റെ ഉപദേശവുമനുസരിച്ചു യൌസേപ്പ് റമ്പാൻ പഴഞ്ഞിപ്പള്ളിയിൽ വെച്ചു കിടങ്ങൻ മാർ പീലക്സീനോസിനാൽ മാർ ദീവന്നാസ്യോസ് എന്ന പേരിൽ 1815



മീനം 9-ാംനു- വാഴിക്കപ്പെട്ടു. വലിയ മാർ ദീവന്നാസ്യോസിന്റെ കാലശേഷം മലങ്കരയുടെ രണ്ടാമത്തെ മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ട ഇദ്ദേഹത്തെപ്പററി സംക്ഷിപ്തമായി ഇവിടെ ചിലതൊക്കെ പറയേണ്ടതായി വന്നിരിക്കുന്നു. മാർ തോമാശ്ലീഹായുടെ കാലം മുതൽ പകലോമററം തറവാട്ടിൽ നിന്നു മാത്രം മേല്പട്ടക്കാർ ഉണ്ടായിവന്ന പതിവു മാറി അദ്യമായി മറെറാരു തറവാട്ടിലെ ആൾ മലങ്കര മെത്രാപ്പോലീത്തായായിത്തീൎന്നതിൽ ജനസാമാന്യം പ്രതികൂലമായി നില്ക്കാതെ സംതൃപ്തിയടഞ്ഞതിൽ അന്നത്തെ സ്ഥിതി ആലോചിക്കുമ്പോൾ വാസ്തവമായും അത്ഭുതപ്പെടേണ്ടതുണ്ടല്ലോ.

മാർ തോമാ ശ്ലീഹാ മലങ്കരയിൽ ഏഴു പള്ളികൾ (യരുശലേം ദേവാലയത്തിലുണ്ടായിരുന്ന കവാവിളക്കിന്റെ തിരികളെ സദൃശമാക്കിയിട്ടായിരിക്കാം) സ്ഥാപിച്ചവയിൽ ഒന്നാണു വടക്കുള്ള പാലൂർ പള്ളി. ഇതു മുൻകാലത്തു ഒരു സുപ്രസിദ്ധമായ ക്ഷേത്രമായിരുന്നു. ഇപ്പോഴും പാലൂർ പള്ളിയിൽ ചെന്നാൽ അനവധി ബിംബങ്ങൾ അവിടെ കാണാവുന്നതാണു. മാർതോമാ ശ്ലീഹായുടെ അത്ഭുതകൎമ്മങ്ങൾ കാണുകയാൽ പാലൂർ ക്ഷേത്രപരിധിയിൽ താമസിച്ചിരുന്ന പല നമ്പൂതിരിമാരും അന്നു മാൎഗ്ഗം കൈക്കൊണ്ടു. ആ ക്ഷേത്രത്തിൽ കഴകക്കാരനായിരുന്ന പുലിക്കോട്ടു നമ്പൂതിരിയും അക്കൂട്ടത്തിൽ ഒരാളായിരുന്നുവത്രേ. മാൎഗ്ഗം കൂടാതിരുന്ന മററു നമ്പൂതിരിമാർ ആ നാട്ടിനെ ശപിച്ചുംകൊണ്ടു അന്യദിക്കുകളിലേക്കായി ഉടൻ ചിന്നിച്ചിതറി. അതിനാൽ പാ

www.malankaralibrary.com



ലൂർ പള്ളി ഉൾപ്പെട്ട സ്ഥലത്തിന്ന ഇപ്പോഴുള്ള പേർ ചാവക്കാട്ട എന്നാകുന്നു. "ശാപക്കാട്ട" കാലാന്തരത്തിൽ "ചാവക്കാടാ"യിത്തീൎന്നതാണെന്ന പറയേണ്ടതില്ലല്ലോ. കുന്നംകുളം പട്ടണത്തിന്ന മൂന്ന മൈൽ തെക്കായി സ്ഥിതി ചെയ്യുന്ന പാലൂർ പള്ളിയുടെ സമീപത്തുള്ള പുരയിടത്തിന്ന ഇപ്പോഴുമുള്ള പേർ "പുലിക്കോട്ടപറമ്പ" എന്നത്രേ. "പകലൊമററ"വും "പുലിക്കോട്ടം" ഒരു തറവാട്ടിന്റെ രണ്ടു താവഴികളാണെന്ന ചിലരൊക്കെ എഴുതിക്കണ്ടിട്ടുണ്ടെങ്കിലും, ഞങ്ങൾക്കതിനെപ്പററി ഇതുവരെയും സൂക്ഷ്മമായിട്ടൊന്നും തന്നേ അറിവാൻ കഴിഞ്ഞിട്ടില്ല. കേവലം ഐതിഹ്യങ്ങളെ ആസ്പദമാക്കി ഇവിടെ എന്തെങ്കിലും പ്രസ്താവിക്കേണ്ടതായ ആവശ്യവുമില്ലല്ലോ.

പുലിക്കോട്ട മാർ ദീവന്നാസ്യോസാണ ന്യായമായ മലങ്കരമെത്രാപ്പോലീത്തായെന്ന തിരുവിതാംകൂർ ഗവർമ്മേണ്ടു 1816 മകരം 21-ാംനു- ഒരു വിളംബരം പ്രസിദ്ധീകരിച്ചിട്ടുള്ളതായി കാണുന്നുണ്ടു. ആത്താറപള്ളി, പഴയ സിമ്മനാരി എന്നിവ പണിയിച്ച ഇദ്ദേഹം സ്ഥാനമേററിട്ട ഏഴെട്ടുമാസംവരെ മാത്രമേ ജീവിച്ചിരിക്കയുണ്ടായുള്ളു. 1818 വൃശ്ചികം 12-ാംനു- ഇദ്ദേഹം കാലം ചെയ്യുകയും, പഴയ സിമ്മനാരി ചാപ്പലിന്നകത്തു തെക്കുവശത്തായി സംസ്കരിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹത്തെപററി മസ്റ്റർ. ഇ. എം. ഫിലിപ്പ് ഇങ്ങിനെ പറയുന്നു:

"അദ്ദേഹം വിദ്യാഭ്യാസത്തിന്ന ഒരു സഹായിയും സുറിയാനിഭാഷാപണ്ഡിതനും ഒരു പ്രസിദ്ധവാഗ്മിയുമായിരുന്നു.



ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം സുറിയാനിസമുദായത്തിന്റെയെന്നല്ല, ഏതദ്ദേശീയരാജ്യങ്ങളായ തിരുവിതാംകൂറിലേയും കൊച്ചിയിലേയും വിദ്യാഭ്യാസത്തിന്റെ പ്രാരംഭപ്രവൎത്തകനായിരുന്നുവെന്നുള്ളതു അവിതൎക്കിതമാകുന്നു.........സഭയുടേയും സമുദായത്തിന്റേയും അഭിവൃദ്ധിയിൽ അദ്ദേഹത്തിന്ന ഹാൎദ്ദമായ ഔൽസുക്യമുണ്ടായിരുന്നു."

പഴയ സിമ്മനാരി പണിയുന്നതിലേക്കായി റസിഡണ്ടിന്റെ സഹായധനം വാങ്ങിച്ചതോടുകൂടി മലങ്കര സഭയിൽ പ്രോട്ടസ്റ്റണ്ടുകാരുടെ കൈ കുറേശ്ശെ ഉയൎന്നുവരുന്നതായി കണ്ടപ്പോൾ അദ്ദേഹത്തിന്നുണ്ടായ മനോവ്യഥയെപ്പററി മിസ്റ്റർ ഫിലിപ്പ് പറയുന്നു:

"മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അവിടുത്തെ വൃദ്ധനയനങ്ങളിൽ നിന്ന ചുടുചുടെ ബാഷ്പകണങ്ങൾ പൊഴിച്ചുകൊണ്ടും ദുസ്സഹമായ മനോവ്യാകുലതയോടുംകൂടി ഇപ്രകാരം തന്റെ അനുയായികളായ പട്ടക്കാരോടു പറഞ്ഞു: "സിമ്മനാരി സ്ഥാപനത്തിന്നു സായ്പിന്റെ സഹായം അഭ്യൎത്ഥിച്ചതിനെപ്പററി ഞാൻ പശ്ചാത്തപിക്കുന്നു. ബുക്കാനന്റെ കാലംമുതൽ ഒരു പരുന്തു കോഴിക്കുഞ്ഞുങ്ങളുടെ മേൽ ദൃഷ്ടി പതിക്കുന്നതുപോലെ യൂറോപ്യന്മാർ നമ്മുടെ പാവപ്പെട്ട സഭയിന്മേൽ കണ്ണെറിഞ്ഞുകൊണ്ടാണിരിക്കുന്നതു. ഇതെല്ലാം എങ്ങിനെ അവസാനിക്കുമെന്ന സൎവ്വശക്തനായ ദൈവം മാത്രം അറിയുന്നു. ദൈവകൃപയാൽ ഞാൻ ജീവനോടിരിക്കുന്നേടത്തോളംകാലം ഈ പാവപ്പെട്ട സഭയെ ഞാൻ സംരക്ഷിക്കും.""

www.malankaralibrary.com



൩-ാമത്തെ മലങ്കര മെത്രാപ്പോലീത്ത.

മലങ്കരയുടെ 2-ാമത്തെ മാർ ദീവന്നാസ്യോസിന്റെ നിൎയ്യാണാനന്തരം കോട്ടയത്തുവെച്ചു മുൻപറഞ്ഞ അഞ്ഞൂർ മാർ പീലക്സീനോസിനാൽത്തന്നെ കോട്ടയത്തുകാരൻ പുന്നത്ര കുയ്യൻ കത്തനാർ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മൂന്നാമത്തെ മലങ്കര മെത്രാപ്പോലീത്തായായി 1819 തുലാം 26-ൽ വാഴിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലം മുതൽ പ്രോട്ടസ്റ്റണ്ടുകാരുടെ നാനാതരം വിക്രിയകൾ മലങ്കരസഭ രംഗമായിത്തീൎന്നു തുടങ്ങിയതായും, തന്നിമിത്തം ഇദ്ദേഹത്തിന്നു അവരുമായി പലപ്പോഴും സമരം നടത്തേണ്ടതായി വന്നിട്ടുള്ളതായും കാണാവുന്നതാണു. പ്രോട്ടസ്റ്റണ്ടുകാരിൽ നിന്നുണ്ടായ അത്തരം പീഡകളെപ്പററി ഇവിടെ യാതൊന്നും തന്നേ പ്രസ്താവിക്കുന്നില്ല. 1825 ഇടവം 5-ാം തിയതി വിഷൂചികാദീനം നിമിത്തം ഇദ്ദേഹം മൃതിയടഞ്ഞു കോട്ടയം ചെറിയ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

൪-ാമത്തെ മലങ്കര മെത്രാപ്പോലീത്ത.

അനന്തരം 4-ാമത്തെ മലങ്കര മെത്രാപ്പോലീത്തായായി ഒരാളെ വാഴിക്കേണ്ടതിന്നുവേണ്ടി വീണ്ടും അഞ്ഞൂർ മാർ പീലക്സീനോസ് കോട്ടയത്തേക്കു എഴുന്നെള്ളിയതായി നാം കാണുന്നു. പുന്നത്ര മെത്രാച്ചന്റെ 40-ാം അടിയന്തരദിവസം മെത്രാപ്പോലീത്താ സ്ഥാനത്തേക്കായി പള്ളിപ്പാട്ടു ആഞ്ഞിലിമൂട്ടിൽ പീലിപ്പോസ് മല്പാനേയും, കോട്ടയം എരത്തിങ്കൽ മക്കോസുകത്തനാരേയും, കോനാട്ടു അബ്രഹാം മല്പാനേയും, അടങ്ങപ്പുറത്തു യൌസേഫ് കത്തനാരേയും യോഗം കൂടി തിരഞ്ഞെടുക്കുകയും,



നാലുപേരുടേയും പേരുകൾ എഴുതി നറുക്കിടുകയും ചെയ്തു. മൂന്നു പ്രാവശ്യവും ആഞ്ഞിലിമൂട്ടിൽ പീലിപ്പോസ് മല്പാന്റെ പേർതന്നെ കാണുകയാൽ 1825 ചിങ്ങം 15-ാംനു- അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ 4-ാമത്തെ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചു. ഇദ്ദേഹത്തിന്റെ കാലത്തിലത്രേ മലങ്കരസഭയും പ്രോട്ടസ്റ്റണ്ടുകാരും തമ്മിലുള്ള കലഹം അത്യുച്ചാവസ്ഥയെ പ്രാപിച്ചതായി നാം കാണുന്നതു. മലങ്കര സഭയെ തങ്ങളുടെ പാദപീഠമാക്കിക്കൊണ്ടു പുരാതനവും ചരിത്രപ്രസിദ്ധവുമായ അതിന്റെ വിശ്വാസാരാധനകളെ ഇഷ്ടാനുസരണം ഭേദപ്പെടുത്തുവാനായി പ്രോട്ടസ്റ്റണ്ടുകാർ സൎവ്വവിധ ശക്തികളും പ്രയോഗിക്കതന്നേ ചെയ്തു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആവക പീഡകൾ സൎവ്വവും സഹിച്ചു ഇളകാതെയും നിന്നു. ഈ ഘട്ടത്തിൽ സ്വന്താ ചില ആളുകൾപോലും പ്രോട്ടസ്റ്റണ്ടുകാരുടെ ഹിതാനുവൎത്തികളായിത്തീൎന്നതത്രേ നമുക്കേപോലും ഹൃദയാരുന്തുദമായിരിക്കുന്നതു. മെത്രാപ്പോലീത്തായുടെ വലങ്കൈ ആയി നിന്നിരുന്ന പാലക്കുന്നത്തു അബ്രഹാം മല്പാൻ മെത്രാപ്പോലീത്തായിൽനിന്നു അകന്നു ക്രമേണ പ്രോട്ടസ്റ്റണ്ടു മിഷ്യനറിമാരുടെ മിത്രമായിത്തീൎന്നുവെന്നു തന്നേയല്ലാ, മെത്രാപ്പോലീത്തായുടെ ഭരണത്തിന്മേൽ കരി തേയ്ക്കുവാനായി ഉദ്യമിക്കകൂടെപോലും ചെയ്യുകയുണ്ടായി. ഇടവകകൾതോറും ഭരണസംബന്ധമായ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മെത്രാപ്പോലീത്താ അജ്ഞനാണു, അദ്ദേഹത്തിന്റെ പട്ടം സാധുവായിട്ടുള്ളതല്ല, അദ്ദേഹത്തെ സ്ഥാനത്തിൽനിന്നു മാററണം എന്നീവക ശബ്ദങ്ങ

www.malankaralibrary.com



ളും ഉച്ചത്തിൽ മുഴങ്ങി. മിഷ്യനറിമാരുടെ പ്രാതികൂല്യം നിമിത്തം ഇതൊരു വല്ലാത്ത തീ സമുദായമെങ്ങും പടൎന്നുപിടിക്കുകയാണുണ്ടായതു. ഈ ഘട്ടത്തിൽ ചേപ്പാട്ടു മെത്രാച്ചന്റെ മുൻഗാമിയായ പുന്നത്ര മെത്രാച്ചൻ ചെയ്തിരുന്ന അപേക്ഷപ്രകാരം മലയാംകൊല്ലം 1001—ൽ ശീമയിൽനിന്നു വന്ന മാർ അത്താനാസ്യോസു ബാവായെപ്പററി ഇവിടെ വിശേഷവിധിയായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ശീമക്കാരൻ മാർ അത്താനാസ്യോസ്.

ശരിയായ കൈവെപ്പു നല്കുവാനായി ശീമയിൽനിന്നു അയയ്ക്കപ്പെട്ട ഇദ്ദേഹം ആദ്യമായി കൊച്ചിയിൽ വന്നിറങ്ങി. സ്വല്പദിവസം അവിടെ താമസിക്കമൂലം മലങ്കര സഭയുടെ തല്ക്കാലനില മനസ്സിലാകാൻ സാധിച്ചതിനാൽ ചേപ്പാട്ടു മെത്രാച്ചന്റെ മേൽ "കുതിര കളി"പ്പാൻ ഏതും പ്രയാസമില്ലെന്നു അദ്ദേഹം ഗ്രഹിച്ചു. നീവാൾ എന്നു പേരായ അന്നത്തെ റസിഡെണ്ട് സായ്പ് അപ്പോൾ കൊച്ചിയിൽ താമസിക്കുന്നുണ്ടായിരുന്നു. വിദേശിയനായ മാർ അത്താനാസ്യോസ് റസിഡെണ്ടിനെ അഭിമുഖമായിക്കണ്ടു, താൻ വന്നതു എന്തൊരു ഉദ്ദേശത്തിനായിട്ടാണെന്നു വിശദപ്പെടുത്തി.

"മാർ പീലക്സീനോസിൽനിന്നുള്ള പട്ടം ശരിയായിട്ടുള്ളതല്ല. പുന്നത്ര ദീവന്നാസ്യോസു അങ്ങിനെ സമ്മതിച്ചു അന്ത്യോഖ്യയ്ക്കു എഴുതിയിരിക്കുന്നു. ഇദ്ദേഹം കാലംചെയ്തുപോയല്ലോ. ഇദ്ദേഹത്തിന്റെ അനുഗാമിയായ ഇപ്പോഴത്തെ ദീവന്നാസ്യോസിന്റെ പട്ടവും ശരിയായിട്ടുള്ളതല്ലെന്നു നിശ്ചയമായും പറയാവുന്നതത്രേ.



അതിനാൽ ഇദ്ദേഹത്തെ എനിക്കു ശരിയായവിധം മെത്രാനാക്കി വാഴിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കുള്ള അധികാരപത്രവും മററും ഇപ്പോൾ എന്റെ കൈവശമുണ്ടു. പക്ഷെ അന്വേഷണംമൂലം ഇദ്ദേഹം ഒരു അപ്രാപ്തനാണെന്നും ജനങ്ങളിൽ ഭൂരിപക്ഷംപേൎക്കും ഇദ്ദേഹത്തോടു സന്തോഷമില്ലെന്നുമാണു ഞാൻ അറിയുന്നതു. ഇങ്ങിനെയുള്ള ഒരാളെ ഭരണകൎത്താവായി നിയമിക്കുന്നതു ഉചിതമായിരിക്കയില്ലല്ലോ. ഇദ്ദേഹത്തിന്നു പകരം മലങ്കരമെത്രാപ്പോലീത്തായായി ഞാൻതന്നെ ആയാലോ എന്നാണു എന്റെ ആലോചന. അതിനാൽ ഇദ്ദേഹത്തിന്റെ പേരിലുള്ള വിളംബരം അസ്ഥിരപ്പെടുത്തിക്കൊണ്ടു ഞാനാണു ഇപ്പോഴത്തെ മലങ്കരമെത്രാപ്പോലീത്താ എന്നു പ്രഖ്യാപനം ചെയ്താൽ ഉപകാരമായിരിക്കും."

റസിഡെണ്ട് സ്വല്പനേരം ആലോചിച്ചിട്ടു:— "ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നല്ല ഒരാളാണല്ലോ?"

ബാവാ:— "ഛെയ്; അതു ശുദ്ധമെ അബദ്ധം! ഞാൻ കടാക്ഷിക്കുമെങ്കിലേ ഇയാൾ മെത്രാൻപോലും ആകയുള്ളു."

റെസിഡെണ്ട്:— "അതൊക്കെ ശരി. സുറിയാനിസഭയിലെ ജനങ്ങൾ ഇദ്ദേഹത്തെയാണല്ലോ മലങ്കരമെത്രാപ്പോലീത്തായായി ഗണിച്ചിട്ടുള്ളതു?"

ബാവാ:— "നിങ്ങളുടെ ആ ഇദ്ദേഹത്തെക്കൊണ്ടു എന്റെ ചെരിപ്പു നക്കിപ്പിക്കുന്നതു നിങ്ങൾക്കു കാണണമോ?"

റസിഡെണ്ട്:— "മതി; നിങ്ങളുടെ ഉക്കിതൊക്കെ അവിടെ വെച്ചേക്കണം."

www.malankaralibrary.com



ബാവാ:— "ഞാൻ നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്."

മാർ അത്താനാസ്യോസിന്റെ ക്രൂത്തുകളി.

തൽക്ഷണം അവിടെനിന്നിറങ്ങിപ്പോയ മാർ അത്താനാസ്യോസിനെ എതിരേറ്റു കൊണ്ടുപോകാനായി അപ്പോൾ കിടങ്ങൻ മാർ പീലക്സീനോസും ചേപ്പാട്ടു മാർ ദീവന്നാസ്യോസും കൊച്ചിയിൽ ആഗതരായി. മൂവരും കൂടി ആഘോഷപൂർവ്വം കോട്ടയം ചെറിയപള്ളിയിലും എത്തിച്ചേർന്നു. അനന്തരം പുതുതായി വന്ന ബാവായുടെ സ്താത്തിക്കോൻ (അധികാരപത്രം) വായിച്ചുകേൾക്കുവാനായിട്ടും മറ്റും പള്ളിക്കാർ എല്ലാവരും ഇന്നദിവസം ചെറിയ പള്ളിയിൽ എത്തിക്കൊള്ളണമെന്നു കല്പന പരസ്യപ്പെടുത്തി. നിശ്ചിതദിവസത്തിൽ എല്ലാവരും സന്നിഹിതരായപ്പോൾ ബാവാ എഴുന്നേറ്റ് ഈവിധം ഒരു പ്രസംഗം ചെയ്തു. (സംക്ഷേപം മാത്രം ഇവിടെ ചേർത്തുകൊള്ളുന്നു).

"നിങ്ങളുടെ ദീവന്നാസ്യോസിനു ശരിയായ പട്ടം കൊടുപ്പാൻ അധികാരപൂർവ്വം നാം ഇവിടെ വന്നിരിക്കുന്നു. ഇവൻ ഇപ്പോൾ മെത്രാപ്പോലീത്തായുമല്ല, മെത്രാനുമല്ല, കശീശായുമല്ല, ശെമ്മാശനുമല്ല. ഇവനിൽനിന്നു സ്ഥാനം ഏറ്റവർക്കുംതന്നേ വാസ്തവത്തിൽ പട്ടമില്ല. അവർ വഴിയായി മാമോദീസാ കൈക്കൊള്ളുകയും വിവാഹം കഴിക്കയും ചെയ്തിട്ടുള്ളവർ രണ്ടാമതും അതു ശരിയായ വിധം ചെയ്യേണ്ടിയിരിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും ഇഷ്ടമുണ്ടെങ്കിൽ മാത്രം നാം ഇവനെ മെത്രാനാക്കും..............."

ബാവായുടെ ഈ പ്രസംഗം ദുർല്ലഭം ചിലർക്ക് അപ്പോൾ തേൻകട്ടയ്ക്കു തുല്യം മധുരമുള്ളതായിത്തന്നേ തോന്നി.



മെത്രാപ്പോലീത്തായുടെ വിരോധികൾ യോഗം കഴിഞ്ഞ ഉടൻ ബാവായെ സമീപിച്ചിട്ടു:—

"കല്പിച്ചതു സത്യം തന്നെ. ഇദ്ദേഹത്തിനു പുതുതായി പട്ടം കൊടുക്കേണ്ടതു ആവശ്യമാണെങ്കിൽ സമർത്ഥനായ മറ്റൊരാളെ മെത്രാനാക്കുകയല്ലയോ നല്ലതു? ഇദ്ദേഹം കശീശായായിരുന്നുകൊള്ളട്ടെ എന്നുവെയ്ക്കാം".

ബാവാ:—"അതിനെപ്പറ്റി നാം ആലോചിക്കട്ടെ"

ചിലർ അപ്പോൾ ചേപ്പാട്ടു മെത്രാച്ചന്റെ സമീപത്തു ചെന്നു:—

"ഒരു കാര്യമുണ്ടു, കേട്ടോ. കുപ്പായം അഴിക്കുമ്പോൾ സൂക്ഷിച്ചുവേണേ. ഒരു പക്ഷേ അതു കിട്ടാതെ വന്നേക്കും."

അതിന്റെ ഫലം.

പന്തത്തിന്റെ ഇരുതലയും ഈവിധം കത്തിച്ചുപിടിക്കുകയാൽ ബാവായും മെത്രാപ്പോലീത്തായും തമ്മിൽ പിന്നീടു അന്യോന്യം കാണുകപോലും ചെയ്യാതെയായി. ഒരു ദിവസം അർദ്ധരാത്രി സമയത്തു പ്രാണരക്ഷാർത്ഥം ഓടിപ്പോയ ചേപ്പാട്ടു മെത്രാച്ചൻ റസിഡെണ്ടിന്റെ അടുക്കൽ ചെന്നു സങ്കടമുണർത്തിച്ചു. അദ്ദേഹമാവട്ടേ, ഉടൻ മാർ അത്താനാസ്യോസ് രാജ്യംവിട്ടു പൊയ്ക്കൊള്ളണമെന്നു ഓർഡർ എഴുതുകയാണു ചെയ്തതു. പോകാൻ പണമില്ലെന്നു മാർ അത്താനാസ്യോസ് അപ്പോൾ തർക്കിച്ചുനിന്നു. തൽക്ഷണം റസിഡെണ്ടു ചെയ്തതു തിരുവിതാംകൂർ ഖജനാവിൽനിന്നു 1000 കലിപ്പണം മാർ അത്താനാസ്യോസിനു അയച്ചുകൊടുക്കുകയായിരുന്നു. നിമിഷംപോലും താമസിപ്പിക്കാതെ ഗവർമ്മേണ്ടധികാരികൾ ബാവായെ കയറ്റി അയയ്ക്കുകയും ചെയ്തു.

മത്യൂസ് ശെമ്മാശൻ മെത്രാപ്പോലീത്തായായി.

പ്രോട്ടസ്റ്റണ്ടു മിഷനറിമാരുടെ ആപ്തമിത്രങ്ങളും മലങ്കര സുറിയാനി സഭയുടെ അംഗങ്ങളുമായിരുന്ന ചി

www.malankaralibrary.com



ലർ അക്കാലത്തു ചേപ്പാട്ടു മെത്രാപ്പോലീത്തായുടെ വിരോധികളായിത്തീർന്നിരുന്നുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവരിൽ പ്രധാനികൾ പട്ടക്കാരായിരുന്നുവെന്നുള്ളതു പ്രത്യേകം സ്മൎത്തവ്യംതന്നെ. ഇവർ നിമിത്തമുണ്ടായിക്കൊണ്ടിരുന്ന ശല്യങ്ങൾ അസഹനീയമായി തോന്നിയപ്പോൾ ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഇവരിൽ അഞ്ചെട്ടുപേരെ ഒന്നായി മുടക്കിക്കളഞ്ഞു. വാസ്തവത്തിൽ വിശ്വാസ വിപരീതികളുമായിരുന്നു അപ്പോൾ ഇവർ എന്നു പറയപ്പെടുന്നുണ്ടു. ഇവരിൽ പാലക്കുന്നത്തു അബ്രഹാം മല്പാനും അദ്ദേഹത്തിന്റെ അനന്തിരവൻ മത്ത്യൂസ് ശെമ്മാശനും ഉൾപ്പെട്ടിരുന്നു. മെത്രാപ്പോലീത്തായുടെ മുടക്കു ഇവരെ എന്തുമാത്രം അരിശം പിടിപ്പിച്ചിരിക്കണമെന്നുള്ളതു ആൎക്കും ഊഹിച്ചാൽ അറിയാവുന്നതാണല്ലോ. ഇവരെക്കൊണ്ടു വേണം മെത്രാപ്പോലീത്തായോടു പ്രതികാരം ചെയ്വാൻ എന്നു മിഷനറിമാർ ഉടനെ മനസ്സുകൊണ്ടു തീരുമാനിക്കുകയും ചെയ്തു. മുടക്കിയ ആളെ "ചുമ്മാ മെത്രാനാ"ക്കി ഇരുത്തുവാൻ വഴിയെന്തുള്ളുവെന്നു ഇരുപക്ഷക്കാരും ചേൎന്നു ആലോചനയുമായി. തല്ഫലമായി മത്ത്യൂസ് ശെമ്മാശൻ ശീമയിൽ പോകാമെന്നും, ശരിയായ പട്ടമേറ്റു മെത്രാനായി വരാമെന്നും ഏറ്റു. വേണ്ടുന്ന സൎവ്വവിധ ആനുകൂല്യങ്ങളും ഈ കാൎയ്യത്തിൽ ചെയ്യാമെന്നു മിഷണറിമാർ വാഗ്ദാനവും ചെയ്തു. ഇതുകൊണ്ടു ചേപ്പാട്ടു മെത്രാച്ചനെ വെച്ചുരശ്ശാക്കാമെന്നുതന്നേയല്ലാ, ഇഷ്ടത്തിനൊത്ത ഒരു മെത്രാപ്പോലീത്തായെ കിട്ടിയാൽ മലങ്കരസഭയെ ബോധിച്ചവിധം ആക്രമിപ്പെടുത്താമല്ലോ എന്നും മിഷണറിമാർ അപ്പോൾ സന്തോഷിച്ചിരിക്കണം.



മത്ത്യൂസ ശെമ്മാശ്ശൻ മർദ്ദീനിൽ ചെന്നു. മോറാൻ മോർ ഏലിയാസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ഇതിൽപ്പരം സന്തുഷ്ടനാകുവാനില്ല. വേഗം തന്നേ മത്ത്യൂസ് ശെമ്മാശ്ശനെ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചു. ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായോടു ചോദിച്ചുമില്ല; ആലോചിച്ചുമില്ല.

ഇങ്ങിനെ യാതൊന്നും നടക്കാനിടയില്ലെന്നു പരിപൂൎണ്ണമായി വിശ്വസിച്ചിരുന്ന ചേപ്പാട്ടു മെത്രാച്ചന്റെ മുന്നിലതാ, മത്ത്യൂസ് ശെമ്മാശൻ, മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായായി ആവിർഭവിക്കുന്നു. താനാണ് ന്യായമായ മലങ്കര മെത്രാപ്പോലീത്താ എന്നും, തന്റെ പട്ടമാണ് സാധുവായിട്ടുള്ളതെന്നും കാണിച്ചു ഇദ്ദേഹം തിരുവിതാംകൂർ ഗവൎമ്മേണ്ടിൽ അപേക്ഷ കൊടുത്തു. ചേപ്പാട്ടു മെത്രാച്ചൻ എതിരായും വാദിച്ചു. ഇതിന്നിടയിൽ ഇരുവരും പാത്രിയർക്കീസുബാവാ തിരുമനസ്സിലേക്കു വെവ്വേറെ എഴുതി അയച്ചതിന്റെ ഫലമായി മാർ കൂറീലോസ് എന്നു പേരായ ഒരു മെത്രാൻ ഇവിടെ വന്നിരുന്ന കാൎയ്യം സ്മൎത്തവ്യമത്രേ. വഴക്കം വയ്യാവേലിയും കഴിയുകയില്ലെന്നു നിശ്ചയിച്ചു മാർ കൂറീലോസിന്റെ അഭിമതപ്രകാരം ചേപ്പാട്ടു മെത്രാച്ചൻ തന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അദ്ദേഹത്തിന്നു കൊടുത്തിരുന്നു.

മാർ കൂറീലോസ് മെത്രാൻ ഈ തക്കത്തിനു മാർ അത്താനാസ്യോസിനെ മുടക്കുകയും ചെയ്തു. അതിനാൽ

www.malankaralibrary.com

സാക്ഷാൽ മലങ്കര മെത്രാപ്പോലീത്താ മാർ കൂറീലോസാണോ, മാർ അത്താനാസ്യോസാണോ എന്നു വാദം തുടങ്ങി. ഇക്കാര്യം തീർച്ചപ്പെടുത്തേണ്ടതിലേക്കു ഗവർമ്മെണ്ടാനുകൂല്യത്തോടുകൂടി ഉടനെ കൊല്ലത്തുവെച്ചു ഒരു പഞ്ചായത്തുകോടതി കൂടപ്പെടുകയാണ് ഉണ്ടായതു. അതിൽ വെച്ചു മാർ കൂറിലോസിനാൽ അയയ്ക്കപ്പെട്ട മുടക്കുകല്പന വ്യാജനിർമ്മിതമെന്നു തീരുമാനിക്കപ്പെട്ടു. വിദേശിയനായതുകൊണ്ടു അദ്ദേഹത്തിനു മലങ്കര സഭയെ ഭരിപ്പാൻ പാടില്ലെന്നു തീരുമാനിച്ചു. മാർ അത്താനാസ്യോസാണ് സാക്ഷാൽ മലങ്കരാധിപൻ എന്നു വിധിയും പ്രസ്താവിച്ചു.

ഈ മാർ കൂറീലോസ് ആർ? പാത്രിയർക്കീസുബാവാ തിരുമനസ്സിലെ ഒപ്പും മുദ്രയും വെച്ചു കൊണ്ടുവന്ന കടലാസ്സുകൾ എങ്ങിനെയെല്ലാം ഇദ്ദേഹം ഉപയോഗപ്പെടുത്തി? പഞ്ചായത്തുകോടതി ആ വക "വാറോലക്കല്പനകൾ" ഏതേതു വിധത്തിൽ പരിശോധനകൾ നടത്തി തള്ളിക്കളഞ്ഞു? പഞ്ചായത്തു കോടതിയുടെ പ്രതികൂലവിധിയനുസരിച്ചു എങ്ങിനെയെല്ലാം ഇദ്ദേഹം മലങ്കരസഭയിൽ സാക്ഷാൽ സിംഹാസന പ്രതിനിധി എന്ന ഭാവേന വിഹരിച്ചു? ഇവയെപ്പറ്റി ഇവിടെ ഉള്ളവണ്ണം കാണിച്ചു ഇപ്പോഴുള്ള സിംഹാസനപ്രതിനിധിയെ അലോഹ്യപ്പെടുത്തുമാറ് എന്തെങ്കിലും പറയുക ഞങ്ങൾക്കു ദുസ്സഹമത്രേ.



ചേപ്പാട്ടു ദീവന്നാസ്യോസിന്റെ പുനരൈക്യാലോചന.

ഇവയുടെ ഫലമായി ഉടൻ പഴയ സിമ്മനാരിയിൽ നിന്ന് ഇറങ്ങി എങ്ങോട്ടെങ്കിലും പോകുവാൻ നിർബന്ധിതനായിത്തീർന്ന ചേപ്പാട്ട മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ദുസ്സഹമായ മനോവ്യഥയെ പേനകൊണ്ടു വരച്ചു കാണിപ്പാൻ ഞങ്ങൾ ശക്തരല്ലതന്നെ. ശീമക്കാരുടെ ഗർഹണീയവും സ്വേച്ഛാപൂർവ്വവുമായ നടത്തയിൽ തിരുമനസ്സിലേക്കു കലശലായ വെറുപ്പും ഇച്ഛാഭംഗവും തോന്നി. മലങ്കരസഭ മിഷണറിമാരുടെ ലഗാൺപിടുത്തത്തിന് അനുസരണമായി വ്യതിചലിക്കാൻ തുടങ്ങിയിരിക്കുന്നു എന്നും അദ്ദേഹം കണ്ടു. അന്ത്യോഖ്യാ പ്രതിനിധിയുടെ കോപവും അദ്ദേഹം മനസ്സിലാക്കി. ശീമക്കാരൻ മാർ അത്താനാസ്യോസിനാൽ ഏല്ക്കാൻ ഇടയായ ദണ്ഡനങ്ങളേയും അദ്ദേഹം ഓർത്തു. ഒന്നാമത്തെ വലിയ മാർ ദീവന്നാസ്യോസിന് ശീമക്കാരിൽ നിന്നുണ്ടായ ഞെരുക്കങ്ങളോരോന്നും അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിക്കുവാനും തുടങ്ങി. ഇവയുടെ എല്ലാം ഫലമോ? അന്ത്യോഖ്യാ ബന്ധത്തിൽ നിന്നും ഉടൻ വേർപിരിയണമെന്നുറച്ചതു തന്നെ. ഇക്കാര്യം മനസ്സിൽ വെച്ചുകൊണ്ടു റോമൻ കത്തോലിക്കാ പുനരൈക്യം സംബന്ധിച്ച് പൂർവ്വന്മാർ ചെയ്തതു പോലെ അദ്ദേഹവും ആലോചനകൾ നടത്തിയതായി കാണുന്നുണ്ട്. തിരുമനസ്സുകൊണ്ടു അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്തായുമായി ഇതു സംബന്ധിച്ചു ചില ചോദ്യോത്തരങ്ങൾ നടന്നതായി സസൂക്ഷ്മം ഞങ്ങൾ അറിഞ്ഞിട്ടുള്ളതാണ്. ചേപ്പാട്ടു മെത്രാച്ചനെ ഒരു മേൽപ്പട്ടക്കാരൻ എന്ന നി

www.malankaralibrary.com



ലയിൽ സ്വീകരിപ്പാൻ നിർവ്വാഹമില്ലെന്നായിരുന്നു പോൽ വരാപ്പുഴ മെത്രാപ്പോലീത്താ ഒടുവിൽ മറുപടി പറയുകയുണ്ടായതു്. കൈവെപ്പിൽ ന്യൂനതയുണ്ടെന്നു വരാപ്പുഴ മെത്രാൻ സിദ്ധാന്തം പിടിച്ചു. കേവലം ഒരു അത്മായക്കാരനെന്ന നിലയിൽ പുനഃരൈക്യത്തിൽ പ്രവേശിപ്പാൻ ചേപ്പാട്ടു മെത്രാച്ചനു മനസ്സില്ലാതെയുമായി. അതിനാൽ സ്വദേശമായ ചേപ്പാട്ടു് താൻ തന്നെ പണിയിച്ചതായ പള്ളി മുറിയിൽ താമസിച്ചുംകൊണ്ടു അദ്ദേഹം ആയുസ്സവസാനിപ്പിച്ചു്, അവിടെ അടങ്ങിയെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

മാർത്തോമാ സഭ.

൪-ാമത്തെ മലങ്കര മെത്രാപ്പോലീത്തായുടെ അനന്തരഗാമിയായി വാഴ്ച ആരംഭിച്ച മത്ത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കാലത്താണല്ലോ "നവീകരണം" എന്നു് അപരാഭിധാനത്താൽ അറിയപ്പെടുന്ന മാർത്തോമ്മാസഭ ഉല്പാദിക്കപ്പെടുകയുണ്ടായതു്. 1876-ൽ മലങ്കരയെഴുന്നള്ളിയ മോറാൻ മോർ പത്രോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ഇദ്ദേഹത്തെ മുടക്കിക്കളഞ്ഞു. അതിനാൽ അദ്ദേഹത്തിനു പുതിയ ഒരു സഭയുണ്ടാക്കാതിരിപ്പാൻ ഗത്യന്തരമില്ലാതെയുമായി.

6-ാമത്തെ മലങ്കര മെത്രാപ്പോലീത്താ.

ഇതിനിടയിൽ പത്രോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ ആഗമനത്തിനു മുമ്പു അന്ത്യോഖ്യാ പ്രതിനിധിയായ മാർ കൂറിലോസ് ബാവായുടേയും മററും പ്രേരണയോടുകൂടി ശീമയ്ക്കു പോയ പുലിക്കോട്ടു യൌസെപ്പു



കത്തനാർ, മാർ ദീവന്നാസ്യോസ അഞ്ചാമൻ എന്ന പേരിൽ നാട്ടിലെത്തി, മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായുമായി ഛിദ്രയുദ്ധം ആരംഭിച്ചിരുന്നുവെന്നു നാം മനസ്സിലാക്കിയിരിക്കേണ്ടതാണു. അന്ത്യോഖ്യാബന്ധം സർവ്വത്ര നാശകരമാണെന്നു പലപ്പോഴും കല്പിച്ചിരുന്ന മത്ത്യൂസ് മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായുടെ അഭിപ്രായം ഏറക്കുറെ ശരിയായിട്ടുള്ളതുതന്നെയാണെന്നു പുലിക്കോട്ടു മാർ ദീവന്നാസ്യോസു തിരുമേനിക്കും വാഴ്ചയേററതിന്റെ ശേഷം വിശിഷ്യാ ബോദ്ധ്യം വരാൻ പലതിനാലും ഇടയായിട്ടുണ്ടെന്നു ഞങ്ങൾക്കറിവുള്ളതത്രേ. ശക്തിമാനായ മത്ത്യൂസ് മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായുമായി സമരം ചെയ്തു വിജയം സമ്പാദിക്കുക എളുപ്പമല്ലെന്നും, ദൈവാനുകൂല്യം നിമിത്തം അതിന്നിടയായിരുന്നാൽ തന്നേയും അവ്യവസ്ഥിതമായ ശീമഭരണം മലങ്കര സഭയുടെ കണ്ഠകോടാലിയായിത്തീരുമെന്നും ഇദ്ദേഹം മനസ്സിലാക്കുകയും, വ്യവസ്ഥിതമായ ഒരു മേൽക്കോയ്മയുമായി ബന്ധപ്പെടുന്നതിനു വഴിയെന്തുള്ളു എന്നു രഹസ്യമായി ആലോചിക്കുകയും ചെയ്തുവന്നതായി ഞങ്ങൾ കേട്ടിട്ടുണ്ടു. ഇപ്പോൾ ജീവിച്ചിരിക്കുന്ന പലരും ഇക്കാര്യം ഗ്രഹിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കറിയാവുന്നതാണു. മത്ത്യൂസ് മാർ അത്താനാസ്യോസിനെ അനുകരിച്ചുകൊണ്ടു താനും അന്ത്യോഖ്യാ മേലധികാരത്തെ രേഖാമൂലം സമ്മതിച്ചുകഴിഞ്ഞ സ്ഥിതിക്കു, എങ്ങിനെയാണു പുനരൈക്യാകാംക്ഷ പ്രായോഗികമാക്കുക എന്നു ഈ തിരുമേനി വാസ്തവമായും വിഷമിക്കാൻ തുടങ്ങി. യാതൊരു അനർത്ഥവും നേരിടാതവണ്ണം മലങ്കര സഭയെ അന്ത്യോ

www.malankaralibrary.com



ഖ്യാ ബന്ധത്തിൽനിന്നു വേർപെടുത്തി അതിനെ റോമൻകത്തോലിക്കാ സഭയുമായി ഘടിപ്പിക്കുകയാണു ബുദ്ധിപൂർവ്വം എന്നും, മുൻഗാമികളായ ഓരോരുത്തരുടേയും ചിരപ്രാർത്ഥിതമായ അനുഗ്രഹം അതൊന്നായിരുന്നതിനാൽ അതു വേണം തന്നെക്കൊണ്ടു സാധിക്കുവാനെന്നും നിശ്ചയിച്ചുകൊണ്ടു ഇദ്ദേഹം സമകാലീനനായിരുന്ന നിധിയിരിക്കൽ മാണിക്കത്തനാരുമായി നടത്തിയ പരിശ്രമങ്ങൾ ഇന്നും പരസ്യമായ രഹസ്യമായി അറിയപ്പെട്ടിട്ടുണ്ടല്ലോ. പഴഞ്ഞൂറ്റുകാരനായ മാണിക്കത്തനാർ ഇക്കാര്യം സംബന്ധിച്ചു തിരുമേനിയുടെ വലങ്കൈ ആയി നിന്നു പലതും പ്രവർത്തിക്കുകയുണ്ടായിട്ടുണ്ടെന്നുള്ളതിനും തെളിവുകൾ ഇല്ലാതില്ല. പഴയകൂറ്റുകാർക്കും പുത്തൻകൂറ്റുകാർക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്കവണ്ണം ആദ്യമായി ഒരു പള്ളിക്കൂടമാണു സ്ഥാപിക്കേണ്ടതെന്നു ഇരുവരുംകൂടി ഐകമത്യേന ആലോചിച്ചു തീർച്ചപ്പെടുത്തി. അക്കാലത്തു ആലപ്പുഴ പട്ടണത്തിൽ താമസിച്ചിരുന്ന ധനികനായ ഡാറാസായ്പ്, മാണിക്കത്തനാർ മുഖേന ഈ വൃത്താന്തം ഗ്രഹിച്ചപ്പോൾ തന്നാൽ കഴിവുള്ള സർവ്വവിധ സഹായങ്ങളും നൽകുവാൻ ഒരുക്കമാണെന്നു പറയുകമാത്രമല്ല, കോട്ടയത്തുള്ള അദ്ദേഹത്തിന്റെ ബങ്കളാവും അതു നില്ക്കുന്ന വലിയ പുരയിടവും പള്ളിക്കൂടത്തിന്റെ ആവശ്യത്തിന്നായി ദാനം കൊടുക്കുകയും ചെയ്തു. യാക്കോബായക്കാരുടേതായി ഇപ്പോൾ കോട്ടയത്തുള്ള എം. ഡി. സിമ്മനാരിയുടെ സ്ഥാപനചരിത്രം ഇതാണെന്നു അധികം പേരും ഒരുപക്ഷേ അറിഞ്ഞിട്ടില്ലായിരിക്കും. സായ്പിന്റെ ബങ്കളാവു ഇപ്പോഴും പണ്ടത്തെ



സ്ഥിതിയിൽതന്നെയാണു നില്ക്കുന്നതെന്നു നമുക്കു കാണാം. പള്ളിക്കൂടത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രസ്തുതബങ്കളാവിലെ വലിയ മുറി ഇന്നും മാർ ഏലിയാച്ചാപ്പലായി അറിയപ്പെടുന്നു. എം. ഡി. സിമ്മനാരിയുടേതായി ഇപ്പോൾ അതിനോടു ചേർന്നു പത്തു പതിനഞ്ചു ഏക്കർ സ്ഥലമുള്ളതും സായ്പിനാൽ അക്കാലത്തു ദാനം ചെയ്യപ്പെട്ടതുതന്നെ. മാണിക്കത്തനാരുടേയും മററും പ്രോത്സാഹനത്തോടും സഹകരണത്തോടും കൂടിയാണു "മനോരമ"പ്പത്രം ആവിർഭവിച്ചിട്ടുള്ളതെന്നു കേൾക്കുന്നതിൽ വല്ല വാസ്തവവും ഉള്ളപക്ഷം, ആ പത്രവും അന്നത്തെ പുനരൈക്യാലോചനയുടെ പ്രത്യക്ഷസ്മാരകംതന്നെയെന്നു പറയാവുന്നതാണല്ലോ.

### പുലിക്കോട്ടു മെത്രാച്ചന്റെ പുനരൈക്യാലോചന

പുനരൈക്യം സംബന്ധിച്ച് അധികാരസ്ഥാനത്തു തന്നെ ചെന്ന് ആലോചിക്കുന്നതാണ് ഫലപ്രദം എന്നു തോന്നുകയാൽ കാലം ചെയ്ത പുലിക്കോട്ടു തിരുമേനി പ്രസ്തുത മാണിക്കത്തനാരേയും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരേയും കൂട്ടി ഊട്ടക്കമണ്ടിൽ പോയി, അപ്പോൾ അവിടെ താമസിച്ചിരുന്ന ദലഗാദ് അപ്പോസ്തോലിക്കായുമായി സംഭാഷണം നടത്തിയ പ്രകാരം ഞങ്ങൾ കേട്ടിട്ടുണ്ട്. അപ്പോൾ വേലക്കാരനായി കൂടെ പോയ ഒരു കുന്നംകുളത്തുകാരനിൽ നിന്നാണ് ആദ്യമായി ഈ രഹസ്യം ഏതാനും സംവത്സരങ്ങൾക്കു മുമ്പ് ഞങ്ങൾക്കറിവാൻ കഴിഞ്ഞിട്ടുള്ളത്. പിന്നീടു നടത്തിയ അന്വേഷണം മൂലം ആ കേൾവി അടിസ്ഥാനരഹിതമല്ലെന്നു ഞങ്ങൾക്കു ബോധ്യമാവുകയും ചെയ്തു. പുനരൈക്യം സംബന്ധിച്ചു

www.malankaralibrary.com



അവിടെ നടന്ന ആലോചനകളും തീരുമാനങ്ങളും എന്തായിരുന്നുവെന്ന് ഞങ്ങൾ സൂക്ഷ്മമായിട്ടൊന്നും അറിയുന്നില്ല. എത്രയോ രഹസ്യമായി നടന്ന ആ സംഭവം, ഇന്നും മറഞ്ഞു കിടക്കുന്നതായി കാണുന്നതു അത്ഭുതമല്ലല്ലോ. കാലം ചെയ്ത തിരുമേനിയെ മെത്രാപ്പോലീത്തായെന്നുള്ള നിലയിൽ സ്വീകരിക്കാമെന്നും, തൽക്കാലം ൬൦൦൦൦ രൂപ പാരിതോഷികമായി നൽകാമെന്നും മററുമായിരുന്നു ദലഗാദ് അപ്പോസ്തോലിക്ക അന്നു പറഞ്ഞതെന്ന് ഒരു വർത്തമാനം—വാസ്തവമോ അവാസ്തവമോ എന്നു നിശ്ചയമില്ല—ഞങ്ങൾ കേട്ടിട്ടുണ്ട്. ആ ആലോചന എന്തായിരുന്നു പിന്നെ ഫലപ്രദമാകാതെ പോയതെന്നാലോചിക്കുമ്പോൾ, മത്യൂസ് മാർ അത്താനാസ്യോസും കാലംചെയ്ത തിരുമേനിയും തമ്മിൽ നടന്നിരുന്ന വ്യവഹാരസമരത്തിൽ കാലംചെയ്ത തിരുമേനി വിജയം പ്രാപിച്ചു തുടങ്ങിയതിനാലായിരിക്കാം എന്ന് ഊഹിപ്പാനേ അവകാശം കാണുന്നുള്ളു. വ്യവഹാരസംബന്ധമായ ആ വിജയം മൂലം തിരുമേനി യാക്കോബായ സഭയുടെ ന്യായമായ അധികാരിയും ഭരണകർത്താവുമായിത്തീർന്നു കഴിഞ്ഞു.

### കടവിൽ മാർ അത്താനാസ്യോസ്

ഏകദേശം ഈ കാലത്തോടടുപ്പിച്ച് പരേതനായ കോട്ടയം—അങ്കമാലി ഇടവകകളുടെ മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഈയൊരു പുനരൈക്യാലോചനയിൽ കാൽ വെച്ചിരുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ട്.



### പുലിക്കോട്ടു തിരുമേനിക്കുശേഷം

കാലം ചെയ്ത പുലിക്കോട്ടു തിരുമേനിക്ക് മലങ്കര സഭയെ മാർത്തോമാക്കാരുടെ ശല്യത്തിൽ നിന്ന് രക്ഷപ്പെടുത്തുവാൻ 40 സംവത്സരക്കാലം ഇടമുറിയാതെ പോരാട്ടം നടത്തേണ്ടതായി വന്നുകൂടി. അക്കാര്യം ആഗ്രഹം പോലെ സാധിപ്പിച്ച തിരുമേനിക്ക് അന്ത്യോഖ്യക്കാരുടെ സ്വേച്ഛാധിപത്യത്തിൽനിന്നു മലങ്കരസഭയെ വീണ്ടെടുക്കുവാൻ കഴിവുണ്ടായില്ല. അതിനാൽ അബ്ദുള്ളാ പാത്രിയർക്കീസു ബാവാ ഇങ്ങോട്ട് എഴുന്നെള്ളാനിരിക്കുന്നുണ്ടെന്നു കേട്ടപ്പോഴയ്ക്കും മലങ്കരസഭയ്ക്കു ശനിദശയുടെ കാലം അടുത്തുപോയല്ലോ എന്ന് തിരുമനസ്സുകൊണ്ടു സങ്കടപ്പെടാൻ തുടങ്ങി. സാമാന്യനായ ഒരാളുടെ കത്തു കിട്ടിയക്ഷണത്തിൽ യാക്കോബായ അസോസിയേഷൻ കമ്മിററിയുടെ അധ്യക്ഷസ്ഥാനത്തു നിന്നും തിരുമേനിയെ നീക്കിയിരിക്കുന്നതായും, പകരം ആ കത്തെഴുതിയ ആളെ നിയമിച്ചിരിക്കുന്നതായും കല്പന അയച്ച ഒരു പാത്രിയർക്കീസിനാലും, അൻപതാം ആണ്ടിൽ വന്ന പത്രോസ് പാത്രിയർക്കീസിൻെറ ഗർഹണീയമായ പലപല പ്രവൃത്തികളാലും, അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ സ്വതവേയുള്ള പ്രകൃതം മനസ്സിലാക്കിയിരുന്ന ആ തിരുമേനി ഈ വിധം വിഷാദിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. അബ്ദുള്ളാ പാത്രിയർക്കീസു ബാവാ വന്നപ്പോൾ അങ്ങിനെ തന്നെയാണല്ലോ സംഭവിക്കാൻ ഇടയായതും. മലങ്കരസഭയുടെ ഭാവിയെപ്പററി യാതൊരു സമാധാനവും ഇല്ലാതെ തിരുസന്നിധിയിൽ വന്നവരോടെല്ലാം ഭവിഷ്യത്തിനെക്കുറിച്ചു കല്പിച്ചുവന്ന പുലിക്കോട്ടു

www.malankaralibrary.com



തിരുമേനി ഒടുവിൽ പ്രമേഹരോഗം പിടിപെട്ട് 1084 മിഥുനം 29-ാം തിയതി ഇഹലോകവാസം വെടിയുകയും, കോട്ടയം പഴയ സിമ്മനാരി ചാപ്പലിൽ അടങ്ങുകയും ചെയ്തു.

### ഇപ്പോഴത്തെ വലിയ തിരുമേനി.

പുലിക്കോട്ടു തിരുമേനിയുടെ അനന്തരഗാമിയായി, ഏഴാമത്തെ മലങ്കരമെത്രാപ്പോലീത്തായായി വാഴുന്ന ഇപ്പോഴത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു അന്ത്യോഖ്യാ സിംഹാസനം മുഖേന നേരിടാൻ ഇടയായിട്ടുള്ള അനത്ഥങ്ങളെപ്പറ്റി ഇവിടെ വിശേഷവിധിയായി യാതൊന്നും തന്നെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. അന്ത്യോഖ്യാ സിംഹാസനത്തെ ഹൃദയാത്മനാ ആദരിക്കുകയും ആ സിംഹാസനത്തിന്മേൽ ഇന്നു വാഴുന്ന പാത്രിയക്കീസു ബാവായെ അവഗണിച്ചു കല്പിക്കാൻ ഇടയാകയും ചെയ്തിട്ടുള്ള വലിയ തിരുമേനിയെപ്പറ്റി, അദ്ദേഹം മെത്രാപ്പോലീത്തായുമല്ല, മെത്രാനുമല്ല, കശ്ശീശായുമല്ല, ശെമ്മാശനുമല്ല എന്നിങ്ങിനെ കണ്ണാരുന്തുദമായ തീർപ്പുകൾ ആ സിംഹാസനത്തിന്റെ വായിൽ നിന്നു് നാം ഇരുപതുകൊല്ലങ്ങളോളമായി കേട്ടുകൊണ്ടിരിക്കുകയാണല്ലോ.

### മാർ സേവേറിയോസ് മെത്രാപ്പോലീത്ത

ക്നാനായ സഭയുടെ പരേതനായ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പ്രസ്തുത പുനരൈക്യം സംബന്ധിച്ചു് പല ആലോചനകളും നടത്തിയ ബുദ്ധിമാനായ തിരുമേനിയത്രേ. ഇക്കാര്യം ക്നാനായ സമുദായാംഗങ്ങൾ എല്ലാവരും അറിഞ്ഞിട്ടുള്ളതു



മാകുന്നു. അനിഷേധ്യമായ ഈ സംഭവത്തെ സാക്ഷിപ്പെടുത്തുന്ന രേഖകളെ ഞങ്ങളിവിടെ ഉദ്ധരിക്കുന്നില്ല. വായനക്കാർ ക്ഷമിക്കണം!

# VI

# ഉപസംഹാരം.

—:*:—

പക്ഷേ ഒരു ക്രൂനൻ കരിശുതന്നേ ഉണ്ടാക്കേണ്ടതായി വരും.

ഇക്കഴിഞ്ഞ അദ്ധ്യായംമൂലം മലങ്കര യാക്കോബായ സഭയുടെ ഒരു സംക്ഷിപ്ത ചരിത്രം വായനക്കാർക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. ആദ്യമായി മലങ്കരസഭയിൽ വേർപിരിവുണ്ടായതെപ്പോൾ; ആ വേർപിരിവിനു കാരണമെന്തു; പിന്നീടു എപ്പോഴെല്ലാം യാക്കോബായ സഭയിൽ വേർപിരിവുകളുണ്ടായി; അന്ത്യോഖ്യാ സിംഹാസനവുമായുള്ള കാര്യമായ ബന്ധത്തിനു എത്ര കൊല്ലത്തെ പഴക്കമുണ്ടു; ആ ബന്ധംകൊണ്ടുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ ഫലമെന്തു; ഓരോരോ കാലത്തിലേയും മലങ്കര മെത്രാപ്പോലീത്തന്മാർ ഏതേതു പ്രകാരത്തിൽ അവരവരുടെ ആയുഷ്കാലം കഴിച്ചുകൂടി—എന്നിവയെക്കുറിച്ചു സാമാന്യമായ ഒരു വിജ്ഞാനം "കുഴൽക്കണ്ണാടി" ദ്വാരാ വായനക്കാർക്കിപ്പോൾ സിദ്ധിച്ചിരിക്കാമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പുണ്യശ്ലോകനായ മാർ തോമാ ശ്ലീഹായാൽ ക്രിസ്താബ്ദം 52-ാം ആണ്ടിൽ സംസ്ഥാപിതമായ മലങ്കര സഭ

www.malankaralibrary.com



യിൽ 1653—ൽ ആദ്യമായി ഒരു വേർപിരിവുണ്ടായപ്പോൾ മുതൽ—"പഴയകൂർ" "പുത്തൻകൂർ" എന്നിങ്ങിനെ രണ്ടു പൊളികളായി അതു വേറിട്ടപ്പോൾത്തുടങ്ങി—പുനരൈക്യം സാധിക്കേണ്ടതിന്നായുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതദ്വിഷയകമായ പരിശ്രമം ഇന്നേയോളവും തുടൎന്നു വന്നിട്ടുണ്ടെന്നും കഴിഞ്ഞ അധ്യായം മുഖേന വായനക്കാൎക്കെല്ലാം ബോധ്യമായിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ വിഷയത്തിൽ 1—ാം മാർതോമ, 4—ാം മാർതോമ, 5—ാം മാർതോമ, 6—ാം മാർതോമ (അഥവാ പുത്തൻകാവു പള്ളി പണിയിച്ചു അവിടെ സംസ്ഥിതനായ ഒന്നാമത്തെ വലിയ മാർ ദീവന്നാസ്യോസു), ചേപ്പാട്ടു മാർ ദീവന്നാസ്യോസ്, പുലിക്കോട്ടു മാർ ദീവന്നാസ്യോസ്, കടവിൽ മാർ അത്താനാസ്യോസ്, ഇയ്യിടെ കാലംചെയ്ത മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാബാവാ, ക്നാനായ സഭയിലെ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആദിയായ പരേത തിരുമേനികളുടെ പേരുകൾ സ്മരണീയങ്ങളാണെന്നു പറയേണ്ടതില്ലല്ലോ.

ഈ പ്രസ്ഥാനത്തെ അനുകൂലിക്കുന്നവർ ഇനിയും ഇല്ലയോ?

മലങ്കര യാക്കോബായ സഭയുടെ സാക്ഷാൽ തൂണുകളാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള പ്രസ്തുത തിരുമേനികൾ മേല്പറഞ്ഞ പുനരൈക്യം സംബന്ധിച്ചു നടത്തിയ ആലോചനകളും പരിശ്രമങ്ങളും എത്രയോ സ്തുത്യർഹമായിരിക്കുന്നുവെന്നു ഹൃദയപൂർവ്വം സമ്മതിച്ചുകൊണ്ടു ആ വിഷയത്തിൽ ഇപ്പോൾ വല്ലവരും—രഹസ്യമായിട്ടോ പരസ്യമായിട്ടോ ആവട്ടെ—മുഖം തിരിച്ചിട്ടുണ്ടോ എന്നു



നമുക്കു നന്നായിത്തന്നേ ഒന്നു തിരക്കം ചെയ്യേണ്ടതായിട്ടുണ്ടു. അങ്ങിനെ ചെയ്യുന്ന അന്വേഷണത്തിന്റെ ഫലമായി വല്ലവരും ഉണ്ടെന്നു കാണുന്നപക്ഷം അതിലേക്കു അവൎക്കുള്ള ന്യായങ്ങളും കാരണങ്ങളും നമുക്കറിഞ്ഞിരിക്കേണ്ടതു അത്യാവശ്യവുമാണല്ലോ. ഈ വിഷയത്തിൽ ബഥനിത്തിരുമേനിമാരെത്തന്നെയാണ് നമുക്കിപ്പോൾ തെളിവായി കാണ്മാൻ കഴിയുന്നതെന്നുള്ളതു വാസ്തവംതന്നെ. മലങ്കര യാക്കോബായ സഭയുടെ പുലച്ചയ്ക്കും പുഷ്ടിക്കും ആ ഒരു പുനരൈക്യം ഒന്നുമാത്രമേ സിദ്ധൌഷധമായിട്ടുള്ളുവെന്നു ഈയിടെ പരസ്യമായി ഈ തിരുമേനിമാർ കല്പിക്കുന്നുണ്ടെന്നുവെച്ചു ബഥനിക്കാർ ഒരു പുതിയ കണ്ടുപിടുത്തം തന്നേയാണു ചെയ്തിട്ടുള്ളതെന്നു സമ്മതിച്ചുംകൊണ്ടു കണ്ണും ചിമ്മി അവരെ അഭിനന്ദിപ്പാനോ അപലപിപ്പാനോ വായനക്കാർ ഒരുമ്പെടുമെന്നു ഞങ്ങൾ ശങ്കിക്കുന്നതേ ഇല്ല. പുനരൈക്യം എന്നു പേർ പറയപ്പെടാവുന്ന ആ പഴയ ചെണ്ട—പൂർവ്വകാലത്തു എത്രയോ മെത്രാപ്പോലീത്തന്മാർ മുഴക്കിക്കൊണ്ടിരുന്ന ആ ചെണ്ട—ഇപ്പോൾ ബഥനിത്തിരുമേനിമാർ പട്ടാപ്പകൽസ്സമയത്തു കൊട്ടുന്നുണ്ടെന്നുള്ളതു ശരിതന്നെ. ഇതൊരു പുതിയ കണ്ടുപിടുത്തമോ, പുത്തൻ ആശയമോ ആകുന്നതെങ്ങിനെ എന്നു മാത്രമേ ഞങ്ങൾക്കു സന്ദേഹമുള്ളു. ഏതായാലും പുനരൈക്യം സംബന്ധിച്ചുള്ള ഈയൊരു ആലോചനയും ആകാംക്ഷയും ഏററവും നിന്ദാവഹവും ദോഷകരവുമായിട്ടുള്ളതാണെങ്കിൽ—യഥാർത്ഥ സമുദായ സ്നേഹികൾ അങ്ങിനെയേ തീച്ചപ്പെടുത്തുകയുള്ളുവെങ്കിൽ—യാക്കോബായ സഭയിൽ മുമ്പുണ്ടായിരുന്ന പ

www.malankaralibrary.com



ല പരേത തിരുമേനികളേയും ബഥനിക്കാരേയും ഉദ്ദേശിച്ചു മാത്രമല്ല, സരഹസ്യം പ്രസ്തുത പ്രസ്ഥാനത്തിലേക്കു മുഖം തിരിച്ചിരിക്കുന്നവരായി ഇപ്പോൾ ജീവിച്ചിരിക്കുന്നവരേയും ചിലർ ഉള്ളപക്ഷം അവരേയുംകൂടി കരുതിക്കൊണ്ടു, പുത്തൻ ഒരു കൂനൻ കുരിശുണ്ടാക്കി, അതിന്നു ചുററും കയറിട്ടു പിടിച്ചു "സന്തതിയുള്ള കാലത്തോളം അവരുമായി യാതൊരു ചാർച്ചയും വേഴ്ചയുമില്ലെ"ന്നു സത്യം ചെയ്തു മാറുവാൻ ഒട്ടും തന്നേ താമസിച്ചിട്ടാവശ്യമുള്ളതല്ലതന്നേ. യാക്കോബായ സഭയ്ക്കു ബഥനിക്കാരെ കൂടാതേയും ഇത്തരം ദ്രോഹികൾ കിടപ്പുണ്ടെന്നറിയുന്നതോടുകൂടി മൂക്കിൻമേൽ വിരൽ വെച്ചു നെടുവീപ്പിട്ടു തുടങ്ങിയിരിക്കുന്ന സാക്ഷാൽ സമുദായാഭിമാനികളുടെ മുമ്പിൽ ഞങ്ങൾ അവരെ ഓരോരുത്തരായി ഇപ്പോൾതന്നെ പ്രത്യക്ഷപ്പെടുത്തുവാൻ പോകയാണ്. വായനക്കാർ പ്രശാന്തരായിരിക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. യാക്കോബായ സഭയുടെ ഇന്നത്തെ അസ്ഥിവാരക്കല്ലുകളായി ഗണിക്കപ്പെട്ടിട്ടുള്ള ഇവർ എല്ലാവരും തന്നേ "കുഴൽക്കണ്ണാടി" വായനക്കാരോട് കലവറ വെക്കാതേ ഏതും തുറന്നു പറയുമെന്നുതന്നേ നിർവിശങ്കം വിശ്വസിച്ചാലും!

ഇളമുറയിൽനിന്നു ആരംഭിക്കുന്നപക്ഷം ഞങ്ങളുടെ ആപ്തമിത്രമായ ദിവ്യശ്രീ ചെറിയമഠത്തിൽ സ്കറിയാ കത്തനാർ അവർകളെത്തന്നെ ഞങ്ങൾക്കു ഒന്നാമതായി ഇവിടെ കൊണ്ടുവന്നു നിറുത്തേണ്ടതായി വന്നിരിക്കുന്നു. വലിയ തിരുമേനിയൊന്നിച്ചു മർദ്ദീനിൽ പോയിവരികയും, കുറെക്കാലം തിരുവനന്തപുരം സെൻറ് ജോർജ്ജ



ഹോസ്റ്റലിൻെറ വാർഡനായിരുന്നതിൻെറ ശേഷം ഇപ്പോൾ കോട്ടയം പഴയ സിമ്മനാരിയിൽ മല്പാനായി താമസിക്കയും ചെയ്യുന്ന ദേഹമാണു ഈ സ്കറിയാ കത്തനാർ എന്നു വായനക്കാരെ ഞങ്ങൾ പരിചയപ്പെടുത്തേണ്ടതില്ലല്ലോ. ഇദ്ദേഹം തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്തു കോട്ടയത്തുകാരൻ ശമുവേൽ കത്തനാർ അവർകൾ യറുശലേമിലേക്കു പോയി, അന്ത്യോഖ്യാ യാക്കോബായ പാത്രിയക്കീസു ബാവായൊന്നിച്ചു ഏതാനും കാലം താമസിച്ചശേഷം ബാവായുമായി അകന്നു, റോമൻ കത്തോലിക്കാ പുനരൈക്യത്തിൽ ഇരിക്കുന്ന മോറോൻ മോർ ഇഗ്നാത്തിയോസ് റഹമാനി പാത്രിയക്കീസിനോടു ചേർന്നു ബെയ്റൂട്ടിൽ താമസിക്കുന്നുണ്ടായിരുന്നു. ഈ പാത്രിയക്കീസിനെപ്പററി മുന്നൊരവസരത്തിൽ ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ വിസ്മരിച്ചിട്ടില്ലായിരിക്കണം. കാലംചെയ്ത കാതോലിക്കാ ബാവായും ഇപ്പോഴത്തെ കാതോലിക്കാ ബാവായും ബഥനി മെത്രാപ്പോലീത്തായുംകൂടി പ്രസ്തുത പാത്രിയക്കീസുമായി പുനരൈക്യാലോചനകൾ നടത്തിയിരുന്ന കാലത്തു മേല്പറഞ്ഞ ശമുവേൽ കത്തനാർ ബെയ്റൂട്ടിൽ ആയിരുന്നു താമസിച്ചിരുന്നതു. ഈ ശമുവേൽ കത്തനാർ അവർകൾക്കു നമ്മുടെ ഈ കൊച്ചു മല്പാനച്ചൻ എഴുതിയ ഒന്നു രണ്ടെഴുത്തുകൾ ഇവിടെ ഞങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു. ഇവയിൽനിന്നു യാക്കോബായ സഭയുടെ തല്ക്കാലനിലയെക്കുറിച്ചും, ഭാവിയെപ്പററിയുമുള്ള ഇദ്ദേഹത്തിൻെറ അഭിപ്രായവും അനുമാനവും വായനക്കാർക്കു ഗ്രഹിക്കാവുന്നതാണു.

www.malankaralibrary.com



(ഫ)

St. George Hostel, Trivandrum,
Thycaud, 6th Aug. '27.

ലാഹ്ഹൻ കശീശൊ ശ്മൂയേൽ റ്ഹീമ്മൊ വമ്യക്കറൊ (സുറിയാനിയിലാണിതു.)

സദയം എന്റെ പേൎക്കയച്ച എഴുത്തു ബ. മട്ടയ്ക്കലച്ചൻ അയച്ചതു ഇന്നു കിട്ടി. ഉടനെത്തന്നെ മറുവടി എഴുതുന്നു. മുമ്പ് അച്ചൻ അയച്ച എഴുത്തു ഹോസ്റ്റൽ പൂട്ടിക്കിടന്ന അവസരത്തിൽ ഞാൻ വീട്ടിലായിരുന്നതിനാലാണു തിരിയെ വരുവാൻ ഇടയായതു. ഞാൻ ഇപ്പോഴും എന്റെ പഴയ ജോലിയിൽ ഇവിടെ തന്നെയാണു. എനിക്കു അച്ചനിൽനിന്നു പല കാൎയ്യങ്ങൾ അറിവാനായി ഞാൻ എഴുതിയിരുന്നപ്പോളൊക്കയും അതിന്നു ശരിയായ മറുവടി കിട്ടാതെ ഞാൻ തൃപ്തിയില്ലാതെയിരിക്കയായിരുന്നു. എന്നാൽ ഇന്നു സ്ഥിതിഗതികൾ മാറിയിരിക്കുന്നതിനാൽ എല്ലാം ഉള്ളവണ്ണം പറയുന്നതിൽ വിഷമമില്ല എന്നു കാണുന്നതിൽ സന്തോഷം. വാസ്തവം എങ്ങിനെയിരുന്നാലും അച്ചൻ മെത്രാൻ സ്ഥാനത്തിന്നു ആഗ്രഹിച്ചാറെ പാത്രിയൎക്കീസു വഴിപ്പെടാഞ്ഞതിൽ മുഷിഞ്ഞാണു അച്ചൻ റോമയിൽ ചേൎന്നതെന്നാണു ഇവിടെ ശീമയിൽനിന്നു വന്നവർ പറഞ്ഞു പരത്തിയിരിക്കുന്നതു. ഇതിന്റെ വാസ്തവം അറിഞ്ഞാൽ കൊള്ളാം.

സുറിയാനി റീത്തിനെപ്പററിയും അതു നാട്ടിൽ നടപ്പാക്കുവാൻ അപ്രേം റഹമാനിക്കു സാധിക്കുമോ എന്നും അറിഞ്ഞാൽ കൊള്ളാം. ശീമയാത്രയിൽ ഞാൻ ഈ കൂട്ടരെ പലരേയും കാണുക



യും സംസാരിക്കയും ഉണ്ടായി. ബഗ്ദാദിൽവെച്ചു ഒരു മെത്രാനെ കണ്ടു. അദ്ദേഹവുമായി വളരെയൊക്കെ ഇതിനെപ്പററി സംസാരിക്കയുണ്ടായി.

അടുത്ത കാലത്തു ഇവിടെ റീത്തിന്നു ശ്രമിച്ചാറെ സാധിക്കാതെയാണിരിക്കുന്നതു. കൽദായക്കാൎക്കു ഇവിടെ മാറാനായ റീത്തു ഉണ്ടാകരുതെന്നു നിൎബന്ധമുള്ളതുപോലെ തോന്നുന്നുണ്ടു. സുറിയാനി മാറാനായ റീത്തു മലയാളത്തു ഉണ്ടാകുന്നപക്ഷം നമ്മുടെ സുറിയാനിക്കാൎക്കു റോമായിൽ ചേരുന്ന പ്രതിബന്ധം വളരെ കുറയുമെന്നു തോന്നുന്നു. യാക്കോബായ സഭ അധോഗതി പ്രാപിച്ചുവരികയാണു. നിശ്ശേഷം നശിക്കുന്നതിന്നു വളരെ കാലതാമസം നേരിടും,..............................................

..................................................................

ഫാദർ സ്കറിയ (ഒപ്പു)

(വ)

St. George Hostel, Trivandrum,
Thycaud, 3rd Nov. '27.

ലാഹ്ഹൻ കശീശൊ ശ്മൂയേൽ മ്യക്രൊ ദന്ഹീർ ബ്മൂറാൻ ശ്ലോം.

സദയം അയച്ച എഴുത്തു കിട്ടി. അതിൽ അടക്കം ചെയ്തിരുന്ന എഴുത്തിന്റെ കൎത്താവിന്നു എന്റെ നന്ദിയെ പ്രകാശിപ്പിക്കണമെന്നപേക്ഷ. സംഗതികൾ വിശദമായി എഴുതി അയച്ചതിൽ അച്ചനോടു ഞാൻ വളരെ കൃതജ്ഞതയുള്ളവനാണു. ശീമയിൽ ചെന്നു അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കിയതിനാൽ അച്ചന്നു അ

www.malankaralibrary.com



വരെപ്പററി ഉള്ളതുപോലെ മനസ്സിലായി. ഇവിടെയുള്ളവൎക്കും സത്യാവസ്ഥ മനസ്സിലായിയെങ്കിൽ എത്ര നന്നായിരുന്നു. അതിനു അച്ചനാൽ കഴിയുന്നതു ചെയ്യണമെന്നപേക്ഷ..........................................

റഹമാനി പാത്രിയക്കീസിനു മുമ്പു എഴുതിയതു എന്റെ അപ്പൻ (ചെറിയ മാത്തിൽ വലിയ മൂപ്പച്ചൻ; ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു) ആയിരിക്കുവാൻ വഴിയില്ല. അതുസംബന്ധമായുള്ള എന്റെ അഭിപ്രായം ചുരുക്കത്തിൽ ഇപ്രകാരമാണു. ആത്മരക്ഷ റോമാ സഭയിൽ മാത്രമേയുള്ളു എന്നു എനിക്കു ബോദ്ധ്യമില്ല. ആ സഭയിലെ ഭരണയന്ത്രം ബഹു വിശേഷമായതാണു. പാപ്പായുടെ തെററില്ലായ്മ മുതലായി കിഴക്കൻ സഭയിൽനിന്നു പിരിഞ്ഞ ശേഷം ഉണ്ടാക്കിയിട്ടുള്ള നൂതന അഭിപ്രായങ്ങൾ ദൈവികമാണോ എന്നു സംശയിക്കുന്നു. അതു അന്തിക്രിസ്തുവിന്റെ സഭയാകുന്നുവെന്നും മററും അഭിപ്രായമില്ല. രക്ഷ അവിടെയും ഉണ്ടു. നാം ജനിച്ചുവളൎന്ന സഭയിൽ നില്ക്കാൻ നിവൃത്തിയില്ലെങ്കിൽ മതിയല്ലോ അന്യരെ ശരണപ്പെടുന്നതു- നമ്മുടെ സഭയിൽനിന്നു ചേരുന്നവർ സത്യസഭ അതെന്നുള്ള മനസാക്ഷിപ്രകാരമുള്ള ബോധത്തോടെ മതം മാറിയാൽ കുററപ്പെടുത്തുവാൻ ഇല്ല. അല്ലാത്തതുകളെപ്പററി അവരവർ തീൎച്ചപ്പെടുത്തിയാൽ മതി. സുറിയാനി റീത്തു കിട്ടിയാൽ വഴക്കുകളൊന്നും കൂടാതെ റോമായിൽ കൂടാമെന്നു ഞാൻ വിചാരിച്ചു. അടുത്തു നോക്കിയപ്പോഴാണു അവരുടെ മനോഗതം മനസ്സിലായതു.........റീത്തു ശീമയിൽ അനുവദിച്ചിട്ടുള്ളതാണെങ്കിലും ഇവിടെ അതു ശ്രമസാദ്ധ്യമാണു. കുറെ പേർ ഒപ്പിട്ടു റഹമാനിയുടെ പേൎക്കു ഹരജി എഴുതി ചേരുക പ്രായോഗികമല്ല. അ



തിനു ഉത്സാഹിക്കേണ്ടതു അതിൽ ചേൎന്നിട്ടുള്ള അച്ചൻ മുതൽപേരാണു. ഇപ്പോൾ മനുഷ്യരെല്ലാം സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന കാലമാണു. ഇപ്പോഴത്തെ വഴക്കുതന്നെ വട്ടിപ്പണം വാങ്ങുവാനല്ലല്ലോ..............................

പുരാതിനമായി കിഴക്കൻ സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യങ്ങൾ ..................കൊടുക്കുകയും പാപ്പായുടെ കീഴിലുള്ള സ്വതന്ത്രസഭയായി കരുതി പൂൎവ്വ ആചാരങ്ങളും നടപടികളും പാലിക്കത്തക്ക നിലയിൽ (വിശ്വാസം എല്ലാം ഒന്നുതന്നെ) വേണ്ട സ്വാതന്ത്ര്യം റോമാസഭ അനുവദിക്കുമെങ്കിൽ അതിലേക്കു ചേരുവാൻ പലരും കാണും..........................................

ദീവന്നാസ്യോസു മെത്രാച്ചനു റോമായെപററി വളരെ അറപ്പാണു. ജീവൻ പോലും അതിൽ ചേരുന്നതല്ല. ഞാൻ മുതൽ പേർ ശീതവാന്മാരാണു.......................
.........റഹമാനി പാത്രിയക്കീസു മൂലമായി കിഴക്കൻ സഭയ്ക്കു ഒരു സ്വാതന്ത്ര്യനില പരിപാലിപ്പാൻ കഴിയുമെങ്കിൽ കൊള്ളാം..................................

ഫാദർ സ്കറിയ (ഒപ്പ്)

ഇനി ഞങ്ങൾ പ്രത്യക്ഷപ്പെടുത്താൻ പോകുന്നതു ദിവ്യശ്രീ മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ അവർകളുടെ ഒന്നുരണ്ടെഴുത്തുകളത്രേ. ഇവയും പ്രസ്തുത ശമുവേൽ കത്തനാർ അവർകളുടെ പേൎക്കയച്ചിട്ടുള്ളതാകുന്നു.

BETHANY MADHAM TIRUVALLA

(ന)

Syrian Seminary,
Kottayam, 14—11—'26

ലാഹ്ദൻ കശീശൊ ശ്മൂയേൽ ദർഹീം ലി ശ്ലോം.

നമ്മുടെ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു ഊർശ്ലേമിൽ ഉണ്ടെന്നു അച്ചൻ ചെറിയ മഠത്തിൽ സ്കറിയാ അച്ചന്റെ പേൎക്കു അയച്ചിട്ടുള്ള എഴുത്തിൽ നിന്നും അറിയുന്നു. നമ്മുടെ വലിയ മെത്രാച്ചനും മററും മാർദീനിൽ പോയി ബാവാ തിരുമേനിയെക്കണ്ടു നമ്മുടെ സഭയിലെ വഴക്കിന്റെ കാരണങ്ങളെല്ലാം തിരുമനസ്സറിയിക്കുകയും ഏകദേശം രണ്ടു മാസത്തോളം അവിടെ താമസിക്കുകയും സമാധാനത്തെപ്പററി പല വിധത്തിൽ സംസാരിക്കയും ചിലപ്പോൾ തമ്മിൽ പിണങ്ങുകയും ഈ ദിവസങ്ങളിൽ ബാവാ പല തന്ത്രങ്ങളും പ്രയോഗിച്ചു നോക്കിയെങ്കിലും ഒടുവിൽ മലങ്കര സഭയിൽ സമാധാനം ഉണ്ടാകുവാൻ തക്കവണ്ണം എല്ലാവരുടേയും മുടക്കു തീൎത്തിരിക്കുന്നതായും പുതിയ മെത്രാന്മാരെ സ്വീകരിച്ചിരിക്കുന്നതായും മററും വിവരിക്കുന്നതായ സമാധാനത്തിന്റെ കല്പന കൊടുത്തയക്കയും യൂലിയോസ് മെത്രാച്ചനെ കൂടെ ഇവരോടുകൂടി അയക്കയും ബോംബെവരെ ഇവരെല്ലാവരും ഒരുമിച്ചു വരികയും പിന്നീടു എറണാകുളത്തുവെച്ചു മുടക്കു തീൎത്ത കല്പന തന്റെ കയ്യിൽ ഉണ്ടെന്നും പത്തു ദിവസിക്കകം കല്പന പരസ്യപ്പെടുത്തുന്നതാണെന്നും മററും മാർ ഒസ്താത്യോസ് ബാവാ കൂടെ ഇരിക്കുമ്പോൾ വടക്കും തെക്കുമുള്ള അനേകം പേർ കേൾക്കെ



മാർ യൂലിയോസ് മെത്രാച്ചൻ പ്രസംഗിക്കയും............ നിങ്ങളും കേട്ടിരിക്കുമല്ലോ.

നമ്മുടെ സഭയിലെ കുഴപ്പങ്ങളും നാശങ്ങളും കണ്ടിട്ടു റോമാ സഭയിലേക്കു ചേൎന്നു കളഞ്ഞാൽ എന്താണെന്നു ആലോചിക്കുന്നവർ അനേകരുണ്ടു. അന്ത്യോഖ്യായുടെ റഹമാനി പാത്രിയർക്കീസിനോടു കൂടി ചേൎന്നാൽ നമ്മുടെ വിശ്വാസവും ആരാധന ക്രമങ്ങളും ആചാരങ്ങളും ഒന്നും ഭേദപ്പെടുത്തണമെന്നില്ല. പാത്രിയർക്കീസിന്റെ പേർ ഇഗ്നാത്തിയോസ് എന്നാണു. കുർബാനയിൽ ആ പേരു ചൊല്ലിയാൽ മതി. പാപ്പായ്ക്കു നേരിട്ടു ഭരണമൊന്നുമില്ല. വെന്തിങ്ങാ ധരിക്കണമെന്നില്ല. സുറിയാനിഭാഷ തന്നെ ഉപയോഗിക്കാം. നല്ല ഭരണക്രമം ഉണ്ടാകുന്നതാണു. അയ്മേനികൾ അച്ചന്മാരേയും അച്ചന്മാരും അയ്മേനികളും കൂടി മേല്പട്ടക്കാരേയും ഭരിപ്പാൻ ഇട വരുന്നതല്ല............എപ്പിസ്കോപ്പൽ ഭരണം മാററി ജനാധിപത്യഭരണം നടത്തിയാൽ കൊള്ളാമെന്നാണു നമ്മുടെ സമുദായത്തിൽ പെട്ട പല പഠിതാക്കന്മാരുടേയും അഭിപ്രായം. ഇതെല്ലാം കണ്ടിട്ടാണു റഹമാനിയുടെ കീഴിലോട്ടു പോകുവാൻ ചിലരെല്ലാം ആലോചിക്കുന്നതു..................................................................

കാസോലിക്കാ മലങ്കരെയുണ്ടാകേണ്ടതു ആവശ്യമാണെന്നു തെക്കും വടക്കുമുള്ള ഭൂരിപക്ഷം ആളുകളും സമ്മതിച്ചിട്ടുണ്ടു. ഞങ്ങളോടു ചോദിക്കാതെ കാസോലിക്കായെ വാഴിച്ചു കളഞ്ഞല്ലോ എന്നുള്ള മുറി പൊണ്ണത്തവും വിരോധവും ഉള്ള ചില ചുരുക്കം പേൎക്കു മാത്രമേ വേണ്ടയെന്നഭിപ്രായമുള്ളു. ഇതുപോലെയുള്ള തൎക്കം മൂലമാണു സുറിയാനിക്കാർ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ നിന്നും പിരിഞ്ഞു പാപ്പായോടു ചേരുന്നതിനും അവൎക്കു പാത്രിയർക്കീസിനെ അനുവദിച്ചുകൊടു

www.malankaralibrary.com

ക്കുന്നതിനും ഇടയായിട്ടുള്ളതു. ഈ റഹമാനി പാത്രീയക്കീസിനോട്ടു ചേരാനാണു ചിലർ ആലോചിക്കുന്നതു. അന്ത്യോഖ്യായിലെ സുറിയാനിക്കാരുടെ പാത്രിയക്കീസെന്നാണു അദ്ദേഹത്തിൻെറ പേരും. ശീമയിൽ ഉള്ള നമ്മുടെ സഭ നാൾക്കുനാൾ ക്ഷയിച്ചുവരികയാണു..........................റോമാ സഭയിലേക്കു പോകുന്നതിന്നു പ്രായം ചെന്നവൎക്കു അല്പം മടിയുള്ളു. റഹമാനി പാത്രിയക്കീസിനോട്ടു ചേരുന്ന പക്ഷം നമ്മുടെ റീത്തു അനുവദിച്ചു തരുന്നതാകകൊണ്ടു കാലക്രമേണ അവരും ഇതിലേക്കു വഴിപ്പെടാനാണു എളുപ്പം. നമ്മുടെ ബാവായെ ഭയപ്പെടുത്തുവാനായി ഇങ്ങിനെ ഒക്കെ പറയുന്നതാണെന്നു ഒരിക്കലും വിചാരിക്കരുതു. ഉള്ള പരമാൎത്ഥം പറകയാണു..........................................

എന്ന്

മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ (ഒപ്പ്)

(൪)

പഴയ സിമ്മനാരി,

24 ഇടവം 102

ലഃഹൂൻ കശ്ശൊ ശ്മുവേൽ മ്ഘക്രൊ ദർഹിം ലിതോബ് ശ്ലോം.

പ്രിയനെ അവിടെ നിന്നും അയച്ച എഴുത്തു കിട്ടി. അവിടുത്തെ വൎത്തമാനങ്ങൾ അറിവാൻ ഇട ആയതിൽ വളരെ സന്തോഷമുണ്ടു. ബ. റഹമാനിയുമായിട്ടുള്ള ആലോചനകൾ വളരെ രഹസ്യമായിരിക്കണം. അശേഷം വെളിക്കു വിടരുതു. അദ്ദേഹം വന്നു കണ്ടിട്ടു ആലോചിച്ചു നോക്കണം. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നും എന്തെല്ലാം ഒത്താശകൾ ചെയ്തുതരാൻ കഴിയുമെന്നും ചോദിച്ചറിക. ആ വിവരം ഇങ്ങോട്ടറിയി



ക്കണം. അദ്ദേഹത്തിൻെറ അഭിഃപ്രായത്തിൽ വല്ല ഗുണവും ഉണ്ടാകുമെന്നു കണ്ടിട്ടേ രേഖ കൊടുപ്പാൻ നിവൃത്തിയുള്ളു. മുൻകൂട്ടി നമ്മുടെ കൈ അങ്ങോട്ടു കൊടുക്കാൻ പാടില്ല. കഴിയുമെങ്കിൽ നമ്മുടെ സഭ വിടാതെയിരിക്കണമെന്നാണ് ചിലരുടെ അഭിപ്രായം. മറിച്ചുള്ളവരും ഇല്ലാതില്ല. ആലുവാ യോഗനിശ്ചയമനുസരിച്ചു പാത്രിയക്കീസു ബാവാ എന്തെല്ലാം ചെയ്യുമെന്നു കാണട്ടെ. കാതോലിക്കായെ അനുവദിക്കുമെങ്കിൽ വലിയ കാൎയ്യമായല്ലോ. അങ്ങിനെ ചെയ്യുമെന്നു തോന്നുന്നില്ല. യൂലിയോസും തീമാത്തെയോസും മററും ൨൦-ാം തിയതി വെള്ളിയാഴ്ച വന്നിട്ടുണ്ടു. അകത്തെ വൎത്തമാനങ്ങൾ ഒന്നും അറിഞ്ഞില്ല. യൂലിയോസിൻെറ വരവു ശുഭലക്ഷണമല്ല. ശീമക്കാർ കള്ളന്മാരാണു. അവരിൽനിന്നു ഒരു ഗുണവും നമ്മുടെ സഭയ്ക്കു ഉണ്ടാകുന്നതില്ല. അവുഗേൻ സ്ഥാനം കിട്ടിയതുകൊണ്ടു വടക്കർ തൃപ്തിപ്പെടുമോ ഇല്ലയോ എന്നു കാണട്ടെ.......

..........................................................................

എന്നു മട്ടയ്ക്കൽ അലക്സന്ത്രയോസു കത്തനാർ (ഒപ്പ്).

മലങ്കര യാക്കോബായ സഭയിൽ ഇപ്പോൾ ജീവിച്ചിരിപ്പുള്ള ഗണനീയന്മാരായ രണ്ടു പട്ടക്കാരുടെ അഭിഃപ്രായവും ആഗ്രഹവും എന്തെന്നും, തങ്ങൾ നില്ക്കുന്ന സഭയുടെ ഭാവിയെക്കുറിച്ചു എത്രമാത്രം നിരാശയാണു അവൎക്കുള്ളതെന്നും നമുക്കു സ്പഷ്ടമായിത്തന്നെ മനസ്സിലായിരിക്കുന്നുവല്ലോ. ഇനി നമുക്കു മേല്പട്ടക്കാരായിട്ടുള്ളവരുടെ മനസ്ഥിതി എന്തെന്നറിവാൻ കഴിയുമെങ്കിൽ അതിന്നാ

www.malankaralibrary.com



ണ് ശ്രമപ്പെടേണ്ടിയിരിക്കുന്നതു. ബഥനി മേല്പട്ടക്കാരുടെ അന്തൎഗ്ഗതം രേഖാമൂലം കാണുകതന്നെ വേണം എന്നു വായനക്കാർ ശാഠ്യം പിടിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അതിനാൽ ആ തിരുമേനിമാരെ ഒഴിച്ചുനിൎത്തിക്കൊണ്ടു നമ്മുടെ പരിശോധന തുടൎന്നുതന്നേ നടത്തിക്കൊണ്ടുപോകാം. പുനരൈക്യപ്രസ്ഥാനം അത്യന്താപേക്ഷിതമാണെന്നു തോന്നുവാൻ ഇടയാകാതിരുന്നിട്ടുള്ള വലിയ തിരുമേനിയുടെ മനോഗതി ഈ വിഷയത്തിൽ എങ്ങിനെയിരിക്കുന്നുവെന്നു കണിപ്പാൻ വാസ്തവമായും ഞങ്ങൾക്കു നിവൃത്തിയുള്ളതല്ലല്ലോ. അതിനാൽ പ്രധാന മേല്പട്ടക്കാരുടെ കൂട്ടത്തിൽ കാതോലിക്കാബാവാ തിരുമേനിയോടു മാത്രമേ നമുക്കിനി ചോദിക്കേണ്ടതായിട്ടുള്ളു. മലങ്കര യാക്കോബായ സഭയുടെ സാക്ഷാൽ പരമാധികാരി തിരുമനസ്സുകൊണ്ടുതന്നെയാണല്ലോ താനും. ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു മെത്രാപ്പോലീത്താ ആയിരുന്ന കാലത്തു കാലംചെയ്ത കാതോലിക്കാബാവാ തിരുമേനിയുമായി സഭയുടെ ശോച്യാവസ്ഥയെക്കുറിച്ചും ഏതൽ നിവാരണാൎത്ഥം പ്രവൎത്തിക്കേണ്ടതു എന്താണെന്നുള്ളതിനെപ്പററിയും സംഭാഷിക്കുകയും അന്യോന്യം എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിരിക്കാവുന്നതാണല്ലോ. അതിൽ ഒന്നു രണ്ടു കല്പനകളിലെ ചില വാചകങ്ങൾ വായനക്കാരുടെ ജിജ്ഞാസയെ തീൎക്കുവാൻ ഒരു പക്ഷേ പൎയ്യാപ്തങ്ങളായിരിക്കാം.

(ഉ)

.........നമ്മുടെ സഭയെപ്പററി ഒരാശയും എന്റെ മനസ്സിൽ ഇല്ല. ദൈവം നമ്മെ കൈവടിഞ്ഞിരിക്കുന്നു.



സംശയമില്ല. ഇതിൽ ജനിക്കാൻ ഇടയായതിൽ ഖേദിക്കുന്നു............

1924-ന്നു കൊല്ലം 1099 കൎക്കടകം 23-ാംതിയതി കുണ്ടറ സിമ്മനാരിയിൽനിന്നു.

(ഊ)

.....................വേറൊരു പഴയ സഭയോടു സംബന്ധം വേണമെന്നു അവിടുത്തേക്കു തോന്നുന്ന പക്ഷം ഞാനും പൂൎണ്ണമായി സമ്മതിച്ചിരിക്കുന്നു. ബഥനിമെത്രാച്ചനും അഭിപ്രായം അങ്ങിനെയാണ്. ഏതാണെന്നു നിങ്ങൾ നിശ്ചയിക്കുന്നതിനെ ഞാനും സമ്മതിച്ചുകൊള്ളാം. നമ്മുടെ പട്ടക്കാരേയും ജനങ്ങളേയും വിശ്വസിക്കാൻ പാടില്ല.........നമ്മുടെ സഹായികൾ നമ്മുടെ ശത്രുക്കളാകുന്നു..............................................

26—1—1102. കുണ്ടറ സിമ്മനാരിയിൽനിന്ന്.

ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സിലെ മേല്യുദ്ധരിച്ച കല്പനകൾ മൂലം മലങ്കര സഭയുടെ ദയനീയാവസ്ഥയിൽ മൃദുലമായ അവിടുത്തെ ഹൃദയം എത്രമാത്രം വെന്തുനീറുന്നുണ്ടെന്നു വായനക്കാൎക്കു നന്നായിത്തന്നേ ബോദ്ധ്യമായിരിക്കാം.

—:*:—

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.....................................

www.malankaralibrary.com



# VII
# ഒരു സൎക്കീട്ട്.

—:*:—

കുറെ നേരമായി "കുഴൽക്കണ്ണാടി"യിലൂടേ നോക്കിയിരിക്കാൻ തുടങ്ങീട്ടുള്ള വായനക്കാൎക്കു മുഷിച്ചലും ക്ഷീണവും തോന്നിയിരിക്കാവുന്നതാണ്. ഇവ, സ്വല്പനേരം ഏഴുനേററു നടന്നാൽ തീരാനുള്ളതേയുള്ളു എന്നു ഞങ്ങൾക്കു അഭിപ്രായമുണ്ടു. ബസ്സും തീവണ്ടിയും കയറി നമുക്കൊരു ചെറിയ യാത്രതന്നേ ചെയ്യാം. "നെയ്യപ്പം തിന്നാൽ രണ്ടുണ്ടു കാൎയ്യം: ദേഹം മിനുക്കാം; വയറും നിറയ്ക്കാം" എന്നു വടക്കുള്ള കുട്ടികൾ പറയാറുള്ളതിന്നനുസരണമായി ഈയൊരു യാത്രകൊണ്ടു നമുക്കു ക്ഷീണവും തീരണം; പ്രയോജനവും ഉണ്ടാകണം. പക്ഷേ യാത്രയൊരുങ്ങുന്നതിന്നു മുമ്പായി പ്രത്യേകം ചില കാൎയ്യങ്ങൾ വായനക്കാർ സംഗ്രഹിച്ചിരിക്കേണ്ടതായിട്ടുണ്ടു. എത്രയും സംക്ഷിപ്തമായിത്തന്നേ അതിപ്പോൾ പറഞ്ഞു കളയാം.

തലവൻ ഒരാൾതന്നെയെങ്കിലും, കേരളത്തിലുള്ള റോമൻ കത്തോലിക്ക സഭയിൽ ഇപ്പോൾ രണ്ടുതരം "റീത്തുകൾ" ഉണ്ടു: കൽദായ സുറിയാനി റീത്തും, ലത്തീൻ റീത്തുംതന്നെ. കൽദായ സുറിയാനി റീത്തുകാർ, പഴയകൂററും പുത്തൻകൂററും ഒന്നായിരുന്ന കാലത്തിലെ ആചാര നടപടികളെ പാലിക്കുന്നവരത്രേ. യാക്കോബായക്കാരെ അപേക്ഷിച്ചേടത്തോളം നോക്കുമ്പോൾ വി. കുൎബ്ബാനത്തക്സ ആദിയായ ആരാധനപ്പുസ്തകങ്ങൾ ഇരുകൂട്ട



ൎക്കും വേറെയാണെന്നു മാത്രമേയുള്ളു. പഴയകാലത്തെ, അതായതു കൂനൻകുരിശു സത്യത്തിന്നു മുമ്പുള്ള കാലത്തെ, കുൎബ്ബാനത്തക്സ ഇപ്പോൾ യാക്കോബായക്കാരും കൽദായ സുറിയാനിക്കാരും ഉപയോഗിക്കുന്നതേ ഇല്ല. ഉദിയംപേരൂർ സുന്നഹദോസിന്നു കാരണഭൂതനായ മെനേസിസ് മെത്രാപ്പോലീത്തായാൽ ചെയ്ത ഭേദഗതികൾക്കനുസരണമായി കൽദായ സുറിയാനിക്കാർ പഴയതാണെങ്കിലും പരിഷ്കരിക്കപ്പെട്ട തക്സ ഉപയോഗിച്ചു വരുന്നു. യാക്കോബായ സഭയിൽ ഇപ്പോൾ ഉപയോഗിച്ചു വരുന്നതു പഴയ നമ്മുടെ തക്സയേ അല്ല. പ്രത്യുത 1665—ാം ആണ്ടിൽ വന്ന മാർ ഗ്രീഗോറിയോസ് ബാവായാൽ കൊണ്ടുവരപ്പെട്ടതത്രേ. ഈ മാറാനായ തക്സായും കൽദായ സുറിയാനി തക്സായും പ്രഥമ ദൃഷ്ടിയിൽ അല്പാല്പം ഭേദഗതികളോടുകൂടിയിരിക്കുന്നുണ്ടെങ്കിലും തത്വാൎത്ഥത്തിൽ ഒന്നുതന്നെയെന്നു പറയേണ്ടതില്ലല്ലോ. മലങ്കരയിൽ പ്രാചീന കാലത്തുണ്ടായിരുന്ന തക്സ ഇപ്പോൾ യാതൊരു കൂട്ടരും ഇവിടെ ഉപയോഗിക്കുന്നതേയില്ല. കൽദായ സുറിയാനിക്കാരും ലത്തീൻകാരും തമ്മിൽ കുൎബ്ബാനത്തക്സായുടെ കാൎയ്യത്തിലും ആചാര മൎയ്യാദകളിലും മാത്രമേ വ്യത്യാസമുള്ളു. യാക്കോബായക്കാരെപ്പോലെ പുളിച്ച അപ്പം (അമ്മീറ) ഇവർ ഇരുകൂട്ടരും ഉപയോഗിക്കുന്നില്ല. നോൻപുകണക്കും മററും എല്ലാം ഇവൎക്കിരുകൂട്ടൎക്കും ഒന്നുതന്നേ. പക്ഷേ ലത്തീൻകാരുടെ വി. കുൎബ്ബാനയിൽ സംബന്ധിക്കുന്ന ഒരു യാക്കോബായക്കാരന്നു അതെന്തൊരുതരം കുൎബ്ബാനയാണെന്നുതന്നേ ആശ്ചൎയ്യമുണ്ടാവാം. യാക്കോബായക്കാരുടേയും കൽദായ സുറിയാനിക്കാരുടേയും

www.malankaralibrary.com



വി. കുബ്ബാനയുമായി ഒരു തരത്തിലും അതിന്നു സാമ്യമുണ്ടെന്നു തോന്നുകയില്ല. കൽദായ സുറിയാനിക്കാരുടേതു പിന്നേയുമാവട്ടേ, ലത്തീൻ കുബ്ബാന ഒരിക്കലും നല്ലതല്ല എന്നുപോലും ഒരു യാക്കോബായക്കാരൻ അഭിപ്രായപ്പെട്ടേയ്ക്കും. ഒന്നാമതായി ലത്തീൻ ഭാഷതന്നേ സുറിയാനിക്കാൎക്കു തഴക്കമുള്ളതല്ല. കൎമ്മാനുഷ്ഠാനങ്ങളുടെ ചടങ്ങുകൾക്കും അതുപോലെ വ്യത്യാസമുണ്ടെന്നു കണ്ടാൽപ്പിന്നെ പറയേണ്ടതുമില്ലല്ലോ. ലത്തീൻ കുബ്ബാനയിൽ പരേതരായ യാക്കോബായ പിതാക്കന്മാരെ നിശ്ശേഷം ഉപേക്ഷിക്കതന്നേ ചെയ്തിരിക്കുന്നു. "വെളിവു നിറഞ്ഞോരീശോ"യേയും "സ്രാപ്പികളേ"യും മററും അവിടെ കേൾക്കാൻപോലും സാധ്യമായിട്ടുള്ളതല്ല. ആകപ്പാടെ സാമാന്യനായ ഒരു യാക്കോബായക്കാരന്റെ ദൃഷ്ടിയിൽ ഒരുവക വല്ലാത്ത കുബ്ബാന തന്നേയാണ് അതു. മുഴുവനും പാശ്ചാത്യമയം. പൌരസ്ത്യൻ സമ്പ്രദായം തൊട്ടുതെറിച്ചിട്ടുപോലുമില്ല. കാസായും പീലാസായും കാണുന്നുണ്ടെന്നുള്ളതൊഴിച്ചു ബാക്കിയെല്ലാം വളരെ വ്യത്യാസം. വി. കുബ്ബാനയുടെ സമ്പ്രദായം ഈ വിധമാണെങ്കിൽ പട്ടംകൊട, മാമോദീസാ, വിവാഹം ആദിയായ ഇതര കൂദാശകളുടെ നിവ്വഹണം ഏതൊരു വിധത്തിലായിരിക്കുമെന്നു വായനക്കാൎക്കു ഊഹിക്കാവുന്നതാണല്ലോ. പ്രാൎത്ഥനകൾ വേറെ; പാട്ടുകൾ വേറെ; വേഷം വേറെ; ഭാഷ വേറെ; ചടങ്ങുകൾ വേറെ; എല്ലാം വേറെ! മുഴുവനും വ്യത്യസ്തം!! ലത്തീൻ സമ്പ്രദായം ഈ വിധമൊക്കെയായിരുന്നിട്ടും, അവരെപ്പോലെ ലത്തീൻഭാഷ ഉപയോഗിക്കുന്നതും പത്തീറ (പുളിപ്പില്ലാത്ത അപ്പം) വെച്ചു വി. കുബ്ബാ



ന ചൊല്ലുന്നതും, അവരുടെ കണക്കുപ്രകാരം നോമ്പു നോൽക്കുന്നതും, ബുധനും വെള്ളിയ്ക്കും പകരമായി വെള്ളിയും ശനിയും എടുക്കുന്നതും, യാക്കോബുൎദ്ദാനായേയും മററും വിസ്മരിക്കുന്നതും തെററല്ലെന്നും, ഇവകൊണ്ടൊന്നും യാതൊരു തരക്കേടുമില്ലെന്നും, ദൈവസംസൎഗ്ഗത്തിന്നും മോക്ഷസമ്പാദനത്തിന്നും ഇവയൊന്നും തടസ്സങ്ങളല്ലെന്നും യാക്കോബായ സഭയിലെ പാത്രിയൎക്കീസന്മാർ തുടങ്ങി ഇങ്ങേയററം ശെമ്മാശന്മാർ വരെയുള്ളവർ ഒരുപോലെ സമ്മതിക്കുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതു ഒരു സാമാന്യ യാക്കോബായക്കാരന്നു എത്രമേൽ മൎമ്മഭേദകമായിരിക്കാമെന്നു വായനക്കാർതന്നെ സ്വല്പനേരം സാവകാശമായി ആലോചിച്ചു നോക്കിയാലും!

മുൻകൂട്ടി പറയാനുള്ളതെല്ലാം ഇപ്പോൾ പറഞ്ഞുകഴിഞ്ഞു. ഇനി നമുക്കു കാർ കയറി യാത്ര പുറപ്പെടാം. എറണാകുളത്തു ചെന്നാൽ തീവണ്ടി കിട്ടും. അതിൽ കയറി നേരേ വടക്കോട്ടു പോവുകതന്നെ. ഷൊർണ്ണൂർ ചെല്ലുമ്പോൾ നമുക്കു തീവണ്ടിയൊന്നു മാറിക്കയറണം. സന്ധ്യയോടുകൂടി ആ തീവണ്ടി മംഗലാപുരത്തെത്തും. അവിടെ നിന്നും നമുക്കു കാറിൽത്തന്നേ പോകാം. പത്തുനാല്പതു നാഴിക ദൂരമേ നാം അതിലിരുന്നു കഷ്ണിക്കേണ്ടതുള്ളൂ. ഉടനെ നാം ചെന്നുചേരുന്നതു ബ്രഹ്മവാർ പള്ളിയിലായിരിക്കും. പരേതനായ മാർ അൽവാറിയോസ് മെത്രാപ്പോലീത്തായുടെ പള്ളിയാണു അതു. അദ്ദേഹത്തോടുകൂടി റോമൻ കത്തോലിക്കാ സഭയിൽനിന്നു യാക്കോബായിലേക്കു തിരിഞ്ഞ ഫാദർ നൊറോണാ ഇപ്പോഴും അവിടെ ജീവിച്ചിരിപ്പുണ്ടെന്നു നമുക്കു കാണാം. വ

www.malankaralibrary.com



യോവൃദ്ധനായ അച്ചന്റെ സഹായികളായി മലയാളത്തുകാരായ ഒന്നുരണ്ടു അച്ചന്മാർ അവിടെ ഉണ്ടു. അവരിൽ പ്രധാനി റവറണ്ട് ഫാദർ കോശിതന്നെ. ഇദ്ദേഹം എവിടത്തുകാരൻ? തുമ്പമൺ ഇടവകക്കാരൻ. സ്വല്പനേരം നമുക്കവിടെ അച്ചനുമായി വിശേഷം പറഞ്ഞിരിക്കാം.

1. അച്ചൻ എത്ര നാളായി ഇവിടെ ആയിട്ട്?

കുറയാതെ എട്ടുപത്തു കൊല്ലമായിക്കാണണം.

2. നാട്ടിലേക്കു പോകാറില്ലയോ?

പിന്നെ! എനിക്കു നാട്ടും വീട്ടും ഇല്ലേന്നോ വിചാരം? ആണ്ടിൽ രണ്ടുനാലുതവണ ഞാൻ മലയാളത്തു വരും. അപ്പോൾ പഴയ സിമ്മനാരിയിലും മററും പോയി വലിയ തിരുമേനിയേയും കാണുകയും നാട്ടിൽ വെച്ചു വി. കുർബാന ചൊല്ലുകയും പതിവുണ്ടു.

3. അച്ചൻ ഫാദർ റൊറാണായുടെ സഹായ പട്ടക്കാരനായിരിക്കുമോ?

അതെ.

4. അച്ചനെ ആരാണു ഇങ്ങോട്ടയച്ചതു?

മാർ അൽവാറീയോസ് മെത്രാച്ചന്റെ ആവശ്യപ്രകാരം ഇപ്പോഴത്തെ നമ്മുടെ വലിയ തിരുമേനിതന്നെ.

5. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലാണോ ഇപ്പോൾ ബ്രഹ്മവാർ ഇടവക?

അതേ.

6. ഇതുകൂടാതെ വേറേയും ചില ഇടവകകൾ മാർ അൽവാറിയോസിന്റേതായി ഉണ്ടെന്നു കേട്ടിട്ടുണ്ടല്ലോ?

ഉണ്ടു. സിലോണിലും ഗോവായിലും മററുമാണു അവ.



7. സിലോണിലെ പള്ളിയും നമ്മുടെ അധീനത്തിലാണോ ഇപ്പോഴും?

അതെ. അവിടെ റോമൻ കത്തോലിക്കനായിരുന്ന ഒരു അച്ചൻ ഇപ്പോഴും ഉണ്ടു. നമ്മുടെ വിശ്വാസക്കാരൻ തന്നെ. വയസ്സനായിപ്പോയിരിക്കുന്നു അദ്ദേഹം. കഴിഞ്ഞ ആണ്ടിൽ ഏതാനും മാസങ്ങളോളം പത്തനംതിട്ടയ്ക്കു സമീപം മൈലപ്ര ഇടവകക്കാരനായിരുന്ന ഒരച്ചൻ വലിയ തിരുമേനിയുടെ കല്പനപ്രകാരം അവിടെ താമസിച്ചിരുന്നു. പഴയ അച്ചന്റെ ആവശ്യപ്രകാരം സഹായത്തിന്നായിട്ടാണു മൈലപ്ര അച്ചനെ അയച്ചതു. അച്ചൻ തിരിയെ നാട്ടിലേക്കു പോയി. ഇപ്പോൾ പഴയ അച്ചൻ മാത്രമേ ഉള്ളു അവിടെ. വേറെ ഒരാളെ അയക്കണമെന്നു ആ അച്ചൻ വലിയ തിരുമേനിയുടെ പേർക്കു പലപ്പോഴും എഴുതീട്ടുള്ളതായി അറിയാം. നമ്മുടെ നാട്ടിൽനിന്നു കൊച്ചച്ചന്മാരിൽ ആരെങ്കിലും അങ്ങോട്ടു പോകുന്നതിനു മനസ്സുവെച്ചാൽ എത്ര നന്നായിരുന്നു! ആളില്ലാഞ്ഞാൽ വലിയ തിരുമേനി എന്തു ചെയ്യും?

8. അവിടെനിന്നു വരുന്ന നമ്മുടെ അച്ചന്മാരെ ഇവർക്കൊക്കെ ഇഷ്ടമായിരിക്കുമോ?

പിന്നെ! അതിലൊന്നും സംശയിക്കാനില്ല. പക്ഷേ വിവാഹം കഴിച്ച പട്ടക്കാരെ പഥ്യമല്ല.

9. അങ്ങിനെയേ വരത്തുള്ളുവല്ലോ. അവരങ്ങിനെയാണല്ലോ ശീലിച്ചിട്ടുള്ളതു?

അതുതന്നെ.

10. റോമാപ്പള്ളിയിലേതുപോലെ ഇവിടെ രൂപങ്ങളും മററും കാണുന്നുണ്ടല്ലോ?

www.malankaralibrary.com



ഷെയ് അതൊന്നും സാരമുള്ളതല്ല.

11. സുറിയാനിയിലെ പാട്ടുകളും മററും ഇവിടത്തുകാർ പഠിച്ചിട്ടുണ്ടായിരിക്കും, ഇല്ലേ?

സുറിയാനിയോ! അതൊക്കെ നമ്മുടെ നാട്ടിൽ. ഇവിടെ അതൊന്നും ഇല്ല.

12. എന്തെന്ത്? പിന്നെയെങ്ങിനെ കുർബാന ചൊല്ലും?

ലത്തീനിൽ.

13. ലത്തീനിലോ? നമ്മുടെ കുർബാനത്തക്സ ലത്തീനിൽ പരിഭാഷ ചെയ്തിട്ടുള്ളതായി ഞങ്ങൾ ഇപ്പോൾ കേൾക്കുകയാണു.

ഇല്ലില്ല. നമ്മുടെ കുർബാനത്തക്സ അല്ല അതു. റോമൻ കത്തോലിക്കരുടെ തന്നെ. അല്ലാഞ്ഞാലുണ്ടോ ഇവർക്കു പിടിക്കുന്നു?

14- ലത്തീൻ കർമ്മങ്ങൾ തന്നെയാണോ എല്ലാം?

അതേ.

15. അങ്ങിനെയോ! അപ്പോൾ നമ്മുടെ നോൻപും മററുമോ?

അതൊക്കെ റോമൻ കത്തോലിക്കരുടെ കണക്കൊപ്പിച്ചു തന്നേ.

16. അപ്പോൾ ഇതു പച്ച റോമാലത്തീൻ തന്നെയാണല്ലോ?

കർമ്മാചാരങ്ങൾ എല്ലാം അവരുടേതുപോലെയാണെങ്കിലും സഭയുടെ പരമാധികാരി മാർപാപ്പാ അല്ല.

17. അതൊന്നു മാത്രമേ വ്യത്യാസമുള്ളോ?

പോരേ?



18. മാർ അൽവാറിയോസ് മെത്രാച്ചനും മററും ലത്തീൻ തക്സ വെച്ചു കുർബാന ചൊല്ലുകയും ലത്തീൻ ക്രമമനുസരിച്ചു കർമ്മാദികൾ നടത്തുകയുമായിരുന്നു പതിവു അല്ലേ?

അതെ.

19. സുറിയാനി ഒട്ടും തന്നെ അറിവില്ലായിരുന്നോ അദ്ദേഹത്തിനു?

ശുബ്ഹോ ലാബോ ലബറോ എന്നു മാത്രം നമ്മുടെ നാട്ടിൽ വരുമ്പോൾ ചൊല്ലാൻ പഠിച്ചിരുന്നു.

20. ഹമ്മീറ ഉപയോഗിച്ചിരുന്നില്ലേ?

ഇല്ല.

21. ഇദ്ദേഹത്തെ ആർ മെത്രാനാക്കി?

പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ കല്പനപ്രകാരം കാലം ചെയ്ത പുലിക്കോട്ടു മെത്രാച്ചനും പരുമലെ കാലം ചെയ്ത കൊച്ചുമെത്രാച്ചനും മററും കൂടി പഴയ സിമ്മനാരിയിൽ വെച്ചു.

22. അതിരിക്കട്ടെ. അമേരിക്കക്കാരൻ റേനി വിലാത്തി എന്നു പേരായ ഒരു മെത്രാൻ ഉണ്ടായിരുന്നല്ലോ? അദ്ദേഹത്തെ ആർ വാഴിച്ചു?

പാത്രിയർക്കീസു ബാവായുടെ കല്പനപ്രകാരം മാർ അൽവാറിയോസ് മെത്രാച്ചനും കാലം ചെയ്ത കൊച്ചു മെത്രാച്ചനും മററും കൂടി സിലോണിൽ പോയിട്ടു.

23. അദ്ദേഹവും ലത്തീൻ തന്നെയായിരിക്കും ഉപയോഗിച്ചു വരുന്നതു?

പിന്നെ! അമേരിക്കയിലുണ്ടോ യാക്കോബായക്കാർ വല്ലവരും.

www.malankaralibrary.com



24. അൽവാറിയോസ് മെത്രാച്ചൻ നമ്മുടെ നാട്ടിലുള്ള വല്ലവൎക്കും പട്ടം കൊടുത്തിട്ടുണ്ടോ?

അറിഞ്ഞിട്ടില്ലേ? നമ്മുടെ മേപ്രായിലെ കണിയാന്ത്ര അലക്സന്ത്രയോസ അച്ചൻ, കണ്ണങ്കോട്ട ലൂക്കോസച്ചൻ കുന്നംകുളത്തുകാരൻ കോലാടി ദാവീദ് ശെമ്മാശൻ മുതലായി പലൎക്കും കൊടുത്തിട്ടുണ്ടു.

25. അതൊക്കെ ഏതു പട്ടംകൊട പുസ്തകം ഉപയോഗിച്ച്?

ലത്തീൻ ക്രമമനുസരിച്ചു തന്നേ.

26. അച്ചാ, ഇതൊക്കെ വലിയ തെററായ പ്രവൃത്തികളല്ലേ? മുടക്കപ്പെടേണ്ടവരല്ലേ ഇവരെല്ലാവരും?

അങ്ങിനെയെങ്കിൽ കാലം ചെയ്ത നമ്മുടെ തിരുമേനിമാരും ഇപ്പോൾ ജീവിച്ചിരിപ്പുള്ളവരും അങ്ങിനെ ചെയ്യേണ്ടയോ? ഇപ്പോഴത്തെ നമ്മുടെ വലിയ തിരുമേനിപോലും ഒരിക്കൽ ഇവിടെ വന്നിട്ടുള്ളതാണ്. തിരുമനസ്സിലെ അനുമതി ഇല്ലെങ്കിൽ ഞങ്ങൾക്കു വല്ലവൎക്കും ഇങ്ങോട്ടു വരാൻ ഒക്കുമോ? പത്തുകൊല്ലം പത്തിറ വെച്ചു വി: കുർബ്ബാന ചൊല്ലിയ പരേതനായ അബ്ദുള്ളാ പാത്രിയൎക്കീസുബാവായെ വല്ലവരും മുടക്കിയോ?

27. ലത്തീനിലുള്ള വിശ്വാസപ്രമാണത്തിനു നമ്മുടേതുമായി വ്യത്യാസമുണ്ടല്ലോ?

ഉവ്വ്. അതാരാണ് അറിയാത്തതു?

28. നമ്മുടെ തുബ്ദേൻ അല്ലയോ ലത്തീൻ ക്രമത്തിൽ?

രണ്ടും രണ്ടു തക്സാകളാണെന്നു പറഞ്ഞില്ലയോ?

29. ഇങ്ങിനെയൊക്കെ ഭേദഗതികൾ ചെയ്താലും വിരോധമില്ലെന്നാണോ-തെററില്ലെന്നാണോ-അച്ചൻ പറയുന്നതു്?



തെററാണെന്നും ചെയ്യരുതെന്നും ആരും ഇതുവരെ എന്നെ വിലക്കീട്ടില്ല.

30. ഇങ്ങിനെയെങ്കിൽ റോമൻ കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ എന്താണു വ്യത്യാസം?

എന്താണ വ്യത്യാസം എന്നുതന്നെയാണ് ഞാനും ചോദിക്കുന്നതു?

31. പ്രത്യേകം ഒരു റീത്തുപ്രകാരം അവരുമായി യോജിച്ചാൽ എന്താണ് നമുക്കു ദോഷം?

തമ്മിൽത്തല്ലും വഴക്കും വ്യവഹാരവും ഉണ്ടാവില്ലെന്നുള്ള ഒരു വലിയ ദോഷമുണ്ടു.

32. യാക്കോബായക്കാരുടെ കൎമ്മാനുഷ്ഠാനങ്ങൾ അനുസരിച്ചു പ്രത്യേകം ഒരു റീത്തു കിട്ടിയാൽ ഇക്കണക്കിനു എത്ര നന്നായിരിക്കും?

ചോദിക്കാനുണ്ടോ?

33. മനുഷ്യരുടെ അജ്ഞതയും മുൻവിധിയും നിമിത്തമായിരിക്കണം ഇപ്പോഴുള്ള ബഹളങ്ങൾ?

ആയിരിക്കണം.

* * * * * *

വായനക്കാരേ, നമുക്കിനി നാട്ടിലേക്കു മടങ്ങുകയല്ലേ?

## VIII

യേശുതമ്പുരാൻ നമ്മെ നടത്തട്ടെ.

മലങ്കര യാക്കോബായ സഭയിലെ അംഗങ്ങളായിരിക്കുന്നവർ ഭാവിയെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ടതായ കാൎയ്യങ്ങൾ പലതും ഉണ്ടെന്നു ഞങ്ങൾ ഇപ്പുസ്തകത്തിൽ കാണിച്ചുകഴിഞ്ഞു. ആശാസ്യമായ ഭാവി

www.malankaralibrary.com



യ്യ നിദാനം ഏതെന്നുള്ള കാര്യത്തിൽ മാത്രമേ അഭിപ്രായഭേദമുള്ളുവല്ലോ. പര്യാലോചിക്കുന്തോറും നല്ലതായ ഒരു മാർഗ്ഗം നമുക്കു തെളിഞ്ഞു കാണാൻ ഇടയില്ലാത്തതല്ല എന്നു സമാധാനിക്കാം. സമുദായാംഗങ്ങൾ ഏവരും ഒരഭിപ്രായക്കാരായിത്തീൎന്നുകൊണ്ടു ഏതൊരു പ്രസ്ഥാനത്തിലും കാൽ വെപ്പാൻ സാദ്ധ്യമായിട്ടുള്ളതല്ലല്ലോ. അതിനാൽ നമുക്കു ഇരിക്കാം; ആലോചിക്കാം. ധൃതഗതിയായായി യാതൊന്നും നമുക്കു പ്രവൎത്തിച്ചിട്ടാവശ്യമില്ല.

ഇതിന്നിടയിൽ ബഥനിക്കാരേയും അവരുടെ അനുകൂലികളേയും ഉടനെ മുടക്കുമെന്നൊരു ധ്വനി നാടൊട്ടുക്കു മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ടു. ഈ "കുഴൽക്കണ്ണാടി" നിമിത്തമായോ മറേറാ ഞങ്ങളേയും വെറുതെ വിടാൻ ഇടയില്ലെന്നു ഊഹിപ്പാൻ അവകാശമുണ്ടു. അനന്തനിമിഷം ഞങ്ങൾ അതു നോക്കിക്കൊണ്ടിരിക്കുകയാണ്. പുറമേയുള്ള കേൾവി ഞങ്ങൾ ഇരുവരുടേയും ചെവികളിൽ അലച്ചുകൊണ്ടിരിക്കുന്നു. സ്വല്പ ദിവസങ്ങൾക്കുള്ളിൽ എന്തൊക്കെയോ നടക്കാനിരിക്കുന്നതായി ഞങ്ങൾക്കറിയാം. യാക്കോബായ സഭയെ പ്രത്യക്ഷത്തിൽ ദൈവംതമ്പുരാൻ സ്പർശിച്ചിട്ടുള്ളതായി ഞങ്ങൾ അറിയുന്നുണ്ട്.

കല്ലോലമാലകളാൽ തിമിതകത്തുകൊണ്ടിരിക്കുന്ന മലങ്കര യാക്കോബായ സഭാസമുദ്രത്തിലിതാ ഒരു പുലിക്കോടനും ഒരു ചേപ്പാടനും സ്വമേധയാ ചാടിക്കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും വരട്ടേ, പരേതപിതാക്കന്മാരും വിശിഷ്യാ മാർതോമാ ശ്ലീഹായും ഈ പിഞ്ചുകിടാങ്ങളെ ഒരുനാളും കൈവെടിയുകയില്ല. അങ്ങനെ വരുമോ, ഞങ്ങളുടെ വായനക്കാരേ?